നം.കെഎസ്.എ./കെ.ഒ.സി.എ4/127/2019 തീയതി : 25.04.2019

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം - വകുപ്പ് 295 (4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കോർപ്പറേഷനിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം 77 ഓഡിറ്റ് റിക്വസിഷനുകൾ നൽകുകയുണ്ടായി. 110 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. മറുപടികൾ പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും, വിവരങ്ങളുടെയും, വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| ഓഡിറ്റ് കാലയളവ് | 01.02.2018 മുതൽ 31.01.2019 വരെ | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് ,തസ്തിക | 1. | ശ്രീ.സതീഷ് കുമാർ.കെ.കെ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (01.02.2018 മുതൽ 31.05.2018 വരെ) |
| | 2. | ശ്രീ. സുനിൽ കുമാർ കെ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) (01.06.2018 മുതൽ 10.06.2018 വരെ അധിക ചുമതല) |
| | 3. | ശ്രീ. ചേക്കുട്ടി കെ.യു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. (11.06.2018 മുതൽ തുടരുന്നു) |

## നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| മേയർ | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, ഐ.എ.എസ്. | 01.04.2017 മുതൽ 31.03.2018വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ | ശ്രീമതി.മിനി.ആർ | 01.04.2017മുതൽ 27.04.2017വരെ |

| | | |
|---|---|---|
| | ശ്രീ. സുരേഷ്.എച്ച് | 28.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ.ബേബി കെ.കെ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെൽത്ത് ഓഫീസർ | ഡോ.ആർ.എസ്.ഗോപകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ഹരിദാസൻ. പി | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീ.ശിവദാസൻ. കെ | 01.08.2017 മുതൽ 15.09.2017 വരെ |
| | ശ്രീ.ടി.കെ.മോഹനൻ | 16.09.2017 മുതൽ 31.03.2018 വരെ |
| വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ശ്രീ.ഗിരീഷ് ചോലയിൽ. | 01.04.2017 മുതൽ 09.08.2017 വരെ |
| | ശ്രീ.സുരേഷ് കുമാർ ഇ.കെ. | 10.08.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ., അർബൻ I | ശ്രീമതി.പത്മാവതി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ., അർബൻ II | ശ്രീമതി.പുഷ്പ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ., അർബൻ III | ശ്രീമതി.സുധ.എം.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ., അർബൻ IV | ശ്രീമതി. ജാസ്മിൻ ബീഗം.എ | 01.04.2017 മുതൽ 31.03.2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുനീർ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.ജി.നന്ദകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ കുടുംബശ്രീ | ശ്രീ. റംസി ഇസ്മയിൽ എം.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. എ.വേണു. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ | ശ്രീ.അബ്ദുൾ നാസർ വി.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വൃദ്ധമന്ദിരം സൂപ്രണ്ട് | ശ്രീ.സിദ്ധീഖ് ചുണ്ടക്കാടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കോർപ്പറേഷൻ എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ | ശ്രീ.എം.ശങ്കരൻകുട്ടി. | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.മുഹമ്മദ് ബഷീർ.ടി (ഇൻ ചാർജ്) | 01.06.2017 മുതൽ 13.08.2017 വരെ |
| | ശ്രീ.കെ.എ.സുലി | 14.08.2017 മുതൽ 28.02.2018 വരെ |
| | ശ്രീ.മുഹമ്മദ് ബഷീർ.ടി (ഇൻ ചാർജ്) | 01.03.2018 മുതൽ 07.03.2018 വരെ |
| | ശ്രീ.ദിലീപ് എം.എസ് | 08.03.2018 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | ശ്രീ.മുഹമ്മദ് ബഷീർ.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | ശ്രീ.രമേഷ് കെ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (3) | ശ്രീ.ഗോപിനാഥ്.പി.എം, (ഇൻ ചാർജ്) | 01.04.2017 മുതൽ 30.09.2017 വരെ |
| | ശ്രീ.ദിലീപ് എം.എസ് | 01.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | ശ്രീ.സജീന്ദ്രൻ സി.എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | ശ്രീ.ഗോപിനാഥ്.പി.എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്റ്റ്) | ശ്രീ.സജീന്ദ്രൻ സി.എം. (ഇൻ ചാർജ്) | 01.04.2017 മുതൽ 08.11.2017 വരെ |
| | ശ്രീ.മനോജ് എം.ഒ | 09.11.2017 മുതൽ 31.03.2018 വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | |
|---|---|
| ഭാഗം-1<br>പൊതു അവലോകനം | |
| 1-1 | ബജറ്റ്. |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | സാമ്പത്തിക വിശകലനം. |
| 1-4 | ഫണ്ട് വിനിയോഗം. |
| 1-5 | പദ്ധതി അവലോകനം. |
| 1-6 | തനത് വരുമാനം. |
| 1-7 | ക്ഷേമ പദ്ധതികൾ. |
| 1-8 | ക്യാഷ് പരിശോധന. |
| ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വസ്തുനികുതി അപ്പീലുകൾ - ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിക്കുന്നു. |

| | |
|---|---|
| 2-3 | നികുതിയിളവിനു പകരം നികുതിയൊഴിവ് - ചട്ടവിരുദ്ധമായി അനുവദിക്കുന്നതു മൂലം നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം. |
| 2-4 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ. |
| 2-5 | തൊഴിൽ നികുതി പിരിവ് അപാകതകൾ. |
| 2-6 | കെട്ടിട വാടക ലൈസൻസ് - അപാകതകൾ. |
| 2-7 | ബസ് സ്റ്റാൻഡ് കോംപ്ലക്സിലെ മുറികൾ വാടകക്കു നൽകൽ -നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച. |
| 2-8 | ബാംബൂ കോർപ്പറേഷൻ - വസ്തു നികുതി, വാടക കുടിശ്ശിക ഈടാക്കുന്നത് -സർക്കാർ തീരുമാനം ലഭ്യമാക്കിയില്ല. |
| 2-9 | നെല്ലിക്കോട് വ്യവസായ വികസന കേന്ദ്രം -ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കാനുള്ളത് 1.35 കോടി രൂപ. |
| 2-10 | എക്സിബിഷനായി നിർമ്മാണ അനുമതി വാങ്ങിയ താൽകാലിക കെട്ടിടത്തിൽ സ്ഥിരം വ്യാപാരത്തിന് നിയമവിരുദ്ധമായി അനുമതി നൽകി. |
| 2-11 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ :കെട്ടിടം പെർമിറ്റ് ഫീസ് ഈടാക്കിയില്ല. |
| 2-12 | റോഡ് റീഫർമേഷൻ ചാർജ് ഈടാക്കിയതിൽ കുറവ്. |
| 2-13 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയില്ല. |
| 2-14 | നഗരസഭവക ജലാശയങ്ങളിൽ നിന്നും വെള്ളക്കരം ഈടാക്കാതെ സൗജന്യമായി വെള്ളം വിതരണം ചെയ്യുന്നു. |
| 2-15 | എലത്തൂർ മേഖല കാര്യാലയം - ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ. |
| ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാത്തതിനാൽ നഷ്ടം സംഭവിച്ചു. |
| 3-2 | വിജയോത്സവം - 2018 – നഗരസഭകളെ ഏല്പിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയതിലൂടെ നഗരസഭാ ഫണ്ടിന് ഭീമമായ ചെലവ് വരുത്തി. |

| | |
|---|---|
| 3-3 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു. |
| 3-4 | കുടിവെള്ള ഉല്പാദന വിതരണ പദ്ധതി - അപാകതകൾ. |
| 3-5 | ആരംഭിക്കാത്ത ഗ്രൂപ്പ് സംരഭങ്ങൾക്ക് സബ്സിഡി നൽകാൻ വികസനഫണ്ട് വിനിയോഗിച്ചു. |
| 3-6 | ബാലസഭ കുട്ടികൾക്ക് ബാന്റ്സെറ്റ് - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു. |
| 3-7 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ച് കുളുസ് റിപ്പയർ. |
| 3-8 | വീട് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-9 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 3-10 | അനുപൂരക പോഷകാഹാര പരിപാടി - കേന്ദ്രവിഹിതം വിനിയോഗിച്ചില്ല. |
| 3-11 | ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് - ആദായ നികുതി ഈടാക്കാത്തതും മറ്റ് അപാകതകളും. |
| 3-12 | പ്രവർത്തനം തുടങ്ങാത്ത ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകി. |
| 3-13 | എ.ബി.സി.പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ - അധിക തുക അനുവദിച്ചു. |
| 3-14 | ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ - ശില്പശാല നടത്തിയെങ്കിലും രജിസ്റ്റർ തയ്യാറാക്കിയില്ല. |
| 3-15 | മൺചട്ടി ഉപയോഗിച്ച് ടെറസ്സിൽ/മുറ്റത്ത് പച്ചക്കറി കൃഷി - വിതരണം പൂർത്തീകരിച്ചില്ല. |
| 3-16 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റ് അപാകതകളും. |
| 3-17 | വ്യക്തിഗത കുടിവെള്ള കണക്ഷൻ 2017 – പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 3-18 | അരവിന്ദ്ഘോഷ് റോഡ് പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹണം - അപാകതകൾ. |
| 3-19 | അമൃത് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി -രശീതി വിനിയോഗവിവരം ലഭ്യമല്ല. |
| 3-20 | പദ്ധതി മാർഗ്ഗ രേഖ പാലിക്കാതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു. |
| 3-21 | ചരിച്ചിൽ മീത്തൽ റോഡ് , നടുവിലത്ത് താഴം റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ്, മുതിരക്കാല വള്ളിയേക്കാട്ട് ഇടവഴി കോൺക്രീറ്റിംഗ് പ്രവൃത്തി – കരാർ വെയ്ക്കുന്നതിൽ കാല താമസം – പിഴ ഈടാക്കിയില്ല. |

| | |
|---|---|
| 3-22 | കുമുള്ളി നിലം ഫുട്പാത്ത് & ഡ്രെയിനേജ് പ്രവൃത്തി നിർവ്വഹണം - അപാകതകൾ. |
| 3-23 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - അപാകതകൾ. |
| 3-24 | എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ് വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. |
| 3-25 | ഞെളിയൻ പറമ്പ് വാഹന പാർക്കിംഗ് ഷെഡ് നിർമ്മാണം - പ്രവൃത്തി ബില്ലിൽ നിന്നും നിയമാനുസൃത റിക്കവറികൾ ഈടാക്കിയതിൽ കുറവ്. |
| 3-26 | എം.കെ.റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. |
| 3-27 | നടക്കാവ് മോഡൽ ടി.ടി.ഐ. എൽ.പി.സ്കൂൾ മെയിന്റനൻസ് പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകത. |
| 3-28 | റോഡ് റീ ടാറിഗ് പ്രവൃത്തിയിലെ അപാകതകൾ. |
| 3-29 | കമ്പ്യൂട്ടറുകളും പ്രിന്ററുകളും പ്രവർത്തനക്ഷമമാക്കിയില്ല. |
| 3-30 | തെറ്റായ ശമ്പളനിർണ്ണയം-കൈപ്പറ്റിയ അധികതുക ഈടാക്കിയില്ല. |
| 3-31 | പുനർവിവാഹിതയായശേഷവും കുടുംബപെൻഷൻ കൈപ്പറ്റി. |
| 3-32 | മരിച്ചയാൾക്ക് പെൻഷൻ നൽകി. |
| 3-33 | നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ കൗൺസിലറെ അയോഗ്യയാക്കിയത് അനാവശ്യ വ്യവഹാരങ്ങൾക്കിടയാക്കുന്നു. |
| 3-34 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാക്സിനേഷന് അധികം തുക ചെലവഴിച്ചു. |
| 3-35 | സർക്കാർ അനുമതിയില്ലാതെ മുനിസിപ്പാലിക 2017 - ഇന്റർനാഷണൽ എക്സിബിഷൻ & കോൺഫറൻസിൽ പങ്കെടുത്തു. |
| 3-36 | നഗരസഭയുടെ സാമ്പത്തിക നില പരിഗണിക്കാതെ വാഹനങ്ങൾ വാടകക്കെടുക്കുന്നു. |
| 3-37 | വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചില്ല. |
| 3-38 | സേവന നികുതി ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച - നഗരസഭ പിഴയടക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. |

| | |
|---|---|
| 3-39 | നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റി -ജീവനക്കാരുടെ പുനർവിന്യാസവും, ആസ്തി ബാധ്യതകൾ കൈമാറലും സർക്കാർ നിർദേശം പാലിച്ചില്ല. |
| 3-40 | എസ്.എൽ.ഐ, ജി.ഐ.എസ് : വരിസംഖ്യ ഈടാക്കുന്നതിലെ അപാകതകൾ. |
| 3-41 | ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് : ചട്ടപ്രകാരം കൈകാര്യം ചെയ്യുന്നില്ല. |
| 3-42 | റഗുലർ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ. |
| 3-43 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദിവസവേതനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചു. |
| 3-44 | എൻ.പി.എസ്. കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകൾ. |
| 3-45 | വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമിയേറ്റെടുക്കൽ – പ്രോജക്ട് നിർവ്വഹണം – അപാകതകൾ. |
| 3-46 | ഇ.എം.എസ്. സ്റ്റേഡിയം പാർക്കിംഗ് പ്ലാസ – കൃത്യമായ പഠനത്തിന്റെ അഭാവം -പദ്ധതി നടത്തിപ്പിൽ കാലതാമസവും സാമ്പത്തിക നഷ്ടവും. |
| 3-47 | തൊഴിലില്ലായ്മ വേതന വിതരണം - അപാകതകൾ. |
| 3-48 | കണ്ടിജന്റ് പെൻഷൻ - ചട്ടം പാലിക്കാതെ വിതരണം ചെയ്തു. |
| 3-49 | മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 3-50 | വാഹനങ്ങൾ യഥാസമയം റിപ്പയർ ചെയ്യാത്തതിനാൽ മാലിന്യനീക്കത്തിന് വാഹനം വാടകക്കെടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. |
| 3-51 | നഗരസഭയിലെ മാലിന്യം കൈകാര്യം ചെയ്യൽ - അവലോകനം. |
| ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |
| 4-2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. |
| 4-3 | വായ്പ/വായ്പ തിരിച്ചടവ്. |
| 4-4 | സ്ഥിരനിക്ഷേപങ്ങളുടെയും ഓഹരികളുടെയും വിശദാംശങ്ങൾ. |
| 4-5 | ഓഡിറ്റ് റിക്കവറി. |

| | |
|---|---|
| 4-6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ. |
| 4-7 | ഓഡിറ്റ് പ്രത്യവലോകനം. |
| 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. |
| അനുബന്ധങ്ങൾ | |
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. |
| 2 | നികുതിയിളവിനു പകരം നികുതിയൊഴിവ് - നഷ്ടം സംബന്ധിച്ച പട്ടിക. |
| 3 | തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച പട്ടിക. |
| 4 | വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച പട്ടിക. |
| 5 | മുറികളുടെ വാടക കുടിശ്ശിക 2-6(1) ബി. |
| 6 | മുറികളുടെ കെട്ടിട വാടക 2-6(1) സി. |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2017-18 വർഷത്തെ ബജറ്റ് 25.03.2017 ലെ 1ാം നമ്പർ (ബി 9/95947//16) തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചു. 27.03.2018 ലെ 1ാം നമ്പർ തീരുമാന പ്രകാരം പുതുക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 23.07.2018 | 30.07.2018 | 06.08.2018 |

(വാർഷിക കണക്കിലെ അപാകതകൾ ഭാഗം – 2 ൽ ഖണ്ഡിക 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. )

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 374195118.78 |
| വരവ് | 2835004925 |
| ആകെ | 3209200043.78 |
| ചെലവ് | 2733436037 |
| നീക്കിയിരിപ്പ് | 475764006.78 |

## 1-4 ഫണ്ട് വിനിയോഗം.

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളത്.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് പോയ തുക |
|---|---|---|---|---|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 513675000 | 529125494 | 529125494 | 428006165 | 80.88 | 101119329 |
| വികസന ഫണ്ട് (എസ്.സി.പി) | 96449000 | 96449000 | 96449000 | 68918617 | 71.45 | 27530383 |
| 14ാം ധനകാര്യ കമീഷൻ ഗ്രാന്റ് | 515467000 | 588903099 | 588903099 | 532266786 | 90.38 | 56636313 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 208876000 | 223212139 | 223212139 | 183415069 | 82.17 | 39797070 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 11505000 | 122179226 | 122179226 | 122074555 | 99.91 | 104671 |

2. നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ളത്.

| ക്രമ നം | ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | സാക്ഷരത | വിവരം ലഭ്യമല്ല | | | | |
| 2. | ദുരിതാശ്വാസ നിധി | 1321894 | 20000 | 1341894 | 0 | 1341894 |
| 3. | തൊഴിലുറപ്പ് പദ്ധതി | | | | | |
| | 1.തൊഴിലാളികളുടെ കൂലി | 425199 | 5103575 | 5528774 | 1624538 | 3251917 |
| | 2.ഭരണച്ചെലവ് | | | | 652319 | |
| 4. | കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| | അമൃത് (ATAL MISSION FOR REJUVENATION AND | 108072 | 167683744 | 167791816 | 26898432 | 140893384 |

| | | | | | | |
|---|---|---|---|---|---|---|
| | URBAN TRANSFORMATION) | | | | | |
| | പി.എം.എ.വൈ (Pradhan Manthri Awas Yojana) | 56956256 | 22824166 | 79780422 | 54558439 | 25221983 |
| | എൻ.യു.എൽ.എം (National Urban Livelihoods Mission) | 5720567 | 6417922 | 12138489 | 3646242 | 8492247 |
| | ആർ.എം.എസ്.എ Rashtriya Madhyamik Shiksha Abhiyhan) | 0 | 14694211 | 14694211 | 1252472 | 13441739 |
| 5. | ബി ഫണ്ട് | | 147468040 | 147468040 | 147468040 | 0 |
| 6. | പൊതു ആവശ്യ ഗ്രാന്റ് | | 371544000 | 371544000 | 371544000 | 0 |
| 7. | തനത് ഫണ്ട് | 261191708 | 730568462 | 991760170 | 770893644 | 220866526 |

## 1-5 പദ്ധതി അവലോകനം.

2017-18 വർഷത്തെ പദ്ധതി ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | ഡപ്യൂട്ടി ഡയറക്ടർ (കൃഷി) | 09 | 09 | 6424362 | 2803703 | 43.64 |
| 2. | സബ് ഇൻസ്പെകടർ ഓഫ് ഫിഷറീസ് | 02 | 02 | 1530000 | 1413672 | 92.39 |
| 3. | മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, | 09 | 09 | 13364908 | 11218056 | 83.93 |
| 4. | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 35 | 22 | 78009471 | 53360138 | 68.40 |
| 5. | നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ | 28 | 18 | 84866961 | 37735285 | 44.46 |
| 6. | പട്ടികജാതി വികസന ഓഫീസർ | 15 | 12 | 85536055 | 44228500 | 51.17 |

| | | | | | | |
|---|---|---|---|---|---|---|
| 7. | ഹെൽത്ത് ഓഫീസർ | 34 | 15 | 107642170 | 59830903 | 55.58 |
| 8. | ഗവ.ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ | 01 | 0 | 254000 | 0 | 0 |
| 9. | സീനിയർ വെറ്റിനറി സർജൻ | 14 | 13 | 27815319 | 12861495 | 46.23 |
| 10. | വ്യവസായ വികസന ഓഫീസർ | 04 | 01 | 2130000 | 30000 | 14.08 |
| 11. | കോർപ്പറേഷൻ എഞ്ചിനീയർ | 683 | 368 | 1259051469 | 665469169 | 52.85 |
| 12. | ശിശു വികസന പദ്ധതി ഓഫീസർ | 23 | 19 | 95317986 | 75599921 | 79.31 |
| 13. | ഹെൽത്ത് സൂപ്പർവൈസർ | 07 | 02 | 478591000 | 598010 | 12.49 |
| 14. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 424 | 59 | 641869752 | 63718021 | 09.92 |
| 15. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 100 | 11 | 229259639 | 35156686 | 15.68 |

## 1-6 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 446265808 | 425018566 | 21247242 | -4.76 |
| നികുതിയേതര വരവുകൾ | 256021561 | 255410012 | 611549 | -2.38 |
| ആകെ | 702287369 | 680428578 | 21858791 | -3.11 |

## 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1621200 | 1343 |
| കർഷകതൊഴിലാളി പെൻഷൻ | 9649200 | 731 |
| വിധവാപെൻഷൻ | 258008800 | 816 |
| വാർദ്ധക്യകാലപെൻഷൻ | 296026800 | 30759 |
| വികലാംഗപെൻഷൻ | 2933200 | 215 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 37193765 | 12062 |

## 1-8 ക്യാഷ് പരിശോധന.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതാതു സമയം പ്രത്യേക റിപ്പോർട്ടുകളായി കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

ഓഡിറ്റിന് സമർപ്പിച്ച 2017-18 വർഷത്തെ വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

(1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 5 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന തുകകളും ലോൺ രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വാർഷിക കണക്കിലെ തുക | ലോൺ രജിസ്റ്ററിലെ തുക |
|---|---|---|---|
| 1. | ഹഡ്കോ വായ്പ | 17901516 | 19074516 |
| 2. | മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 833600 | രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല |

(2) വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, ഡി & ഒ ലൈസൻസ് ഫീ മുതലായവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാലും ഇത് സംബന്ധിച്ച വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(3) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി18 ഷെഡ്യൂളിൽ തിരിച്ചു പിടിക്കാനുള്ളതായി കാണിച്ച മുൻകൂർ തുകയുടെ കൃത്യത ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല. 2017-18ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 30,56,03,160/- രൂപ മുൻകൂർ ഇനത്തിൽ പിരിഞ്ഞു കിട്ടാൻ/ അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്. വരവ് ചെലവ് പത്രിക പ്രകാരം 2017-18 വർഷം അനുവദിച്ച 1,96,55,041/- രൂപയിൽ 7,53,546/- രൂപ മാത്രമാണ് അഡ്ജസ്റ്റ് ചെയ്തത്/തിരിച്ചു പിടിച്ചത്. തിരിച്ചു പിടിക്കാനുള്ളതായി കാണിച്ച 30,56,03,160/- രൂപയുടെ വർഷം/ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ല. മുൻ വർഷങ്ങളിൽ ഈയിനത്തിൽ തിരിച്ചുപിടിക്കാനുള്ള തുക അതാത് വർഷത്തെ മുൻകൂർ രജിസ്റ്ററിലേക്ക് എടുത്തെഴുതുകയോ വർഷം തിരിച്ചുള്ള സംക്ഷിപ്തം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

(4) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 ൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

(5) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(6) നഗരസഭയുടെ ബജറ്റ് നടപടിക്രമങ്ങൾ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല.

(7) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂളിലെ ചട്ടം 45 ൽ നിഷ്കർഷിച്ച പ്രകാരം സമയബന്ധിതമായി പണമാക്കാത്ത ചെക്കുകളുടെ തുകകൾ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട Stale Cheque account വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

(8) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറിംഗിനുള്ള 67268293095 (എസ്.ബി.ഐ) അക്കൌണ്ടിൽ 2017-18 വർഷം (17.01.2018 ന് ശേഷം) ടെണ്ടർ ഫോം ഇനത്തിൽ വരവു വന്ന തുക വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല. (31.03.2018 ലെ നീക്കിയിരിപ്പ് 30,55,525/- രൂപ).

(9) 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് (schedule B 15) പ്രകാരം വസ്തു നികുതിയിനത്തിൽ 13,86,49,999.78/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 2017-18 വർഷത്തെ വരവ് ചെലവ് പത്രിക (ഷെഡ്യൂൾ RP 37) പ്രകാരം ഈയിനത്തിലെ

(Property Tax arrears) വരവ് 5,09,65,566/- രൂപയാണ്. മേൽ കണക്കുകൾ അനുസരിച്ച് 8,76,84,433.78/- (13,86,49,999.78 – 5,09,65,566) രൂപ വസ്തു നികുതി കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണേണ്ടതാണെങ്കിലും 2017-18 വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്തിലുള്ള തുക 2,75,85,746/- രൂപയാണ്. അതായത് 6,00,98,687.78/- രൂപ കുറവ്. ‘ Note on accounts’ ൽ 21.06.2018 ലെ 127-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ലഭിക്കാനുള്ള തുക 2,75,85,746/- രൂപയാണെന്ന് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കത്തക്ക വിധത്തിൽ കുടിശ്ശിക തുകയുടെ വർഷം തിരിച്ചുള്ള കണക്ക്, ഒഴിവാക്കിയ ഡിമാന്റ് നമ്പർ/തുക തുടങ്ങിയവ ഉൾക്കൊള്ളുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

(10) തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ 2016-17 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ലഭിക്കാനുള്ളത് 9,39,47,222.83 രൂപയാണ്. 2017-18 വർഷത്തെ വരവ് ചെലവ് പത്രിക പ്രകാരം ഈയിനത്തിൽ (Profession Tax traders-arrears) ലഭിച്ചത് 2,41,77,219/- രൂപയാണ് (വരവ് ചെലവ് പത്രിക ഷെഡ്യൂൾ 37). കുടിശ്ശികയിനത്തിൽ 6,97,70,003.83 രൂപ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിൽ (Schedule B 15) വരേണ്ടതാണെങ്കിലും ഈയിനത്തിൽ ബാലൻസ് ഷീറ്റിലുള്ള തുക 5,44,260.83 രൂപയാണ്. ‘ Note on account’ ൽ 21.06.2018 ലെ 126-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ലഭിക്കാനുള്ള കുടിശ്ശിക തുക 5,44,260.83 രൂപയാണെന്ന് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(11) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ ‘ Secured Loans’ എന്ന ഇനത്തിൽ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ളതായി കാണിച്ച 8,33,600/- രൂപയുടെ വിശദാംശം ലഭ്യമല്ല.

(12) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-6 ൽ ‘ Unsecured Loans’ എന്ന ഹെഡിൽ കോഴിക്കോട് വികസന അതോറിറ്റിയുടെ ലോൺ ഇനത്തിൽ 12,48,93,861/- രൂപ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ കോഴിക്കോട് വികസന അതോറിറ്റിയുടെ 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ട് (കെ.എസ്.എ/കെ.ഒ.സി /എ7/268/18) ലെ ഖണ്ഡിക 4-2 പ്രകാരം തിരിച്ചടക്കാനുള്ള തുക 7,48,93,861/- രൂപയാണ്. വ്യത്യാസം 5,00,00,000/- (വാർഷിക ധനകാര്യ പത്രികയിൽ കൂടുതൽ)

(13) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5(Grants & Contribution for specific purpose) ൽ ‘ Beneficiary Contribution’ എന്ന ഹെഡിലുള്ള 1,37,53,945/- രൂപയുടെ വിശദാംശം ലഭ്യമല്ല.

(14) ഡെപ്പോസിറ്റ് ഇനത്തിൽ 26,57,54,459/- രൂപ നഗരസഭയുടെ ബാധ്യതയായി 2016-17 വർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തെ വരവ് ചെലവ് പത്രിക ഷെഡ്യൂൾ ആർ.പി-25 പ്രകാരം 1,93,33,947/- രൂപ ഈയിനത്തിൽ വരവും ആർ.പി-27 പ്രകാരം 2,57,65,139/- രൂപ റീഫണ്ടും ഉണ്ട്. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ 25,93,23,267/- രൂപയാണ് ബാധ്യതയായി കാണിക്കേണ്ടതെങ്കിലും 28,42,50,086/- രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസം 2,49,26,819/- രൂപ കൂടുതൽ. തിരിച്ചു നൽകാനായി കാണിച്ച തുകയുടെ വർഷം തിരിച്ച്/ഇനം തിരിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(15) ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ ബി-10 ‘ Provisions’ എന്ന ഹെഡിലുള്ള 30,91,950/- രൂപയുടെ വിശദാംശം ലഭ്യമല്ല.

(16) പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറക്ക് ജേർണൽ എൻട്രികൾ നൽകി സ്ഥിരാസ്തിയിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-11 ‘ Fixed Assets’ എന്ന ഷെഡ്യൂളിൽ താഴെ പറയുന്ന ആസ്തികളുടെ മൂല്യം 2015-16, 2016-17, 2017-18 വർഷങ്ങളിലും ഒരേ തുകയാണ്.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 410100101 | Grounds | 16,44,265 |
| 410300100 | Concrete Roads | 1,29,95,513 |
| 410300300 | Other Roads | 14,19,98,120 |
| 410300400 | Bridges | 10,00,000 |
| 410300500 | Culverts | 19,00,156 |

(17) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 ൽ ‘ Stock in hand’ ആയി 2016-17 ലും 2017-18 ലും ഒരേ തുക തന്നെയാണ് കാണിച്ചിട്ടുള്ളത്. (11,87,18,812/-രൂപ)

(18) 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-2 പ്രകാരം നഗരസഭ ഫണ്ടിന്റെ നീക്കിയിരിപ്പ് 1,50,96,39,120.34/- രൂപയാണ്. എന്നാൽ 2017-18 ൽ മുൻബാക്കിയായി ഈ ഷെഡ്യൂൾ പ്രകാരം കാണിച്ചത് 1,37,48,85,936.34/- രൂപയാണ്. വ്യത്യാസം 13,47,53,184/- രൂപ.

(19) പി.എ. ടു സെക്രട്ടറിയുടെ പേരിൽ സൂക്ഷിക്കുന്ന 10027120100048 എന്ന നമ്പറിലുള്ള അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 2-2 വസ്തുനികുതി അപ്പീലുകൾ - ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 (ഒ) പ്രകാരം മുനിസിപ്പൽ കോർപ്പറേഷന്റെ നികുതി അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും നികുതി ചുമത്തുന്നതിൽ നിന്നും വിട്ടു പോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുന:പരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 16 ഉപചട്ടം (1) പ്രകാരം സെക്രട്ടറി ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ, കെട്ടിട ഉടമയ്ക്ക് അപ്രകാരമുള്ള വസ്തുനികുതി നിർണ്ണയത്തിനെതിരെ ആക്ഷേപമുള്ള പക്ഷം സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ച് മുപ്പത് ദിവസത്തിനകം നികുതി അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. സെക്രട്ടറി നടത്തിയ നികുതി നിർണ്ണയം മുനിസിപ്പാലിറ്റി നിയമം, ബന്ധപ്പെട്ട ചട്ടം എന്നിവയിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമല്ലാതെയും, നടപടിക്രമം പാലിക്കാതെയുമാണെങ്കിൽ പ്രസ്തുത നികുതി നിർണ്ണയം ഉപചട്ടം (4) പ്രകാരം നികുതി അപ്പീൽ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് പുന:പരിശോധിക്കാവുന്നതും, അപ്പീൽ അനുവദിക്കാവുന്നതും, ആക്ടിലും ചട്ടങ്ങളിലും നിർദ്ദേശിക്കുന്ന പ്രകാരം വസ്തു നികുതി പുനർനിർണ്ണയിക്കാവുന്നതുമാണ്. അപ്പീൽ അനുവദിക്കുകയോ, നിരസിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുള്ള കാരണങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ കോഴിക്കോട് നഗരസഭയിൽ 2017-18 കാലയളവിൽ ലഭിച്ചിട്ടുള്ള വസ്തു നികുതി അപ്പീലുകൾ പരിശോധിച്ചതിൽ, ചട്ടപ്രകാരം നൽകേണ്ട ഇളവുകൾ നൽകിയിട്ടുള്ള നികുതി നിർണ്ണയങ്ങളിലും, നികുതി നിർണ്ണയം പൂർണ്ണമായും ചട്ടപ്രകാരമാണെന്ന് ബന്ധപ്പെട്ട സെക്ഷനുകൾ കുറിപ്പെഴുതിയിട്ടുള്ള കേസുകളിലും യാതൊരു കാരണങ്ങളും രേഖപ്പെടുത്താതെ നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും നികുതി ഇളവ് നൽകി വരുന്നു. ഇത്തരത്തിൽ ചട്ട വിരുദ്ധമായി നൽകിയ നികുതി അപ്പീലുകൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

(1)

| | |
|---|---|
| ഫയൽ നമ്പർ | എ25/എ.പി./33/24/17-18, (എ25/ടി.പി /38003/17) |
| അപ്പീൽ അപേക്ഷക | ശ്രീമതി.ശ്യാമള.കെ. |
| കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, നമ്പർ | ഗാർഹികം, 235.43 ച.മീ., 33/3302 സി |
| വസ്തു നികുതി ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ തിയ്യതി | 03.07.2017 |
| അപ്പീൽ അപേക്ഷ ലഭിച്ചത് | 13.07.2017 |
| നികുതിയിളവിന് അപേക്ഷയിൽ വിവരിക്കുന്ന കാരണം | നാലടി വഴി മാത്രം, സാമ്പത്തിക ബുദ്ധിമുട്ട് |
| നികുതി അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം, നമ്പർ | 5 % നികുതി ഇളവ് നൽകി.<br>30.08.2017 ലെ തീരുമാനം നമ്പർ 39 |

മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ ശ്രീമതി.ശ്യാമളയ്ക്ക് ലഭിക്കേണ്ട എല്ലാ ഇളവുകളും അനുവദിച്ചാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വിസ്തീർണ്ണം X ഗാർഹിക നികുതി നിരക്ക് | 235.43 x14 =3296 |
| അർഹമായ കുറവുകൾ -- ആകെ 20% (മേഖല ഇളവ് ദ്വിതീയം – 10%, ഒന്നര മീറ്ററിൽ താഴെ വീതിയുള്ള വഴി - 10%) | 659 |

| | |
|---|---|
| നിർണ്ണയിച്ച വസ്തു നികുതി | 2637 + 132 ലൈബ്രറി സെസ്സ് |

മേൽ വിവരിച്ച രീതിയിൽ വഴി സൗകര്യത്തിന്റെ ഇളവ് ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള കെട്ടിടത്തിന് അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5% നികുതി ഇളവ് വീണ്ടും അനുവദിച്ചത് എന്ത് കാരണത്താലാണെന്ന് തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (മിനട്സിൽ). 235 ച.മീ. വിസ്തീർണ്ണമുള്ള വാസഗൃഹ ഉടമക്ക് തക്കതായ കാരണമില്ലാതെ നികുതിയിളവ് നൽകി.

(2)

| | |
|---|---|
| ഫയൽ നമ്പർ | എ 25/എ.പി./33/29/17-18 (എ25/ടി.പി10/7308/17) |
| അപ്പീൽ അപേക്ഷകർ | ശ്രീ.കൃഷ്ണകുമാർ.പി.എ., ശ്രീ.കൃഷ്ണരീഷ്.പി.എ., ശ്രീ.കൃഷ്ണറിജു.പി.എ. |
| കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, നമ്പർ | വാണിജ്യം, 591.21 ച.മീ., 3 നിലകെട്ടിടത്തിലെ ഒന്നാം നിലയിലെയും, രണ്ടാം നിലയിലേയും 33/4588 എഫ് മുതൽ എഫ് 13 വരെ 14 മുറികൾ |
| വസ്തു നികുതി ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ തിയ്യതി | 24.07.2017 |
| അപ്പീൽ അപേക്ഷ ലഭിച്ചത് | 26.07.2017 |
| നികുതിയിളവിന് അപേക്ഷയിൽ വിവരിക്കുന്ന കാരണം | സാമ്പത്തിക ബുദ്ധിമുട്ട് |
| നികുതി അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം, നമ്പർ | അഞ്ചു ശതമാനം നികുതി ഇളവ് നൽകി. 30.08.2017 ലെ തീരുമാനം നമ്പർ 9 |

കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരം താഴെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | മുറികളുടെ വിശദാംശം | നികുതി നിർണ്ണയം |
|---|---|---|
| 1. | ഒന്നാം നിലയിലെ 27.38 ച.മീ. വീതം വിസ്തീർണ്ണമുള്ള ആറു മുറികൾ 33/4588 എഫ് , എഫ് 1മുതൽ എഫ് 5 വരെ(നികുതി നിരക്ക് 105 രൂപ) | 27.38 X 105= 2875 X 6 എണ്ണം |
| | നികുതിയിളവ് (മേഖല ദ്വിദീയം - 10%) | 288 X 6 എണ്ണം |
| | നികുതി വർദ്ധനവ് (വഴി സൗകര്യം - 20%) | 575 X 6 എണ്ണം |
| | ആകെ നികുതി | 3162 |
| | ഒന്നാം നിലയ്ക്കുള്ള ഇളവ് - 5% | 158 X 6 എണ്ണം |
| | നിർണ്ണയിച്ച നികുതി | 3004 X 6 എണ്ണം + 150 X 6 എണ്ണം ലൈബ്രറി സെസ്സ് |

| | | |
|---|---|---|
| 2. | ഒന്നാം നിലയിലെ 32.79 ച.മീ. വിസ്തീർണ്ണമുള്ള 33/4588 എഫ് 6 നമ്പർ മുറി | 32.79 X105 = 3443 |
| | നികുതിയിളവ് (മേഖല ദ്വിദീയം - 10%) | 344 |
| | നികുതി വർദ്ധനവ് (വഴി സൗകര്യം - 20%) | 689 |
| | ആകെ നികുതി | 3788 |
| | ഒന്നാം നിലയ്ക്കുള്ള ഇളവ് - 5% | 189 |
| | നിർണ്ണയിച്ച നികുതി | 3599 + 180 ലൈബ്രറി സെസ്സ് |
| 3. | രണ്ടാം നിലയിലെ 28.56 ച.മീ. വീതം വിസ്തീർണ്ണമുള്ള ആറ് മുറികൾ 33/4588എഫ് 7മുതൽ എഫ് 12 വരെ(നികുതി നിരക്ക് 105 രൂപ) | 28.56 X 105 =2999 X 6 എണ്ണം |
| | നികുതിയിളവ് (ദ്വിതീയ മേഖല - 10%) | 300 X 6 എണ്ണം |
| | നികുതി വർദ്ധനവ് (വഴി സൗകര്യം - 20%) | 600 X 6 എണ്ണം |
| | ആകെ നികുതി | 3299 X 6 എണ്ണം |
| | രണ്ടാം നിലയ്ക്കുള്ള ഇളവ് - 10% | 330 X 6 എണ്ണം |
| | നിർണ്ണയിച്ച നികുതി | 2969 X 6എണ്ണം + 149 X 6 എണ്ണം ലൈബ്രറി സെസ്സ് |
| 4. | രണ്ടാം നിലയിലെ 29.07 ച.മീ. വിസ്തീർണ്ണമുള്ള 33/4588 എഫ് 13 നമ്പർ മുറി | 29.07 X 105 = 3052 |
| | നികുതിയിളവ് (ദ്വിതീയ മേഖല - 10%) | 305 |
| | നികുതി വർദ്ധനവ് (വഴി സൗകര്യം - 20%) | 610 |
| | ആകെ നികുതി | 3357 |
| | ഒന്നാം നിലയ്ക്കുള്ള ഇളവ് - 5% | 336 |
| | നിർണ്ണയിച്ച നികുതി | 3021 + 151 ലൈബ്രറി സെസ്സ് |

മേൽ വിവരിച്ച രീതിയിൽ കെട്ടിടത്തിന് മേഖല ഇളവും, മുകൾ നിലകൾക്കുള്ള ഇളവും നിയമാനുസൃതവും, ചട്ടപ്രകാരവുമാണെന്ന് ഓഫീസ് കുറിപ്പിൽ സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാതെയാണ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി നികുതിയിളവ് അനുവദിച്ചത്.

മേൽ അപേക്ഷകരുടെ അപേക്ഷയും മൊഴിയും പരിഗണിച്ചാണ് നികുതി ഇളവ് ചെയ്തു കൊടുക്കുവാൻ സ്റ്റാന്റിംഗ്

കമ്മിറ്റി ശുപാർശ ചെയ്യുന്നത്. നികുതി ഇളവിന് പരിഗണിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, പുന:പരിശോധന റിപ്പോർട്ടിലെ വിവരങ്ങൾ, റവന്യൂ വിഭാഗത്തിൽ നിന്നും അനുവദിച്ച ഫയൽ നമ്പർ എന്നിവ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് മിനുട്സിൽ ചേർക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് തയ്യാറാക്കിയതിനു ശേഷം കൗൺസിൽ സെക്രട്ടറി പരിശോധിച്ച് ഒപ്പും വെയ്ക്കുന്നില്ല. സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് നിയമാനുസൃതം നടത്തിയ നികുതി നിർണ്ണയങ്ങൾക്ക് ശേഷം പ്രത്യേക കാരണങ്ങളില്ലാതെ അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി ഇളവുകൾ നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 16.03.2018 ന് ഒ.എസ് നൽകിയെങ്കിലും (നം 2/17-18) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ മേൽ വിവരിച്ച തരത്തിൽ നികുതിയിളവ് നൽകുന്നതിനാൽ നഗരസഭ ഫണ്ടിന് വലിയ അളവിൽ പ്രതിവർഷം നഷ്ടം സംഭവിക്കും. സമാന തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ച് നികുതിയിനത്തിൽ കുറവ് വരുത്തിയ തീരുമാനങ്ങൾ റദ്ദ് ചെയ്യേണ്ടതും, കുറവ് വരുത്തിയ നികുതി തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-3 നികുതിയിളവിനു പകരം നികുതിയൊഴിവ് - ചട്ടവിരുദ്ധമായി അനുവദിക്കുന്നതു മൂലം നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 239, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.21 എന്നിവ പ്രകാരം സാധാരണയായി വാടകയ്ക്ക് കൊടുക്കുന്നതോ, ഉടമസ്ഥൻ തന്നെ താമസിക്കുന്നതോ ആയ കെട്ടിടം ഒരു അർദ്ധ വർഷത്തിൽ ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കാതെയും കിടന്നിരുന്നാൽ ആ അർദ്ധവർഷത്തേയ്ക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ഇതിനായി കെട്ടിടത്തിന്റെ ഉടമസ്ഥനോ അയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും കിടക്കുകയാണെന്നോ, നോട്ടീസ് കൊടുക്കുന്ന അർദ്ധവർഷത്തിലോ, തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തിയ്യതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കപ്പെടാതെയും ചെയ്യുമെന്ന് നേരത്തേ തന്നെ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഇത്തരത്തിൽ നേരത്തേ തന്നെ നോട്ടീസ് നൽകാതെ ഈയിളവ് ലഭിക്കുന്നതല്ല. മേൽ വിവരിച്ച ചട്ടത്തിൽ ഉപചട്ടം മൂന്ന് അനുസരിച്ച് ഇപ്രകാരം അനുവദിക്കുന്ന ഏതൊരിളവും ഫാറം.11 ലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഫാറം.11 ലെ രജിസ്റ്ററിൽ വാർഷിക വസ്തു നികുതി, അപേക്ഷകനിൽ നിന്നും നോട്ടീസ് ലഭിച്ച തിയ്യതി, കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന കാലയളവും ദിവസങ്ങളും, നികുതിയിളവ് അനുവദിക്കുന്ന ദിവസങ്ങൾ, അനുവദിച്ച നികുതിയിളവ് (പരമാവധി അർദ്ധ വാർഷിക നികുതി) എന്നിവ ഉൾപ്പെട്ടിരിക്കണം. മേൽ വിവരിച്ച ചട്ടത്തിലെ ഫോറം 11 പ്രകാരം നികുതിയിളവിന് അർഹമായത് പരമാവധി അർദ്ധവർഷ നികുതിയാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി നഗരസഭയിൽ മേൽ നിയമം/ചട്ട പ്രകാരം, ഒഴിഞ്ഞുകിടക്കുന്നതുമൂലം വസ്തുനികുതി ഇളവിന് അപേക്ഷിക്കുന്നവർക്കൊക്കെ മുഴുവൻ നികുതിയും ഒഴിവാക്കി നൽകുകയാണ് ചെയ്തിരിക്കുന്നത്. അതായത് ഒരു വ്യക്തി തന്റെ കെട്ടിടത്തിന് രണ്ടു അർദ്ധ വർഷങ്ങളിലേയ്ക്കും നികുതി ഇളവിനു അപേക്ഷിക്കുമ്പോൾ പരമാവധി അർദ്ധവാർഷിക നികുതി ഇളവു ചെയ്തു നൽകുന്നതിനു പകരം രണ്ടു അർദ്ധ വർഷത്തേയും മുഴുവൻ നികുതിയും ഒഴിവാക്കി നൽകുന്നു. അതായത് നികുതിയിളവിനു പകരം നികുതി ഒഴിവ് നൽകുന്നു.

കോർപ്പറേഷനിലെ 12 വാർഡുകളിലെ (മെയിൻ ഓഫീസിനു കീഴിൽ) വേക്കൻസി റെമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ മുൻ രണ്ടു വർഷങ്ങളിലായി ഇത്തരത്തിൽ നികുതി ഒഴിവു നൽകിയതു മൂലം (രണ്ടു അർദ്ധവർഷങ്ങളിലും ഇളവിന് അപേക്ഷിച്ചവർക്ക്) നഗരസഭയ്ക്ക് വൻ തുക നഷ്ടമായിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്.

ആയതിൽ വിവരിച്ച രീതിയിൽ ചട്ട വിരുദ്ധമായി നികുതിയൊഴിവ് നൽകിയതുമൂലം രണ്ടു വർഷങ്ങളിലായി 11,24,546/- രൂപ (4,99,419 + 6,25,127) കോർപ്പറേഷൻ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. മുകളിൽ പരാമർശിച്ച വാർഡുകളുടെ വേക്കൻസി റെമിഷൻ രജിസ്റ്റർ പ്രകാരം നികുതിയിളവ് ലഭിച്ച കെട്ടിട ഉടമസ്ഥരിൽ ഭൂരിഭാഗം പേരും 2017-18 ഒന്നാം അർദ്ധവർഷത്തിലേയ്ക്ക് നികുതിയൊഴിവിന് അപേക്ഷിച്ച് നികുതിയൊഴിവ് ലഭിച്ചവരും, രണ്ടാം അർദ്ധവർഷത്തേയ്ക്ക് അപേക്ഷിച്ച് തീരുമാനത്തിനായി കാത്തിരിക്കുന്നവരുമാണ്. 2018-19 വർഷവും ഇത്തരത്തിൽ നികുതിയൊഴിവ് നൽകുന്നതു വഴി വീണ്ടും കോർപ്പറേഷൻ ഫണ്ടിന് ധനനഷ്ടമുണ്ടാകും. ചട്ട വിരുദ്ധമായി നികുതിയൊഴിവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒ.എസിന് (നം.02/16.03.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിന് നഷ്ടമായ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പരിഷ്കരണം - അപാകതകൾ.

1. നഗരസഭയോട് കൂട്ടിച്ചേർത്ത പ്രദേശങ്ങളിൽ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു.

14.01.2011 ലെ സ.ഉ (അച്ചടി) നം. 17/11 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നഗരസഭകളിലെ കെട്ടിടങ്ങൾക്ക് അതിന്റെ ഉപയോഗ ക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2010 വരെ നഗരസഭയിൽ നിലവിലുണ്ടായിരുന്ന 39 റവന്യൂ വാർഡുകളിലെ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിൽ നിർദേശിച്ച നിരക്കുകളും, എന്നാൽ 2010 ൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കപ്പെട്ട എലത്തൂർ, ബേപ്പൂർ, ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ഈ ഉത്തരവിൽ നിഷ്കർഷിച്ചതിനേക്കാൾ കുറഞ്ഞ നിരക്കിലുമാണ് വസ്തുനികുതി ഈടാക്കുന്നത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 4 (5) പ്രകാരം ഏതെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശം ഒരു മുനിസിപ്പാലിറ്റിയായി രൂപീകരിക്കുകയോ അതിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, അപ്പോൾ ആ പ്രദേശത്ത് നിലവിലുള്ള നിയമങ്ങൾക്കോ റഗുലേഷനുകൾക്കോ കീഴിൽ ചുമത്തിയിരുന്ന എല്ലാ നികുതികൾക്കും, ഫീസുകൾക്കും, മറ്റ് ചാർജ്ജുകൾക്കും അതത് സംഗതി പോലെ രൂപീകരണത്തിന്റേയോ ഉൾപ്പെടുത്തലിന്റെയോ തീയതി മുതൽ പ്രാബല്യം ഇല്ലാതായിത്തീരുന്നതും എല്ലാ നികുതികളും, ഫീസുകളും മറ്റ് ചാർജ്ജുകളും ഈ നിയമത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ബൈലോകളുടെയും വ്യവസ്ഥകൾക്കനുസൃതമായി ആ പ്രദേശത്തിൽ ചുമത്തേണ്ടതുമാണ്. എന്നാൽ നഗരസഭയോട് കൂട്ടിച്ചേർത്ത പ്രദേശങ്ങളിലെ റവന്യൂ വാർഡുകൾ പൂർണ്ണമായി തൃതീയമേഖലയിൽ ഉൾപ്പെടുത്തി എല്ലാ വിഭാഗത്തിനും വസ്തുനികുതിയിൽ 20% ഇളവ് അനുവദിച്ചു. ഗ്രാമപഞ്ചായത്തായിരുന്നെങ്കിൽ പോലും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തേണ്ട പല പ്രദേശങ്ങളും തൃതീയമേഖലയിൽ ഉൾപ്പെടുത്തിയത് നഗരസഭയുടെ വരുമാനത്തെ സാരമായി ബാധിക്കുന്നതും വസ്തുനികുതി നിർണ്ണയത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമായതുമാണ്.

01.04.2017 മുതൽ വസ്തുനികുതി ചുമത്തിയ ഫയലുകൾ പരിശോധിച്ചതിൽ എലത്തൂർ സോണൽ ഓഫീസിനു കീഴിലുള്ള എല്ലാത്തരം കെട്ടിടങ്ങൾക്കും തൃതീയ മേഖലയിലുൾപ്പെടുത്തി 20% ഇളവ് അനുവദിക്കുന്നത് മൂലം സംഭവിച്ച നഷ്ടം ഉദാഹരണമായി ചുവടെ നൽകുന്നു.

| കെട്ടിട നം, വിസ്തീർണ്ണം (ച.മീ) | ഉടമസ്ഥന്റെ പേര് ഫയൽ നം. | നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | ഇളവുകൾ (തൃദീയം) | ഇളവു കഴിച്ചുള്ള നികുതി | വരുത്തേണ്ട വർദ്ധനവ് | കുറവ് (വാർഷികം) |
|---|---|---|---|---|---|---|---|
| 10/376/ B 22.31 | ശ്രീമതി.ജയശ്രീ.എം.കെ EZ 4/6047/17 w.e.f 01.04.2017 | 105 | 2,343 | 469 | 1,874 | | 469 |
| 10/376 B1 22.31 | ശ്രീമതി.ജയശ്രീ.എം.കെ EZ 4/6047/17 w.e.f 01.04.2017 | 105 | 2,343 | 469 | 1,874 | | 469 |
| 10/376 B2 22.31 | ശ്രീമതി.ജയശ്രീ.എം.കെ EZ 4/6047/17 w.e.f 01.04.2017 | 105 | 2,343 | 469 | 1,874 | 20% (6മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്) | 469 |
| 10/376 B3 22.31 | ശ്രീമതി.ജയശ്രീ.എം.കെ EZ 4/6047/17 w.e.f 01.04.2017 | 105 | 2,343 | 469 | 1,874 | | 469 |
| 10/376 B4 | ശ്രീമതി,ജയശ്രീ.എം.കെ | 105 | 4,685 | 937 | 3,748 | | 937 |

| | | | | | | | |
|---|---|---|---|---|---|---|---|
| 44.62 | EZ 4/6047/17<br>w.e.f 01.04.2017 | | | | | | |
| 16/439 A<br>124.35 | ശ്രീ.കൃപേഷ്. കെ<br>EZ/E24/4927/16<br>w.e.f 01.04.2017 | 14 | 1,741 | 348 | 1,393 | | 348 |
| 8/265/A<br>223.67 | ശ്രീ.പ്രേമരാജൻ.എൻ.പി<br>EZ 4/1122/17<br>w.e.f 1.10.16 | 14 | 3,131 | 626 | 2,505 | | 626 |
| ആകെ | | | | | | | 3787 |

2. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ല.

വസ്തു നികുതി പരിഷ്കരണത്തിനു വേണ്ടി പുതിയ നിരക്കുകൾ 03.10.2013 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയും കൂട്ടിചേർത്ത പ്രദേശങ്ങളിൽ സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള നികുതി നിശ്ചയിക്കുകയും പ്രസ്തുത നികുതി മിനിമം നിരക്കിനേക്കാൾ കുറവായതിനാൽ സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ അപേക്ഷ സർക്കാർ നിരസിക്കുകയും 08.11.2014 ലെ 8263/ആർ.ഡി.2/ ത.സ്വ.ഭ.വ നം കത്തിലൂടെ കോർപ്പറേഷൻ കൗൺസിൽ നിശ്ചയിച്ച നികുതി നിരക്ക് പുനപരിശോധിക്കേണ്ടതാണെന്ന് അറിയിച്ചു. എന്നാൽ ഈ റിപ്പോർട്ട് കാലയളവ് വരെയും വസ്തു നികുതി പരിഷ്കരണം നഗരസഭ പ്രദേശത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

2011 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ട ചട്ടങ്ങൾ ഇനിയും നടപ്പിൽ വരുത്താത്തതിനാൽ കോർപ്പറേഷൻ ഫണ്ടിന് സംഭവിച്ച ഭീമമായ വരവ് നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. 2011 ൽ നികുതി വർദ്ധിപ്പിച്ചിരുന്നെങ്കിൽ ലഭ്യമാകേണ്ട തുക 7 വർഷമായി കുടിശ്ശികയാണ്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികളും കേർപ്പറേഷൻ അധികാരികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കുന്നതിനോ, പിരിച്ചെടുക്കുന്ന നികുതി യഥാസമയം അക്കൗണ്ട് ചെയ്യുന്നതിനോ നഗരസഭക്ക് സാധിക്കുന്നില്ല. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ പ്രവർത്തനഘട്ടങ്ങൾ ഓരോന്നും കുറ്റമറ്റതായി പൂർത്തിയാക്കി എന്നുറപ്പാക്കുന്നതിനുള്ള നടപടിയോ അവ അന്തിമമാക്കുന്നതിനുള്ള മേൽപരിശോധനയോ തുടർ നടപടികളോ ഉണ്ടാകാത്തതിനാൽ വസ്തുനികുതി പരിഷ്കരണം കുറ്റമറ്റതാകുമെന്നോ എപ്പോൾ പൂർത്തീകരിക്കുമെന്നോ ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

3. അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

75 ഇലക്ടറൽ വാർഡുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഏതെല്ലാം കെട്ടിടങ്ങളുടെ ബേസ്ഡാറ്റയാണ് രേഖപ്പെടുത്താൻ അവശേഷിക്കുന്നതെന്നത് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല .

4. കുടിശ്ശിക തുകയിൽ കുറവ് വരുത്തിയതിന്റെ വിശദാംശം ലഭ്യമല്ല.

2016-17 വർഷത്തെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി -15 പ്രകാരം വസ്തു നികുതിയിനത്തിൽ 13,86,49,999.78/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 2017-18 വർഷത്തെ വരവ് ചെലവ് പത്രിക, ഷെഡ്യൂൾ ആർ.പി.37 പ്രകാരം ഈയിനത്തിലെ(property tax arrears) വരവ് 5,09,65,566/- രൂപയാണ്. മേൽ കണക്കുകൾ അനുസരിച്ച് 8,76,84,433.78/- ( 13,86,49,999.78 - 5,09,65,566) രൂപ വസ്തു നികുതി കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണേണ്ടതാണെങ്കിലും 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഈയിനത്തിലുള്ള തുക 2,75,85,746/- രൂപയാണ്. അതായത് 6,00,98,687.78/- രൂപ കുറവ്. 'Note on Accounts' ൽ 21.06.2018ലെ 127 ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം വസ്തു നികുതിയിനത്തിൽ ലഭിക്കാനുള്ള തുക 2,75,85,746/- രൂപയാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കത്തക്ക വിധത്തിൽ കുടിശ്ശിക തുകയുടെ

വർഷം തിരിച്ചുള്ള കണക്ക്, ഒഴിവാക്കിയ ഡിമാന്റ് നമ്പർ/തുക തുടങ്ങിയവ ഉൾക്കൊള്ളുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5. മറ്റ് അപാകതകൾ

എ. 27/04/2015 ലെ സ. ഉ. (കൈ) നം. 144/15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം, 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് സ.ഉ.(കൈ) നം.358/15/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്ന അനുബന്ധം (2) പ്രകാരമുള്ള ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ഇപ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളെ കുറിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇളവ് നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയിട്ടുണ്ടോ എന്നും, ഒരു ഉടമയുടെ തന്നെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇപ്രകാരം ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിക്കാനായിട്ടില്ല.

ബി. ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഡി.സി.ബി രജിസ്റ്റർ ജനറേറ്റ് ചെയ്യാനാവാത്ത സാഹചര്യമാണ് സ്ഥാപനത്തിൽ നിലവിലുണ്ടായിരുന്നത്. മാന്വലായി ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിലും നഗരസഭ വീഴ്ച വരുത്തി.

സി. സഞ്ചയ- സാംഖ്യ സോഫ്റ്റ്‌വെയറുകൾ തമ്മിൽ ബന്ധിപ്പിക്കുകയോ രശീത് മാപ്പിംഗ് പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്യുന്ന ഡിമാന്റ് നോട്ടീസിന് കൃത്യത ഇല്ല. 2013-14 ന് മുൻപുള്ള കുടിശ്ശിക വിവരങ്ങൾ സഞ്ചയയിൽ മാന്വലായി രേഖപ്പെടുത്തിയിട്ടില്ലാത്തതും ഡിമാന്റിന്റെ കൃത്യതയില്ലായ്മക്ക് കാരണമായി. പിരിച്ചെടുക്കുന്ന കെട്ടിട നികുതി അക്കൗണ്ട് ചെയ്യുന്നതിനുള്ള സംവിധാനം (മാന്വൽ ഡി.സി.ബി പത്രിക, സഞ്ചയ ഡിമാന്റ് രജിസ്റ്റർ) നഗരസഭയിൽ നിലവിലില്ലാത്തതിനാൽ ഓരോ ഡിമാന്റിന്റെയും കുടിശ്ശിക വിവരങ്ങൾ തിരിച്ചറിയുന്നതിനും കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് സാധിക്കുന്നില്ല.

ഡി. വർഷങ്ങളായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം ചൂണ്ടികാണിക്കപ്പെട്ടിട്ടും അപാകത പരിഹരിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് ശ്രമിച്ചിട്ടില്ല. മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ യഥാർത്ഥ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. 2017-18 വാർഷിക കണക്ക് പ്രകാരം തൻവർഷ വസ്തുനികുതി കുടിശ്ശികയിനത്തിൽ 7,13,25,001.8/- ( ഏഴ് കോടി പതിമൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഒരു രൂപ, എൺപത് പൈസ) പിരിച്ചെടുക്കാനുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത കണക്കുകൾക്കാധാരമായ വസ്തു നികുതി ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇ. എലത്തൂർ സോണൽ ഓഫീസിന്റെ ഡി.സി.ബി പത്രിക പ്രകാരം 2017-18 വർഷത്തെ ആകെയുള്ള വസ്തു നികുതിയായ 71,14,196/- രൂപയിൽ 50,56,897/- രൂപ മാത്രമാണ് (71.08%) പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശിക വസ്തുനികുതി ആകെ 17,28,157/- രൂപയിൽ 16,37,346/- രൂപയുമാണ് (94.74%) പിരിച്ചെടുത്തത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.6.2018 ന് അയച്ച 48ാം നമ്പർ ഒ.എസിന് 28.01.2019 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് വസ്തുനിഷ്ഠമല്ല. തൃതീയമേഖലയിലുൾപ്പെടുത്തി എല്ലാത്തരം കെട്ടിടങ്ങൾക്കും 20% ഇളവ് അനുവദിക്കുന്നത് മൂലം കുറവ് വന്ന 3787 രൂപ ഈടാക്കേണ്ടതും മറ്റ് അപാകതകളിൻമേൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി പിരിവ് അപാകതകൾ.

കോഴിക്കോട് നഗരസഭ പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2017-18 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്/ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ *അനുബന്ധം 3 ൽ* നൽകിയിട്ടുണ്ട്.

2. ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുള്ള ജി.എസ്.ടി. രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കോഴിക്കോടുള്ള ഓഫീസിലേക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഓഫീസിൽ നിന്നും ജി.എസ്.ടി. രജിസ്ട്രേഷനുള്ള പതിനായിരത്തിലധികം സ്ഥാപനങ്ങളുടെ

ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. 20 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ഥാപനങ്ങളാണ് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടത്. ആ നിലയ്ക്ക് ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ഒരു അർദ്ധവർഷത്തേയ്ക്ക് 2005 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 1250/- രൂപ തൊഴിൽ നികുതി ആയി ഈടാക്കേണ്ടതാണ്. എന്നാൽ ചട്ടം 4(3) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വരുമാനത്തിനനുസൃതമായി നികുതി ഈടാക്കുന്നതിനു പകരം ചില സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതായും ചില സ്ഥാപനങ്ങളിൽ നിന്നും അവരുടെ വരുമാനം കണക്കാക്കാതെ നികുതി ഈടാക്കിയതായും കാണുന്നു.

3. <u>നിർദിഷ്ട ഫോറത്തിൽ ഹാജരാക്കിയില്ല.</u>

കോഴിക്കോട് ഗവ: മെഡിക്കൽ കോളേജിൽ ലക്ചർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഒന്നാം വർഷ തൊഴിൽ നികുതി റിട്ടേണിനു പകരമായി 2017 ആഗസ്റ്റ് മാസത്തെ ശമ്പള ബില്ലിന്റെ പകർപ്പാണ് സമർപ്പിച്ചിരിക്കുന്നത്. മേൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം ചട്ടപ്രകാരമുള്ള തൊഴിൽ നികുതി പത്രികകളിൽ ഹാജരാക്കാൻ നിർദ്ദേശിക്കേണ്ടതും, കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

4. <u>ചട്ടവിരുദ്ധമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി.</u>

ജി 4 എസ്.ഫെസിലിറ്റി ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും സ്ലാബിൽ പെടാത്ത തുകയാണ് (ഉദാഹരണം 245 രൂപ, 516 രൂപ ,914 രൂപ, 541രൂപ,380 രൂപ)തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയതായി കാണുന്നത്. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ചട്ട പ്രകാരമുള്ള സ്ലാബിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. <u>ഒരേ നിരക്കിൽ ക്ഷാമബത്ത രേഖപ്പെടുത്തുന്നു.</u>

ഹോട്ടൽ ശാസ്ത്രപുരി,പാളയം എന്ന സ്ഥാപനം സമർപ്പിച്ചിരിക്കുന്ന 2017-18 ലെ I-ാംവാർഷിക റിട്ടേണിൽ ആകെയുള്ള 13 ജീവനക്കാരുടെ അടിസ്ഥാന ശമ്പളം 8378 മുതൽ 20130 വരെ കാണിച്ചിരിക്കുന്നു. എന്നാൽ മേൽപറഞ്ഞ ജീവനക്കാർക്കെല്ലാം 4266 രൂപയാണ് ക്ഷാമബത്തയായി കാണിച്ചിരിക്കുന്നത്. ഇപ്രകാരം വിവിധ അടിസ്ഥാന ശമ്പളം കൈപ്പറ്റുന്നവർക്ക് ഒരേ നിരക്കിൽ ക്ഷാമബത്ത കാണിച്ചതിലൂടെ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

6. <u>മിനിമം വേതനം കാണിക്കുന്നില്ല.</u>

5.11.2013 ലെ ജി.ഒ (എം.എസ്) 135/2013/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കാലിക്കറ്റ് ചെസ്റ്റ് ഹോസ്പിറ്റലിൽ നിന്നുള്ള 2017-18 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളിലുള്ള ജീവനക്കാരുടെ നികുതി ബാദ്ധ്യത കണക്കാക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ വേതനനിരക്ക് പോലും പരിഗണിച്ചിട്ടില്ല എന്ന് കാണുന്നു. ആയത് പരിശോധിച്ച് നികുതി നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

2017- 18 ലെ രണ്ട് അർദ്ധവർഷങ്ങളിലായി തൊഴിൽ നികുതി ഇനത്തിൽ 106665/- രൂപയുടെ നഷ്ടം വന്നതായി കാണുന്നു. ഇപ്രകാരം വന്ന നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ഈടാക്കി അറിയിക്കുന്നതിനും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുമായി 01/03/2018 ലെ ഒ.എസ് നം 1/2017-18, 04/05/2018 ലെ ഒ.എസ് നം 10/2017-18 എന്നിവ നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ തുക ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, റവന്യൂ ഓഫീസർ എന്നിവരിൽ നിന്ന് ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

7. <u>മേഖല കാര്യാലയങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.</u>

എ. <u>ബേപ്പൂർ മേഖല കാര്യാലയം.</u>

ബേപ്പൂർ മേഖല കാര്യാലയ പരിധിയിലെ 2017-18 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും റിട്ടേണുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

i. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കുന്ന അർദ്ധവർഷം |
|---|---|---|---|
| 1 | 2 | ഒ.എൻ.ഐഎസ് പ്ലാന്റ്, ബേപ്പൂർ | I, II |

| | | | |
|---|---|---|---|
| 2 | 2 | സലഫി സ്കൂൾ, ബേപ്പൂർ | I, II |
| 3 | 3 | കേരള കയർ കോർപ്പറേഷൻ, ബേപ്പൂർ | II |
| 4 | 5 | ഷാജി ടാക്കീസ്, ബേപ്പൂർ | I, II |
| 5 | 6 | ക്രസന്റ് ഐസ് പ്ലാന്റ്, ബേപ്പൂർ | I, II |
| 6 | 6 | അശ്വതി ഐസ് പ്ലാന്റ് | I, II |
| 7 | 6 | റോസ് ഇൻഡസ്ട്രീസ് | II |
| 8 | 6 | ഡോക്ടേർസ് വില്ലേജ് | II |
| 9 | 6 | വെർനി ഇന്റീരിയോ | I, II |
| 10 | 7 | സരീന ഐസ് പ്ലാന്റ് | I, II |
| 11 | 7 | ഗുരുകൃപ ഐസ് പ്ലാന്റ് | II |
| 12 | 7 | വിവേകാനന്ദ വിദ്യാലയം | I, II |
| 13 | 9 | ശ്രീ ഭദ്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 14 | 10 | ഓപ്പൺ മെഡിക്കൽസ് | I, II |
| 15 | 10 | ഷിഫ ഡന്റൽ ക്ലിനിക്, അരക്കിണർ | I, II |
| 16 | 10 | റോയൽ റബ്ബേർസ്, പുഞ്ചപ്പാടം റോഡ് | I, II |

ii. വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ മുതലായവരിൽ നിന്ന് ഈടാക്കേണ്ട പരമാവധി അർദ്ധ വാർഷിക നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മേൽപറഞ്ഞ നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്താത്ത പക്ഷം ചട്ടം 3 (2) പ്രകാരമുള്ള നിരക്കുകളാണ് ഈടാക്കേണ്ടത്. എന്നാൽ ബേപ്പൂർ മേഖല കാര്യാലയ പരിധിയിലെ മേൽ പറഞ്ഞ വിഭാഗത്തിൽ പെട്ടവരിൽ നിന്ന് രേഖാമൂലമുള്ള നികുതി റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഈടാക്കുന്നതിന് പകരം വാർഡ് ബി.സി.മാർ കണക്കാക്കി നൽകുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കുന്നത്. വിശദാംശം അനുബന്ധം 4 ൽ നൽകിയിരിക്കുന്നു.

ബി. എലത്തൂർ മേഖല കാര്യാലയം.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 254, 256 എന്നീ വകുപ്പുകളിലെയും, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ 1, 2 അർദ്ധവർഷത്തെ തൊഴിൽ നികുതി 'ഫോറം 1V' ലെ പട്ടിക

പ്രകാരം തിട്ടപ്പെടുത്തി അടവാക്കേണ്ടതുണ്ട്.

എലത്തൂർ മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന താഴെപ്പറയുന്ന സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കുകയോ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നോട്ടീസ് നഗരസഭ നല്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻസ്റ്റിറ്റ്യൂഷൻ നമ്പർ | അർദ്ധ വർഷം |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ, എലത്തൂർ. | 17 | 2017-18 (I, II) |
| 2 | സബ് പോസ്റ്റ് ഓഫീസ്,എലത്തൂർ | 40 | 2017-18 (I) |
| 3 | എസ്.ബി.ഐ, പാവങ്ങാട്. | 71 | 2017-18 (I) |
| 4 | സതേൺ റെയിൽ വേ, എലത്തൂർ. | 68 | 2017-18 (II) |
| 5 | മാവേലി സ്റ്റോർ, അമ്പലപ്പടി, എരഞ്ഞിക്കൽ. | 75 | 2017-18 (I, II) |
| 6 | വില്ലേജ് ഓഫീസ്, പാവങ്ങാട്. | 77 | 2017-18 (I, II) |
| 7 | കെ.എസ്.ഇ.ബി, പാവങ്ങാട് | 78 | 2017-18 (I, II) |
| 8 | വനിതാ സഹകരണ സംഘം, എരഞ്ഞിക്കൽ. | 84 | 2017-18 (II) |

8. തൊഴിൽ നികുതി കുടിശ്ശിക തുകയിൽ കുറവ് വരുത്തിയത് - വിശദാംശം ലഭ്യമല്ല.

തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ 2016-17 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ലഭിക്കാനുള്ളത് 9,39,47,222.83 രൂപയാണ്. 2017-18 വർഷത്തെ വരവ് ചെലവ് പത്രിക പ്രകാരം ഈയിനത്തിൽ (Profession Tax traders-arrears) ലഭിച്ചത് 2,41,77,219/- രൂപയാണ്. (വരവ് ചെലവ് പത്രിക ഷെഡ്യൂൾ 37) കുടിശ്ശികയിനത്തിൽ 6,97,70,003.83 രൂപ 2017-18 വർഷത്തെ ബാലൻസ് ഷീറ്റിൽ (Schedule B 15) വരേണ്ടതാണെങ്കിലും ഈയിനത്തിൽ ബാലൻസ് ഷീറ്റിലുള്ള തുക 5,44,260.83 രൂപയാണ്. ‘ Note on account’ ൽ 21.06.2018 ലെ 126-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ലഭിക്കാനുള്ള കുടിശ്ശിക തുക 5,44,260.83 രൂപയാണെന്ന് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഈടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി, അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതിനായി ഒ.എസ് നൽകിയെങ്കിലും (19/09/2018 ലെ ഒ.എസ് നം. 71/2017-18 ,03/07/2018 ലെ ഒ.എസ് നം. 43/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും അനുബന്ധങ്ങളിൽ സൂചിപ്പിച്ച നഷ്ടം ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-6 കെട്ടിട വാടക ലൈസൻസ് - അപാകതകൾ.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പ്രധാനപ്പെട്ട വരവിനങ്ങളിൽ ഒന്നാണ് കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന ലൈസൻസ് ഫീ . എന്നാൽ ലൈസൻസ് ഫീ പിരിക്കൽ, ഡെപ്പോസിറ്റ് തുക സ്വീകരിക്കൽ, കരാർ പുതുക്കൽ എന്നീ കാര്യങ്ങൾ നഗരസഭയിൽ കൈകാര്യം ചെയ്തുവരുന്നത് ക്രമപ്രകാരമല്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ നൽകുന്നു.

1. മുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

എ.) കോഴിക്കോട് നഗരസഭ പരിധിയിലുള്ള ഇ.എം.എസ് സ്റ്റേഡിയം, ലോറി സ്റ്റാന്റ്, നടക്കാവ് എന്നിവിടങ്ങളിലെ വാടകകെട്ടിടങ്ങളുടെ ലൈസൻസ് ഫീ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 17-18 സാമ്പത്തികവർഷം കെട്ടിടങ്ങളുടെ വാടക കുടിശ്ശിക വരുത്തിയതായും, ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും ലൈസൻസ് പുതുക്കാതെ പഴയനിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതായും, ഡെപ്പോസിറ്റ് തുക അടവാക്കാത്തതായും കാണുന്നു. കോഴിക്കോട് കോർപ്പറേഷന്റെ 16/4/2002-ലെ 1-ാം നമ്പർ തീരുമാനപ്രകാരം മുറികൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ടി നിബന്ധനകൾ ഖണ്ഡിക 4, 7, 8 എന്നിവ പ്രകാരം

മുറികൾ അനുവദിച്ചുകിട്ടിയ ലൈസൻസികൾ ലേല തുകക്കു തുല്യമായ തുക ഡെപ്പോസിറ്റ് തുകയായി അടവാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിബന്ധന 5 പ്രകാരം ഓരോ മാസത്തെയും ലൈസൻസ് ഫീസ് അതാതുമാസം 5-ാം തീയതിക്കു മുമ്പായി കോർപ്പറേഷനിൽ അടവാക്കണമെന്നും, നിബന്ധന 13 പ്രകാരം ലൈസൻസ് ഫീ അടവാക്കുന്നതിൽ 3 മാസത്തിൽ കൂടുതൽ വീഴ്ച വരുത്തുന്നപക്ഷം ലൈസൻസ് ഏതവസരത്തിലും റദ്ദ് ചെയ്യുകയോ, മുറി പുനർലേലം ചെയ്യുകയോ ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇ.എം.എസ് സ്റ്റേഡിയം കെട്ടിടങ്ങൾ ലൈസൻസ് ഫീ കുടിശ്ശിക വരുത്തിയതും, ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും ലൈസൻസ് ഫീ പുതുക്കാത്തതും, ഡെപ്പോസിറ്റ് തുക അടവാക്കാത്തതുമായ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | കുടിശ്ശിക കാലയളവ് | പ്രതിമാസ വാടക | കുടിശ്ശിക | ലൈസൻസ് കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | എ 30/ 3077/04 | ജി 44 | പി കെ ഷനീഷ് കുമാർ | 02/18 -3/18 | 26326 | 52652 | 1.7.14-30.6.17 | 1.7.17 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 2 | എ 30/ 29012/05 | എഫ് 17 | ഷീബ ജെ | 2/18-3/18 | 10887 | 21774 | 29.6.15-28.6.18 | 29.6.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 3 | എ30/ 28794/05 | എഫ് 33 | സി.ടി.സുരേന്ദ്രൻ | 10/17-3/18 | 3837 | 23022 | 17.10.17-16.10.20 | 17.10.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| ആകെ | | | | | | 97448 | | |

ബി.) പാളയം അനക്സ് കെട്ടിടം, പാളയം ബസ് സ്റ്റാൻഡ് കെട്ടിടം, ഓൾഡ് റിട്ടയറിംഗ് റൂംസ്, ടാഗോർ ഹാൾ കെട്ടിടം, ഇടിയങ്ങര മാർക്കറ്റ് കെട്ടിടം, ദോബിഖാന കെട്ടിടം, കാരപറമ്പ് കെട്ടിടം, പുതിയങ്ങാടി മാർക്കറ്റ് കെട്ടിടം, ദോബിഖാന കെട്ടിടം പടിഞ്ഞാറ് ഭാഗം, എരഞ്ഞിപ്പാലം മാർക്കറ്റ് കെട്ടിടം എന്നീ സ്ഥലങ്ങളിലെ വാടക കെട്ടിടങ്ങളുടെ ലൈസൻസ് ഫീ സംബന്ധിച്ച് എ33 രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസികൾ വാടക കുടിശ്ശിക വരുത്തിയതായും, ലൈസൻസ് കാലാവധി കഴിഞ്ഞതിനുശേഷവും ലൈസൻസ് ഫീ പുതുക്കാതെ പഴയനിരക്കിൽ ഫീ അടവാക്കി വരുന്നതായും കാണുന്നു. കുടിശ്ശികയിനത്തിലുള്ള 11,65,205/- രൂപയുടെ വിശദാംശങ്ങൾ അനുബന്ധം 5 ൽ നൽകിയിട്ടുണ്ട്.

സി.) മേൽപറഞ്ഞവ കൂടാതെ ജയന്തി കെട്ടിടം, ചെറൂട്ടി റോഡ് കെട്ടിടം, ബിഗ് ബസാർ, മീഞ്ചന്ത കെട്ടിടം, പാളയം കൗണ്ടർ, ജവഹർ കെട്ടിടം, ഇന്ദിര കെട്ടിടം, സി.എച്ച് ഫ്ലൈ ഓവർ കെട്ടിടം എന്നീ കോംപ്ലക്സുകളിലെ കെട്ടിട ലൈസൻസ് ഫീ സംബന്ധിച്ച എ32,എ 32 (എ) രജിസ്റ്ററുകൾ പരിശോധിച്ചപ്പോഴും മേൽ പറഞ്ഞ രീതിയിൽ കുടിശ്ശിക അടവാക്കാനുള്ളതായി കാണുന്നുണ്ട്. ഈയിനത്തിലുള്ള 3,59,608/- രൂപയുടെ കുടിശ്ശിക വിവരം റിപ്പോർട്ടിനോടൊന്നിച്ചുള്ള അനുബന്ധം 6 ൽ നൽകിയിരിക്കുന്നു.

ഡി.) ബേപ്പൂർ സോണൽ ഓഫീസിന്റെ പരിധിയിൽപ്പെട്ട ബേപ്പൂർ ബസ്റ്റാന്റ്, ബേപ്പൂർ മത്സ്യമാർക്കറ്റ്, മാത്തോട്ടം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ചേനോത്ത് സ്കൂളിന് സമീപം എന്നിവിടങ്ങളിലെ വിവിധ കെട്ടിടങ്ങളിലായി ആകെ 48 ഉം, കോഴിക്കോട് വികസന അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയ ബേപ്പൂർ വാണിജ്യ കേന്ദ്രം, അതിന് പിറകുവശത്തുള്ള ഗോഡൗൺ എന്നിവിടങ്ങളിലായി 25 ഉം ഉൾപ്പെടെ ആകെ 73 കടമുറികൾ വാടകക്ക് നൽകി വരുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ ലൈസൻസികളുമായുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം ഓരോ മാസത്തെയും വാടക മുൻകൂറായി അതാത് മാസം 5-ാം തീയതിക്കകം അടക്കേണ്ടതാണ്. ഇതിന് കാലതാമസം വന്നാൽ 12% നിരക്കിൽ വാടകയുടെ പിഴ പലിശയും നിർദ്ദിഷ്ട നിരക്കിൽ സേവനനികുതി/ജി.എസ്.ടി.യും ഈടാക്കേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന കടമുറികളുടെ 2017-18 വർഷത്തെ വാടകകുടിശ്ശികയും നിശ്ചിത കാലയളവിലെ പിഴപലിശയും ലൈസൻസികളിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസിയുടെ പേര് | മുറി നമ്പർ | പ്രതിമാസ വാടക നിരക്ക് | കുടിശ്ശിക വരുത്തിയ മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ടി.ജംഷീർ, മേക്കയിൽ പറമ്പ് | 15/178 K | 554 | 04/17 മുതൽ 03/18 വരെ | 6648 |
| 2 | ടി.ജംഷീർ, മേക്കയിൽ പറമ്പ് | 15/178 L | 554 | 04/17 മുതൽ 03/18 വരെ | 6648 |
| 3 | ടി.ജംഷീർ, മേക്കയിൽ പറമ്പ് | 15/178 M | 554 | 04/17 മുതൽ 03/18 വരെ | 6648 |
| 4 | ടി.ജംഷീർ, മേക്കയിൽ പറമ്പ് | 15/178 N | 554 | 04/17 മുതൽ 03/18 വരെ | 6648 |
| 5 | ഹരീഷ്.ടി,ബേപ്പൂർ &ശ്രീജിത്ത്.എം.കെ.നോർത്ത് ബേപ്പൂർ | 5 | 1948 | 01/18 മുതൽ 03/18 വരെ | 5844 |
| 6 | ഗോവിന്ദൻ അരക്കിണർ | 6 | 2827 | 01/18 മുതൽ 03/18 വരെ | 8481 |
| ആകെ | | | | | 40917 |

കൂടാതെ സേവനനികുതി/ജി.എസ്.ടി.യും നിർദ്ദിഷ്ട നിരക്കിൽ ഈടാക്കിയിട്ടില്ല.

ഇ.) വികാസ് വാണിജ്യ കേന്ദ്രം മൂന്നാം നില, കെട്ടിട നം.13/711 ബിയിലെ വാടകക്കാരനായ ശ്രീ.ത്രിവിക്രമൻ നമ്പൂതിരി എന്നയാൾ 10/2016 വരെ പ്രതിമാസം 5,482/- രൂപ നിരക്കിൽ വാടക ഒടുക്കിയിട്ടുണ്ട്. 11/2016 മുതൽ കാലാവധി അവസാനിക്കുന്ന 08/2017 വരെ 10 മാസത്തെ വാടക ടിയാനിൽ നിന്നും ഈടാക്കാതെയും തുടർന്ന് 09/2017 മുതൽ ഓഡിറ്റ് കാലാവധി അവസാനിക്കുന്ന 03/2018 വരെ വാടക പുതുക്കാതെയും നഗരസഭക്ക് നഷ്ടം വരുത്തിയിട്ടുണ്ട്.

2. കരാർ പുതുക്കിയില്ല.

കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കാതെയുള്ള വാടക കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

എ.) ഇ.എം.എസ് സ്റ്റേഡിയം കെട്ടിടങ്ങൾ

| ക്രമ നം. | ഫയൽ നമ്പർ | കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | ലൈസൻസ് കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | എ 30/ 28747/05 | എഫ് 34 | ഉപേന്ദ്രൻ കെ | 2.12.14-1.12.17 | 2.12.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 2 | എ 30/ 28739/05 | എഫ് 25 | ടി പി മുഹമ്മദ് സുബൈർ | 22.12.14-21.12.17 | 22.12.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 3 | എ 30/ 74601/05 | എഫ് 20 | ചന്ദ്രൻ കെ | 17.8.15-16.8.18 | 17.8.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | എ 30/ 74224/06 | എഫ് 15 | എം വി അക്ബർ | 11.8.15-10.8.18 | 11.8.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 5 | എ 30/ 28729/05 | ജി 62 | പി ലത്തീഫ് | 25.11.14-24.11.17 | 25.11.17 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 6 | എ 30/ 29001/05 | ജി 64 | ശ്രുപേഷ് | 17.3.15-16.3.18 | 17.3.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 7 | എ 30/ 29002/05 | ജി 65 | കെ എ മുഹമ്മദ് നസീം | 23.5.15-22.5.18 | 23.5.18മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 8 | എ 30/ 96206/02 | ജി 51 | ഇ എം സുധീർ | 1.1.14-31.12.17 | 1.1.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 9 | എ30/ 52944/07 | ജി 04 | തോമസ് പി ഹില്ലാരിയോസ് | 22.8.14-21.8.17 | 22.8.17 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല. |
| 10 | എ30/ 29603/05 | ജി 66 | കെ.എ.മുഹമ്മദ് നസീം | 16.06.215 – 15.06.18 | 16.06.18 ലൈസൻസ് ഫീ മുതൽ പുതുക്കിയിട്ടില്ല |
| 11 | എ30/47492/08 | ജി 1 | തോമസ് പി ഹില്ലാരിയോസ് | 20.5.14-19.5.17 | 20.5.17- മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 12 | എ30/52946/07 | ജി 2 | തോമസ് പി ഹില്ലാരിയോസ് | 13.8.14-12.8.17 | 13.8.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 13 | എ30/52948/07 | ജി 3 | തോമസ് പി ഹില്ലാരിയോസ് | 13.8.14-12.8.17 | 13.8.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 14 | എ30/52944/07 | ജി 4 | തോമസ് പി ഹില്ലാരിയോസ് | 22.8.14-21.8.17 | 22.8.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 15 | എ30/52950/07 | ജി 9 | അബ്ദുൾ മജീദ് | 4.7.10-3.7.13 | 4.7.13-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 16 | എ30/3077/04 | ജി 44 | ഷനീഷ് കുമാർ പി കെ | 1.7.14-30.6.17 | 1.7.17-മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 17 | എ30/3078/04 | ജി 45 | കെ ടി ബിന്ദു | 17.10.14-16.10.17 | 17.10.17മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 18 | എ30/3079/04 | ജി 46 | കെ ടി ബിന്ദു | 5.11.14-4.11.17 | 5.11.17മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 19 | എ30/28725/05 | ജി 52 | കെ ശ്രീബാല | 2.10.14-1.10.17 | 2.10.17മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 20 | എ30/2917/06 | ജി 56 | അശോകൻ | 19.7.12-18.7.15 | 19.7.15 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 21 | എ30/1911/06 | ജി 60 | എം പി ആസാദ് | 28.2.15-27.2.18 | 28.2.18 മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 22 | എ30/28729/05 | ജി 62 | പി ലത്തീഫ് | 25.11.14-24.11.17 | 25.11.17മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 23 | എ30/29008/05 | എഫ് 9 | സുനിൽകുമാർ പി | 10.3.12-9.3.15 | 10.3.15മുതൽ ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |
| 24 | എ30/28739/05 | എഫ് 25 | ടി വി മുഹമ്മദ് | 22.12.14-21.12.17 | 22.12.17മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | സുബൈർ | | ലൈസൻസ് ഫീ പുതുക്കിയിട്ടില്ല |

ബി.) ബേപ്പൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾ.

| ക്രമ നം. | കടമുറികളുടെ എണ്ണം | ലൈസൻസ് അവസാനിച്ച തീയതി | പുതുക്കേണ്ട കാലാവധി |
|---|---|---|---|
| 1 | ബേപ്പൂർ മത്സ്യമാർക്കറ്റ് - 8 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 2 | ബേപ്പൂർ ബസ്റ്റാന്റ് ബിൽഡിംഗ് - 13 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 3 | മാത്തോട്ടം മത്സ്യമാർക്കറ്റ് - 1 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 4 | മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സ് - 11 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 5 | മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സ് - 4 | 31.05.15 | 01.06.15 മുതൽ 31.05.18 വരെ |
| 6 | ഇന്റസ്ട്രീയൽ എസ്റ്റേറ്റ് ഷെഡ് - 1 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 7 | ചേനോത്ത് സ്കൂളിന് സമീപമുള്ള കെട്ടിടം - 1 | 31.03.16 | 01.04.16 മുതൽ 31.03.19 വരെ |
| 8 | ബേപ്പൂർ വാണിജ്യ കേന്ദ്രം (1)സെക്രട്ടറി, ബേപ്പൂർ സഹകരണ ബാങ്ക് - 1 | 25.02.18 | 26.02.18 മുതൽ 25.02.2021 വരെ |
| 9 | (2) സപ്ലൈകോ ബേപ്പൂർ - 3 | 31.03.18 | 01.04.16 മുതൽ 31.03.2019 വരെ |
| 10 | (3) വെള്ളത്തുരൈ, ബേപ്പൂർ - 1 | 17.02.17 | 18.02.17 മുതൽ 17.02.20 വരെ |

3 വർഷത്തെ കാലാവധി അവസാനിക്കുന്നതിനു മുമ്പെ അടുത്ത മൂന്നു വർഷത്തേക്കുള്ള ലൈസൻസ് തുകയിൽ 20% വർദ്ധനവ് വരുത്തി നിബന്ധനകളോടെ ലൈസൻസിക്ക് നൽകുകയാണ് ചെയ്യുന്നത്. മേൽ കാണിച്ചിരിക്കുന്ന മുറികളുടെ ലൈസൻസികളിൽ മിക്കവരും കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും ലൈസൻസികൾക്ക് കൗൺസിൽ അംഗീകാരത്തോടെ കരാർ പുതുക്കി നൽകിയിട്ടില്ല. നിലവിൽ കൗൺസിൽ അംഗീകാരമില്ലാതെയാണ് ലൈസൻസികൾ കടമുറികൾ കൈവശം വെച്ചിരിക്കുന്നത്. ലൈസൻസ് കാലാവധി അവസാനിക്കാറായിട്ടും കരാർ പുതുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. കരാർ കാലാവധി പൂർത്തിയാകുന്നതിന് വളരെ മുമ്പു തന്നെ ലൈസൻസികളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടും യഥാക്രമം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിൽ കെട്ടിട വാടക കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലർക്ക്, ആയതിന്റെ മേൽനോട്ട ചുമതലയുള്ള സൂപ്രണ്ട്, റവന്യൂ ഓഫീസർ എന്നിവർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

സി.) ബേപ്പൂർ മേഖല കാര്യാലയ പരിധിയിലെ മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിരിക്കുന്ന മുറികളുടെ ലൈസൻസവകാശം അതിന് നേരെ കാണിച്ചിരിക്കുന്ന കാലയളവിൽ അവസാനിച്ചുവെങ്കിലും ലൈസൻസ് നാളിതുവരെ പുതുക്കി നൽകിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മുറി നം. | ലൈസൻസിയുടെ പേര് | കരാർ കാലാവധി | ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 15/178 എ | എം.കെ.നൌഷാദ് | 01.04.2013 മുതൽ 31.03.2014 വരെ | 29.03.2016 |
| 2 | 15/178 ബി | മുഹമ്മദ് ബിന്നൂസ് | 01.04.2013 മുതൽ 31.03.2014 വരെ | 29.03.2016 |
| 3 | 15/178 സി | അബ്ദുൾ റഫീഖ് | 01.04.2013 മുതൽ 31.03.2014 വരെ | 29.03.2016 |
| 4 | 15/178 ഡി | അബ്ദുൾ റഫീഖ് | 01.04.2013 മുതൽ 31.03.2014 വരെ | 29.03.2016 |
| 5 | 15/178 ഇ | കുഞ്ഞല വി.സി. | 01.04.2013 മുതൽ 31.03.2014 വരെ | 29.03.2016 |

ലൈസൻസികളിൽ നിന്നും ഈടാക്കാനുള്ള വാടക കുടിശ്ശികയും, പിഴ ഈടാക്കിയതിന്റെ വിശദാംശവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കരാർ കാലാവധി കഴിയുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ വേണ്ട സമയപരിധിക്കുള്ളിൽ ലൈസൻസികളിൽ നിന്നും സ്വീകരിക്കുകയോ കരാർ പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഒ.എസിന് (നം.76/24-9-18) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>3.) അനധികൃത നിർമ്മാണം നടത്തി മുറി ഉപയോഗിച്ചു വരുന്ന ലൈസൻസികൾക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുന്നില്ല.</u>

എ.) ബേപ്പൂർ മേഖല കാര്യാലയത്തിന്റെ പരിധിയിലുള്ള ചേനോത്ത് സ്കൂളിന് സമീപത്തുള്ള 6/684 നമ്പർ കെട്ടിടത്തിന്റെ ലൈസൻസിയായ അമ്പലത്തിൽ ഗോപി എന്നയാൾ കോർപ്പറേഷന്റെ അനുമതിയില്ലാതെ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി ഒരു മുറി രണ്ടായി ഉപയോഗിക്കുന്നതായി കണ്ടതിനെ തുടർന്ന് ടിയാന് ബി2/ജി2 /8920/13 തീയതി 15.03.2018 നമ്പറായി നോട്ടീസ് നൽകിയിരുന്നു. ആയതിന് 25.04.2018 ന് ലൈസൻസി സമർപ്പിച്ച മറുപടിയിൽ, തന്റെ അറിവില്ലായ്മ കാരണം കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ മാറ്റുന്നതിന് ചോർച്ച അടക്കാൻ എ.സി.പി. വർക്ക് മാത്രമേ നടത്തിയിട്ടുള്ളൂ എന്ന് അറിയിച്ചു. ടിയാനുമായുള്ള 2016-17 മുതലുള്ള കരാർ പുതുക്കിയിട്ടില്ല. 2013-14 വർഷം മുതൽ 3 വർഷത്തേക്ക് നൽകിയ മുറിയുടെ കരാർ നിബന്ധനകളിലെ ഖണ്ഡിക 4 (1) പ്രകാരം നഗരസഭയുടെ മുൻകൂർ അനുമതി കൂടാതെ നിലവിലുള്ള കെട്ടിടത്തിന് യാതൊരു മാറ്റവും വരുത്താൻ പാടില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല എന്ന് റവന്യൂ ഇൻസ്പെക്ടർ 02.05.2018 ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. 17.05.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 38-ാം നമ്പർ തീരുമാന പ്രകാരം ലൈസൻസി വരുത്തിയ കൂട്ടിചേർക്കലുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച് കൈക്കൊള്ളാവുന്ന വിശദമായ റിപ്പോർട്ടും നൽകാൻ ആവശ്യപ്പെട്ടു. തുടർന്ന് റവന്യൂ ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ, പ്രസ്തുത കൂട്ടിച്ചേർക്കൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല എന്ന റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചു. കമ്മറ്റി പ്രസ്തുത വിഷയം പരിഗണിക്കുകയും 17.07.2018 ലെ 19-ാം നമ്പർ തീരുമാന പ്രകാരം സമാന സ്വഭാവമുള്ള കെട്ടിടങ്ങൾക്ക് ചുമത്തിയ ലൈസൻസ് ഫീ പരിശോധിച്ച് മേൽ കെട്ടിടത്തിന് ചുമത്താവുന്ന നികുതി സംബന്ധിച്ച് ഓഫീസ് അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ (4) ൽ (2)-ാം ഉപവകുപ്പ് പ്രകാരം വാടകക്ക് കൊടുത്തിരിക്കുന്ന കെട്ടിടമോ മുറിയോ ഇടമോ ലൈസൻസി മുനിസിപ്പാലിറ്റിയുടെ അനുമതിയോടെയല്ലാതെ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാൻ പാടില്ലാത്തതാകുന്നു. ടി നിയമം 492 ൽ (9)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട ഏതെങ്കിലും ലൈസൻസ് അത് കിട്ടിയ ആൾ അതിലെ നിബന്ധനകളിൽ നിന്നും ഒഴിഞ്ഞുമാറിയാൽ സെക്രട്ടറിക്ക് ഏത് സമയത്തും അയാളുടെ ലൈസൻസ് റദ്ദ് ചെയ്യുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും തന്നെ സ്വീകരിച്ചതായി ഫയലിൽ രേഖകളില്ല.

ബി.) ഖണ്ഡിക 2 (സി) യിൽ കാണിച്ച 5 മുറികളുടെ ലൈസൻസാവകാശം പുതുക്കി നൽകുന്നതിന് മുറികളുടെ നിലവിലെ സ്ഥിതിയുടെ റിപ്പോർട്ട് നൽകാൻ റവന്യൂ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് റവന്യൂ ഇൻസ്പെക്ടർ താഴെ കാണിച്ച പ്രകാരം 27.06.2017 ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

| ക്രമ നം. | മുറി നമ്പറും ലൈസൻസിയും | റിമാർക്സ് |
|---|---|---|
| 1 | 15/178 എ, എം.കെ.നൌഷാദ് | കെട്ടിടത്തിന്റെ മുൻവശത്തേക്ക് ഷീറ്റിട്ട് നീട്ടി എടുത്ത് അനധികൃത നിർമ്മാണം നടത്തി കച്ചവടം ചെയ്യുന്നു. |
| 2 | 15/178 ബി, മുഹമ്മദ് ബിന്നൂസ് | BCD റൂമുകൾ ഇടച്ചുമരുകൾ നീക്കി ഒറ്റക്കടയാക്കി മാറ്റി മസാല പീടികയാക്കി പ്രവർത്തിക്കുന്നു. അബ്ദുൾ റഫീഖ്, ഷംസുദ്ദീൻ, മുഹമ്മദ് ബിന്നൂസ് എന്നിവർ കൂട്ടായി കച്ചവടം നടത്തുന്നു. മുൻവശം ട്രസ്സ് വർക്ക് |
| 3 | 15/178 സി, അബ്ദുൾ റഫീഖ് | |
| 4 | 15/178 ഡി, അബ്ദുൾ റഫീഖ് | |

| | | |
|---|---|---|
| | | നടത്തി ഷീറ്റ് മേഞ്ഞ് കൂട്ടിയെടുത്തിരിക്കുന്നു. |
| 5 | 15/178 ഇ | ട്രസ്സ് വർക്ക് നടത്തി മുൻവശം കൂട്ടി എടുത്ത് കംപാർട്ട്മെന്റാക്കി തിരിച്ച് ഉപയോഗിക്കുന്നു. |

മേൽ കാണിച്ചിരിക്കുന്ന 5 മുറികളിലും അനധികൃത കൂട്ടിച്ചേർക്കലുകൾ നടത്തിയതിനാൽ ലൈസൻസ് പുതുക്കി നൽകാൻ തടസ്സമുണ്ടെന്ന റിപ്പോർട്ടാണ് റവന്യൂ ഇൻസ്പെക്ടർ നൽകിയിരിക്കുന്നത്. തുടർന്ന് 18.02.18, 18.03.18 എന്നീ തീയതികളിലായി അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് ലൈസൻസികൾക്ക് നോട്ടീസ് നൽകി. എന്നാൽ പഞ്ചായത്തായിരിക്കുന്ന സമയം മുതൽ വാക്കാലുള്ള അനുമതിയോടുകൂടിയാണ് ലൈസൻസികൾ കച്ചവട സാധനങ്ങൾ കേടുവന്നു പോകാതിരിക്കാൻ ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ടതെന്നും മറ്റ് നിർമ്മാണങ്ങൾ നടത്തിയതെന്നുമുള്ള മറുപടിയാണ് നഗരസഭക്ക് നൽകിയത്. ആയതിനാൽ തങ്ങൾക്കെതിരെ നടപടി സ്വീകരിക്കരുതെന്നും കച്ചവടം തുടരാൻ അനുവദിക്കണമെന്നും മറുപടിയിൽ അപേക്ഷിക്കുന്നു. 10.07.2018 ന് ധനകാര്യ സ്ഥിരം സമിതി നേരിട്ട് പരിശോധന നടത്തിയതിൽ അനധികൃത നിർമ്മാണം ബോധ്യപ്പെട്ടതിനെ തുടർന്ന് 17.07.18 ന് കക്ഷികളെ നേരിൽ കേട്ടു. എങ്കിലും അവർ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കാൻ തയ്യാറായില്ല. തുടർന്ന് 09.08.2018 ന് അനധികൃത നിർമ്മാണം കക്ഷികളുടെ ചെലവിൽ പൊളിച്ചു നീക്കുന്നതിനും ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമായി വിഷയം കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നിയമാനുസൃതമല്ലാതെ മുറികൾ കൈവശം വച്ച് ഉപയോഗിച്ച് വരുന്ന ലൈസൻസികളെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(4), 215(6)(5) എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ച് ലൈസൻസ് റദ്ദാക്കി മുറികൾ പുനർലേലം ചെയ്യേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

4.) സി.ഡി.എ കെട്ടിടങ്ങളിലെ വാടക പിരിവ് സംബന്ധിച്ച്.

30.03.2017 ലെ 73/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ കോഴിക്കോട് വികസന അതോറിറ്റി നിർത്തലാക്കുകയും ആയതിന്റെ ആസ്തികൾ കോഴിക്കോട് നഗരസഭയിൽ ലയിപ്പിക്കുകയും ചെയ്തു. വികസന അതോറിറ്റിയുടെ പരിധിയിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ എഗ്രിമെന്റുകൾ പുതുക്കുന്നതിലും വാടക, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ. നമ്പർ | ലൈസൻസിയുടെ പേരും വിലാസവും/കെട്ടിടം/മുറി | കാലാവധി അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.ഗോപാലകൃഷ്ണൻ.എ,ദീപ്തി, ബേപ്പൂർ.പി.ഒ,വികാസ് വാണിജ്യ കേന്ദ്രം-13/721, റൂം നമ്പർ-എ7 | 31.03.18 | കാലാവധി അവസാനിച്ചിട്ടും 11/2018 വരെ പഴയ നിരക്കായ 7,250/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ 8 മാസം ലൈസൻസ് ഫീ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ഫീ 20% വർദ്ധിപ്പിച്ച് പുതുക്കിയിട്ടില്ല. സെക്യൂരിറ്റി നിക്ഷേപം ആനുപാതികമായി വർദ്ധിപ്പിച്ചിട്ടില്ല. |
| 2 | ശ്രീ.കെ.സി.ചാക്കോ,ഷാറോൺ കല്ലൂർ റോഡ്,വികാസ് വാണിജ്യ കേന്ദ്രം-13/722,റൂം നമ്പർ-എ7 | 31.03.18 | 08/2018 വരെ പഴയ നിരക്കായ 7,061/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ ഫീ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ഫീ പുതുക്കുകയോ ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| 3 | ശ്രീമതി.ലാവിന രമേഷ്, അമ്പാടി, 27/683 എ, കുതിരവട്ടം.പി.ഒ,വികാസ് വാണിജ്യ കേന്ദ്രം-13/723,റൂം നമ്പർ-എ7 | 23.03.18 | 11/2018 വരെ പഴയ നിരക്കായ 7,055/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ 8 മാസം ഫീ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ഫീ പുതുക്കുകയോ ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 4 | ശ്രീ.പി.മുഹമ്മദ് നജീബ്, വികാസ് വാണിജ്യകേന്ദ്രം -13/726,റൂം നമ്പർ-എ7 | 31.03.18 | 10/2018 വരെ പഴയ നിരക്കായ 8,013/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ ഫീ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് ഫീ പുതുക്കുകയോ ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപം വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 5 | ശ്രീ.പി.മുഹമ്മദ് നജീബ്,വികാസ് വാണിജ്യ കേന്ദ്രം-13/722,റൂം നമ്പർ-ബി 10 | 31.03.18 | 10/2018 വരെ പഴയ നിരക്കായ 8,013/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ ഫീ സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയിട്ടില്ല |
| 6 | ശ്രീ.ഹരീഷ് കുമാർ, വികാസ് വാണിജ്യകേന്ദ്രം-13/714 ബി,(രണ്ടാം നില) | 20.04.18 | 12/2018 വരെ പഴയ നിരക്കായ 8,013/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ ഫീ സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 7 | ശ്രീമതി.ഉഷാദേവി.കെ.പി വികാസ് വാണിജ്യ കേന്ദ്രം-13/749,റൂം നമ്പർ-ബി 18 | 05.07.18 | 11/2018 വരെ പഴയ നിരക്കായ 1,381/- രൂപ പ്രതിമാസം എന്ന ക്രമത്തിൽ ഫീ സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 8 | ശ്രീ.സന്ദീപ് മേത്ത, സാമൂരിയൻ സ്ക്വയർ,റൂം നമ്പർ-1 | 31.10.17 | പഴയ നിരക്കിൽ പ്രതിമാസം 11,340/- രൂപ ക്രമത്തിൽ 10/2018 വരെ ഫീസ് സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 9 | ശ്രീ.സന്ദീപ് മേത്ത, സാമൂരിയൻ സ്ക്വയർ,റൂം നമ്പർ-2 | 31.10.17 | പഴയ നിരക്കിൽ പ്രതിമാസം 11,340/- രൂപ ക്രമത്തിൽ 10/2018 വരെ ഫീസ് സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 10 | കോഴിക്കോട് സർവ്വീസ് സഹകരണ | 15.05.18 | പഴയ നിരക്കിൽ പ്രതിമാസം 11,635/- |

| | | | |
|---|---|---|---|
| | ബാങ്ക് ക്ലിപ്തം<br>റൂം നമ്പർ-5 | | രൂപ ക്രമത്തിൽ 10/2018 വരെ ഫീസ് സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 11 | കോഴിക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം<br>റൂം നമ്പർ-9-14 | 27.01.18 | പഴയ നിരക്കിൽ പ്രതിമാസം 23,683/- രൂപ ക്രമത്തിൽ 10/2018 വരെ ഫീസ് സ്വീകരിച്ചിട്ടുണ്ട്. പുതുക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |

5.) ലൈസൻസ് ഫീസ് വർദ്ധനവിനനുസൃതമായി ഡെപ്പോസിറ്റ് തുക ഈടാക്കിയില്ല.

സി.ഡി.എ യെ നഗരസഭയുടെ ഭാഗമാക്കിയപ്പോൾ ബേപ്പൂർ സോണൽ ഓഫീസിന് കൈമാറിയ ബേപ്പൂർ വാണിജ്യകേന്ദ്രത്തിലെ താഴെ കൊടുത്തിരിക്കുന്ന മുറികൾക്ക് അവയുടെ ലൈസൻസ് ഫീസ് വർദ്ധനവിന് ആനുപാതികമായ ഡെപ്പോസിറ്റ് തുക ഈടാക്കിയിട്ടില്ല. വിശദാംശം താഴെ നൽകുന്നു.

| ലൈസൻസിയുടെ പേര് | മുറി നമ്പർ | വർദ്ധിപ്പിച്ച വാടക തുക,പ്രാബല്യ തീയതി (ബ്രാക്കറ്റിൽ) | ഈടാക്കേണ്ട ഡെപ്പോസിറ്റ് | ഈടാക്കിയത് | ബാക്കി |
|---|---|---|---|---|---|
| വിനോദ്കുമാർ.കെ, നോർത്ത് ബേപ്പൂർ നടുവട്ടം | 1 | 3358-2798=560 (27.02.16 മുതൽ 26.02.19 വരെ) | 560X24= 13440 | --- | 13440 |
| വവിതകുമാരി നടുവട്ടം,ബേപ്പൂർ | 8 | 2826-2355=471 (01.10.16 മുതൽ 30.09.19 വരെ) | 471X24= 11304 | 3304 രശീതി ലഭ്യമല്ല | 8000 |
| | | ആകെ | | | 21440 |

6.) ഡെപ്പോസിറ്റ് തുക അടവാക്കാത്തത്.

നഗരസഭ പരിധിയിലുള്ള ഇ.എം.എസ് സ്റ്റേഡിയം കോംപ്ലക്സിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ ലൈസൻസികൾ ഡെപ്പോസിറ്റ് തുക അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | കെട്ടിടനമ്പർ | ലൈസൻസിയുടെ പേര് | ലൈസൻസ് കാലയളവ് | ലൈസൻസ് ഫീ (രൂ) |
|---|---|---|---|---|---|
| 1 | എ30/10006/13 | ജി 20 | ടി കുഞ്ഞബ്ദുള്ള | 8.8.12-7.8.15 | 12442 |
| 2 | എ30/52950/07 | ജി 09 | അബ്ദുൾ മജീദ് | 4.7.10-3.7.13 | 9900 |
| 3 | എ30/17254/04 | ജി 19 | ഷാജു, മലബാർ ഏജൻസീസ് | 21.2.14-20.2.17 | 10368 |
| 4 | എ30/10001/13 | ജി 21 | കെ പി ആലി | 19.9.15-18.3.18 | 12442 |
| 5 | എ30/10007/03 | ജി 22 | എൻ പി മുഹമ്മദ് | 22.8.17-27.8.20 | 12442 |

| | | | | | |
|---|---|---|---|---|---|
| 6 | എ30/10008/03 | ജി 23 | എൻ പി ഹർഷാദ് | 1.8.15-31.7.18 | 12442 |
| 7 | എ30/114079/03 | ജി 32 | കേരള സ്റ്റേറ്റ് കയർ കോപ്പറേഷൻ | 9.12.17-8.12.20 | 15552 |
| 8 | എ30/28727/05 | ജി 54 | കെ ടി രമേശ് | 21.10.17-20.10.20 | 8295 |
| 9 | എ30/28730/05 | ജി 63 | വിരേഷ് രാജ് | 17.1017-16.10.20 | 5989 |
| 10 | എ30/28732/05 | ജി 74 | ബിനേഷ് കുമാർ | 13.10.17-12.10.20 | 8295 |
| 11 | --- | ജി 76 | ടി കെ സോമസുന്ദരൻ | 27.8.17-26.8.20 | 8295 |
| 12 | ---- | എഫ് 10 | പോസ്റ്റ് ഓഫീസ് | 25.6.15-24.6.20 | 5915 |
| 13 | എ30/29015/05 | എഫ് 23 | ബിജു എ | 14.3.18-13.2.21 | 8088 |
| 14 | എ30/28745/05 | എഫ് 31 | ഡോ.സതീദേവി | 1.9.17-31.8.2020 | 10788 |
| 15 | എ30/28794/05 | എഫ് 33 | സി ടി സുരേന്ദ്രൻ | 17.10.17-16.10.2020 | 3837 |
| ആകെ | | | | | 145090 |

7.) ലൈസൻസ് ഫീ പുതുക്കി നൽകുമ്പോൾ വ്യത്യസ്ത രീതി കൈകൊള്ളുന്നു.

സർക്കാർ ഉത്തരവ് (പി) 102/2010 ത.സ്വ.ഭ.വ. തീയതി 22/05/2010 പ്രകാരം ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ കൂട്ടി ചേർത്തിട്ടുണ്ട്. 30/10/2010 ലെ 50730/ഇ.എം.3/ 2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളും നഗരസഭക്ക് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ കടമുറികളുടെ ലൈസൻസ് അവകാശം മൂന്ന് വർഷത്തിലേക്ക് ഓരോ വർഷത്തേക്കും നിലവിലുള്ള ലൈസൻസ് ഫീസിൽ 5% വർദ്ധനവ് വരുത്തിയാണ് പുതുക്കി നൽകിയിരുന്നത്. എന്നാൽ നഗരസഭയിൽ കടമുറികൾ മൂന്ന് വർഷത്തേക്ക് നിലവിലുള്ള ലൈസൻസ് ഫീസിന്റെ 20% വർദ്ധിപ്പിച്ച് പുതുക്കി നൽകുകയാണ് ചെയ്യുന്നത്. ഗ്രാപഞ്ചായത്തിന്റെ ആസ്തികൾ നഗരസഭ ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പഴയ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ്, എസ്.സി. വ്യവസായ കേന്ദ്രം, മധുര ബസാർ കരുന്തയിൽ ഇൻഡസ്ട്രിയൽ ഫ്ലാറ്റ്, വനിതാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിലെ കടമുറികൾ പുതുക്കി നൽകുമ്പോൾ നഗരസഭയിൽ ലൈസൻസ് പുതുക്കി നൽകുന്ന 3 വർഷത്തേക്ക് 20% വർദ്ധനവ് എന്ന രീതിക്ക് പകരം മൂന്ന് വർഷത്തേക്ക് ഒരോ വർഷവും 5% വർദ്ധനവ് എന്ന പ്രകാരം പുതുക്കി നൽകുന്നതായി കാണുന്നു. നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെയാണ് കോർപ്പറേഷനിൽ ലയിപ്പിച്ചിട്ടുള്ളത് എന്നതിനാൽ ലൈസൻസ് ഫീ പുതുക്കി നൽകുമ്പോൾ നഗരസഭയിൽ വ്യത്യസ്ത രീതി കൈകൊള്ളുന്നത് ഒഴിവാക്കി ഏകീകൃത രീതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഒ.എസുകൾക്ക് (66/31-8-2018, 77/25.10.2018, 78/31.10.2018, 91/11.12.2018 , 79/01.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീ കുടിശ്ശിക, ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കുറവ് വന്ന (ഖണ്ഡികയിലും അനുബന്ധം 5,6 എന്നിവയിലും സൂചിപ്പിച്ചവ) 18,29,708/-രൂപ (97448+ 40,917+21,440+1,45,090+11,65,205+3,59,608) ഈടാക്കി അറിയിക്കേണ്ടതും ലൈസൻസ് പുതുക്കി എഗ്രിമെന്റ് വെയ്ക്കാൻ യഥാസമയം നടപടി സ്വീകരിക്കാതെ മുറികൾ ഉപയോഗിക്കാൻ ലൈസൻസികളെ അനുവദിച്ചതിനും, വാടകകുടിശ്ശിക ഈടാക്കാത്തതിനും, ലൈസൻസ് ഫീസ് വർദ്ധനവിനനുസൃതമായി ഡെപ്പോസിറ്റ് തുക ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-7 ബസ് സ്റ്റാൻഡ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകൽ -നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച.

കോഴിക്കോട് കോർപറേഷൻ വക എലത്തൂർ ബസ് സ്റ്റാന്റ് കോംപ്ലക്സിലെ മൂന്ന് മുറികളുടെ ലൈസൻസ് ഫീസിൽ 20% വർദ്ധനവ് വരുത്തി 2017 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ മൂന്ന് വർഷത്തേക്ക് നിലവിലുള്ള ലൈസൻസികൾക്ക് അനുവദിക്കുന്നതിന് 11.05.2017 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതുപ്രകാരം നിലവിലെ ലൈസൻസികളായ ശ്രീമതി.ശ്രീലത അക്കരക്കുന്നത്ത്, ശ്രീമതി.പ്രഭാവതി എന്നിവർക്ക് ബസ് സ്റ്റാന്റ് കോംപ്ലക്സിലെ 1/106, 1/107, 1/108 എന്നീ നമ്പറിലുള്ള മുറികൾ അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1.7.2017 മുതൽ കേന്ദ്ര സർക്കാർ ജി.എസ്.ടി. ചട്ടങ്ങൾ നടപ്പിലാക്കിയതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.എസ്.ടി. ചട്ടങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം മുറികൾ വാടകക്ക് നൽകുമ്പോൾ 18% ജി.എസ്.ടി. ബാധകമാക്കേണ്ടതാണ്. ആയതിനാൽ മേൽപ്രകാരം മുറികൾ വാടകക്ക് നൽകിയപ്പോൾ 30.06.2017 വരെ 15% നിരക്കിൽ സേവന നികുതിയും 01.07.2017 മുതൽ 18% നിരക്കിൽ ജി.എസ്.ടി.യും ലൈസൻസ് ഫീസിനൊപ്പം ഈടാക്കേണ്ടതാണ്. എന്നാൽ ലൈസൻസികളിൽ നിന്നും ഫീ മാത്രമേ ഈടാക്കിയിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| റൂം നം. | ലൈസൻസിയുടെ പേര് | ഈടാക്കേണ്ട പുതുക്കിയ ലൈസൻസ് ഫീ | ഈടാക്കേണ്ട നികുതി | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1/106 | ശ്രീലത അക്കരക്കുന്നത്ത് | 5820 (485X12) | 218 (485X@15%S.TX3) 786 (485X@18%G.S.TX9) | 6824 | 5820 | 1004 |
| 1/107 | | 5820 (485x12) | 218 (485X@15%S.T.X3) 786 (485X@18%G.S.T.X9) | 6824 | 5820 | 1004 |
| 1/108 | പ്രഭാവതി | 8436 (703X12) | 316 (703X@15%S.T.X3) 1139 (703x@18%G.S.T.X3) | 9891 | 8436 | 1455 |
| | ആകെ | 20076 | 3463 | 23539 | 20076 | 3463 |

നികുതിയിനത്തിൽ മേൽപ്രകാരം ഈടാക്കേണ്ടിയിരുന്ന 3463/- രൂപ ഈടാക്കേണ്ടതാണ്.

2. നിലവിലെ നിബന്ധന പ്രകാരം 12 മാസത്തെ വാടകക്ക് തുല്യമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതു പ്രകാരം ലൈസൻസികൾ മുൻകാലങ്ങളിൽ ഒടുക്കിയ ഡെപ്പോസിറ്റ് തുക കിഴിവ് ചെയ്ത് ബാക്കി തുകയാണ് ഡെപ്പോസിറ്റായി വാങ്ങിയിട്ടുള്ളത്. എന്നാൽ മുൻകാലങ്ങളിലെ ഡെപ്പോസിറ്റ് തുക പിന്നീട് വാടക കുടിശ്ശികയിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയോ ലൈസൻസികൾ തിരികെ വാങ്ങുകയോ ചെയ്തിട്ടുണ്ടോയെന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വ്യക്തമല്ല. ആയതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.6.2018 ന് നൽകിയ 45ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 3463/-രൂപ ഈടാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-8 ബാംബൂ കോർപ്പറേഷൻ - വസ്തു നികുതി, വാടക കുടിശ്ശിക ഈടാക്കുന്നത് -സർക്കാർ തീരുമാനം ലഭ്യമാക്കിയില്ല.

സ.ഉ.(പി) 102/2010 ത.സ്വ.ഭ.വ. തീയതി 22.05.2010 നമ്പർ ഉത്തരവ് പ്രകാരം ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനോട് കൂട്ടി ചേർക്കുകയും 30.10.2010 ലെ 50730/ഇ.എം.3/2010 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ കോർപ്പറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റീ.സ.64/1 ൽ ഉൾപ്പെടുന്ന 2 ഏക്കർ ഭൂമി പ്രതിവർഷം 195000/- രൂപ വാർഷിക പാട്ടത്തുക നിശ്ചയിച്ച് ഓരോ വർഷവും 5% വർദ്ധനവോട് കൂടി 20 വർഷത്തേക്ക് ബാംബൂ ഫ്ലോറിംഗ് ടൈൽസ് ഫാക്ടറി സ്ഥാപിച്ച് ഗ്രീൻ ഫീൽഡ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന വേണ്ടി സർക്കാർ അംഗീകാരത്തോട് കൂടി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് ലീസ് വ്യവസ്ഥയിൽ അനുവദിച്ചിട്ടുള്ളതും അതനുസരിച്ച് 09.10.2009 ന് കരാർ വെച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

പ്രതിവർഷം 195000/- രൂപ തുല്യ ഗഡുക്കളായി ഓരോ മാസവും മുൻകൂറായി 5-ാം തീയതിയോ അതിന് മുമ്പോ നൽകണമെന്ന വ്യവസ്ഥയോടെയാണ് സ്ഥലം കൈമാറിയത്. (2014-15 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-17 കാണുക) 2012 മെയ് മാസം മുതൽ പ്രസ്തുത സ്ഥാപനം ലീസ് തുകയും 2011-12 വർഷം മുതൽ വസ്തു നികുതിയും കോർപ്പറേഷനിൽ അടവാക്കാത്തതിനെ തുടർന്ന് നിയമാനുസൃത നോട്ടീസ് നൽകുകയും കുടിശ്ശിക ഗഡുക്കളായി അടവാക്കാൻ ബാംബൂ കോർപ്പറേഷനെ അനുവദിക്കുകയും ചെയ്തു. എന്നാൽ കുടിശ്ശിക അടക്കുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ഭാഗത്ത് നിന്ന് യാതൊരു നടപടികളും ഉണ്ടാകാത്തതിനാൽ മാനേജിംഗ് ഡയറക്ടർക്ക് വിശദമായ കത്ത് അയച്ചുവെങ്കിലും തുക അടയ്ക്കുകയോ അനുകൂലമായി മറുപടി ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് അനുസരിച്ച് സ്ഥാപനം താൽക്കാലികമായി അടച്ചു പൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നഗരസഭ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരായി 20.03.2017 ലെ തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിൽ നിന്നുള്ള സ.ഉ.(സാധാ) 957/17 നമ്പർ ഉത്തരവിൽ, കുടിശ്ശിക തുകയിൽ 5 ലക്ഷം രൂപ ഉടനെ അടയ്ക്കുന്നതിനും വാടക കുടിശ്ശിക 3 മാസത്തിനുള്ളിലും നികുതിയിനത്തിൽ അവശേഷിക്കുന്ന ബാധ്യതകൾ ആറ് തുല്യ മാസ തവണകളായും അടയ്ക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 5 ലക്ഷം രൂപ ബാംബൂ കോർപ്പറേഷൻ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. നഗരസഭയുടെ 17.04.17 ലെ ബി1-4527/08 നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക ഇനത്തിലുള്ള 1338273/- രൂപ 3 തുല്യ ഗഡുക്കളായും വസ്തു നികുതി കുടിശ്ശിക 2200492/- രൂപ 6 തുല്യ ഗഡുക്കളായും അടവാക്കേണ്ടതായിരുന്നെങ്കിലും ആയത് അടച്ചിട്ടില്ല.

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ WP(C) No.15343/17 നമ്പറായി ബഹു: ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 05.07.17 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ബാംബൂ കോർപ്പറേഷൻ കോഴിക്കോട് നഗരസഭയിൽ വസ്തു നികുതി, ലീസ് ഇനങ്ങളിൽ അടവാക്കാനുള്ള ഭീമമായ തുക അടവാക്കുന്നതിൽ നിന്നും ബാംബൂ കോർപ്പറേഷനെ ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് ബാംബൂ കോർപ്പറേഷൻ സർക്കാരിന് നൽകിയ കത്തിൽ, ഗവൺമെന്റ് സെക്രട്ടറി (വ്യവസായം) ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചു. മേൽ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (49/13.07.2018) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-9 നെല്ലിക്കോട് വ്യവസായ വികസന കേന്ദ്രം -ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കാനുള്ളത് 1.35 കോടി രൂപ.

2004-05 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നെല്ലിക്കോട് വില്ലേജിൽ റീ സർവ്വെ നം. 56/2, 57/2 എന്നിവയിൽപ്പെട്ട മൂന്ന് ഏക്കർ സ്ഥലം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിരുന്നു. നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം 2006-07 വർഷം വരെ പ്ലോട്ട് വികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 55 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ സ്ഥലം 29 പ്ലോട്ടുകളാക്കി 2011-12 കാലയളവിൽ 18 പ്ലോട്ടുകളും, 2012-13 ൽ 11 പ്ലോട്ടുകളും 28-02-2011 ലെ എ.34-55785/09 നമ്പർ ലേല നിബന്ധനകൾ പ്രകാരം ലൈസൻസ് വ്യവസ്ഥയിൽ 5 വർഷക്കാലയളവിലേക്ക് അനുവദിച്ചു. 2011-12, 2012-13

കാലയളവിൽ പ്ലോട്ടുകൾ ലേലം ചെയ്ത് നൽകിയെങ്കിലും പ്രസ്തുത സ്ഥലം ഇൻഡസ്ട്രിയൽ ഏരിയ ആക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാലും വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾക്ക് മതിയായ സൗകര്യങ്ങളില്ലെന്ന കാരണവും ഉന്നയിച്ച് ലൈസൻസികൾ പ്ലോട്ടുകൾ ഏറ്റെടുക്കുവാൻ തയ്യാറായില്ല. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന ധാരണയിൽ 01.04.2014 മുതൽ 31.03.2019 വരെയുള്ള 5 വർഷത്തേക്ക് നിശ്ചിത തുക ലൈസൻസ് ഫീസ് നിശ്ചയിച്ച് കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയും ലൈസൻസികളുമായി കരാറുടമ്പടി തയ്യാറാക്കുകയും പ്ലോട്ടുകൾ ലൈസൻസികൾക്ക് കൈമാറുകയും ചെയ്തു. പ്രസ്തുത ഉടമ്പടി ഖണ്ഡിക 2(1) പ്രകാരം ലൈസൻസ് ഫീസ് മുൻകൂറായും, ഓരോ മാസവും അഞ്ചാം തിയതിയോ അതിനു മുൻപോ അടവ് വരുത്തേണ്ടതാണ്. എന്നാൽ ലൈസൻസ് കാലാവധി അവസാനിക്കാൻ ഏതാനും മാസങ്ങൾ മാത്രം ബാക്കി നിൽക്കേ, ലൈസൻസ് ഫീസിനത്തിൽ ഇതുവരെ തുകകളൊന്നും അടവു വന്നിട്ടില്ല. ലൈസൻസ് ഫീസ് അടയ്ക്കാൻ ആവശ്യപ്പെട്ട് കോർപ്പറേഷനിൽ നിന്നും അയച്ച നോട്ടീസുകൾക്കെതിരെ പ്രസ്തുത എസ്റ്റേറ്റിൽ വെള്ളം, റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ കാലതാമസം നേരിട്ടതിനാലും, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമുള്ളതിനാൽ വ്യവസായ കെട്ടിടങ്ങളുടെ നിർമ്മാണ അപേക്ഷകളിൽ അനുമതി ലഭിക്കാത്തതും വൈദ്യുതി കണക്ഷൻ ഇല്ലാത്തതും മറ്റ് അപാകതകളും ചൂണ്ടിക്കാണിച്ച് ലൈസൻസികൾ 03.08.2015, 03.09.2015 എന്നീ തിയതികളിൽ ബഹു. മേയർക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് 01.10.2015 ലെ നഗരസഭാ കൗൺസിലിന്റെ 171 നമ്പർ തീരുമാനപ്രകാരം 31.12.2015 വരെ ടി എസ്റ്റേറ്റിൽ സംരംഭങ്ങൾ തുടങ്ങാത്ത ലൈസൻസികൾക്ക് വാർഷിക ലൈസൻസ് ഫീസിന്റെ 75% വും വൈദ്യുതി കണക്ഷൻ ലഭിക്കാതെ വ്യവസായം തുടങ്ങിയവർക്ക് 25% വും ഇളവ് അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി 13.01.2016 ലെ എ.34/151508 /12 നമ്പർ കത്തിലൂടെ നഗരകാര്യ ഡയറക്ടർ മുഖേന ഗവ: സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ വിഷയത്തിൽ ഇതുവരെ സർക്കാർ തീരുമാനം ലഭിച്ചിട്ടില്ല. 31.03.2018 വരെ ലൈസൻസ് ഫീസിനത്തിൽ നഗരസഭയിൽ അടവാക്കാനുള്ള തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്ലോട്ട് നമ്പർ | ഫയൽ നമ്പർ | ലൈസൻസിയുടെ പേര് | വാർഷിക ലൈസൻസ് ഫീസ് | ഏരിയ | കാലയളവ് | 31.03.2018 വരെ അടവാക്കാനുള്ള തുക |
|---|---|---|---|---|---|---|
| 01 | A34/151500/12 | നിഹാർ ബീഗം | 1,15,000 | 11.06 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 115000*4 = 4,60,000 |
| 02 | A34/151503/12 | പ്രിയ.ബി | 96,000 | 5.12 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 96,000*4 = 3,84,000 |
| 03 | A34/151505/12 | ഇ.കെ.ഷരീന | 74,000 | 4.36 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 74,000*4 = 2,96,000 |
| 04 | A34/151506/12 | കെ.പി.ജിഷ | 1,30,000 | 6.79 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,30,000*4 = 5,20,000 |
| 05 | A34/151507/12 | ടി.കെ.ഷൈന | 1,10,000 | 5.12 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,10,000*4 = 4,40,000 |
| 06 | A34/151508/12 | രമ്യ.എൻ | 1,15,000 | 5.42 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,15,000*4 = 4,60,000 |
| 07 | A34/151509/12 | ജമീല.കെ.പി | 1,26,000 | 7.839 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,26,000*4 = 5,04,000 |
| 08 | A34/151510/12 | എം .മാലതി | 85,000 | 5.124 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 85,000*4 = 3,40,000 |
| 09 | A34/151511/12 | ബുഷ്റ. എൻ | 1,04,000 | 4.875 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,04,000*4 = 4,16,000 |
| 10 | A34/151513/12 | ലിജി.പി. | 80,000 | 4.914 | 01.04.2014 മുതൽ | 80,000*4 = |

| | | | | | | |
|---|---|---|---|---|---|---|
| | | | | സെന്റ് | 31.03.2019 വരെ | 3,20,000 |
| 11 | A34/151516/12 | രശ്മി.ആർ.എം. | 1,04,000 | 4.67 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,04,000*4 = 4,16,000 |
| 12 | A34/151518/12 | രഞ്ജിത്ത്.വി | 80,000 | 4.60 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 80,000*4 = 3,20,000 |
| 13 | A34/151519/12 | സുനിൽ കുമാർ.കെ.വി | 74,000 | 4.36 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 74,000*4 = 2,96,000 |
| 14 | A34/151520/12 | കെ.പി.മുജീബ് | 1,50,000 | 4.51 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,50,000*4 = 6,00,000 |
| 15 | A34/151522/12 | നിധീഷ് | 1,50,000 | 4.26 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,50,000*4 = 6,00,000 |
| 16 | A34/151524/12 | ബിജു.പി.എസ് | 1,49,000 | 4.32 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,49,000*4 = 5,96,000 |
| 17 | A34/151523/12 | സനീഷ് കുമാർ.എം.വി | 85,000 | 4.86 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 85,000*4 = 3,40,000 |
| 18 | A34/151525/12 | എ.ഇസ്മയിൽ | ബഹു. കോഴിക്കോട് മുൻസിഫ് കോടതിയിൽ ഒ.എസ്.63/2015 പ്രകാരം ലൈസൻസി അന്യായം ഫയൽ ചെയ്യുകയും ബഹു. കോടതിയുടെ ഉത്തരവിന് വിധേയമായി 1,05,000/- രൂപ ഡെപ്പോസിറ്റ് തുകയും 22,742/- രൂപ കോടതി ചെലവും പലിശ ഇനത്തിൽ 48,864/- രൂപയും ചേർത്ത് 1,76,606/- രൂപ കക്ഷിക്ക് നൽകിയിട്ടുള്ളതാണ്. | | | |
| 19 | A34/151527/12 | കെ.നവാസ് | 1,65,000 | 10.61 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,65,000*4 = 6,60,000 |
| 20 | A34/151530/12 | ആസിഫ്.എം.ഉമ്മർ | 1,80,000 | 11.5 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,80,000*4 = 7,20,000 |
| 21 | A34/151532/12 | രൂപ.എൻ.വി | 1,36,000 | 9.15 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,36,000*4 = 5,44,000 |
| 22 | A34/151530/12 | ഹെൽന അജിത്ത് | 1,36,000 | 8.68 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,36,000*4 = 5,44,000 |
| 23 | A34/151536/12 | കൃഷ്ണജിത്ത് | 1,67,000 | 7.55 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,67,000*4= 6,68,000 |
| 24 | A34/151538/12 | ഫിറോസ്.കെ | 1,60,000 | 6.58 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,60,000*4 = 6,40,000 |
| 25 | A34/151539/12 | ഷിബിൻ.സി.വി | 1,07,500 | 6.85 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,07,500*4 = 4,30,000 |
| 26 | A34/151541/12 | പി.എം. അബ്ദുൾ കരീം | 98,000 | 6.33 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 98,000*4 = 3,92,000 |
| 27 | A34/151542/12 | സുഗേഷ്.കെ | 1,12,000 | 10.18 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 1,12,000*4 = |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 4,48,000 |
| 28 | A34/151543/12 | ബൈജു വാസുദേവൻ നായർ | 2,05,000 | 7.22 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 2,05,000*4 = 8,20,000 |
| 29 | A34/151544/12 | അജിത്ത് പ്രദ്യുമ്നൻ | 95,000 | 4.75 സെന്റ് | 01.04.2014 മുതൽ 31.03.2019 വരെ | 95,000*4 = 3,80,000 |
| ആകെ | | | | | | 1,35,54,000 |

നിയമാനുസൃത നികുതികൾ ഉൾപ്പെടാതെ (സേവന നികുതി, ജി.എസ്.ടി) 31.03.2018 വരെ 1,35,54,000/- രൂപയും 31.01.2019 വരെ 1,60,55,569/- രൂപയും ലൈസൻസ് ഫീസിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. A34-55785/09 നമ്പർ നോട്ട് ഫയൽ പേജ് 2 പ്രകാരം വ്യവസായ കേന്ദ്രം പ്രാവർത്തികമാകുന്നതിന് സാങ്കേതിക കാലതാമസമുണ്ടായിട്ടുള്ളതിനാൽ ഈ സംരംഭം എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയും റവന്യൂ, എഞ്ചിനീയറിങ് സെക്ഷനുകളെയും വ്യവസായ വകുപ്പിനെയും ഉൾപ്പെടുത്തി മോണിറ്ററിങ് കമ്മറ്റി രൂപീകരിക്കുന്നതിനും, മോണിറ്ററിങ് കമ്മററി ചേരുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ റവന്യൂ വിഭാഗത്തിൽ നിന്ന് സ്വീകരിക്കുന്നതിനും ഓഫീസിന്റെ ഭാഗത്തു നിന്നുള്ള മുഴുവൻ നടപടിക്രമങ്ങളും പൂർത്തീകരിച്ച് 31.12.2015 നകം വ്യവസായ പാർക്ക് പ്രവർത്തന സജ്ജമാണെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ടി സമയ പരിധിക്കുള്ളിൽ മുഴുവൻ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ വീഴ്ച വരുത്തിയാൽ ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കും എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജലവിതരണ സംവിധാനം പ്രായോഗികമായിട്ടില്ലെന്നാണ് 25.07.2018 ന് സ്ഥലം സന്ദർശിച്ച റവന്യൂ ഇൻസ്പക്ടർ ശ്രീ. പ്രേമനാഥൻ.എൻ. റിപ്പോർട്ടു ചെയ്തിട്ടുള്ളത്. വ്യവസായ കേന്ദ്രം പ്രവർത്തന ക്ഷമമാക്കുന്നതിന് മോണിറ്ററിങ് കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങളും കടിശ്ശിക ലൈസൻസ് ഫീസ് ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും വ്യവസായ കേന്ദ്രം പ്രവർത്തന സജ്ജമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 100/17.01.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 28.02.2011 ന് ലേലം ചെയ്യുകയും 2011-12, 2012-13 കാലയളവിൽ ലേലനടപടികൾ പൂർത്തിയാക്കുകയും 01.04.2014 മുതൽ 31.03.2018 വരെയുള്ള കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുകയും ചെയ്തെങ്കിലും ലൈസൻസികൾ ലൈസൻസ് ഫീസ് അടവാക്കാൻ തയ്യാറാവാത്തത് വ്യവസായകേന്ദ്രത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ അഭാവം മൂലം വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കാത്ത അവസ്ഥയിലായതുകൊണ്ടാണെന്ന് ഫയൽ പരിശോധനയിൽ കാണുന്നു. മാത്രമല്ല പല ലൈസൻസികളും അടവാക്കിയ ഡെപ്പോസിറ്റ് തുക റീഫണ്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടതായും കാണുന്നു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി നഗരസഭയുടെ സാമ്പത്തിക താൽപര്യം കണക്കിലെടുത്ത് വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 എക്സിബിഷനായി നിർമ്മാണ അനുമതി വാങ്ങിയ താൽകാലിക കെട്ടിടത്തിൽ സ്ഥിരം വ്യാപാരത്തിന് നിയമവിരുദ്ധമായി അനുമതി നൽകി.

ഫയൽ നം. എ.8/4893/18

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ, വാർഡ്.17 ൽ (റീ.സർവ്വേ നമ്പർ.68/2, 69/12) പെട്ട സ്ഥലത്ത് ശ്രീ.എം.എൻ.ജോർജ്ജ്, ശ്രീ.ഡെസ്മണ്ട് ബാബു, ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (C.S.I) എന്നവർക്ക് 20.12.2017 മുതൽ 19.03.2018 വരെ എക്സിബിഷൻ ഹാൾ നിർമ്മിക്കുന്നതിനും നടത്തുന്നതിനുമായി (989.98എം.2) കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിബന്ധനകളോടെ അനുമതി നൽകി. (ടി.പി.5/100859/17, തീയതി രേഖപ്പെടുത്തിയിട്ടില്ല). നിബന്ധനകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- നിർമ്മാണം തികച്ചും താൽകാലികമായിരിക്കുന്നതും, കാലാവധി കഴിഞ്ഞാൽ അന്നു തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ പ്രസ്തുത താൽകാലിക ഷെഡ് പൊളിച്ച് മാറ്റേണ്ടതുമാണ്.
- ശുദ്ധജല ലഭ്യത, വേസ്റ്റ് ഡിസ്പോസൽ, സാനിറ്റേഷൻ സൗകര്യങ്ങൾ, ഫയർ എസ്കേപ്പിംഗ് അറേഞ്ച്മെന്റ് എന്നിവ ഒരുക്കണം.
- കോർപ്പറേഷൻ ആവശ്യപ്പെടുന്ന ഏത് സമയത്തും സ്വന്തം ഉത്തരവാദിത്വത്തിൽ ഷെഡ് പൊളിച്ചു മാറ്റണം.

21.12.2017 ന് സി.എസ്.ഐ. മലബാർ ഭദ്രാസനം ആർച്ച് ബിഷപ്പ് നൽകിയ സമ്മതപത്രത്തിന്റെ

അടിസ്ഥാനത്തിൽ 16.01.2018 ന് ശ്രീ.സബീഷ്.ഐ.പി, സംഗീത് കോട്ടൺസ്, കോഴിക്കോട് എന്നയാൾ ശ്രീ.എം.എൻ.ജോർജ്ജ്, ശ്രീ.ഡെസ്മണ്ട് ബാബു എന്നിവർ താൽകാലികമായി നിർമ്മിച്ച എക്സ്ബിഷൻ ഹാളിന് താൽക്കാലിക കെട്ടിട നമ്പർ അനുവദിച്ച തരണമെന്ന് അപേക്ഷിച്ചു. പ്രസ്തുത താൽക്കാലിക കെട്ടിടത്തിന് നഗരസഭ ഹെൽത്ത് ഓഫീസർ ശുചീകരണം തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തുകയും (എഫ്.8/110910/17, തിയ്യതി. 06.01.2018), ഫയർ ആന്റ് റസ്ക്യൂ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, കോഴിക്കോട് 04.01.2018 മുതൽ 19.03.2018 വരെ പി.പി.ആർ നിയമ പ്രകാരം " റെഡിമെയ്ഡ് വസ്ത്ര വിൽപ്പനയ്ക്ക്" ആക്ഷേപമില്ല" എന്ന നിരാക്ഷേപ പത്രവും നൽകിയിട്ടുണ്ട്. 18.01.2018 ന് അപേക്ഷ പരിശോധിച്ച് U.A.C അസസ്സ്മെന്റ് പ്രകാരം താൽക്കാലിക നമ്പർ അനുവദിക്കാവുന്നതാണെന്ന് റവന്യൂ ഇൻസ്പെക്ടറും (ശ്രീ.സാദിക് അലിഖാൻ.പി.എസ്) 19.03.2018 ന് കാലാവധി തീരുന്ന മുറക്ക് U.A.C നമ്പർ നൽകി (നം.17/315 B) അസ്സസ്സ്മെന്റ് നടത്തുന്നതിന് അഡീഷണൽ സെക്രട്ടറിയും, ഡെപ്യൂട്ടി സെക്രട്ടറിയും ശുപാർശ ചെയ്തു. അനധികൃത കെട്ടിടങ്ങൾക്കുള്ള വാർഷിക നികുതി 3,59,805/- രൂപയും ലൈബ്രറി സെസ്സ് 19,490/- രൂപയും ഉൾപ്പടെ 4,09,295/- രൂപ(വസ്തു നികുതി- 1,29,935*3+ ലൈബ്രറി സെസ്സ് ) 2017-18 രണ്ടാം അർദ്ധവർഷം മുതൽ നിശ്ചയിച്ച് ഫോറം നമ്പർ 2 ൽ അംഗീകരിച്ചിട്ടുണ്ട്. (ഇത് പിന്നീട് വെട്ടിതിരുത്തി സാധാരണ കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്ന രീതിയിൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.) എന്നാൽ എയർ കണ്ടീഷനിങ്ങിനുള്ള 15% വർദ്ധനവ് വരുത്തി താഴെ പറയുന്ന രീതിയിലായിരുന്നു വസ്തു നികുതി ചുമത്തേണ്ടിയിരുന്നത്.

- ആകെ വിസ്തീർണ്ണം - 989.98 എം2
- വസ്തു നികുതി - 105/- (ഒരു എം2 ന്)
- ആകെ വസ്തു നികുതി - 989.98 x 105 = 103947.9 = 1,03,948/-
- മേൽക്കൂര അടിസ്ഥാനപ്പെടുത്തിയിളവ് 10% = 10,395/-
- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% = 20,790/-
- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധന 15% = 15,592/-
- എയർ കണ്ടീഷനിംഗ് സംവിധാനം വർദ്ധന 10% = 10,395/-

ആകെ നികുതി (103948-10395+20790+15592+10395 = 1,40,330/-)

ലൈബ്രറി സെസ്സ് = 140330 x 5% = 7017 (7016.5) , ആകെ അടവാക്കേണ്ട തുക - 140330 + 7017 = 1,47,347/-

(കെട്ടിടം യു.എ.സി. ആയതിനാൽ നിയമാനുസൃത നികുതിയും അതിന്റെ രണ്ടിരട്ടിയും ഈടാക്കണം)

- 140330 x 3 = 420990 + 21050 (L.C)= 4,42,040/-
- ഒരു അർദ്ധ വർഷം അടവാക്കേണ്ട തുക - 210495 + 10525 = 2,21,020/-

എന്നാൽ മേൽ രീതിയിൽ നികുതി ഈടാക്കുന്നതിന് പകരം ഒരു നിയമാനുസൃത കെട്ടിടത്തിന് ഈടാക്കാവുന്ന നികുതി നിരക്കിൽ ഈടാക്കണമെന്ന് അപേക്ഷിച്ച് പിന്നീട് ഉടമസ്ഥർ സമർപ്പിച്ച ഫാറം.6 ൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സാദിക് അലിഖാൻ.പി.എസ്, ഡപ്യൂട്ടി സെക്രട്ടറി ശ്രീ.പ്രേമാനന്ദൻ.കെ എന്നിവരും ശുപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 02.02.2018 ന് പ്രസ്തുത ഉടമകൾ 2017-18 രണ്ടാം അർദ്ധ വർഷത്തെ വസ്തു നികുതി തുക പൂർണ്ണമായും അടവാക്കുന്നതിന് പകരം 68,216/- (നികുതി 64968 + ലൈബ്രറി സെസ്സ് 3,248/-)രൂപ മാത്രം അടവാക്കി. (രശീതി നം.16672, 02.02.2018). നിയമാനുസൃതം അടവാക്കേണ്ടതിൽ നിന്നും 1,52,804/- രൂപ കുറവായാണ് അടവാക്കിയത്. (നികുതിയിനത്തിൽ 1,45,527/-രൂപയും, ലൈബ്രറി സെസ്സിനത്തിൽ 7,277/- രൂപയും കുറവ്)

ഇതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.87(1) പ്രകാരം കൗൺസിലിന് നിശ്ചയിച്ചേക്കാവുന്ന പൊതു നിബന്ധനകളോടെ ഒരാൾക്ക് ഒരു നിശ്ചിത കാലയളവിൽ തികച്ചും താൽകാലിക സ്വഭാവമുള്ള കുടിലുകളോ ഷെഡ്ഡുകളോ നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. എന്നാൽ മേൽ അപേക്ഷയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഉപാധികളോടെ അനുമതി നൽകിയത്. കൗൺസിലിന്റേയും, സെക്രട്ടറിയുടേയും അനുമതികൾ ലഭ്യമായതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല.
2. 1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 242 (5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും, പ്രത്യേക നമ്പർ നൽകപ്പെട്ടതും 406 വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനോ, വ്യാപാരത്തിനോ, വ്യവസായ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് നഗരസഭ അനുമതിയോ, ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും അനുമതിയോ ലൈസൻസോ

നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമസ്ഥനും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് അനധികൃതമായി നിർമ്മിച്ചതും ക്രമവൽക്കരിക്കാത്തതുമായ കെട്ടിടത്തിൽ സ്ഥിരം വ്യാപരം നടത്തുന്നതിന് അനുമതി നൽകിയത്.

3.1963 ലെ കേരള പബ്ലിക് പ്ലേസ് റിസോർട്ട്സ് നിയമം പ്രകാരം പ്രദർശനാവശ്യത്തിന് താൽകാലിക അനുമതി വാങ്ങി തുടങ്ങിയ സ്ഥാപനത്തിന്റെ പെർമിറ്റ് ഫീസ് അടവാക്കിയെങ്കിലും, സ്ഥിരം വസ്ത്ര വിൽപ്പനശാലക്കായി അപേക്ഷിച്ചപ്പോൾ അടവാക്കേണ്ട പെർമിറ്റ് ഫീസ്, ഡി.&ഒ. ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെ തൊഴിൽ നികുതി, സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

4.കേരള പബ്ലിക് പ്ലേസ് റിസോർട്ട്സ് നിയമം പ്രകാരം 20.12.2017 മുതൽ 19.03.2018 വരെ പ്രദർശനം നടത്തുന്നതിന് താൽകാലിക അനുമതി വാങ്ങിയ സ്ഥാപനത്തിന് പിന്നീട് കെ.എം.ബി.റൂൾ 87 ന വിരുദ്ധമായി സംഗീത് കോട്ടൺസ് എന്ന പേരിൽ വസ്ത്ര വ്യാപാര സ്ഥാപനമായി നടത്തുന്നതിന് അനുമതി നൽകി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 05.10.2018 ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.75/17-18) 26.10.2018 ന് എ.8/4893/18 കത്തിലൂടെ റവന്യൂ ഓഫീസർ താഴെ പറയുന്ന തരത്തിൽ മറുപടി നൽകി.

" കെട്ടിടം പൊളിച്ച് മാറ്റുന്ന ചുമതല ടൗൺ പ്ലാനിംഗ് വിഭാഗത്തിനായതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയറേയും, വ്യാപാര ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ഹെൽത്ത് ഓഫീസറേയും അറിയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ കെട്ടിടം നിലനിൽക്കുന്നതിനാലാണ് താൽകാലിക നമ്പർ നൽകിയത് റദ്ദ് ചെയ്ത് മുനിസിപ്പൽ നിയമം വകുപ്പ് 242 പ്രകാരം യു.എ.സി നമ്പർ നൽകിയത്."

മുനിസിപ്പൽ നിയമത്തിലേയും, ചട്ടങ്ങളിലേയും നിയമ ലംഘനങ്ങൾ, നഗരസഭ ഫണ്ടിന് നഷ്ടം വരുന്ന വിഷയം, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ ചൂണ്ടികാണിച്ച് നൽകിയ തടസ്സവാദങ്ങൾക്ക് സമർപ്പിച്ച മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വേളയിൽ ചൂണ്ടികാണിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കി ആയവ പരിഹരിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരം രേഖാമൂലം നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് ഗൗരവത്തോടെ കണക്കിലെടുക്കാതെ ലാഘവത്തോടെ മറുപടികൾ സമർപ്പിക്കുന്നത് ശരിയായ നടപടിയല്ല.

03.04.2018 ലെ ടി.പി.5/24542/18 നം കത്തിലൂടെ പ്രസ്തുത കെട്ടിടം പൊളിച്ച് കളയുന്നതിന് എഞ്ചിനീയർ നോട്ടീസ് കൊടുത്ത് ഡെപ്യൂട്ടി സെക്രട്ടറിയെ അറിയിച്ചെങ്കിലും ആയതിന് മേൽ തുടർ നടപടികൾ സ്വീകരിക്കാതെ താൽകാലിക കെട്ടിട നമ്പർ നൽകി സ്ഥിരം വസ്ത്ര വിൽപ്പനശാല നടത്തുന്നതിന് അവസരം നൽകുകയാണ് ചെയ്തത്. നിയമപ്രകാരം താൽകാലിക കെട്ടിടത്തിന്റെ കാലാവധി കഴിഞ്ഞാൽ ആയത് പൂട്ടിയിടുകയോ, പൊളിച്ച് കളയുന്നതിനോ ഉടമസ്ഥനോട് നിർദ്ദേശിക്കാതെ ഉടമസ്ഥൻ നൽകിയ അപേക്ഷ പരിഗണിച്ച് 19.03.2018 ന് കാലാവധി തീരുന്ന മുറക്ക് U.A.C നമ്പർ നൽകി അസസ്സ്മെന്റ് നടത്തുന്നതിന് അഡീഷണൽ സെക്രട്ടറിയും, ഡെപ്യൂട്ടി സെക്രട്ടറിയും ശുപാർശ ചെയ്തു. നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ അനധികൃതമായി കെട്ടിടം നിലനിർത്തുന്നതിനും, വ്യാപാരം നടത്തുന്നതിനും അനുമതി നൽകിയതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹെൽത്ത് ഓഫീസർ, റവന്യൂ ഓഫീസർ എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭ ഫണ്ടിന് 2017-18 സാമ്പത്തിക വർഷത്തിൽ നഷ്ടം വരുത്തിയ 1,52,804/- രൂപ (നികുതിയിനത്തിൽ 1,45,527/-രൂപ, ലൈബ്രറി സെസ്സിനത്തിൽ 7,277/-രൂപ) 12% പലിശ സഹിതം റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിലും തുടർ വർഷങ്ങളിലും മേൽ രീതിയിൽ നഗരസഭ ഫണ്ടിന് നഷ്ടം വരുന്നുണ്ടെങ്കിൽ ആയതും മേൽ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-11 കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ കെട്ടിടം - പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

ഫയൽ നം.ടി.പി.7/50933/17

03-03-2015ലെ ജി.ഒ.(എം.എസ്.)നമ്പർ 93/2015/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ പന്നിയങ്കര വില്ലേജിൽ ടൗൺ സർവേ നമ്പർ 20-13-272ൽ പെട്ടതും കല്ലായ് ഗവൺമെന്റ് ഹൈസ്കൂളിനോട് ചേർന്നുള്ളതും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ളതുമായ 87 സെന്റ് സ്ഥലം കോഴിക്കോട് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്ററിന് കെട്ടിടം നിർമിക്കുന്നതിന് കോഴിക്കോട് സർവകലാശാലക്ക് പാട്ടത്തിന് നൽകിയിരുന്നു. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമിക്കുന്നതിന് 6-6-2017 ന് കോഴിക്കോട് സർവകലാശാല രജിസ്ട്രാർ അപേക്ഷ നൽകിയതിനെ തുടർന്ന് 20-10-2017ലെ TP7/50933/2017 നമ്പറായി 1445.56 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടവും 238.42 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ചുറ്റുമതിലും നിർമ്മിക്കുന്നതിന് കോർപ്പറേഷൻ

പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ പെർമിറ്റ് ഫീസ് ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. സർക്കാർ സ്ഥാപനമായതിനാൽ ഷെഡ്യൂൾ II പ്രകാരമുള്ള പെർമിറ്റ് ഫീസ് ആവശ്യമില്ല എന്ന് 07/10/2017 ലെ നോട്ട് ഫയലിൽ ഓവർസിയർ രേഖപ്പെടുത്തിയതായി കാണുന്നു.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 3 സി, 3 സി (സി) എന്നിവ അനുസരിച്ച് സർക്കാരിന് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായും ചീഫ് ടൗൺ പ്ലാനറുമായുള്ള കൂടിയാലോചനയോടെയും 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 30 ൽ പ്രതിപാദിക്കുന്നതും ഒരു പൊതുവായ ഉപയോഗത്തിന് മാത്രമായിട്ടുള്ളതും ഗണം (ബി) വിദ്യാഭ്യാസപരമായിട്ടുള്ളതുമായ കെട്ടിടത്തിന്റെ നിർമാണത്തിൽ ഒഴിവ് നൽകാവുന്നതാണ്. എന്നാൽ, ഇപ്രകാരം കോഴിക്കോട് സർകലാശാലയുടെ മേൽ പരാമർശിച്ച കെട്ടിടത്തിന് പെർമിറ്റ് ഫീസ് ഈടാക്കുന്നതിൽ നിന്നും സർക്കാർ ഒഴിവ് അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ഹാജരാക്കാനും അല്ലാത്തപക്ഷം പെർമിറ്റ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനുമായി നൽകിയ ഒ.എസിന് (നം.9/18.04.2018) ലഭ്യമാക്കിയ മറുപടിയിൽ, സർക്കാർ സ്ഥാപനമായതിനാലാണ് ഫീസ് ഈടാക്കാതിരുന്നതെന്നും സർവകലാശാല ഫീസ് അടവാക്കുന്ന മുറയ്ക്ക് അറിയിക്കാം എന്നുമാണ് പരാമർശിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് ലഭ്യമാകാത്ത പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-12 റോഡ് റീഫർമേഷൻ ചാർജ് ഈടാക്കിയതിൽ കുറവ്.

എ. ഫയൽ നമ്പർ - ഇ.ജി.3/97968/17

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കുടിൽ തോട്-കനോലി കനാൽ മേഖലയിൽ ടാർ റോഡ് കട്ട് ചെയ്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 110 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ച് 06.12.2017 ന് സ്ഥാപനത്തിന് മേയർ മുൻകൂർ അനുമതി നൽകിയിരുന്നു. 1907 മീറ്റർ നീളത്തിലും 80 സെ.മി. വീതിയിലും കിടങ്ങ് കീറുന്നതിനും 6x2.4 മീറ്റർ വിസ്തീർണമുള്ള 4 കേബിൾ ജോയിന്റിംഗ് കുഴികൾ നിർമ്മിക്കുന്നതിനുമാണ് കെ.എസ്.ഇ.ബി. അപേക്ഷ നൽകിയത്. പ്രസ്തുത കാലയളവിലെ റോഡ് റീഫർമേഷൻ ചാർജ് പ്രാകാരം ഈടാക്കേണ്ട തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഏരിയ (എം2) | ഈടാക്കേണ്ട തുക (ടാർ റോഡ്) |
|---|---|
| 1907 x 0.80 = 1525.60 | 1583.20 x 1619.20 = 2563517.44 |
| 6 x 2.4 x 4 = 57.60 | 25% centage - 640879.36 |
| 1583.20 m2 | Total - 3204397/- |

| ഈടാക്കിയ തുക | രശീതി നമ്പർ & തീയതി | ഈടാക്കിയതിൽ കുറവ് |
|---|---|---|
| 30,32,512/- | 11739400071/19.02.2017 | 171885/- |

റോഡ് റീഫർമേഷൻ ചാർജിനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായ 171885/- രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി. യിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ 19.12.18ന് ലഭ്യമാക്കിയ മറുപടിയിൽ റോഡ് റീഫർമേഷൻ ചാർജിനത്തിലുണ്ടായ കുറവ് കാൽക്കുലേഷനിലുണ്ടായ പിശകാണെന്നും കുറവ് തുക ഈടാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ റോഡ് റീഫർമേഷൻ ചാർജിനത്തിൽ നഗരസഭ ഫണ്ടിനുണ്ടായ 171885/- രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി. യിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

ബി. ഫയൽ നമ്പർ-EG4/16992/17

കോഴിക്കോട് നഗരസഭാ പരിധിയിലെ കെ.പി.ചന്ദ്രൻ റോഡിൽ കുഴിയെടുത്ത് കേബിൾ സ്ഥാപിക്കുന്നതിന് അപേക്ഷയും സ്കെച്ചും കെ.എസ്.ഇ.ബി. 22.02.2017ന് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ടും റീഫർമേഷൻചാർജ് കാൽക്കുലേഷനും തയ്യാറാക്കി മരാമത്ത് സ്ഥിരം സമിതിയുടെ 13.06.2017ലെ 19-ാംനമ്പർ തീരുമാനപ്രകാരം 31.07.2017ന് കെ. എസ്.ഇ.ബി.ക്ക് അനുമതി നൽകി.

കെ.എസ്.ഇ.ബി.യുടെ സ്കെച്ച് പ്രകാരം 142 മീറ്റർ നീളത്തിൽ കേബിൾ സ്ഥാപിക്കാനും 7x2മീറ്റർ വിസ്തൃതിയിൽ ജോയിനിംഗ് ചേമ്പർ സ്ഥാപിക്കാനുമാണ് അപേക്ഷിച്ചിരുന്നത്. എന്നാൽ റീഫർമേഷൻ ചാർജ് കാൽക്കുലേഷൻ തയ്യാറാക്കിയപ്പോൾ 7x2 =14 മീറ്ററിനുപകരം 2x1.5x1.5=4.5 മീറ്ററെടുത്താണ് ചാർജ് കണക്കാക്കിയിരിക്കുന്നത്. (നോട്ട് ഫയൽ പേജ് 1,2 കാണുക) ആയതുപ്രകാരം (14 - 4.5=9.5) 9.5ച.മീ കുറവായാണ് റീഫർമേഷൻചാർജ്

കണക്കാക്കിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഈടാക്കിയ തുക | തുക,രശീതി നമ്പർ, തീയതി | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയതിൽ കുറവ് |
|---|---|---|---|
| 142x.60=85.2<br>2x1.5x1.5= 4.5<br>89.70<br>89.70x1619.20=145242.24<br>25%centage =36310.56<br>ആകെ : 181552.80<br>തറവാടക 3550.00<br>(@25000/കി.മി)<br>ആകെ : 185102.80 | 185103/-<br>11702400023/27.07.2017 | 142x.60=85.2<br>7x2 =14.0<br>99.20x1619.20=160624.64<br>25%centage =40156.16<br>ആകെ : 200780.80<br>തറവാടക 3550.00<br>(@25000/കി.മി)<br>ആകെ : 204330.80 | 204330.8- 185102.8<br>19228/- |
| | | ആകെ | 19228/- |

കെ.എസ്.ഇ.ബി.യുടെ സ്കെച്ച് പ്രകാരമുള്ള വിസ്തൃതിക്കനുസരിച്ച് ചാർജ്ജ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (95/17-18 തീ.12.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിനുണ്ടായ 19228/- രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി.യിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കി അടവാക്കേണ്ടതാണ്.

## 2-13 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയില്ല.

സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലേക്ക് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ എടുക്കുന്നതിന് കോർപ്പറേഷൻ വക റോഡിൽ കുഴിയെടുക്കുന്നതിന് അനുമതിക്കായി അപേക്ഷ സമർപ്പിച്ച താഴെ പറയുന്നവരിൽ നിന്നും റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | ഫയൽ നം. | അപേക്ഷ സമർപ്പിച്ച തീയതി | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1. | ബാലചന്ദ്രൻ പ്രശാന്തി, എസ്.കെ.ബസാർ,എലത്തൂർ | EZ5/2181/18 | 6.3.2018 | 2149 |
| 2. | ശ്യാംജിത്.ഇ.ആർ.കൃഷ്ണകൃപ, തുണാത്ത് പറമ്പ്, എസ്.കെ.ബസാർ എലത്തൂർ | EZ5/2180/18 | 8.3.2018 | 7831 |
| 3. | ഗംഗാധരൻ,കുട്ടോത്ത്, ചെട്ടികുളം,എലത്തൂർ | EZ5/2183/18 | 8.3.2018 | 3783 |
| | ആകെ | | | 13763 |

വാട്ടർ കണക്ഷൻ നൽകുന്നതിനായി കേരള വാട്ടർ അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊവിഷണൽ അപ്രൂവൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച മേൽ അപക്ഷകൾ പരിശോധിച്ച് കോർപറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഒ.എസിന് (നമ്പർ 46/28.6.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. 13763 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-14 നഗരസഭവക ജലാശയങ്ങളിൽ നിന്നും വെള്ളക്കരം ഈടാക്കാതെ സൗജന്യമായി വെള്ളം വിതരണം ചെയ്യുന്നു.

ഫയൽ നം. ഇ.ജി.11/95570/16, ഇ.ജി.11/16069/16

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 30(1)) പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക തുടങ്ങിയവ നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. വകുപ്പ് 208എ(1) പ്രകാരം എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കോഴിക്കോട് നഗര പ്രദേശത്ത് നഗരസഭ പരിപാലിച്ചു സംരക്ഷിക്കുന്ന ജലാശയങ്ങളാണ് മാനാഞ്ചിറ, നീലിച്ചിറ, താമരക്കുളം, ഗരുഡൻകുളം, പശുകുളം തുടങ്ങിയവ. നിലവലിൽ താമരക്കുളത്തിൽ നിന്നൊഴികെ മറ്റ് ജലസ്രോതസ്സുകൾ വഴി നഗരത്തിലെ വിവിധ സ്ഥാപനങ്ങൾക്കും, ഓഫീസുകൾക്കും ജലം ലഭ്യമാക്കുന്നുണ്ട്. എന്നാൽ നാളിതുവരേയും വെള്ളക്കരമിനത്തിൽ തുക പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം കോർപ്പറേഷനിൽ ഏർപ്പെടുത്തിയിട്ടില്ല.

<u>മാനാഞ്ചിറ.</u>

കോഴിക്കോട് നഗരഹൃദയത്തിൽ 3000 ച.മീ. വിസ്തൃതിയിൽ നിലകൊള്ളുന്ന ഏറ്റവും വലിയ കുടിവെള്ള സ്രോതസ്സാണ് മാനാഞ്ചിറ. നഗരസഭ പരിധിയിലെ വിവിധ കേന്ദ്ര സർക്കാർ ഓഫീസുകൾ, സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകളുടെ ഓഫീസുകൾ, ജില്ല കോടതി കോംപ്ലക്സ്, ത്രിവേണി ബിൽഡിംഗ്സ്, ജയന്തി ബിൽഡിംഗ്സ്, മറ്റ് സ്ഥാപനങ്ങൾ എന്നിവടങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്ക് വെള്ളം എത്തിച്ചു കൊടുക്കുന്നതായി നഗരസഭയുടെ കുടിവെള്ള ടാങ്കറുകളുടെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി പരിശോധനയിൽ കാണുന്നു. (വാഹന നമ്പർ - കെ.എൽ.11.ക്യൂ.21, കെ.എൽ.11.എ.എച്ച്-8852, കെ.എൽ.11.ക്യൂ.23, കെ.എൽ.11. എ.എഫ്.8743) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ടുള്ള വൈദ്യുതി ചാർജ്ജിനത്തിലെ തുക, മോട്ടോർ മെയിന്റനസ്, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവ നഗരസഭ ഫണ്ടിൽ നിന്നുമാണ് നല്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ മാനാഞ്ചിറ പമ്പ് ഹൗസിനായി നഗരസഭ ഫണ്ടിൽ നിന്നും വൈദ്യുതിക്കായി മാത്രം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>കൺസ്യൂമർ നം. 1166029005678</u>

| ക്രമ നം | മാസം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഏപ്രിൽ | 13,410 |
| 2 | മേയ് | 14,680 |
| 3 | ജൂൺ | 26,162 |
| 4 | ജൂലായ് | 14,287 |
| 5 | ആഗസ്റ്റ് | 14,292 |
| 6 | സെപ്റ്റംബർ | 14,235 |
| 7 | ഒക്ടോബർ | 16,281 |
| 8 | നവംബർ | 56,376 |
| 9 | ഡിസംബർ | 9,060 |
| 10 | ജനുവരി | 23,941 |
| 11 | ഫെബ്രുവരി | 15,948 |
| 12 | മാർച്ച് | 33,267 |
| ആകെ | | 2,51,939 |

<u>നീലിച്ചിറ.</u>

കല്ലായിയുടെ കിഴക്കു ഭാഗത്തായി വി.കെ.കൃഷ്ണൻ മേനോൻ റോഡിന് സമീപത്തായി 3000 ച.മീ വിസ്തൃതിയിലാണ് നീലിച്ചിറ സ്ഥിതി ചെയ്യുന്നത്. സമഗ്ര വികസനത്തിന്റെ ഭാഗമായി 2003-04 സാമ്പത്തിക വർഷത്തിൽ 22 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചതാണ് നീലിച്ചിറ. നിലവിൽ കോഴിക്കോട് നഗരസഭയിൽ ഏറ്റവും ഉപയോഗയോഗ്യമായ ശുദ്ധജലം ലഭിക്കുന്ന ഈ ചിറയിൽ നിന്നും നഗരസഭയിലെ വിവിധ പ്രദേശങ്ങളിലേക്ക്

നഗരസഭയുടെ വാഹനങ്ങൾ ഉപയോഗിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ നീലിച്ചിറ പമ്പ് ഹൗസിനായി നഗരസഭ ഫണ്ടിൽ നിന്നും വൈദ്യുതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>കൺസ്യൂമർ നം. 1166345020503</u>

| ക്രമ നം | മാസം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഏപ്രിൽ | 1,922 |
| 2 | മേയ് | 2,851 |
| 3 | ജൂൺ | 3,559 |
| 4 | ജൂലായ് | ----- |
| 5 | ആഗസ്റ്റ് | 841 |
| 6 | സെപ്റ്റംബർ | ---- |
| 7 | ഒക്ടോബർ | 1,736 |
| 8 | നവംമ്പർ | 519 |
| 9 | ഡിസംബർ | 494 |
| 10 | ജനുവരി | 454 |
| 11 | ഫെബ്രുവരി | 496 |
| 12 | മാർച്ച് | 884 |
| ആകെ | | 13,756/- |

മുനിസിപ്പാലിറ്റി നിയമം വകുപ്പ്.230(4) പ്രകാരം ജലവിതരണത്തിന് നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിയും ചുമത്താവുന്നതാണ്. വകുപ്പ് 315(ബി) 1 -ാം ഉപവകുപ്പ് പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും കൂടാതെ 315 ബി (2) 1 -ാം ഉപവകുപ്പ് പ്രകാരം ജലവിതരണ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന മുനിസിപ്പാലിറ്റിയ്ക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കാവുന്നതുമാണ്. കേരള വാട്ടർ അതോറിറ്റി 1999, 2008, 2014 വർഷങ്ങളിൽ കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കോർപ്പറേഷൻ ജലവിതരണം നടത്തി വരുന്നത് സൗജന്യമായാണ്. മേൽ അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 20/12/2018 ന് ഒ.എസ്. നൽകിയെങ്കിലും (നം. 97/ 2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-15 <u>എലത്തൂർ മേഖല കാര്യാലയം - ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിലെ</u>

<u>അപാകതകൾ.</u>

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ എലത്തൂർ മേഖല കാര്യാലയ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് ഡിആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

2011 ലെ കേരള മുനിസിപ്പാലിറ്റി ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ (ചട്ടം 12 (7)) പ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷകൾക്കും ക്രമ നമ്പർ നൽകേണ്ടതാണെങ്കിലും ഇങ്ങനെ ക്രമനമ്പർ നൽകുകയോ ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്ററിൽ ഓരോ പേജിലുമുള്ള ആകെ തുക, ഓരോ വാർഡിൽ നിന്നും പിരിച്ചെടുത്ത ലൈസൻസ് ഫീസിന്റെ സംക്ഷിപ്തം എന്നിവ രേഖപ്പെടുത്താത്തതിനാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഡി.സി.ബി പത്രികയിലെ കണക്കുകൾ പ്രകാരം 2017-18 ൽ ഡി ആന്റ് ഒ ലൈസൻസ് ഫീസിനത്തിൽ 1,14,600 രൂപ കുടിശ്ശികയുണ്ട്. ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇതു വ്യക്തമാക്കുന്നത്. മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന കച്ചവട സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ഡി സി ബി സ്റ്റേറ്റ്മെന്റുകൾ, അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ എന്നിവയിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2016-17 വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാന്ത്യ കുടിശ്ശിക 75260/- രൂപയാണ്. എന്നാൽ 2017-18വർഷത്തെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം മുൻവർഷ കുടിശ്ശിക ഇല്ല.

2017-18വർഷത്തെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാന്ത്യത്തിൽ ആകെ കുടിശ്ശിക 75,260/- രൂപയാണ്. എന്നാൽ അക്കൗണ്ട് ഹെഡ് വൈസ് കൺസോളിഡേഷൻ പ്രകാരമുള്ള തുക 1,14,600/- രൂപയാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഒ.എസിന് (28/06/2018 ലെ 44/17-18 നം.ഒ.എസ് ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാത്തതിനാൽ നഷ്ടം സംഭവിച്ചു.</u>

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പറും പേരും | SO 198/18 – സർക്കാർ സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബുകളുടെ നവീകരണം | |
| നിർവ്വഹണം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | |
| അടങ്കൽ | 26,76,740/- രൂപ | റോഡിതര സംരക്ഷണ ഗ്രാന്റ് |
| ചെലവ് | 26,76,240/- | ബിൽ നം.26/2017-18 തീയതി 31.03.2018 |

നഗരസഭ പരിധിയിലെ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ സ്കൂളുകളിൽ യു.പി.എസ്. അനുവദിക്കുക, ഗ്യാരണ്ടി കഴിഞ്ഞിട്ടുള്ള കമ്പ്യൂട്ടറുകളുടെ സ്പെയർ പാർട്സുകൾ മാറ്റി പ്രവർത്തനക്ഷമമാക്കുക എന്നിവയാണ് മേൽ പ്രോജക്റ്റിൽ വിഭാവനം ചെയ്യുന്നത്. ഇതിനായി 27 യു.പി.എസ്. വാങ്ങുന്നതിന് 03.03.2017 ന് പത്രപരസ്യം നൽകി. പത്രപരസ്യ പ്രകാരം ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 16.03.2017 ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സുപ്രാ ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്സ്, കൊച്ചി - 70,990/-

2. ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ്, എറണാകുളം -86,730/-

മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളുമായി വിദ്യാഭ്യാസ സ്ഥിരം സമിതി നെഗോസിയേഷൻ നടത്തുകയും 60

മിനട്ട് ബാക്കപ്പ് ഉള്ള ബാറ്ററിയുടെ വില ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സുപ്രാ ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്സ് എന്ന സ്ഥാപനം 81,000/- (GST ഉൾപ്പടെ) രൂപയുടെയും ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനം 84,500/- (GST ഒഴികെ) രൂപയുടെയും ഓഫറുകൾ സമർപ്പിച്ചു. തുടർന്ന് രണ്ട് സ്ഥാപനങ്ങളുടെയും ഓഫറുകൾ പരിശോധിച്ച് നിരക്ക് താരതമ്യം ചെയ്ത് നഗരസഭക്ക് ഏതാണ് സ്വീകാര്യം എന്ന് അറിയിക്കുന്നതിന് നഗരസഭ കെൽട്രോണിനോട് ആവശ്യപ്പെട്ടു. ഇത് പരിശോധിച്ച് സുപ്രാ ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്സ് എന്ന സ്ഥാപനത്തിന്റെ നിരക്ക് കുറവാണെങ്കിലും ബാറ്ററി സംബന്ധിച്ച വിശദാംശങ്ങൾ ഇല്ലെന്നും എന്നാൽ ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ നിരക്ക് കൂടുതലാണെങ്കിലും ബാറ്ററി സംബന്ധിച്ച വിശദാംശങ്ങൾ ക്വട്ടേഷനിൽ പരാമർശിച്ചിട്ടുണ്ടെന്നും 20.09.2017 ന് കെൽട്രോൺ കത്ത് മുഖേന അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് കമ്മറ്റി ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനവുമായി വീണ്ടും നെഗോസിയേഷൻ നടത്തിയതിൽ 84,000/- രൂപക്ക് (GST ഒഴികെ) നൽകാമെന്ന് അറിയിക്കുകയും 08.1.18 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27 യു.പി.എസുകൾ വാങ്ങി വിതരണം നടത്തുകയും ചെയ്തു. ടെണ്ടർ നടപടികളിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. യു.പി.എസ് വാങ്ങുന്നതിനായി " 5KVA UPS Galvonic Isolation" എന്ന സ്പെസിഫിക്കേഷൻ അംഗീകരിച്ച് ടെണ്ടർ നടപടിയ്ക്കുള്ള അനുമതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭ വിദ്യാഭ്യാസ സ്ഥിരം സമിതിക്ക് കത്ത് നൽകുകയും, തുടർന്ന് സാങ്കേതിക വിദഗ്ദരുടെ ശുപാർശ കൂടി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് 19.01.2017 ലെ (തീരുമാനം 9) വിദ്യാഭ്യാസ സ്ഥിരം സമിതി നിർദ്ദേശിക്കുകയും ചെയ്തു. ടെണ്ടറിൽ ഏതൊക്കെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തണമെന്നതിൽ സാങ്കേതിക വൈദഗ്ദ്യം ഇല്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥൻ യു.പി.എസിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് സാങ്കേതിക വിദഗ്ദരുടെ ശുപാർശ വാങ്ങാതെ സമിതിയുടെ നിർദ്ദേശം അവഗണിച്ച് ടെണ്ടർ നടപടികൾ ആരംഭിച്ചു. ഇതാണ് ടെണ്ടർ നടപടികളിലെ വീഴ്ചകൾക്ക് അടിസ്ഥാന കാരണമായി മാറിയത്.

2. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-33 പ്രകാരം ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താനുള്ള സാഹചര്യം ഉണ്ടാകരുതെന്നും ഖണ്ഡിക 7-34 പ്രകാരം സാധനങ്ങളുടെ വിവരവും സ്പെസിഫിക്കേഷനും ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാങ്ങേണ്ട സാധനമായ യു.പി.എസിന്റെ സ്പെസിഫിക്കേഷൻ ഏതൊക്കെയായിരിക്കണമെന്ന് വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നതിന് പകരം " 5KVA UPS Galvonic Isolatio 5 year AMC, 3 years warranty" എന്ന് മാത്രം പരസ്യത്തിൽ ഉൾപ്പെടുത്തുകയും ടെണ്ടർ സ്വീകരിച്ച ശേഷം പുതുതായി സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ഓഫർ സമർപ്പിക്കാൻ സ്ഥാപനങ്ങളോട് നേരിട്ട് നിർദ്ദേശിച്ചത് ശരിയായ നടപടിയല്ല. അങ്ങനെയുണ്ടാകുന്ന പ്രത്യേക സാഹചര്യത്തിൽ റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ആയത് ചെയ്തിട്ടില്ല.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയായ സ.ഉ.(പി) 259/10 ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നതിന് പരസ്യ തീയതി മുതൽ 21 ദിവസത്തെ സമയം നൽകേണ്ടതാണെങ്കിലും 12 ദിവസത്തെ സമയം മാത്രമാണ് നൽകിയത്. കൂടാതെ മലയാളം, ഇംഗ്ലീഷ് ദിന പത്രങ്ങളിൽ പരസ്യം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ഉറപ്പാക്കുന്ന രേഖകളൊന്നും ഫയലിൽ ഇല്ല. കൂടാതെ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

4. മേൽ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ സ്വീകരിക്കുന്ന അവസാന ദിവസത്തിൽ ടെണ്ടർ സമർപ്പണ സമയം കഴിഞ്ഞാലുടൻ അവ തുറക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയായ 16.03.2017 ന് ശേഷം 4 ദിവസം കഴിഞ്ഞ് 20.03.2017 ന് മാത്രമാണ് ടെണ്ടറുകൾ തുറന്നത്.

5. മേൽ സർക്കാർ ഉത്തരവ് പ്രകാരം സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ മൂന്ന് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലേലക്കാരനുമായി നെഗോസിയേഷൻ നടത്തി നിരക്കിൽ കുറവിന് ശ്രമിക്കാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളുമായും സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗങ്ങളുടെ അസാന്നിദ്ധ്യത്തിൽ നെഗോസിയേഷൻ നടത്തി. രണ്ട് സ്ഥാപനങ്ങളുമായും നെഗോസിയേഷൻ നടത്തിയത് ടെണ്ടർ നടപടികളിലെ സുതാര്യത നഷ്ടപ്പെടുത്തുന്ന നടപടിയാണ്.

6. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്താത്ത സ്പെസിഫിക്കേഷൻ പ്രകാരം വീണ്ടും ഓഫറുകൾ സമർപ്പിക്കാൻ രണ്ട് സ്ഥാപനങ്ങളോടും നിർദ്ദേശിച്ചത് മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

7. രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ച ടെണ്ടറുകൾ, വില താരതമ്യം ചെയ്യുന്നതിനായി കെൽട്രോണിലേക്കയച്ചതിൽ

യു.പി.എസിന്റെ സാമ്പിൾ നേരിട്ട് പരിശോധിച്ച് ഗുണനിലവാരം വിലയിരുത്താതെയാണ് റിപ്പോർട്ട് നൽകിയത്. കെൽട്രോണിന്റെ ഈ റിപ്പോർട്ട് പരിഗണിച്ചാണ് ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും യു.പി.എസ്. വാങ്ങിയത്. മാത്രമല്ല ഇങ്ങനെ യു.പി.എസ്. ന്റെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് അധികാരപ്പെട്ട സ്ഥാപനമായി കെൽട്രോണിനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരം കുറഞ്ഞ തുകയായ 70,990/- രൂപ ( 30 മിനട്സ് ബാറ്ററി ബാക്കപ്പ്) ക്വാട്ട് ചെയ്ത സുപ്രാ ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്സ് എന്ന സ്ഥാപനം 60 മിനുട്ട് ബാറ്ററി ബാക്കപ്പ് ഉള്ള യു.പി.എസിന് ക്വാട്ട് ചെയ്തത് 81,000/- (GST ഉൾപ്പെടെ) രൂപയാണ്. എന്നാൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഈ സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയോ കത്ത് മുഖേനയോ നേരിട്ടോ ബാറ്ററിയുടെ വിശദാംശം സംബന്ധിച്ച് വ്യക്തത വരുത്തി വില പരിശോധിക്കേണ്ടതിന് പകരം ഇല്ലാത്ത സ്പെസിഫിക്കേഷൻ മുൻ നിർത്തി കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി. ബാറ്ററിയുടെ സ്പെസിഫിക്കേഷൻ ഏതായിരിക്കണമെന്ന യാതൊരു നിർദ്ദേശവും സ്ഥാപനങ്ങൾക്ക് നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ ബാറ്ററിയുടെ വിശദാംശം ആവശ്യപ്പെടുന്നതിന് സ്ഥാപനവുമായി നേരിട്ടോ കത്ത് മുഖേനയോ ആവശ്യപ്പെടാനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. കുറഞ്ഞ തുകയായ 81,000/- രൂപ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ബാറ്ററി സംബന്ധിച്ച വ്യക്തത വരുത്തി വാങ്ങിയിരുന്നുവെങ്കിൽ 27 യു.പി.എസിന് 81,000- രൂപ വീതം 21,87,000/- രൂപ മാത്രമേ ആകെ ചെലവ് വരുമായിരുന്നുള്ളൂ എന്നിരിക്കെ ഇഗാ ടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി ഉൾപ്പെടെ ഒരു യു.പി.എസ്. ന് 99,710/- രൂപ വീതം നൽകി 27 യു.പി.എസ് വാങ്ങിയതിനാൽ 5,05,170/- രൂപയുടെ നഷ്ടം സംഭവിച്ചു.

9. സുപ്രാ ഹൈടെക് ഇലക്ട്രോ എക്വിപ്മെന്റ്സ് എന്ന സ്ഥാപനം ആദ്യം സമർപ്പിച്ച 70,990/- രൂപയുടെ ടെണ്ടർ ഫയലിൽ ഇല്ല. അതുകൊണ്ടു തന്നെ ബാറ്ററി ബാക്കപ്പ്, ബാറ്ററിയുടെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥാപനം നൽകിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

10. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.01.2018 ലെ സ.ഉ.(സാധാ) 97/18 പ്രകാരം ഇങ്ങനെ വാങ്ങാവുന്ന യു.പി.എസുകൾ 3 KVA ആയിരിക്കേണ്ടതും പരമാവധി ഒരു യു.പി.എസിന് ചെലവഴിക്കാവുന്ന തുക നികുതി ഉൾപ്പെടെ 64,270/- രൂപ ആയിരിക്കേണ്ടതുമാണ്. ഇതിന് വിരുദ്ധമായി 5KVA UPS വാങ്ങിയതിനും നിർദ്ദേശിച്ചതിലും അധികമായി തുക ചെലവഴിച്ചതിനും അനുമതി വാങ്ങിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (ഒ.എസ്.32/30.05.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയത് കാരണം അധികം ചെലവഴിക്കേണ്ടി വന്ന 5,05,170/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി 5KVA UPS വാങ്ങിയതിനാൽ ബാക്കി തുകയായ 21,71,070 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 വിജയോത്സവം - 2018 – നഗരസഭകളെ ഏല്പിച്ചിട്ടില്ലാത്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയതിലൂടെ നഗരസഭാ ഫണ്ടിന് ഭീമമായ ചെലവ് വരുത്തി.

| | |
|---|---|
| പ്രൊജക്ട് നം. | 196/2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട് |
| വകയിരുത്തിയ തുക | 10,00,000/- |
| ചെലവ് (2017-18) | 4,90,000/- (ബിൽ നം. 4/2017-18 തീയ്യതി 30/06/2017) |

കോഴിക്കോട് നഗരസഭയുടെ 2017-18 വർഷത്തെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിജയോത്സവം പദ്ധതി പ്രകാരം എസ്.എസ്.എൽ.സി, എച്ച്.എസ്.സി, വി.എച്ച്.എസ്.സി, എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, പഠന പിന്നോക്കക്കാരെ വിജയത്തിലേക്ക് എത്തിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിജയശതമാനം വർദ്ധിപ്പിക്കുക മുതലായവയാണ് ഉദ്ദേശിക്കുന്നത്. അക്കാദമിക് രൂപീകരണം, അധ്യാപകർക്ക് പരിശീലനം, പ്രവർത്തന സഹായി/പഠനസാമഗ്രികൾ/പ്രവർത്തന മാർഗ്ഗരേഖ എന്നിവ തയ്യാറാക്കൽ, പ്രവർത്തന പുരോഗതി അവലോകനം, ഏകീകൃത മൂല്യ നിർണ്ണയം, ഗുണഭോക്താക്കളുടെയും രക്ഷിതാക്കളുടേയും സംയുക്ത ശില്പശാല, എന്നിവയായിരുന്നു നടത്താനുദ്ദേശിച്ചിരുന്ന പ്രവൃത്തികൾ.

2017 മാർച്ച് മാസത്തിൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ട്രഷറിയിൽ സമർപ്പിച്ച പ്രൊജക്ട് ബില്ലിൽ 4,90,000/- രൂപയുടെ ബില്ലുകൾ 'ക്യൂ ലിസ്റ്റിൽ' ഉൾപ്പെടുത്തുകയും, സ്പിൽ ഓവർ ആയി അംഗീകരിച്ച് 64 സ്കൂളുകൾക്ക് മേൽ പരിപാടി നടത്തുന്നതിനായി ഭക്ഷണം നൽകിയ ഇനത്തിൽ ചെലവായ തുക വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 പ്രകാരം സർക്കാരിന്റെ വിവിധ തലത്തിലുള്ള സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകളിൽ നിക്ഷിപ്തമായ ചുമതല. 18.01.1996ലെ (എം.എസ്) 14/96/പൊ.വി നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമെന്നത് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷാനടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപ്പെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്.

2) സ.ഉ(എം.എസ്)നം.4/2016/തസ്വഭവ തീയ്യതി. 11/01/2016 ഖണ്ഡിക 4(8) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏല്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.

3) വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യ വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം ശ്രദ്ധ നൽകി ഉയർത്തിക്കൊണ്ടു വരേണ്ടതും ആ വകുപ്പിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ ചുമതലയാണ്. നഗരസഭകളെ ഏല്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും പദ്ധതികളും പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ആവർത്തന ചെലവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

വിജയോത്സവം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ഭക്ഷണവിതരണത്തിനു മാത്രമായി 2017-18 വർഷത്തിൽ നഗരസഭയുടെ വികസന ഫണ്ടിനു 4,90,000/- രൂപയുടെ ഭീമമായ ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒ.എസിന് (33/31.05.2018) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,90,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 <u>മാർഗ്ഗരേഖക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.</u>

11/01/2016ലെ സ.ഉ (കൈ) നം. 4/2016 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 2016-17 വർഷത്തെയും 03/04/2017 സ.ഉ (കൈ) നം. 79/2017/ത.സ്വ.ഭ.വ. പ്രകാരം 2017-18 വർഷത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിലെ യഥാക്രമം 12.6, 13.8 ഖണ്ഡികകളിൽ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, നടപ്പാതകളുടെ നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, നഗരസഭകളുടെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം സംരക്ഷണം, റോഡ് സംരക്ഷണം പരിപാലനം എന്നീ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ 2017-18 വർഷം വിദ്യാഭ്യാസ ഉപഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | നിർവഹണം | പദ്ധതിയുടെ പേരും നമ്പറും | വകയിരുത്തിയ ഫണ്ട്, അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|
| 1. | വിദ്യാഭ്യാസ ഉപഡയറക്ടർ | തുടർ സാക്ഷരതാ പദ്ധതി സ്പിൽ ഓവർ (204/18) | 1000000 | 382451 | 5/30.06.17 |

| | | | | | |
|---|---|---|---|---|---|
| 2. | | സർക്കാർ വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം സ്പിൽ ഓവർ (206/18) | 2632034 | 180126<br>1681472 | 16/23.10.17<br>1/22.06.17 |
| 3. | | സർഗ്ഗവാസന പരിപോഷണം സ്പിൽ ഓവർ (209/16) | 456500 | 80500 | 24/31.03.18 |
| 4. | കോർപ്പറേഷൻ സെക്രട്ടറി | ഓഫീസ് ഉപയോഗത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രിന്ററുകളും വാങ്ങൽ (220/18) | 2664908 | 2416682 | 39/03<br>05.01.2018 |
| | | ആകെ | | 4741231 | |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം. 30/30-5-18) മറുപടി ലഭ്യമാക്കിയിട്ടില്ല. 4741231/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കുടിവെള്ള ഉൽപാദന വിതരണ പദ്ധതി - അപാകതകൾ.

| | |
|---|---|
| പദ്ധതി നമ്പറും പേരും | 1647/18 (കുടിവെള്ള ഉല്പാദന വിതരണ പദ്ധതി ) |
| നിർവഹണം | കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| പദ്ധതി അടങ്കൽ | വികസന ഫണ്ട് 3,00,000<br>പി.ൻ.ബി. വായ്പ 19,99,500<br>ഗുണഭോക്തൃ വിഹിതം 2,55,500<br>ആകെ 25,55,000 |
| ചെലവ് | 3,00,000/- വികസന ഫണ്ട് |
| ബിൽ നമ്പർ | 02/ 17-08-2017 |

ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉൽപാദനവും വിതരണവും ഉദ്ദേശിച്ച് നടപ്പിലാക്കിയ മേൽ പദ്ധതി സെൻട്രൽ സി.ഡി.എസിനു കീഴിലുള്ള തിരുവോണം അയൽക്കൂട്ടത്തിന്റെ സിറ്റി വാട്ടർ ഗ്രൂപ്പ് എന്ന പേരിൽ 5 പേരടങ്ങുന്ന ഒരു സംരംഭക ഗ്രൂപ്പാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. നിർവ്വഹണ ഏജൻസിയായ ധാരണ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ഗ്രൂപ്പ് സംരംഭകർ കരാർ വെച്ചിട്ടുണ്ട്. ഈ സ്ഥാപനം കരാറിൽ പരാമർശിച്ച 25,55,000/- രൂപയുടെ എസ്റ്റിമേറ്റാണ് പദ്ധതിയ്ക്കു വേണ്ടി തയ്യാറാക്കിയത്. സ.ഉ.(സാധാ)നം.3244/2017/തസ്വഭവ തീയതി 07/10/2017 പ്രകാരം ഒരു യൂണിറ്റിന്റെ നിരക്ക് 25.5 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതാണ് എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റിന്റെ നിർമ്മാണവും ഇൻസ്റ്റലേഷനും സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് ഉത്തരവാദപ്പെട്ട അധികാരികൾ അംഗീകരിച്ചിട്ടില്ല. നഗരസഭയിൽ സ്ഥാപിച്ച യൂണിറ്റിന്റെ മൊത്തം ചെലവു വിവരം ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ.(സാധാ)നം.957/2015/തസ്വഭവ തീയതി 27/03/2015 ലെ ഉത്തരവനുസരിച്ച് '*ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉൽപാദനവും വിതരണവും* ' എന്ന പദ്ധതി സർക്കാർ ഉത്തരവുകളനുസരിച്ച് നടപ്പിലാക്കുന്നതിന്

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനെയാണ് നിർവ്വഹണ ഏജൻസിയായി സർക്കാർ നിശ്ചയിച്ചത്. ' ധാരണ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ മേൽ പദ്ധതിക്ക വേണ്ടി നിയോഗിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

3. സംരംഭക ഗ്രൂപ്പും കുടുംബശ്രീ പ്രോജക്ട് ഓഫീസറും തമ്മിൽ 14/07/2017 ന് ഒപ്പ് വെച്ച കരാർ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമായ 3 ലക്ഷം രൂപ സംരംഭത്തിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതും സംരംഭത്തിന്റെ ഫണ്ട് സബ്സിഡി ലഭ്യമായ വർഷം മുതൽ 3 വർഷം വരെയുള്ള വരവ് ചെലവു കണക്കുകൾ ബന്ധപ്പെട്ട സി.ഡി.എസ്. മുഖേന ലഭ്യമാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ സംരംഭകർ സൂക്ഷിക്കുന്നില്ല. 17/03/2017, 25/04/2017, 20/05/2107 എന്നീ തീയതികളിൽ യഥാക്രമം 9,99,750/-, 5,99,850/-, 3,99,900/- എന്നിങ്ങനെ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും ആകെ 19,99,500/- രൂപ സംരംഭകർ ലോണെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച വരവുകളോ ചെലവുകളോ എഴുതി സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ നിന്നും ലഭിച്ച 3,00,000/- രൂപ ഗ്രൂപ്പിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ സേവിംഗ്സ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.1423002100113554) 17/08/2017 ന് വരവ് വെച്ചിട്ടുണ്ടെങ്കിലും 28/08/2017 ന് 3171165 A എന്ന അക്കൗണ്ടിലേക്ക് പിൻവലിച്ചതായി കാണുന്നു. ഇത് ഏത് അക്കൗണ്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച ചെലവുകൾ പരിശോധിക്കാനായിട്ടില്ല. 02/05/2018 ന് 1,25,000/- രൂപ സേവിംഗ്സ് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി കാണുന്നു. ഇത് എന്ത് ആവശ്യത്തിനാണെന്ന് വ്യക്തമായിട്ടില്ല.

4. ധാരണ ഇൻഫ്രാസ്ട്രക്ച്ചർ എന്ന സ്ഥാപനവുമായി 15/03/2017 ന് സിറ്റി വാട്ടർ ഗ്രൂപ്പ് സെക്രട്ടറി ഒപ്പ് വെച്ച കരാർ പ്രകാരം (ഒറിജിനൽ കരാർ ലഭ്യമാക്കിയിട്ടില്ല) സംരംഭം ബാങ്ക് ലോൺ ലഭ്യമാക്കി എസ്റ്റിമേറ്റ് ചെയ്ത 25,55,000/- രൂപ 3 ഗഡുക്കളായി ബാങ്ക് വഴിയാണ് മേൽ സ്ഥാപനത്തിന് നൽകേണ്ടത്. ഇതിൽ 50% മുൻകൂർ ആയും 30% ഉപകരണങ്ങൾ സൈറ്റിൽ എത്തിച്ചതിന് ശേഷവും 20% പദ്ധതി കമ്മീഷൻ ചെയ്തതിന് ശേഷവുമാണ് അനുവദിക്കേണ്ടത്. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്തതോ സ്ഥാപനത്തിന് തുക നൽകിയത് സംബന്ധിച്ചതോ ആയ വിശദാംശങ്ങൾ സംരംഭകർ എഴുതി സൂക്ഷിച്ചിട്ടില്ല.

5. കരാർ പ്രകാരം വിതരണത്തിന്റെ മേൽനോട്ടം, നിർവ്വഹണം തുടങ്ങിയ എല്ലാ മേഖലകളിലും കമ്പനി സിറ്റി വാട്ടർ ഗ്രൂപ്പുമായി സഹകരിക്കണം. 5 വർഷത്തേക്കാണ് കരാറിന്റെ കലാവധി. 3 മാസത്തിലൊരിക്കൽ സംരംഭകരുമായി യോഗം ചേർന്ന് പദ്ധതി റിവ്യൂ ചെയ്യേണ്ടതാണ്. വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതിന്റെ ഉത്തരവാദിത്തവും ധാരണ ഇൻഫ്രാസ്ട്രക്ച്ചർ എന്ന സ്ഥാപനത്തിനാണ്. എന്നാൽ കരാറിലെ നിബന്ധനകളൊന്നും കമ്പനി പാലിച്ചിട്ടില്ല.

6. പ്രോജക്ട് ഓഫീസർ ഗ്രൂപ്പ് സംരംഭകരുമായി ഒപ്പ് വെച്ച കരാറിൽ 3 വർഷത്തിനുള്ളിൽ പദ്ധതി നിശ്ചലമായാൽ നഗരസഭയിൽ നിന്നും അനുവദിച്ച പദ്ധതി തുക 18% പലിശ സഹിതം ഗ്രൂപ്പ് അംഗങ്ങളിൽ നിന്നും ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 25.5 ലക്ഷം കൈപ്പറ്റിയ ധാരണാ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് കരാറിലെ നിബന്ധനകൾ ലംഘിച്ചാൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കാത്ത കമ്പനിക്കെതിരെ ഏത് തരത്തിലുള്ള നടപടികളാണ് നഗരസഭ/സംരംഭക ഗ്രൂപ്പ് സ്വീകരിക്കുക എന്നത് വ്യക്തമല്ല.

7. 20 ലിറ്റർ ഉൾക്കൊള്ളുന്ന ഒരു കുപ്പി വെള്ളത്തിന് 20/- രൂപയാണ് കരാർ പ്രകാരം നിശ്ചയിച്ചത്. ഇതിൽ 8/- രൂപ പദ്ധതിയുടെ ഓപ്പറേഷൻ, ഇലക്ട്രിസിറ്റി ചാർജ്, പ്ലാന്റിന്റെ പരിപാലനം, ശമ്പളം എന്നിവയ്ക്കായി നൽകാനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാമാസവും 2-ാം തീയതി ലോൺ തിരിച്ചടവ് തുക ബാങ്ക് പിൻവലിക്കുകയും അന്നേ ദിവസം തന്നെ ഒരു കുപ്പിക്ക് 8/- രൂപ വീതം കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ബാക്കി തുക സംരംഭകരുടെ അക്കൗണ്ടിൽ നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ കമ്പനിയുടെ അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ സംരംഭകർക്ക് വിശദീകരിക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി ചാർജ്, വെള്ളത്തിന്റെ ലാബ് ടെസ്റ്റ് എന്നിവയുടെ ചെലവ് ഇപ്പോൾ സംരംഭകർ തന്നെയാണ് വഹിക്കുന്നത്. ഒരു കുപ്പി വെള്ളത്തിന്റെ വിലയിൽ നിന്നും ഈടാക്കുന്ന 8/- രൂപ പ്രോജക്ട് ഓഫീസർ കൈപ്പറ്റുകയും അതിൽ നിന്ന് പ്ലാന്റിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിക്ക് ശമ്പളം പ്രോജക്ട് ഓഫീസർ നേരിട്ട് നൽകുകയുമാണ് ഇപ്പോൾ ചെയ്യുന്നത് എന്നാണ് അന്വേഷണത്തിൽ വ്യക്തമായത്. ഇത് സംബന്ധിച്ച കണക്കുകൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

8. സംരംഭത്തിൽ നിന്ന് ഏതെങ്കിലും ഒരു അംഗം വിട്ടുതൽ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ 3 മാസം മുമ്പ് നോട്ടീസ് നൽകണമെന്ന് 24/03/2017 ലെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസിഡന്റ്, സെക്രട്ടറി, മറ്റ് 3 അംഗങ്ങൾ അടങ്ങിയ സംരംഭക ഗ്രൂപ്പിൽ നിന്ന് പ്രസിഡന്റ് മറ്റ് 2 അംഗങ്ങൾ എന്നിവർ ഇപ്പോൾ സംരംഭവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല എന്നാണ് അന്വേഷണത്തിൽ നിന്നും വ്യക്തമായത്. ശേഷിക്കുന്ന അംഗത്തെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുത്തതിനാൽ നിലവിൽ സെക്രട്ടറിയും പ്രസിഡന്റും മാത്രമാണ് സംരംഭത്തിലെ അംഗങ്ങളായുള്ളത്. കമ്പനിയുമായി ഉണ്ടാക്കിയ കരാറിൽ മാർക്കറ്റിംഗ് സൗകര്യവും വാഹന സൗകര്യവും ഒരുക്കേണ്ടത് പ്രസ്തുത

കമ്പനിയാണ്. എന്നാൽ 2 അംഗങ്ങൾ തന്നെയാണ് മേൽ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നത്. ശുദ്ധീകരിച്ച, ഗുണമേന്മയുള്ള വെള്ളം ജനങ്ങളിലെത്തിക്കാൻ തയ്യാറാക്കിയ മേൽ പദ്ധതി സംരംഭകരുടെ അഭാവം മൂലം ദുർബ്ബലപ്പെടാതിരിക്കാൻ നഗരസഭ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണവും സംരംഭത്തിന്റെ വരവ് ചെലവുകൾ ഓഡിറ്റിന് ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 29.5.2018 ന് നൽകിയ 22ാം നമ്പർ എൻക്വയറിക്ക് 25.6.2018 ന് കുടുംബശ്രീ പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, കുടുംബശ്രീ സംരംഭക ഗ്രൂപ്പ് എന്ന നിലയിൽ സംരംഭത്തിന്റെ വികസനത്തിനു വേണ്ടിയാണ് പരമാവധി സബ്സിഡിയായ 3 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതെന്നും ഏതൊരു സംരംഭകരുടെയും ബാങ്ക് വായ്പ സംബന്ധിയായിട്ടുള്ള കാര്യങ്ങളിൽ ദൈനംദിന വരവ് – ചെലവുകൾ സൂക്ഷിക്കേണ്ടത് സംരംഭകരുടെ ഉത്തരവാദിത്തമാണെന്നും ആയതിനാൽ ടി കാര്യങ്ങൾ സെക്ഷന്റെ പരിധിയിൽ വരുന്ന വിഷയമല്ല എന്നുമാണ് വ്യക്തമാക്കിയത്. പ്രസ്തുത മറുപടി വസ്തു നിഷ്ഠമല്ല. പദ്ധതിയുടെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ പദ്ധതിയുടെ നിലവിലെ പ്രവർത്തന റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതും മറ്റു അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ആരംഭിക്കാത്ത ഗ്രൂപ്പ് സംരഭങ്ങൾക്ക് സബ്സിഡി നൽകാൻ വികസനഫണ്ട് വിനിയോഗിച്ചു.

| | |
|---|---|
| പദ്ധതി നമ്പറും പേരും | 695/18 (കുടുംബശ്രീ അംഗങ്ങൾക്ക് ചെറുകിട ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി ) |
| നിർവഹണം | കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| പദ്ധതി അടങ്കൽ | വികസന ഫണ്ട് 15,00,000<br>ബാങ്ക് ലോൺ 32,50,000<br>ഗുണഭോക്തൃ വിഹിതം 2,50,000<br>ആകെ 50,00,000 |
| ചെലവ് | 15 ലക്ഷം രൂപ (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ | 19/13-01-2018 |

5 മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെടുന്ന 5 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ ചെയ്ത് ജീവിത മാർഗ്ഗം കണ്ടെത്തി അവരെ സമൂഹത്തിലെ ഉന്നത നിലവാരത്തിലെത്തിക്കുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി വികസനഫണ്ടിൽ നിന്നും 15 ലക്ഷം രൂപ പിൻവലിച്ച് നോർത്ത് സി.ഡി.എസിന്റെ യൂണിയൻ ബാങ്കിന്റെ (ചക്കോരത്ത്കുളം) 605402010004756 നമ്പർ അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ പ്രോജക്ട് ഓഫീസർ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(എം.എസ്) നമ്പർ 80/2017/തസ്വഭവ തീയതി03/04/2017 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9 അനുസരിച്ച് ഗ്രൂപ്പ് സംരംഭത്തിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ അവർക്കുള്ള സബ്സിഡി സംരംഭകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാൻ പാടുള്ളൂ. അതായത് ഗ്രൂപ്പുകൾ രൂപീകരിച്ച് തുടങ്ങാനാഗ്രഹിക്കുന്ന സംരംഭത്തിന്റെ പ്രൊപ്പോസൽ നൽകി നഗരസഭയിൽ പേര് രജിസ്റ്റർ ചെയ്യണം. ആയതിന് ശേഷം ബാങ്ക് ലോൺ ലഭ്യമാക്കിയത് ഉറപ്പ് വരുത്തിയതിന് ശേഷമേ സബ്സിഡി തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ പാടുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾ നടക്കാതെയാണ് പ്രോജക്ട് ഓഫീസർ 15 ലക്ഷം രൂപ സി.ഡി.എസ്. ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയത്. സി.ഡി.എസ്. ന്റെ പരിധിയിൽ വരുന്ന കുടുംബശ്രീ അംഗങ്ങൾ രൂപീകരിക്കുന്ന സംരംഭക ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ട തുക സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്കാണ് മാറ്റിയത്.
2. K2/1023/17 നമ്പർ ഫയൽ പരിശോധിച്ചതിൽ 1, 16, 35, 47, 49, 52, 53 എന്നീ വാർഡുകളിലെ കൗൺസിലർമാർ സമർപ്പിച്ച യഥാക്രമം 1, 5, 2, 4, 1, 2, 2 എന്നീ എണ്ണം ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് ലഭ്യമാക്കിയത്. ഇവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണാക്രമം നിശ്ചയിച്ച് ലിസ്റ്റ് ചെയ്തിട്ടില്ല. കുടുംബശ്രീ അംഗങ്ങളിലാരും തൊഴിൽ സംരംഭം തുടങ്ങുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.
3. മേൽ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.11 അനുസരിച്ച് സബ്സിഡി മുൻകൂറായി നൽകാൻ പാടില്ല. ബാങ്ക് ലോൺ ലഭ്യമാക്കി ആയതിന്റെ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ബാങ്ക് മാനേജർ അനുവദിക്കുന്നതിന് വിധേയമായാണ് സബ്സിഡി അനുവദിക്കേണ്ടത്. മാത്രമല്ല ഖണ്ഡിക 8.7 (2) പ്രകാരം ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ് നടത്തിയ

ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്ക് മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ ഈ നിർദ്ദേശവും പാലിച്ചിട്ടില്ല.

4. വാർഡ് കൗൺസിലർമാർ സമർപ്പിച്ച ലിസ്റ്റിലുള്ള വാർഡുകളിലെ എല്ലാ അംഗങ്ങളും കൂടിയാൽ ആകെ 17 അംഗങ്ങൾ മാത്രമാണ് ഉള്ളത്. ഇവരെ ചേർത്ത് ഒരിക്കലും 5 പേരടങ്ങുന്ന 5 ഗ്രൂപ്പുകൾ ഉണ്ടാക്കാൻ സാധ്യമല്ല. മാത്രമല്ല തുടങ്ങാനാഗ്രഹിക്കുന്ന സംരംഭത്തിന്റെ ചെലവിന്റെ 75% മോ 3 ലക്ഷം രൂപയോ ഏതാണ് കുറവ് അത് മാത്രമേ ഒരു ഗ്രൂപ്പിന് അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ ആരംഭിക്കാത്ത ഗ്രൂപ്പിനു വേണ്ടി 15 ലക്ഷം രൂപ ചെലവഴിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

രൂപീകരിക്കാത്ത ഗ്രൂപ്പുകളുടെ പേരിൽ, സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി 15 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നോർത്ത് സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 29.5.2018 ന് നൽകിയ 25ാം നമ്പർ എൻക്വയറിക്ക് കുടുംബശ്രീ പ്രോജക്ട് ഓഫീസർ 14.6.2018 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിന് സമയബന്ധിതമായി അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ നിർവ്വഹണം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സ്വീകരിക്കേണ്ടി വരുന്നതിനാൽ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി വായ്പ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് തുക സി.ഡി.എസിന് കൈമാറിയിട്ടുള്ളത് എന്നാണ് പരാമർശിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചത് ന്യായീകരിക്കത്തക്കതല്ല. മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിന് കൗൺസിലർമാർ ലഭ്യമാക്കിയ വാർഡുകളിലെ ഗുണഭോക്താക്കൾ മതിയാവാത്ത സാഹചര്യത്തിൽ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുക സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്. ചെലവ് തുക 15,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ബാലസഭ കുട്ടികൾക്ക് ബാന്റ്സെറ്റ് - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു.

| | |
|---|---|
| ഫയൽ നമ്പർ | K2/1030/17 |
| പദ്ധതി നമ്പറും പേരും | 830/18 (ബാലസഭ കുട്ടികൾക്ക് സ്കിൽ ഡവലപ്പ്മെന്റിന്റെ ഭാഗമായി ബാന്റ്സെറ്റ് രൂപീകരണം) |
| നിർവഹണം | കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| പദ്ധതി അടങ്കൽ | 3 ലക്ഷം രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 3 ലക്ഷം രൂപ |
| ബിൽ നമ്പർ | 24/09.02.18 |

കുടുംബശ്രീയിലെ ബാലസഭ കുട്ടികൾക്ക് അവരുടെ നൈപുണ്യ വികസനവും കൂട്ടായ്മയും വളർത്തുന്നതിനുള്ള ഒരു പദ്ധതിയായാണ് മേൽ പ്രോജകട് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സേവന മേഖലയിലെ തൊഴിൽ വൈദഗ്ധ്യ പോഷണം, തൊഴിൽ പരിശീലനം എന്ന ഉപമേഖലയിൽ പെടുത്തിയാണ് മേൽ പ്രോജകട് തയ്യാറാക്കിയത്. സ.ഉ.(എം.എസ്) 80/2017/തസ്വഭവ തീയതി 03/04/2017 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 13.5.3 അനുസരിച്ച് തൊഴിൽ സംരംഭ ഗ്രൂപ്പുകളിലെ 18 നം 50 നം മധ്യേ പ്രായമുള്ള ബി.പി.എൽ. വിഭാഗത്തിൽപെട്ട അംഗങ്ങൾക്ക് അവർ ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലയിൽ പരിശീലനം നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. പരിശീലന ചെലവിന്റെ 10% തുക പരിശീലനാർത്ഥിയുടെ വിഹിതമായി പ്രോജക്റ്റിൽ വകയിരുത്തേണ്ടതാണ്. ഇതിന് വിരുദ്ധമായി ബാലസഭാ കുട്ടികൾക്കുള്ള നൈപുണ്യ വികസനമായാണ് ബാന്റ്സെറ്റ് രൂപീകരണം നടത്തിയത്. ബാലസഭാ കുട്ടികൾക്ക് തൊഴിൽ വൈദഗ്ധ്യ മേഖലയിൽപെടുത്തി വകസനഫണ്ട് ചെലവഴിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

2. സ.ഉ.(എം.എസ്) 4/2016/ത.സ്വ.ഭ.വ. തീയതി 11/01/2016 നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും ഉത്തരവിലെ ഖണ്ഡിക 7.18 അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യാപകമായ പ്രചരണം നടത്തി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം കൊടുക്കണം. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ്

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. അർഹരായവരിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ആയതിന് അയൽസഭകളുടെ ശുപാർശ സഹിതമുള്ള ലിസ്റ്റ് വാർഡ് സഭ/വാർഡ് കമ്മറ്റിയിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങിയതിന് ശേഷമാണ് ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി നോർത്ത്, സൗത്ത്, സെൻട്രൽ സി.ഡി.എസ്. കൾ സമർപ്പിച്ച 22 കുട്ടികളുടെ ലിസ്റ്റ് പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ഭരണസമിതി അംഗീകരിക്കുകയാണ് ചെയ്തത്. പദ്ധതിക്ക് വേണ്ടി അപേക്ഷകൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

3. സ.ഉ.(എം.എസ്) 79/2017/ത.സ്വ.ഭ.വ. തീയതി 03/04/2017 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 13.4.(2) പ്രകാരം കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക പങ്കാളിത്ത വകസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാലസഭാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് നഗരസഭകൾക്ക് തുക വിനിയോഗിക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്) 2017/ത.സ്വ.ഭ.വ. തീയതി 03/04/2017 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 23 അനുസരിച്ച് കോർപ്പറേഷനുകളിലെ ബാലസഭാ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ചെലവഴിക്കാനാണ് നിർദേശം ഉള്ളത്. എന്നാൽ ബാലസഭാ കുട്ടികളുടെ നൈപുണ്യവികസനത്തിന് വേണ്ടി വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാൻ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നില്ല.

4. പദ്ധതിയുടെ പ്രവർത്തനത്തിനായി വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും 09/02/2018 ന് 24-ാം നമ്പർ ബിൽ പ്രകാരം പിൻവലിച്ച 3 ലക്ഷം രൂപ അതേ ദിവസം തന്നെ സെൻട്രൽ സി.ഡി.എസ്. ന്റെ കോർപ്പറേഷൻ ബാങ്കിന്റെ ചെറൂട്ടി റോഡ് ബ്രാഞ്ചിലുള്ള 520101048767596 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും 2,80,000/- രൂപയാണ് പദ്ധതി നിർവ്വഹണത്തിന്റെ അക്രഡിറ്റഡ് ഏജൻസിയായി കുടുംബശ്രീ നിശ്ചയിച്ച 'ഏക് സാത്ത് ' എന്ന സ്ഥാപനത്തിന് 14/03/2018 ന് നൽകിയത്. പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ വിവിധ ഘട്ടങ്ങളിലെ ചെലവിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതിയുടെ അടങ്കൽ തുക മുഴുവനായും മുൻകൂറായി പിൻവലിച്ച് സി.ഡി.എസ്. ന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

5. പദ്ധതിയുടെ അക്രഡിറ്റഡ് ഏജൻസിയായ 'ഏക് സാത്ത് ' ഉം കുടുംബശ്രീ മെമ്പർ സെക്രട്ടറിയും തമ്മിൽ 14/03/2018 നാണ് കരാർ ഒപ്പ് വെച്ചത്. കരാർ വെക്കുന്നതിന് മുമ്പ് തന്നെ പദ്ധതി പണം മുൻകൂറായി പിൻവലിച്ചു. ജി.ഒ.(പി) 177/2006/ധന തീയതി 12/04/2006 ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 6.1 അനുസരിച്ച് തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. 'ഏക് സാത്ത് ' മായി ഒപ്പുവെച്ച കരാറിൽ 3,50,000/- രൂപയാണ് പ്രോജക്ടിന്റെ ചെലവായി രേഖപ്പെടുത്തിയത്. ആയതിന്റെ 80% തുകയായ 2,80,000/- രൂപ സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചു. പരിശീലനത്തിന്റെ കാലയളവ്, പരിശീലനം നൽകുന്നവരുടെ യോഗ്യത എന്നിവയെ കുറിച്ചൊന്നും കരാറിൽ സൂചിപ്പിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കുന്നതിന് 2,80,000/- രൂപ 14/03/2018 ന് 'ഏക് സാത്ത് ' ന്റെ സെക്രട്ടറി ശ്രീമതി.ടി.സുനിതക്ക് നൽകിയത്. എന്നാൽ പരിശീലനം നൽകിയത് സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും ഫയലിൽ ഇല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 30.5.2018 ന് നൽകിയ 27ാം നമ്പർ എൻക്വയറിക്ക് 24.6.2018 ന് കുടുംബശ്രീ പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, ഈ പ്രോജക്ടിന് ആവശ്യമായ കുട്ടികളുടെ പരമാവധി എണ്ണം 22 അംഗങ്ങളാണ് എന്നതിനാലും കുടുംബശ്രീ ബാലസഭ കുട്ടികൾക്കാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നതു കൊണ്ടും ബന്ധപ്പെട്ട വാർഡ് കമ്മിറ്റിയിൽ വെച്ച് ഇതിന് അംഗീകാരം തേടിയിട്ടില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി ന്യായീകരിക്കാവുന്നതല്ല. മറ്റു അപാകതകൾക്കും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ബാലസഭ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാൻ സർക്കാർ നിർദ്ദേശമുള്ളൂ എന്നിരിക്കെ അധികം ചെലവഴിച്ച 2 ലക്ഷം രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക വികസനഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-7 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ച് കക്കൂസ് റിപ്പയർ.

| | |
|---|---|
| പ്രോജക്ട് നം. | 766/18 |
| നിർവഹണം | കുടുംബശ്രീ പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 57,75,000/- (വികസന ഫണ്ട്) |
| ചെലവ് | 24,72,600/- |

| | |
|---|---|
| ബിൽ നമ്പർ | (1) 28/09.02.18 (13,20,000/-)<br>(2) 36/26.02.18 (6,10,000/-)<br>(3) 40/13.03.18 (1,00,000/-)<br>(4) 53/22.03.18 (3,04,800/-)<br>(5) 54/31.03.18 (1,37,800/-) |

ജി.ഒ.(എം.എസ്) നം. 79/2017/തസ്വഭവ തീയതി 03/04/2017 പദ്ധതി മാർഗ്ഗ രേഖ പ്രകാരം നഗരസഭകൾ ഏറ്റെടുക്കേണ്ട പദ്ധതികളിൽ മുൻഗണന നൽകുന്ന ഒരു ഘടകം ശുചിത്വമാണ്. പൊതു പ്രദേശങ്ങളായ കവലകൾ, ബസ്റ്റാന്റ്, പാർക്കുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ അവിടെ വരുന്ന ജനങ്ങൾക്ക് ആനുപാതികമായി പൊതു ശൗചാലയങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 12.12.2 പ്രകാരം നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളിൽ ഉപഖണ്ഡിക 10 അനുസരിച്ച് ബി.പി.എൽ. വിഭാഗത്തിലെ പുതിയ കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരമുള്ള ഭവനങ്ങളിൽ മാത്രം വ്യക്തിഗത ഗാർഹിക കക്കൂസുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാം. ഉപഖണ്ഡിക 11 പ്രകാരം ആവശ്യാനുസരണം വെള്ളവും വൈദ്യുതിയും ലഭ്യമാക്കി കമ്മ്യൂണിറ്റി ശൗചാലയങ്ങളും പൊതു ശൗചാലയങ്ങളും നിർമ്മിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി മേൽ പ്രോജക്റ്റ് പ്രകാരം 2017-18 വർഷം നഗരസഭയിൽ കക്കൂസ് റിപ്പയർ ചെയ്യുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. കക്കൂസ് റിപ്പയർ ചെയ്യുന്നതിന് പദ്ധതി മാർഗ്ഗേരഖയിൽ നിർദ്ദേശങ്ങളില്ല. പുതിയ കക്കൂസ് നിർമ്മാണത്തിന് ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 15,400/- രൂപയാണ്. ഓരോ വാർഡിൽ നിന്നും 5 പേരെ വീതം ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തു കൊണ്ട് 375 പേർക്കുള്ള കക്കൂസ് റിപ്പയറിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇവരിൽ 237 പേർക്ക് ഒന്നാം ഗഡുവായ 10,000/- രൂപ വീതവും 19 പേർക്ക് 2-ാം ഗഡുവായ 5,400/- രൂപ വീതവും ഉൾപ്പെടെ ആകെ 24,72,600/- രൂപ മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

2. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ 73% പേരുടേയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ഒരൊറ്റ എഞ്ചിനീയർ തന്നെയാണ്.

3. സ.ഉ.(സാധ) നം.417/2017/തസ്വഭവ തീയതി 14/02/2017 പ്രകാരം ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളാൽ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണ പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുള്ള ദുർഘട പ്രദേശങ്ങളിൽ വ്യക്തിഗത കക്കൂസുകളുടെ യഥാർത്ഥ നിർമ്മാണച്ചെലവിൽ യൂണിറ്റ് കോസ്റ്റിനെ അധികരിക്കുന്ന തുക കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് മുഖേനയോ ആയത് ലഭ്യമായില്ലെങ്കിൽ തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ വകയിരുത്തിയോ ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പ്രോജക്റ്റ് റിപ്പോർട്ടിൽ ഇങ്ങനെയൊരു പദ്ധതിരൂപീകരണത്തിന്റെ സാഹചര്യങ്ങളൊന്നും വ്യക്തമാക്കിയിട്ടില്ല.

മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി കക്കൂസ് റിപ്പയറിന് വികസനഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസിന് (28/30.5.2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 24,72,600/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 വീട് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വിവിധ ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്റ്റ് ഓഫീസറുടെ നിർവ്വഹണത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| I | |
|---|---|
| പ്രൊജക്റ്റ് | 459/18 , വീട് പുനരുദ്ധാരണം, 2017-18 |
| അടങ്കൽ | 1,87,50,000/- (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവ് | ബിൽ നം. 26/30.01.18 - 22,50,000/-<br>ബിൽ നം. 35/22.08.18 - 10,50,000/- |

| | |
|---|---|
| | ബിൽ നം. 47/08.03.18 - 5,50,000/-<br>ബിൽ നം. 50/20.03.18 - 11,75,000/-<br>ബിൽ നം. 58/28.03.18 -9,00,000/-<br>59,25.000/- |

| II | |
|---|---|
| പ്രൊജക്റ്റ് | S 1634/18 , വീട് പുനരുദ്ധാരണം |
| അടങ്കൽ | 1,05,60,000/- (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവ് | ബിൽ നം. 07/26.09.17 - 3,60,000/-<br>ബിൽ നം. 10/06.10.17 - 7,00,000/-<br>ബിൽ നം. 11/12.10.17 - 2,70,000/-<br>ബിൽ നം. 12/21.10.17 - 3,60,000/-<br>ബിൽ നം. 13/15.11.17 - 6,70,000/-<br>ബിൽ നം. 16/20.11.17 - 75,000/-<br>ബിൽ നം. 17/20.11.17 - 5,30,000/-<br>ബിൽ നം. 32/15.02.18 - 5,30,000/-<br>ബിൽ നം. 34/22.02.18 - 40,000/-<br>ബിൽ നം. 45/08.03.18 – 15,000/-<br>ബിൽ നം. 46/08.03.18 – 40,000/-<br>ബിൽ നം. 51/20.03.18 - 1,20,000/-<br>ബിൽ നം. 56/28.03.18 - 30,000/-<br>ബിൽ നം. 57/28.03.18 - 3,30,000/-<br>--------------<br>40,70,000 |

03.04.2017ലെ ജി.ഒ (എം.എസ്) 80/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വീട് പുനരുദ്ധാരണത്തിനായി ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. കൂടാതെ അവസാനഗഡു തുക നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയിരിക്കേണ്ടതുമാണ്.

പ്രൊജക്റ്റ് നമ്പർ 459/18 പ്രകാരം 225 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് രണ്ട് ഗഡുക്കളായി ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് (ആകെ 50,000/- രൂപ വീതം). ഇതിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി എന്നും, ഇവർക്ക് എത്ര ഗഡു വീതം നൽകി എന്നുമുള്ള വിവരം രേഖപ്പെടുത്തി ധനസഹായ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പി.എൻ.എം ഫവാസ് കരീം എന്ന എഞ്ചിനീയർ തയ്യാറാക്കിയ 75,000/- രൂപയുടെ എസ്റ്റിമേറ്റാണ് ഗുണഭോക്താക്കൾ സമർപ്പിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ പേര് മാത്രം മാറ്റി പകർപ്പെടുത്ത് വച്ചിരിക്കുന്ന പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം എല്ലാവരുടെയും പ്രവൃത്തി ഇനങ്ങളും , പ്രവൃത്തിയും, അവയുടെ എസ്റ്റിമേറ്റ് തുകയും സമാനമാണ്. ഈ എസ്റ്റിമേറ്റുകൾ എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിക്കാതെയാണ് ആദ്യ ഗഡു തുക

നൽകിയിരിക്കുന്നത്.

2016-17 വർഷത്തിൽ വീട് പുനരുദ്ധാരണത്തിനായി ഒന്നാം ഗഡു നൽകിയ ഗുണഭോക്താക്കൾക്ക് പ്രൊജക്റ്റ് നമ്പർ S1634/18 പ്രകാരം രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. എത്ര ഗുണഭോക്താക്കൾക്കാണ് 2016-17ൽ ധനസഹായം നൽകിയിട്ടുള്ളതെന്നോ തൻവർഷം എത്ര പേർക്കാണ് ധനസഹായം നൽകുന്നതെന്നോ പ്രൊജക്റ്റിൽ വ്യക്തമാക്കിയിട്ടില്ല. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്താതെ വാർഡ് കൗൺസിലറുടെയും ബിൽ കലക്ടറുടെയും റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലാണ് രണ്ടാം ഗഡു നൽകിയിട്ടുള്ളത്. ഇവർക്ക് ഒന്നാം ഗഡു നൽകിയതുമായി ബന്ധപ്പെട്ട രേഖകളോ, ധനസഹായം നൽകിയതു സംബന്ധിച്ച രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾക്കു തന്നെയാണോ രണ്ടാം ഗഡു നൽകിയത് എന്ന് ഉറപ്പ് വരുത്താനും സാധിച്ചിട്ടില്ല.

മേൽപറഞ്ഞ രണ്ടു പ്രൊജക്റ്റുകളിലും ചെലവു തുകയ്ക്കുള്ള ബില്ലുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റിൽ തുക നൽകുന്ന ഗുണഭോക്താക്കളുടെ വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 75 വാർഡുകളിലെയും ഗുണഭോക്താക്കളെ ഇടകലർത്തിയാണ് ഓരോ ബില്ലും തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ ഏത് വാർഡിലെ ഗുണഭോക്താവിനാണ് തുക നൽകുന്നതെന്നോ, ഇവർക്ക് ഒന്നിലധികം തവണ തുക നൽകിയിട്ടുണ്ടോ എന്നോ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 104/29.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പരിശോധിക്കാതെയും മൂല്യ നിർണ്ണയം നടത്താതെയും വിതരണം ചെയ്ത ആകെ തുക 99,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പറും | 739/18, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -2018 |
| നിർവ്വഹണം | സി.ഡി.പി.ഒ, അർബൻ-III, കോഴിക്കോട് കോർപ്പറേഷൻ |
| അടങ്കൽ | 2,11,53,402/- ( വികസനഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | 1,99,38,152/-<br>ബിൽ നം. 09/17-18 തീയതി 08.01.2018 - 9,18,500/-<br>ബിൽ നം. 10/17-18 തീയതി 08.01.2018 - 23,34,800/-<br>ബിൽ നം. 11/17-18 തീയതി 23.01.2018 - 24,13,000/-<br>ബിൽ നം. 13/17-18 തീയതി 14.02.2018 - 23,61,350/-<br>ബിൽ നം. 14/17-18 തീയതി 14.02.2018 - 23,78,800/-<br>ബിൽ നം. 15/17-18 തീയതി 23.01.2018 - 23,95,480/-<br>ബിൽ നം. 16/17-18 തീയതി 23.01.2018 - 24,79,850/-<br>ബിൽ നം. 17/17-18 തീയതി 17.03.2018 - 22,01,122/-<br>ബിൽ നം. 24/17-18 തീയതി 28.03.2018 - 24,55,250/-) |

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള സബ്സിഡിയും

അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 03.04.2017ലെ (എം.എസ്) 80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 10.3.4ൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പുകളുടെ നിരക്ക് വ്യക്തമാക്കിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി മേൽ പ്രൊജക്റ്റ് പ്രകാരം 1,99,38,152/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

<u>I. അർഹതയുള്ളതിനേക്കാൾ കൂടുതൽ തുക സ്കോളർഷിപ്പായി നൽകി</u>

i) ഗുണഭോക്താവ് : അതുൽ.ടി, S/o വേലായുധൻ, മൂഴിക്കൽ

വാർഡ് നമ്പർ : 16, മൂഴിക്കൽ

നൽകിയ സ്കോളർഷിപ്പ് തുക : 28,500/-

ബിൽ : 10/08.01.18( ക്രമ നം. 78)

സ്കോളർഷിപ്പിനുള്ള അപേക്ഷയിൽ 40% കാഴ്ചവൈകല്യമുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവിന് 28,500/- രൂപയാണ് സ്കോളർഷിപ്പായി നൽകിയിട്ടുള്ളത്. അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. ഭിന്നശേഷിയുള്ളവർക്കുള്ള സർക്കാർ തൊഴിൽ പരിശീലന കേന്ദ്രത്തിലെ വിദ്യാർത്ഥിയായ മേൽ ഗുണഭോക്താവിന് ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പായ 13,500/- രൂപയ്ക്കേ അർഹതയുള്ളൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/22.05.2018 ) മറുപടിയായി കുട്ടിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണ് എന്നും കുട്ടിക്ക് കാഴ്ചവൈകല്യം മാത്രമല്ല പഠനവൈകല്യവും ബുദ്ധിപരമായ വൈകല്യവും ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ii) ഗുണഭോക്താവ് : അഹമ്മദ് നിഷാം, S/o ഇസ്മയിൽ, കോയർകണ്ടി പറമ്പ്, കൊളത്തറ

വാർഡ് നമ്പർ : 44, കുണ്ടായിത്തോട്

നൽകിയ സ്കോളർഷിപ്പ് തുക : 28,500/-

ബിൽ : 14/14.02.18( ക്രമ നം. 66)

മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 89% കേൾവിക്കുറവുള്ള ഗുണഭോക്താവിന് 28,500/- രൂപ സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. എന്നാൽ IX ാം ക്ലാസ് വിദ്യാർത്ഥിയായ ഗുണഭോക്താവിന് 8,000/- രൂപ സ്കോളർഷിപ്പിനേ അർഹതയുള്ളൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുട്ടിക്ക് ബുദ്ധിപരമായ വൈകല്യം കൂടി ഉള്ളതിനാലാണ് തുക അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>II. അർഹതയില്ലാത്ത ആൾക്ക് സ്കോളർഷിപ്പ് നൽകി</u>

i) ഗുണഭോക്താവ് : ഫൗസിയ.കെ, D/o മറിയംബി.പി , തെക്കെപ്പാടം, നല്ലളം

വാർഡ് നമ്പർ : 43, കൊളത്തറ

നൽകിയ സ്കോളർഷിപ്പ് തുക :12,000/-

ബിൽ : 14/14.02.18 (ക്രമ നം. 54)

വിദ്യാലയത്തിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കൾക്ക് 1,000/- രൂപ പ്രതിമാസ ബത്തയ്ക്ക് അർഹതയുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 18 വയസ്സിന് താഴെയുള്ളവർക്കേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. 18 വയസ്സ് കഴിഞ്ഞ ഫൗസിയയ്ക്ക് ( ജനനതീയതി 04.07.1991) 12,000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽയകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഫൗസിയ.കെ എന്ന ഗുണഭോക്താവ് റോഷി സ്കൂളിലെ വിദ്യാർത്ഥിയാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 47,500/- രൂപ ( അതുൽ.ടി : 28500-13500 = 15000, അഹമ്മദ് നിഷാം: 28500-8000=20500, ഫൗസിയ.കെ : 12000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 അനുപൂരക പോഷകാഹാര പരിപാടി - കേന്ദ്രവിഹിതം വിനിയോഗിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ. അർബൻ-3 |
| പ്രോജക്ട് നം | എസ്.ഒ.431/18 |

6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, 3-6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, കൗമാരക്കാരായ പെൺകുട്ടികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള അനുപൂരക പോഷകാഹാര പദ്ധതിക്ക് വേണ്ടിയുള്ള 2017-18 വർഷത്തെ പ്രോജക്ട് പ്രകാരം വികസന ഫണ്ട് ഒരു കോടിരൂപയും കേന്ദ്രവിഹിതമായി 25 ലക്ഷം രൂപയുമടക്കം ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അടങ്കൽ വകയിരുത്തി. അനുപൂരക പോഷകാഹാര പദ്ധതിക്കായി ചെലവഴിക്കുന്ന തുകയുടെ 50% കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നൽകുകയും സംസ്ഥാന സർക്കാർ ശിശു വികസന പദ്ധതി ഓഫീസർ മുഖാന്തിരം ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കേന്ദ്ര വിഹിതം കൈമാറുകയും ചെയ്യുന്നു.

2017-18 വർഷം അർബൻ-3 യിൽ 1 കോടി രൂപ പദ്ധതിക്കായി ചെലവ് വന്നതിനാൽ 50 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ പദ്ധതിക്കായി ചെലവാക്കിയ ഒരു കോടി രൂപയും വികസനഫണ്ടിൽ നിന്നും പിൻവലിച്ചു. തൻവർഷം കേന്ദ്ര വിഹിതമായി താഴെ പറയുന്ന പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ലഭിച്ച തുക | ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച തീയതി | റിമാർക്സ് |
|---|---|---|
| 7,72,013 | 27/10/2017 | 2017-18 (ജനറൽ) 50% I-ക്വാർട്ടർ |
| 26,16,381 | 31/03/2018 | 2017-18 (ജനറൽ) 50% II & III-ക്വാർട്ടർ |
| 26,050 | 31/03/2018 | 2017-18 (എസ്.സി) 50% II- & IIIക്വാർട്ടർ |
| 34,14,444 | | |

എന്നാൽ ലഭിച്ച തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ നഗരസഭ സെക്രട്ടറിയുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിലെ 142300010546711 നമ്പർ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. അനുപൂരക പോഷകാഹാര വിതരണ ചെലവിന്റെ 50% കേന്ദ്രവിഹിതമായി ലഭിക്കുമെന്നിരിക്കെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും ചെലവഴിക്കുക വഴി 50 ലക്ഷം രൂപ വികസനഫണ്ടിന്റെ അധിക ചെലവിന് കാരണമായിട്ടുണ്ട്. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക അതാത് വർഷം വിനിയോഗിക്കാതെ സൂക്ഷിക്കുന്നത് വഴി യഥാസമയം ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുകയും വിനിയോഗിക്കാത്ത തുക തിരിച്ചടക്കേണ്ടി വരികയോ അല്ലാത്ത പക്ഷം തുടർ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ നിന്നും കുറവ് വരുത്തുന്നതിനായി ഇടവരുത്തുകയോ ചെയ്യുന്നു. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസിനു (18/22.05.18) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-11 ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് - ആദായ നികുതി ഈടാക്കാത്തതും മറ്റ് അപാകതകളും.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ. അർബൻ-3 |
| പ്രോജക്ട് നം | എസ്.ഒ. 431/18 |

അങ്കണവാടി പോഷകാഹാര വിതരണം 2018 എന്ന പ്രോജക്ടിൽ ഭക്ഷ്യവസ്തുക്കൾ അങ്കണവാടികളിൽ വിതരണം ചെയ്തതിന് ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ശ്രീ.കെ.ലത്തീഫ്, കുറ്റിയിൽ ഹൗസ്, ഫറോക്ക് കോളേജ് (പി.ഒ) എന്നയാൾക്ക് 1,71,604/- രൂപ താഴെ ചേർത്ത പ്രകാരം നൽകിയിട്ടുണ്ട്.

| ട്രഷറി നമ്പർ | തുക |
|---|---|
| 4/17-18, തീയതി 11.10.17 | 35,332 |

| | |
|---|---|
| 12/17-18, തീയതി 27.01.18 | 48,368 |
| 18/17-18, തീയതി 23.03.18 | 45,849 |
| 23/17-18, തീയതി 28.03.18 | 42,055 |
| ആകെ | 1,71,604 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 01/06/2016 മുതൽ ഒരു തവണ 30,000/- രൂപയോ സാമ്പത്തിക വർഷത്തിൽ ആകെ 1,00,000/- രൂപയിൽ അധികമോ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ കോൺട്രാക്ട് തുക നൽകുമ്പോൾ വ്യക്തികളിൽ നിന്നും 1% തുകയും പാൻകാർഡ് ഇല്ലെങ്കിൽ 20% തുകയും ആദായനികുതിയിനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കണം. 2017-18 വർഷം 1,71,604/- രൂപ ഭക്ഷ്യ വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് കൈപ്പറ്റിയ ശ്രീ.കെ.ലത്തീഫ് എന്നയാളിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ടിയാന്റെ പാൻകാർഡിന്റെ വിവരവും ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ട്രാൻസ്പോർട്ടേഷൻ ചാർജ് - ടെണ്ടർ നടപടി സ്വീകരിച്ചില്ല

2017-18 വർഷം അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് പാക്കറ്റുകൾ വാഹനത്തിൽ വിതരണം ചെയ്തത് ശ്രീമതി.ടി.മിനി, ബേപ്പൂർ എന്നവരും അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും വാഹനത്തിൽ വിതരണം ചെയ്തത് ശ്രീ.കെ.ലത്തീഫ്, ഫറോക്ക് കോളേജ് എന്നയാളുമാണ്. 2017-18 വർഷത്തെ ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് സംബന്ധിച്ച് ടെണ്ടർ പരസ്യം തയ്യാറാക്കി പത്രം പരസ്യം നൽകുന്നതിന് ജില്ല ഇൻഫർമേഷൻ ഓഫീസറുടെ പേരിൽ 20/12/2017, 23/01/2018 തീയതികളിൽ കത്ത് തയ്യാറാക്കിയത് ഫയലിൽ ഉണ്ട്. എന്നാൽ പത്രപരസ്യം നൽകി മത്സരാധിഷ്ഠിത ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. ടെണ്ടർ നടപടി സ്വീകരിക്കാതെ മേൽ പറഞ്ഞ രണ്ട് വ്യക്തികൾക്കും 2016-17 വർഷത്തെ നിരക്ക് പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുണ്ട് (ശ്രീമതി.ടി.മിനി 1.70 രൂപ/കി.ഗ്രാം, ശ്രീ.കെ.ലത്തീഫ് 1.65 രൂപ/കി.ഗ്രാം). കോർപ്പറേഷൻ ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 2/2017 തീയതി 25/08/2017 തീരുമാനപ്രകാരം 2017-18 വർഷത്തെ ട്രാൻസ്പോർട്ടേഷൻ ചാർജ് ടെണ്ടർ സ്വീകരിക്കുന്നത് വരെ 2016-17 വർഷം കരാർ വെച്ച ശ്രീ.കെ.ലത്തീഫിന് സാധനങ്ങൾ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തുന്ന തീരുമാനം നഗരസഭ കൗൺസിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കൗൺസിൽ തീരുമാന വിവരം ഫയലിൽ ഇല്ല. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കാതെയും കൗൺസിൽ തീരുമാനം ഇല്ലാതെയും കരാർ ചമക്കാതെയും അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 2017-18 ൽ യഥാക്രമം 65,497/- രൂപയും 1,71,604/- രൂപയും നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 19/22.05.18 ആയി ഒ.എസ്. നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നൽകിയ തുക 1,71,604/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 പ്രവർത്തനം തുടങ്ങാത്ത ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങി നൽകി.

2017-18 വർഷത്തിൽ രണ്ടു വ്യത്യസ്ത പ്രോജക്ടുകളിലായി നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്റിനറി സർജൻ കോർപ്പറേഷനു കീഴിലുള്ള എ.ബി.സി. സെന്ററിലേയ്ക്കും, വിവിധ വെറ്റിനറി ഹോസ്പിറ്റലുകളിലേയ്ക്കും ആവശ്യമായ ഫർണീച്ചറുകൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ മെഷിനറികൾ, വിവിധ ഇലക്ട്രിക്കൽ മെഷിനറികൾ എന്നിവ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പ്രോജക്ട് നമ്പർ | SO229/18 | |
| | പ്രോജക്ടിന്റെ പേര് | വെറ്റിനറി ഹോസ്പിറ്റലുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | |
| | അടങ്കൽ | 19,75,000 | പൊതുവിഭാഗം വികസനഫണ്ട് |
| | ചെലവ് | 19,75,000 | ബിൽ നമ്പർ 14/17-18/31.03.2018 |

| | | | | |
|---|---|---|---|---|
| 2. | പ്രോജക്ട് നമ്പർ | 230/18 | | |
| | പ്രോജക്ടിന്റെ പേര് | എ.ബി.സി.മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ - ഉപകരണങ്ങൾ, മരുന്നുകൾ,ഡോഗ് വാൻ വാങ്ങിക്കൽ 2018 | | |
| | അടങ്കൽ | 62,70,000 | പൊതുവിഭാഗം വികസനഫണ്ട് | |
| | ചെലവ് | 24,06,691 | ബിൽ നമ്പർ 7/17-18 /16.03.2018 | 9,000/- |
| | | | ബിൽ നമ്പർ 10/17-18/24.03.2018 | 3,15,374/- |
| | | | ബിൽ നമ്പർ 13/17-18/31.03.2018 | 20,82,317/- |

മേൽ രണ്ടു പ്രോജക്ടുകളിലും ഇ-ടെണ്ടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. 16.01.2018 ന് യഥാക്രമം 185/17, 186/17 എന്നീ നമ്പറുകളിലായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു. വാങ്ങൽ പ്രക്രിയയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വിവിധ ട്രേഡ് ഗ്രൂപ്പുകളിലുള്ള ഇനങ്ങൾ തരം തിരിക്കാതെ ടെണ്ടർ ചെയ്തു.

സർക്കാർ ഉത്തരവ് (പി) നം.3/2013/SPD, dated 21.06.2013 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4ൽ വിവരിക്കുന്ന രീതിയിൽ കൃത്യമായി പ്രത്യേകതരങ്ങളായി തിരിച്ച് (വിവിധ ട്രേഡ് ഗ്രൂപ്പുകളായി)ഓരോ തരത്തിനും പ്രത്യേകം ടെണ്ടർ നൽകണം. ഈ ഖണ്ഡികയുടെ ഉപഖണ്ഡിക (എ) പ്രകാരം ഒരു ടെണ്ടറിൽ വിവിധ തരത്തിലുള്ള ഒട്ടേറെ സാധനങ്ങൾ ഉൾപ്പെടെരുതെന്നും, വാങ്ങൽ നടപടി വലുതാണെങ്കിൽ ടെണ്ടർ നോട്ടീസിൽ ഒന്നോ, അല്ലെങ്കിൽ ഒരു തരത്തിലുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എന്നാൽ സീനിയർ വെറ്ററിനറി സർജൻ നടത്തിയ മേൽ പ്രോജക്ടുകളിൽ ഒന്നാമത്തേതിൽ അനക്സർ 4 ൽ വിവരിക്കുന്ന ഗ്രൂപ്പ് I ൽ ഉൾപ്പെടുന്ന പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി, ഗ്രൂപ്പ് IV ലെ എ, ബി, സി എന്നിവയിലെ മെഡിക്കൽ, ഇലക്ട്രോ മെഡിക്കൽ, ഫോട്ടോഗ്രാഫിക് മെറ്റീരിയൽസ് എന്നിവ, ഗ്രൂപ്പ് VII ൽ ഉൾപ്പെടുന്ന സബ് ഗ്രൂപ്പ് എ- ഇലക്ട്രിക്കൽ ഐറ്റംസിൽ ഉൾപ്പെടുന്ന എയർ കണ്ടീഷനർ, റെഫ്രിജറേറ്റർ, സബ് ഗ്രൂപ്പ് ബി-ഇലക്ട്രിക്കൽ എക്യുപ്മെന്റിൽ ഉൾപ്പെടുന്ന കമ്പ്യൂട്ടറുകൾ തുടങ്ങിയ വിവിധ തരത്തിലുള്ള 142 ഓളം ഇനങ്ങളടങ്ങിയ വാങ്ങൽ നടപടിയ്ക്ക് ഒരൊറ്റ ടെണ്ടർ ആണ് നൽകിയിരിക്കുന്നത്. ഇതേ രീതിയിൽ രണ്ടാമത്തെ പ്രോജക്ടിൽ മുകളിൽ വിവരിച്ച ഗ്രൂപ്പുകളിൽപെടുന്ന 206 ഇനങ്ങളുടെ വാങ്ങലിന് മറ്റൊരു ടെണ്ടറും നൽകി.

രണ്ടു ടെണ്ടറുകൾക്കും ആറു വീതം സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ടെങ്കിലും പല ഇനങ്ങൾക്കും ഒരു സ്ഥാപനം മാത്രമാണ് നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത്. ഉദാഹരണമായി വിവിധ ഫർണീച്ചറുകൾ, റെഫ്രിജറേറ്റർ, പോർട്ടബിൾ എക്സ്റേ, കമ്പ്യൂട്ടറുകൾ, പ്രിന്റർ, ഹാന്റികാം, ക്യാമറ, പ്രൊജക്ടർ,കർട്ടൺ മെറ്റീരിയൽ, ഇമ്മ്യൂണോളജി അനലൈസർ തുടങ്ങിയവയ്ക്ക് ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. നിരക്ക് ക്വാട്ട് ചെയ്തവരിൽ നിന്നു തന്നെ പ്രസ്തുത ഇനങ്ങൾ വാങ്ങുകയും ചെയ്തു. ഈ ഇനങ്ങളുടെ വാങ്ങലുകളിൽ മത്സരാധിഷ്ഠിതമായ താരതമ്യങ്ങളൊന്നും നടന്നിട്ടില്ല. ഇത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആദ്യ പ്രോജക്ടിലെ ആകെയുള്ള 142 ഇനങ്ങളിൽ 32 ഇനങ്ങൾക്കും, രണ്ടാമത്തേതിൽ 206 ൽ 50 ഇനങ്ങൾക്കും ഒരു സ്ഥാപനവും നിരക്ക് ക്വാട്ട് ചെയ്തിട്ടില്ല. ഈ ഇനങ്ങളുടെ വാങ്ങൽ നടന്നിട്ടില്ല. മുകളിൽ വിവരിച്ച രീതിയിൽ തരം തിരിച്ച് ടെണ്ടർ നൽകാത്തതാണ് ഇതിന് കാരണമായത്.

2. പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത/കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനു മുമ്പേ വർഷാവസാനം തിരക്കിട്ട വാങ്ങൽ പ്രക്രിയ നടത്തി.

പുതുതായി പണികഴിപ്പിച്ച ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഇതുവരെ തുടങ്ങിയിട്ടില്ല. 2017-18 വർഷത്തിൽ മറ്റു പ്രവർത്തികളെല്ലാം പൂർത്തീകരിച്ചുവെങ്കിലും ഇലക്ട്രിഫിക്കേഷനുള്ള ടെണ്ടർ നടപടികൾ പോലും നടന്നിരുന്നില്ല. എ.ബി.സി.സെന്ററിന്റെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിലേയ്ക്കുള്ള വാഹനം(ഡോഗ് വാൻ)വാങ്ങിക്കുന്നതിനും, ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള സർക്കാർ അനുവാദങ്ങൾക്കായി ശ്രമങ്ങൾ നടന്നുവരുന്നേയുള്ളൂ. ഈ അവസ്ഥയിലും എ.ബി.സി.സെന്ററിലേയ്ക്കുള്ള മരുന്നുകളുൾപ്പെടെ, വിലപിടിപ്പുള്ള ഇലക്ട്രിക്കൽ/ മെഡിക്കൽ ഉപകരണങ്ങൾ വർഷാവസാനം വാങ്ങിക്കൂട്ടിയത് 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33(i)(സി)ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇലക്ട്രിക്കൽ/മെഡിക്കൽ ഉപകരണങ്ങളുടെ വാറണ്ടി/

എ.എം.സി. എന്നിവയ്ക്ക് ഉപകരണങ്ങളുടെ പർച്ചേസ് ദിവസം മുതൽ പ്രാബല്യമുണ്ടായിരിക്കെ, ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ ഇനിയും കാലതാമസമുണ്ടെന്ന അവസ്ഥയിലും ഇവ തിരക്കിട്ട് വാങ്ങിയത് നഗരസഭയുടെ സാമ്പത്തിക തല്പര്യങ്ങൾക്ക് ചേർന്നതല്ല. കാലഹരണപ്പെടാവുന്ന മരുന്നുകളുടെ വിഷയത്തിലും ഇത്തരത്തിലുള്ള തിരക്കിട്ട വാങ്ങൽ ഉചിതമല്ല.

3. ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഒരേ ഇനം സാധനത്തിന് വ്യത്യസ്ത നിരക്ക്.

മേൽ രണ്ടു പ്രോജക്ടിലും 240 ലിറ്റർ ശേഷിയുള്ള ഇരുവാതിലുകളോടു കൂടിയ റഫ്രിജറേറ്ററുകൾ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിൽ എ.ബി.സി. സെന്ററിലേയ്ക്ക് വാങ്ങിയതിന്റെ വില 29,600/- രൂപയും(നികുതികൾ ഉൾപ്പെടെ), വെറ്റിനറി ഹോസ്പിറ്റലിലേയ്ക്ക് വാങ്ങിയതിന് (ഇൻവെർട്ടർ സപ്പോർട്ടഡ്)24,000/- രൂപയുമാണ്. രണ്ടു സാധനങ്ങൾ നേരിൽ പരിശോധിക്കാൻ ഓഡിറ്റ് ടീം (17.05.2018 തിയ്യതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ.വിനീതിന്റെ സാന്നിദ്ധ്യത്തിൽ)പോയിരുന്നെങ്കിലും റഫ്രിജറേറ്ററുകൾ സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല. ഒരേ ഇനങ്ങൾ തമ്മിലുള്ള ഈ വില വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4. സാമഗ്രികൾ ലഭിക്കുന്നതിനു മുമ്പേ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി.

മുകളിൽ വിവരിച്ച ബില്ലുകൾ പ്രകാരം സാധനങ്ങളുടെ വില ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം 17.05.2018 ന് ബേപ്പൂർ വെറ്റിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും ലഭിക്കേണ്ട റഫ്രിജറേറ്റർ, ആനോണ് സിസ്റ്റംസിൽ നിന്നുള്ള ടി.വി., പബ്ലിക് അഡ്രെസ്സിംഗ് സിസ്റ്റം, ഇന്റർകോം, പ്രൊജക്ടർ സ്ക്രീൻ എന്നിവയടങ്ങിയ 1,64,500/- രൂപ വിലയുള്ള സാമഗ്രികൾ സ്ഥാപനത്തിൽ വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വില | കെ.ജി.എസ്.ടി | സി.ജി.എസ്.ടി | ആകെ |
|---|---|---|---|---|
| റഫ്രിജറേറ്റർ | 18760 | 2620 | 2620 | 24000 |
| ടെലിവിഷൻ | 29687.5 | 4156.25 | 4156.25 | 38000 |
| പബ്ലിക് അഡ്രസിംഗ് സിസ്റ്റം | 50847.46 | 4576.27 | 4576.27 | 60000 |
| ഇന്റർ കോം | 31355.93 | 2822.03 | 2822.03 | 36999.99 |
| പ്രൊജക്ടർ സ്ക്രീൻ | 4661.02 | 419.49 | 419.49 | 5500 |
| ആകെ | | | | 164500 |

വെറ്റിനറി ഹോസ്പിറ്റലിലേക്കും, എ.ബി.സി. സെന്ററിലേക്കും വാങ്ങിയ സാമഗ്രികളിൽ വെറ്റിനറി ഹോസ്പിറ്റലിലേയ്ക്ക് വാങ്ങിയവ സ്റ്റോക്കിലെടുക്കുകയോ, സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ലഭിച്ച സാധന സാമഗ്രികൾ (മരുന്നുകൾ ഉൾപ്പെടെ) പ്രവർത്തനക്ഷമമാകാത്ത ഹോസ്പിറ്റൽ കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കയാണ്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഒ.എസിന് (58/17-18 തീയതി :23/07/201) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 43,81,691/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 എ.ബി.സി.പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ - അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 230/18 |
| നിർവ്വഹണം | സീനിയർ വെറ്റിനറി സർജൻ |
| അടങ്കൽ | 62,70,000/- |

| | | | |
|---|---|---|---|
| ചെലവ് | 24,06,691/- | ബിൽ നം.7/17-18/16.03.2018 | 9000/- |
| | | ബിൽ നം.10/17-18/24.03.18 | 3,15,374/- |
| | | ബിൽ നം.13/17-18/31.03.2018 | 20,82,317/- |

മേൽ പദ്ധതിയിൽ ബിൽ നമ്പർ 10/17-18 പ്രകാരമുള്ള 3,15,374/- രൂപയുടെ ചെലവ് നടന്നിട്ടുള്ളത് തെരുവുനായ്ക്കളുടെ കണക്കെടുപ്പ്, സ്കൂൾ കുട്ടികൾക്കുള്ള ബോധവത്കരണം, വളർത്തു നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവെപ്പ്, പത്രപരസ്യം എന്നിവയ്ക്കാണ്. ഈ ചെലവിൽ താഴെ കാണുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പത്രപരസ്യ ഇനത്തിൽ ദേശാഭിമാനി ദിനപത്രത്തിന് നൽകിയ തുകയിൽ, ഇൻവോയ്സിൽ രേഖപ്പെടുത്തിയ ഡിസ്കൗണ്ട് തുക കുറവു വരുത്തിയിട്ടില്ല. 20.01.18 ലെ നം. CLT/34626, CLT/34622 എന്നീ നമ്പറുകളിലുള്ള ഇൻവോയ്സുകളിലായി ആകെ 11200/-(6720+4480) രൂപയാണ് ദേശാഭിമാനിയ്ക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയ 15% ഡിസ്കൗണ്ട് തുക 1680/- രൂപ (1008+672) കുറവു വരുത്താതെ മുഴുവൻ തുകയും അനുവദിച്ചു. അധികം തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്.

2. മേൽ പദ്ധതിയുടെ നോട്ടീസ്, സർവ്വേ ഷെഡ്യൂൾ ചാർട്ട്, പ്രോഗ്രാം ബുക്ക് ലെറ്റ് എന്നിവയ്ക്കായി 'ആഡ് കണക്ട് കോഴിക്കോട്' എന്ന സ്ഥാപനത്തിന് 37548/- രൂപ(18774 X 2) അനുവദിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലിൽ ഒരു ഇൻവോയ്സിന്റെ (ഒരേ തിയ്യതിയിലുള്ളതും, ഒരേ ഇനങ്ങൾ, ഒരേ എണ്ണങ്ങൾ വീതമുള്ളത്)രണ്ടു പകർപ്പുകളാണ് സൂക്ഷിച്ചിട്ടുള്ളത്. നോട്ടീസുകളും, ഫോമുകളും സ്റ്റോക്കിലെടുത്തത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഒ.എസിന് (നമ്പർ 59/17-18 തീയതി : 23/07/2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഒരേ ചെലവിന് രണ്ടു തവണ തുക നൽകിയത് അംഗീകരിക്കുന്നില്ല. ചെലവ് തുക 20454/- (1680+18774) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-14 ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ - ശില്പശാല നടത്തിയെങ്കിലും രജിസ്റ്റർ തയ്യാറാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഡെപ്യൂട്ടി ഡയക്ടർ |
| പ്രോജക്ട് നം. | എസ് 1562/18 |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്) |
| ചെലവ് | 74,160/- |

നഗരസഭയിലെ ഒരോ വാർഡിൽ നിന്നും 3 പേരെ വീതം ഡാറ്റാ കലക്ഷൻ വളണ്ടിയർമാരായി തെരഞ്ഞെടുത്ത് അവർക്കും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും പരിശീലനം നൽകി വാർഡ് തലത്തിൽ വിവര ശേഖരണം നടത്തി വിവരങ്ങൾ ക്രോഡീകരിച്ച് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മിക്കുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 19/10/2017 ന് ശില്പശാലയും 24/11/2017 ന് റിവ്യൂ മീറ്റിംഗും നടത്തിയതിന് താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ | രൂപ |
|---|---:|
| 01/17-18/23.12.17 | 69,140 |
| 04/17-18/28.02.18 | 5,020 |
| ആകെ | 74,160 |

എന്നാൽ ഡാറ്റ കലക്ഷൻ നടത്തിയതിന്റെയോ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ വിവരിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് 36/17-18 തിയതി 07.06.18 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 74160/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 മൺചട്ടി ഉപയോഗിച്ച് ടെറസ്സിൽ/മുറ്റത്ത് പച്ചക്കറി കൃഷി - വിതരണം പൂർത്തീകരിച്ചില്ല.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | | |
| പ്രോജക്ട് നം. | എസ് 0836/18 | | |
| അടങ്കൽ | 19,59,500/- | 9,79,750/- | വികസന ഫണ്ട് |
| | | 9,79,750/- | ഗുണഭോക്തൃ വിഹിതം |
| ചെലവു തുക | 837150/- | | 6,86,750/- ബിൽ നമ്പർ 7/28.02.18 |
| | | | 1,50,400/- ബിൽ നമ്പർ 17/24.3.18 |

560 എ.പി.എൽ. ഗുണഭോക്താക്കൾക്ക്, ഒരു ഗുണഭോക്താവിന് 25 എണ്ണം വീതം 10 ഇഞ്ച് വലിപ്പമുള്ള മൺചട്ടിയും പോട്ടിംഗ് മിശ്രിതവും പച്ചക്കറി തൈകളും 50% സബ്സിഡി നിരക്കിൽ നൽകുന്നതാണ് മേൽ പ്രൊജക്ട്. പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിൽ നിന്നും ഒരു യൂണിറ്റിന് 140/- രൂപ തോതിൽ 25 എണ്ണത്തിന് 1,750/- രൂപ നിരക്കിൽ 504 പേരിൽ നിന്നായി 8,82,000/- രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയും ( 1,750/- രൂപ അധികമായി 8,83,750/-രൂപ ഈയിനത്തിൽ പിരിച്ചിട്ടുണ്ട്.) നഗരസഭ ഫണ്ടിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു മൺചട്ടി, പോട്ടിംഗ് മിശ്രിതം, പച്ചക്കറി തൈ എന്നിവക്ക് 134/- രൂപ നിരക്കിലാണ് റെയ്ഡ്കോ ടെണ്ടർ സമർപ്പിച്ചത്. (നഗരസഭ കൗൺസിൽ തീരുമാനം നമ്പർ 123/03.02.18) ഗുണഭോക്തൃവിഹിതമിനത്തിൽ അധികമായി പിരിച്ച തുകയ്ക്ക് (ഒരു ചട്ടിക്ക് 140/- രൂപ തോതിൽ 25 എണ്ണത്തിന് 1750/- രൂപ നിരക്കിലാണ് ഗുണഭോക്തൃ വിഹിതം പിരിച്ചത്. എന്നാൽ ഒന്നിന് 134 രൂപ നിരക്കിൽ 25 എണ്ണത്തിന് 1675/- രൂപയാണ് ആവശ്യമായത്.) ആനുപാതികമായി വികസന ഫണ്ട് 1,600/- രൂപയായി കുറവ് വരുത്തുകയും ചെയ്തു.

7/28.02.2018 ലെ ഒന്നാം നമ്പർ ബിൽ പ്രകാരം 410 മൺചട്ടികളുടെ 50 ശതമാനം വരുന്ന തുക റെയ്ഡ്കോയ്ക്ക് നൽകുകയും പിന്നീട് ടെണ്ടർ കുറവ് വന്ന തുക വികസന ഫണ്ടിൽ നിന്നും കുറവ് വരുത്തിയതിനാൽ വികസനഫണ്ടിൽ നിന്നും അധികം നൽകിയ 30,750/- രൂപ(1675*410-1600*410= 686750-656000= 30750) തിരിച്ചടക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 25/04/2018 ലെ 706090 നമ്പർ ചെക്ക് പ്രകാരം 30,750/- രൂപ റെയ്ഡ്കോ തിരിച്ച് നൽകുകയും ചലാൻ നമ്പർ KL001225206201819 M തീയതി 07/05/2018 പ്രകാരം വികസന ഫണ്ടിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. 1217 എ.പി.എൽ വിഭാഗം ഗുണഭോക്താക്കൾക്കായി വിഭാവനം ചെയ്ത പ്രോജക്ട് 560 പേർക്കായി നിജപ്പെടുത്തുകയും 504 പേരിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കുകയും ചെയ്തു.

2. ടെണ്ടർ വ്യവസ്ഥ പ്രകാരം സപ്ലൈ ഓർഡർ നൽകി 30 ദിവസത്തിനകം വിതരണം പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും 15/02/2018 ന് 410 യൂണിറ്റുകൾക്കും 13/03/2018 നന് 94 യൂണിററുകൾക്കും സപ്ലൈ ഓർഡർ നൽകിയെങ്കിലും ഓഡിറ്റ് തീയതിയായ 24/05/2018 വരെ ആകെ 362 യൂണിറ്റിനുള്ള 9,050 മൺചട്ടികളാണ് റെയ്ഡ്കോ വിതരണം ചെയ്തിട്ടുള്ളത്. സപ്ലൈ ഓർഡർ നൽകി 3 മാസം കഴിഞ്ഞിട്ടും വിതരണം പൂർത്തീകരിച്ചില്ല. 30 ശതമാനത്തോളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

3. പച്ചക്കറി കൃഷിക്ക് അനുയോജ്യമായ ഡിസംബർ മുതൽ ഏപ്രിൽ വരെ കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതി കൃത്യമായ കൃഷി കലണ്ടർ പാലിക്കാതെ നടപ്പിലാക്കി. അനുയോജ്യമായ കാലത്ത് ലഭിക്കാത്തതിനാൽ പച്ചക്കറി തൈകൾ നശിക്കാനും വിളവ് ലഭിക്കാതെ പോകാനും ഇടവരുന്നു.

4. 504 ഗുണഭോക്താക്കൾക്കാണ് പദ്ധതി നടപ്പാക്കിയതെങ്കിലും 505 ഗുണഭോക്താക്കളിൽ നിന്നായി ഗുണഭോക്തൃ വിഹിതം പിരിച്ചു. ( 1,750/- രൂപ അധികമായി നഗരസഭയിൽ അടച്ചു). മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത മൺചട്ടികളുടെ വിലയായ 4,75,700 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - ഒന്നാം ഗഡു കൈപ്പറ്റി

## പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റ് അപാകതകളും.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 659/18 (സ്പിൽ ഓവർ) |
| അടങ്കൽ | 58,50,000/- രൂപ |
| ചെലവ് | 4,00,000/- എസ്.സി.പി. (വികസന ഫണ്ട്) |

2016-17 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വീടിനോട് ചേർന്ന് 120 ച.അടിയിൽ കുറയാത്ത നിലം കോൺക്രീറ്റ് ചെയ്ത് ടൈൽസ് പാകിയ പഠനമുറി നിർമ്മിക്കുന്നതിനും മേശയും കസേരയും വാങ്ങുന്നതിനുമായി ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പ്രോജക്ട് പ്രകാരം 11 ഗുണഭോക്താക്കൾക്ക് 2016-17 വർഷം ആദ്യ ഗഡുവായി 50000/- രൂപ വീതം നൽകി. 2017-18 വർഷം പ്രവൃത്തി പൂർത്തീകരിച്ച 7 പേർക്ക് രണ്ടാം ഗഡുവായി 50000/- രൂപ വീതവും നൽകി. ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ സമർപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഉണ്ടാക്കിയ ഉടമ്പടി പത്രത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുന്നു.

1) പഠനമുറി വീടിനോടനുബന്ധിച്ച് നിർമ്മിക്കുന്നതാണ്.

2) 120 ച.അടിയിൽ കുറയാത്തതും മുകളിൽ കോൺക്രീറ്റ് ചെയ്ത് നിലം ടൈൽസ് ചെയ്തത്.

3) ഒരു മേശയും കസേരയും പുതുതായി വാങ്ങണം.

4) നിലവിലുള്ള വീടിന് മുകളിൽ മുറിയെടുക്കുന്നതിന് ആനുകൂല്യം അനുവദിക്കില്ല.

5) ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണം.

6) ധനസഹായം ഉപയോഗിച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ വഴി തുക ഈടാക്കും.

7) എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കും.

1. എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര്, വീട് നമ്പർ | കൈപ്പറ്റിയ തുക | അപാകത |
|---|---|---|---|
| 1 | സോമൻ.എം<br>24/1004 ജി | 50,000 (18/03/17)<br>50,000 (29/06/17) | 1) ഒന്നാം നിലയിൽ ഒരു മുറി പുതുതായി നിർമ്മിച്ചു<br>2) എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ വാല്വേഷൻ ഇല്ല |
| 2 | രത്നകുമാരി.എം<br>38/1520 ബി | 50,000 (18/03/17)<br>50,000 (11/10/17 | 1) വീടിനോട് ചേർന്നും അല്ലാതെയുമായി രണ്ട് പ്ലാൻ സമർപ്പിച്ചിട്ടുണ്ട്.<br>2) എസ്റ്റിമേറ്റ് പ്രകാരം മേൽക്കൂര കോൺക്രീറ്റിന് പകരം ജി.ഐ. ഷീറ്റ് |
| 3 | ഉണ്ണി.വി<br>5/124 ബി | 50,000 (18/03/17)<br>50,000 (29/06/17) | 1) ഒന്നാം നിലയിൽ മുറി നിർമ്മിച്ചു<br>2) എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്വേഷൻ ഇല്ല |

| | | | |
|---|---|---|---|
| 4 | അജയ് കുമാർ.വി<br>36/1631 | 50,000<br>(31/03/17)<br>50,000<br>(…./10/17) | 1) ഒന്നാം നിലയിൽ നിർമ്മാണം<br>2) എസ്റ്റിമേറ്റ് വീടിനോട് ചേർന്നുള്ള കടമുറി നിർമ്മിക്കുന്നതിന് |
| 5 | പ്രകാശൻ.എം.പി,<br>38/1694 എ | 50,000<br>(18/03/17)<br>50,000<br>(07/11/18) | വീടിനോട് ചേർന്നല്ലാതെ പ്രത്യേകമായി മുറി നിർമ്മിച്ചു |
| 6 | ശ്രീനിവാസൻ.എസ്<br>17/15 | 50,000<br>(18/03/17)<br>50,000<br>(23/11/17) | 1) ഒന്നാം നിലയിൽ മുറി നിർമ്മിച്ചു<br>2) എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്യേഷൻ ഇല്ല |

നിലവിലുള്ള വീടിനോട് ചേർന്ന് ഒരു മുറി കൂട്ടിചേർക്കുമ്പോൾ നഗരസഭയിൽ നിന്നും പുതുക്കിയ പ്ലാൻ അംഗീകരിച്ച് വാങ്ങേണ്ടതും പൂർത്തീകരണ വിവരം കാണിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ നഗരസഭ അംഗീകരിച്ച പ്ലാനിന് പകരം ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ തയ്യാറാക്കിയ പ്ലാൻ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്.

2. ഒന്നാം ഗഡുകൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷം ഒന്നാം ഗഡുവായി 50000/- രൂപ കൈപ്പറ്റിയ താഴെ ചേർത്ത ഗുണഭോക്താക്കൾ ഒരു വർഷം കഴിഞ്ഞിട്ടും പഠന മുറി നിർമ്മിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. കൈപ്പറ്റിയ ധനസഹായം യഥാർത്ഥ ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ലെങ്കിൽ അവരിൽ നിന്നും തുക തിരിച്ചു പിടിക്കാൻ കരാർ പ്രകാരം വ്യവസ്ഥയുണ്ടെങ്കിലും ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല.

1. ശ്രീമതി.എം.കെ, മേരിക്കുന്ന്. പി.ഒ

2. കെ.പി.കൃഷ്ണനുണ്ണി, കൊളത്തറ

3. ബീന.കെ.പി, ചേവായൂർ

ഇത് സംബന്ധിച്ച് 41/2017-18 ആയി ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 3,50,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 വ്യക്തിഗത കുടിവെള്ള കണക്ഷൻ 2017 – പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 661/17 (സ്പിൽ ഓവർ) |
| ഫയൽ നമ്പർ | 1010 (4) |
| പദ്ധതി ചെലവ് | 2,76,000/- (എസ്.സി.പി. വികസന ഫണ്ട്) |

150 പട്ടികജാതി കുടുംബങ്ങൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രൊജക്ടാണിത്. പ്രോജക്ട് പ്രകാരം കുടിവെള്ള കണക്ഷൻ എടുത്ത് ബിൽ ഹാജരാക്കുന്ന മുറക്ക് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായമായ 6,000/- രൂപ കൈമാറുന്നു. 2016-17 വർഷത്തെ പദ്ധതി പ്രകാരം 3

ഗുണഭോക്താക്കൾക്ക് 2016-17 വർഷത്തിൽ 18,000/- രൂപ വിനിയോഗിക്കുകയും 2017-18 വർഷം 8,82,000/- രൂപ സ്പിൽ ഓവർ പ്രോജക്ടായി വകയിരുത്തുകയും 46 ഗുണഭോക്താക്കൾക്ക് താഴെ ചേർത്ത പ്രകാരം 2,76,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | ഉത്തരവ് നമ്പർ/തീയതി |
|---|---|
| 28 X 6000 = 168000 | 235/31.08.17 |
| 9 X 6000 = 54000 | 345-4/17 തീയതി 11.10.17 |
| 2 X 6000 = 12000 | 345-4/17 തീയതി 07.11.17 |
| 5 X 6000 = 30000 | 345-4/23.11.17 |
| 2 X 6000 = 12000 | 541/08.02.18 |
| ആകെ : 276000 | |

ഗുണഭോക്താക്കളുടെ അപേക്ഷ, പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് പ്രവൃത്തി നടത്താനുള്ള അനുമതിപത്രം ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ ലഭിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ഇല്ല.

| ക്രമ നം. | പേര് |
|---|---|
| 1 | ജനാർദ്ദനൻ.കെ, എലത്തൂർ |
| 2 | ബാലകൃഷ്ണൻ.പി, പുതിയങ്ങാടി |
| 3 | കൊമ്പായി.എൻ.എം., ചേവായൂർ |
| 4 | എം.എൻ.മണി, ചേവായൂർ |
| 5 | ദേവി.ടി.എൻ, ചേവായൂർ |
| 6 | ശോഭന.കെ.പി, ചേവായൂർ |
| 7 | കല്ല്യാണി, ചേവായൂർ |
| 8 | എൻ.എം.രാഘവൻ, ചേവായൂർ |
| 9 | സരോജിനി.എൻ.എം, ചേവായൂർ |
| 10 | നാരായണൻ.എൻ.എം, ചേവായൂർ |
| 11 | സാമിക്കുട്ടി.എൻ.എം, ചേവായൂർ |

| | |
|---|---|
| 12 | മനോജ്.കെ, ഗോവിന്ദപുരം |
| 13 | ജാനകികുട്ടി, പുതിയങ്ങാടി |
| 14 | മനോഹരൻ.വി, പുതിയങ്ങാടി |
| 15 | വേലായുധൻ.എൻ.എം, ചേവായൂർ |
| 16 | വിനീത്കുമാർ.എൻ, നെല്ലിക്കോട് |
| 17 | ചന്ദ്രമതി.പി.ടി, പൊക്കുന്ന് |
| 18 | ദേവനന്ദൻ.പി, ചെലവൂർ (വർക്ക് ഓർഡർ, കണക്ഷൻ വേണ്ടി അടച്ച രസീത് എന്നിവ ഇല്ല) |
| 19 | കണ്ണൻ.കെ.കെ, ചെലവൂർ |
| 20 | ലീല കോരകുന്നുമ്മൽ, ചെലവൂർ |

മേൽ വിവരിച്ച ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഫീസ് കുറിപ്പ്, ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ എന്നിവയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല. പദ്ധതി ചെലവുമായി ബന്ധപ്പെട്ട രേഖകൾ അധികൃതപ്പെടുത്താതെ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. മേൽ അപാകതകൾ സൂചിപ്പിച്ച് പട്ടികജാതി വികസന ഓഫീസർക്ക് 7/17-18 തിയതി 13.04.18 നമ്പറായി ഒ.എസ്. നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 1,20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 അരവിന്ദ്ഘോഷ് റോഡ് പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹണം - അപാകതകൾ.

| | | |
|---|---|---|
| ഫയൽ നമ്പർ | EG12/21485/15 | |
| നിർവഹണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ | |
| പ്രോജക്ട് നമ്പർ | 1748/18 | |
| വകയിരുത്തിയ തുക | 22000000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 9944240 | ബിൽ നം. 83/2016-17, തീയതി 31/03/2017 |
| | 6980495 | ബിൽ നം. /2017-18 |
| ആകെ | 16924734 | |
| കരാറുകാരൻ | പി.കെ.സുൾഫിക്കർ | |

| | |
|---|---|
| എഗ്രിമെന്റ് നം./തീയതി | ACE 291/2015-16, തീയതി 23/03/16 |

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെക്ടർ 7 ൽപ്പെട്ട അരവിന്ദ്ഘോഷ് റോഡ് പുനരുദ്ധാരണ പ്രവൃത്തിയാണ് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 05/01/2016 ലെ റീ-ടെണ്ടർ പ്രകാരം 4.4% ടെണ്ടർ കുറവിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹണത്തിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. കരാർ വെയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി) 13/2012 പി.ഡബ്ല്യൂ.ഡി. തീയതി 01/02/2012) സെക്ഷൻ 2009-6 ലെ വ്യവസ്ഥ അനുസരിച്ച് ടെണ്ടർ സ്വീകരിച്ച ശേഷം സെലക്ഷൻ നോട്ടീസ് രജിസ്റ്റേർഡ് പോസ്ററ്/കൊറിയർ /ഇ-മെയിൽ എന്നീ മാർഗ്ഗങ്ങളിൽ കൂടി കരാറുകാരന് അയക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ടെലഗ്രാം/എസ്.എം.എസ് ആയും അയക്കാം. കത്ത് രജിസ്റ്റർ ചെയ്ത തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വയ്ക്കാത്ത പക്ഷം പി.എ.സി.യുടെ 1% തുക പിഴ ഈടാക്കി (മിനിമം 1000, മാക്സിമം 25000) കരാർ വെക്കാം. ഇതിന് ശേഷവും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിലെ തീയതി 29/02/2016 ആണ്. 01/03/2016ന് രജിസ്റ്റേർഡ് തപാലായാണ് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുള്ളത്. ആയതിനാൽ നോട്ടീസ് കൈപ്പറ്റിയ തീയതി 01/03/2016 തന്നെയായി കണക്കാക്കാവുന്നതാണ്.

| | |
|---|---|
| എഗ്രിമെന്റ് പ്രകാരം പി.എ.സി | 22014008 |
| എഗ്രിമെന്റ് നമ്പർ തീയതി | ACE 291/2015-16 തീയതി 23/03/2016 |
| കരാർ വെക്കേണ്ട അവസാന ദിവസം | 14/03/2016 (PWD മാന്വൽ പ്രകാരം) |
| കരാർ വെച്ച തീയതി | 23/03/2016 |
| ഈടാക്കേണ്ടിയിരുന്ന പിഴ (പി.എ.സി.യുടെ 1% - മാക്സിമം 25000) | 220140 limited to 25000 |

മേൽ സൂചിപ്പിച്ച പ്രകാരം കരാർ വെയ്ക്കുന്നതിന് വന്ന കാലതാമസത്തിന് പിഴയിനത്തിൽ തുക ഈടാക്കിയിട്ടില്ല.

2. പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പൂർത്തീകരണ സമയം നീട്ടി നൽകി

എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസം അതായത് 23/09/2016 വരെയാണ്. പ്രവൃത്തി സമയപരിധിക്കകം ആരംഭിക്കാത്തതിനാൽ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടുകൊണ്ട് അടിയന്തിര നോട്ടീസ് നൽകി. ആയതിന് കരാറുകാരൻ തീയതി വെക്കാതെ നൽകിയ കത്ത് പ്രകാരം കോൺക്രീറ്റ് പ്രവൃത്തി തുടങ്ങിയപ്പോൾ നോട്ട് നിരോധനം മൂലമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെട്ടതിനാലും, ഡ്രൈനേജ് നിർമ്മിക്കുന്നതിലുള്ള അവ്യക്തതയും ക്വാറി സമരവും പ്രവൃത്തിയുടെ പുരോഗതിയെ കാര്യമായി ബാധിച്ചതിനാലും പിഴ കൂടാതെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 31/03/2017 വരെ നീട്ടി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നവംബർ 2016 ൽ വന്ന നോട്ടു നിരോധനം പ്രവൃത്തി ആരംഭിക്കാത്തിന്റെ കാരണമായി കാണാവുന്നതെല്ലെന്നും ആയതിനാൽ മറുപടി തൃപ്തികരമല്ലെന്നും 26/11/2016 ലെ ഓഫീസ് നോട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വയ്ക്കുകയും 15/12/2016 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം കരാറുകാരനെ നേരിൽ കേട്ടതിന്റെയടിസ്ഥാനത്തിൽ 30 ദിവസത്തിനകം പ്രവൃത്തി തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കക്ഷിക്ക് അറിയിപ്പ് നൽകാനും തീരുമാനിച്ചു. തുടർന്ന് കരാറുകാരനുമായി വച്ച സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം (എഗ്രിമെന്റ് നം.ACE 291/2015-16 തീയതി 09/10/2017) പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 10/04/2017 വരെ നീട്ടി നൽകുകയും ചെയ്തു. പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം തന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തിയിൽ കാലതാമസം വരുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ഒറിജിനൽ കാലാവധിക്ക് മുമ്പായി കാലാവധി നീട്ടിക്കിട്ടാൻ അപേക്ഷിക്കണം. അപ്രകാരം കരാറുകാരൻ നിശ്ചിത സമയപരിധിക്കകം അപേക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2112.1 പ്രകാരം പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50% ൽ കവിയാൻ പാടില്ല. എന്നാൽ ഇവിടെ

23/09/16 മുതൽ 10/04/2017 വരെ 6 മാസവും 19 ദിവസവും അതായത് ഒറിജിനൽ സമയത്തിന്റെ 110% ത്തോളം കാലാവധി ദീർഘിപ്പിച്ച് കൊടുത്തു. ഇത് പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3. കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല

ജി.ഒ.(സാധാ) നം.3049/16/തസ്വഭവ. തീയതി 08/11/2016 നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തിക്കായി കരാറുകാരൻ നേരിട്ട് ടാർ വാങ്ങുകയാണെങ്കിൽ ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണെന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഇനം 3,4,5,6 എന്നിവ ടാർ ഉപയോഗിച്ചുള്ള പ്രവൃത്തികളാണ്. ഈ ടാറിംഗ് പ്രവൃത്തിക്ക് കോർപ്പറേഷൻ ടാർ വാങ്ങി നൽകിയിട്ടില്ല. ആയതിനാൽ പ്രവൃത്തിക്കാവശ്യമായ ടാർ കരാറുകാരൻ വാങ്ങി ഉപയോഗിച്ചതിന്റെ ഒറിജിനൽ ബിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

4. പ്രവൃത്തിക്കായി ഉപയോഗിച്ച ടാറിന്റെ അളവ് എം.ബുക്കിലോ വർക്ക് ബില്ലുകളിലോ രേഖപ്പെടുത്തിയിട്ടില്ല.

5. സൈറ്റിൽ ശേഖരിച്ച് വെച്ച മെറ്റീരിയലിന്റെ അളവെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പി.ഡബ്ല്യൂ.ഡി മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാർ വെക്കുന്നതിലും, കാലാവധി നീട്ടിക്കൊടുക്കുന്നതിലും അധിക സമയം അനുവദിച്ചതിനും, മാന്വലിൽ നിർദ്ദേശിച്ച പ്രകാരമുള്ള പിഴ ഈടാക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/4-4-2018 നം.ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വെച്ചതിലെ കാലതാമസത്തിന് 25000 രൂപ പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-19 അമൃത് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറി -രശീതി വിനിയോഗവിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം. | 829/18 |
| നിർവ്വഹണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | അമൃത് കുടിവെള്ള പദ്ധതി പ്രകാരം കോർപ്പറേഷൻ വിഹിതം നൽകൽ |
| വകയിരുത്തിയ തുക | 118692850 (14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 20000000 - ബിൽ നം.224/04.11.17<br>50000000 - ബിൽ നം.349/27.02.18<br>48692850 - ബിൽ നം.355/09.03.18<br>118692850 |

ഫയൽ നമ്പർ

(1) ഇ.ജി. 21/69040/17

(2) ഇ.ജി. 21/99577/16

കോഴിക്കോട് നഗരസഭയുടെ പരിധിയിൽ വരുന്ന അഡൽ മിഷൻ ഫോർ റീജ്യുവനേഷൻ & അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) പ്രോജക്ട് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പ്രോജക്ടുകൾക്ക് നഗരസഭ വിഹിതം നൽകുന്നതിനാണ് മേൽ പ്രോജക്ട് മുഖേന തുക ചെലവഴിച്ചത്. കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യഥാക്രമം 50:30:20 എന്ന ക്രമത്തിലാണ് അമൃത് പ്രോജക്ടുകൾക്ക് തുക വകയിരുത്തേണ്ടത്. 2015-16 ൽ ആരംഭിച്ച് 2019-20 ൽ പൂർത്തിയാക്കുന്ന രീതിയിലാണ് അമൃത് പ്രോജക്ടുകൾ വിഭാവനം ചെയ്തിരിക്കുന്നത്. അമൃത് മിഷൻ ഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി, വാട്ടർ അതോറിറ്റി എന്നിവർ ചേർന്ന ട്രൈപാർട്ടി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെയുള്ള സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) പ്രകാരം 96.25 കോടിയുടെ പ്രവൃത്തികൾ നഗരസഭ പരിധിയിൽ വാട്ടർ അതോറിറ്റി മുഖേന നിർവ്വഹിക്കേണ്ടതുണ്ട്. ഇതിന്റെ 20% തുകയായ 19.25 കോടി രൂപ നഗരസഭ വിഹിതമായി നൽകേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 11,86,92,850/- രൂപ തൻവർഷം നഗരസഭ പിൻവലിച്ചിട്ടുണ്ട്. നഗരസഭയുടെ പരിധിയിലുള്ള അമൃതിന്റെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് ഫണ്ട് കൈമാറുന്നതിന് സെക്രട്ടറിയുടെ പേരിൽ 5451363 നമ്പറായി പഞ്ചാബ് നാഷണൽ ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. അമൃത് മിഷൻ ഡയറക്ടർ വഴി കേന്ദ്ര സംസ്ഥാന വിഹിതവും ഈ

അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്യുന്നത്. തൻവർഷം പിൻവലിച്ച 11,86,92,850/- രൂപയും പ്രസ്തുത ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ഫേസ്-1 ൽ ഉൾപ്പെട്ട വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കേണ്ട 11,07,40,000/- രൂപയുടെ പ്രോജക്ടുകളുടെ 20% തുകയായ 2,21,48,000/- രൂപ ചെക്ക് നമ്പർ 749184/31.03.18 പ്രകാരം RTGS മുഖേന വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. മേൽ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 24/17-18 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റുമെന്റിന് മറുപടി നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിക്ക് കൈമാറിയ 2,21,48,000 രൂപയുടെ കൈപ്പറ്റ് രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. പിൻവലിച്ചതിൽ ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെയുള്ള 9,65,44,850/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറുന്ന മുറക്ക് ആയതിന്റെ രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ 118692850 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-20 പദ്ധതി മാർഗ്ഗ രേഖ പാലിക്കാതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തു.

2017-18 വർഷം മുനിസിപ്പൽ കോർപ്പറേഷൻ നിർവ്വഹണം നടത്തിയ വ്യത്യസ്ത പ്രോജക്ടുകൾ മുഖേന 1,54,10,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര്/ഫയൽ നം. | അടങ്കൽ തുക/ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 1502/18<br>കണ്ണാടിക്കൽ കളത്തിൽ പൊറ്റ ചാക്കോമണ്ണിൽ കോളനി കുടിവെള്ള പദ്ധതി<br>(എസ്.സി.പി. പദ്ധതി)<br>ഇ.ജി.8/94692/17 | 600000<br>വികസന ഫണ്ട് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 410000 | 3/24.03.18 |
| 2 | 824/18<br>വാട്ടർ സപ്ലൈ സബ്മെയിൻ ദീർഘിപ്പിൽ<br>ഇ.ജി.5/ഇ.ജി.1/59635/17 | 15000000<br>ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 15000000 | 225/07.11.17 |
| ആകെ | | | | 1,54,10,000 | |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (03.04.2017 ലെ സ.ഉ.(കൈ) നം.79/2017/ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 8.3 (15) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതും അത് പ്രകാരം തദ്ദേശ ഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. പി.എച്ച്. ഡിവിഷൻ മലാപ്പറമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D4/general/2017 നമ്പർ കത്ത് പ്രകാരം വാട്ടർ സപ്ലൈ സബ്മെയിൻ ദീർഘിപ്പിക്കുന്നതിന് 10000 മീറ്റർ 90 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിന് 1,50,00,000 രൂപ ചെലവ് വരുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇതോടൊപ്പം വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.

2. മേൽ ഉത്തരവിലെ ഖണ്ഡിക 8-3(15), 9(6) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി തദ്ദേശ ഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ മേൽ സൂചിപ്പിച്ച 2 പ്രോജക്ടുകളുടേയും കാര്യത്തിൽ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചിട്ടില്ല.

3) മേൽ കാണിച്ച പ്രോജക്ടുകൾ മുഖേന വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) സ.ഉ. (എം.എസ്) നം. 80/2017 എൽ.എസ്.ജി.ഡി. തീയതി 03/04/2017 സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 14(IX) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയാണ്. എന്നാൽ മേൽ ഫയലുകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നമ്പർ 65/1-8-2018) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 1,54,10,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-21 ചരിച്ചിൽ മീത്തൽ റോഡ് , നടുവിലത്ത് താഴം റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ്, മുതിരക്കാല വള്ളിയേക്കാട്ട് ഇടവഴി കോൺക്രീറ്റിംഗ് പ്രവൃത്തി – കരാർ വെയ്ക്കുന്നതിൽ കാല താമസം – പിഴ ഈടാക്കിയില്ല.

| | | |
|---|---|---|
| ഫയൽ നമ്പർ | ഇജി 7/21799/16 | |
| പ്രോജക്ട് നമ്പർ | 53/17, S857/18 | |
| നിർവ്വഹണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ | |
| വകയിരുത്തിയ തുക | 2000000 | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | 125000 | തനത് ഫണ്ട് |
| | ആകെ : 2125000 | |
| ചെലവ് | 985526 | ബിൽ നം: 142/31.07.17 |
| | 795002 | ബിൽ നം:272/31-3-17 |
| | 1780528 | |
| കരാറുകാരൻ | ശ്രീ: രാഗേഷ് കുമാർ | |
| എഗ്രിമെന്റ് നം/തീയ്യതി | 296/16-17 തീ:4-2-17 | |

കോഴിക്കോട് കോർപ്പറേഷനിലെ വാർഡ് 16 ലെ 2 റോഡുകളുടെയും 2 ഇടവഴികളുടേയും പ്രവൃത്തിയാണ് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-1-2017 ന് നടന്ന ഇ ടെണ്ടർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 83.79% നിരക്കിൽ 1780527.749 രൂപയ്ക്കാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. 2012 ലെ (ജി.ഒ.(പി) 13/2012 PWD തീയ്യതി 1-2-2012) സെക്ഷൻ 2009.6 പ്രകാരം, ടെണ്ടർ അംഗീകരിച്ച ശേഷം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വയ്ക്കാത്തപക്ഷം പി.എ.സിയുടെ 1% തുക (മിനിമം 1000 മാക്സിമം 25000) എന്ന നിരക്കിൽ പിഴ ഈടാക്കി അടുത്ത 10 ദിവസം കൂടി അനുവദിക്കാനും ഇതിന് ശേഷവും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഇജി 7/21799/16 തീയ്യതി 18-1-2017 ആയി കരാറുകാരന് സെലക്ഷൻ മെമ്മോ നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ഷൻ

മെമ്മോയിൽ അറിയിപ്പ് കിട്ടി 14 ദിവസത്തിനകം കരാർ വ്യവസ്ഥകളിൽ ഒപ്പുവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കരാറുകാരൻ 18-1-17 തീയ്യതിയിൽ തന്നെ മെമ്മോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നത് സെലക്ഷൻ മെമ്മോ കൈപ്പറ്റി 16 ദിവസം കഴിഞ്ഞ് 04-02-2017നാണ്. എന്നിട്ടും മേൽ സൂചിപ്പിച്ച പ്രകാരം കരാർ വെയ്ക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| എഗ്രിമെന്റ് പ്രകാരം പി.എ.സി | 1780528 |
| എഗ്രിമെന്റ് നമ്പർ/തീയ്യതി | 296/16-17 തീയ്യതി : 4-2-17 |
| കരാർ വെയ്ക്കേണ്ട അവസാന ദിവസം | 1-2-17 (PWD മാന്വൽ പ്രകാരം) |
| കരാർ വെച്ച തീയ്യതി | 4-2-2017 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 17805 |

(പി.എ.സിയുടെ 1%)

മാന്വലിൽ നിർദ്ദേശിച്ച പ്രകാരം കരാർ വെയ്ക്കുന്നതിൽ വന്ന കാല താമസത്തിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസ്.നം.8/17-04-2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 17805 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-22 കുമുള്ളി നിലം ഫുട്പാത്ത് & ഡ്രെയിനേജ് പ്രവൃത്തി നിർവ്വഹണം - അപാകതകൾ.

| | |
|---|---|
| ഫയൽ നം. | EG6/127188/16 |
| പ്രോജക്ട് നം. | 1123/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| വകയിരുത്തിയ തുക | 15 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക<br>ആകെ | 84798 - ചെക്ക് നം.1870512/04.12.17<br>439061 - ബിൽ നം.50/30.06.17<br>154132 - ബിൽ നം.207/13.10.17<br>568482 - ബിൽ നം.384/24.03.18<br>1246473 |
| കരാറുകാരൻ | ശ്രീ.ശശികുമാർ.സി |
| എഗ്രിമെന്റ് നം. | ACE 363/16-17 തീയതി 22/02/2017 |

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സെക്ടർ 9 ൽപ്പെട്ട കുമുള്ളിനിലം ഫുട്പാത്ത്, ഡ്രെയിനേജ്, അനുബന്ധ റോഡ് എന്നിവയുടെ നിർമ്മാണമാണ് മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 12,46,473/- രൂപയ്ക്കാണ് കരാറുകാരൻ മേൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. കരാർവെച്ചതിലെ കലാതാമസം - പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിച്ചില്ല

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി) 13/2012 പി.ഡബ്ല്യൂ.ഡി. തീയതി 01/02/2012) സെക്ഷൻ 2009-6 ലെ വ്യവസ്ഥകൾ അനുസരിച്ച് ടെണ്ടർ സ്വീകരിച്ച ശേഷം സെലക്ഷൻ നോട്ടീസ് രജിസ്റ്റേർഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ എന്നീ മാർഗ്ഗങ്ങളിൽ കൂടി കരാറുകാരന് അയക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ടെലഗ്രാം/എസ്.എം.എസ് ആയും അയക്കാം. കത്ത് രജിസ്റ്റർ ചെയ്ത തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പി.എ.സി. യുടെ 1% തുക ഈടാക്കി (മിനിമം-1000/-, മാക്സിമം-25000/-) കരാർ വെക്കാം. ഇതിന് ശേഷവും കരാർ ചമയ്ക്കാത്തപക്ഷം കരാർ റദ്ദാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ സെലക്ഷൻ മെമ്മോയുടെ തീയതിയും നമ്പറും EG6/127188/16 dt.24/01/2017 ആണ്. സെലക്ഷൻ മെമ്മോ കൈപ്പറ്റിയിരിക്കുന്നത് 27/01/2017 നാണ്.

| | |
|---|---|
| എഗ്രിമെന്റ് നമ്പർ/തീയതി | ACE363/16-17 തീയതി 22/02/2017 |
| കരാർ വെക്കേണ്ട അവസാന ദിവസം | 10/02/2017 (PWD മാന്വൽ പ്രകാരം) |
| കരാർ വെച്ച തീയതി | 22/02/2017 |
| 1% പിഴ ഈടാക്കിക്കൊണ്ട് കരാർ വെക്കേണ്ട അവസാന ദിവസം | 20/02/2017 |

പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം 20/02/2017 നുള്ളിൽ കരാർ വെക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യേണ്ടതാണ്. അതിന് ശേഷം തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോസിയേഷൻ നടത്തി റദ്ദാക്കിയ കരാർ നിരക്കിൽ പ്രവൃത്തി ചെയ്യിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പ്രവൃത്തി റീ ടെണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെ കരാർ വെയ്ക്കാനുള്ള കാലതാമസത്തിന് പി.എ.സി.യുടെ 1% തുക ബില്ലിൽ നിന്നും ഈടാക്കാൻ കരാറിൽ തന്നെ വ്യവസ്ഥ ചെയ്തുകൊണ്ട് ശ്രീ.ശശികുമാർ.സി. യുമായി കരാർ വെച്ച് പ്രവൃത്തി ചെയ്യിക്കുകയാണുണ്ടായത്.

2. മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പൂർത്തീകരണ സമയം ദീർഘിപ്പിച്ച നൽകി

22/02/2017 ന് കരാർ വെച്ച മേൽ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് അന്നു തന്നെ കൈമാറിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമാണ്. അതായത് 22/05/2017 വരെ. പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം തന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തിയിൽ കാലതാമസം വരുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ഒറിജിനൽ കാലാവധിക്ക് മുമ്പായി കാലാവധി നീട്ടിക്കിട്ടാൻ അപേക്ഷിക്കണം. പൂർത്തീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112.1 പ്രകാരം പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50% ത്തിൽ കവിയാൻ പാടില്ല.

മേൽ പ്രവൃത്തിക്ക് തീയതി വെയ്ക്കാതെ കരാറുകാരൻ നൽകിയ കത്തു പ്രകാരം ടാറിംഗ് പൂർത്തിയാക്കാൻ 2017 ഡിസംബർ 31 വരെ സമയം നീട്ടിത്തരാൻ അപേക്ഷിച്ചിട്ടുണ്ട്. ഫൈനില്ലാതെ സമയം നീട്ടി നൽകാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ തീയതി വയ്ക്കാതെ തന്നെ അംഗീകരിച്ച് ഒപ്പ് വെച്ചിട്ടുമുണ്ട്. ഓഫീസ് കുറിപ്പിൽ ഇക്കാര്യം എഴുതി ചേർത്തിരിക്കുന്നത് 22/09/2017 നാണ്. അതായത് ഒറിജിനൽ കാലാവധിക്ക് മുമ്പായി അപേക്ഷിച്ചിട്ടില്ലെന്ന് ഇവിടെ വ്യക്തമാണ്.

രണ്ടാമതായി തീയതി വെയ്ക്കാതെ നൽകിയ കത്തിൽ ടാർ ഓർഡർ ചെയ്ത് കൊണ്ടുവരാൻ താമസിച്ചത് കൊണ്ട് ടാറിംഗ് വർക്ക് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ആയത് കൊണ്ട് 31/03/2018 വരെ സമയം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. 12/03/2018 തീയതിയായി സമയം അനുവദിക്കാവുന്നതാണെന്ന് അംഗീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പുവെച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയ SS1, VG30, RS1 എന്നിവയുൾക്കൊള്ളുന്ന ബിറ്റുമിന്റെ SIDCO ബിൽ പ്രകാരം ടാർ 29/12/2017 ന് കരാറുകാരന് ലഭിച്ചതായി കാണുന്നു. എന്നിട്ടും കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം സമയം നീട്ടി നൽകിയത് ക്രമപ്രകാരമല്ല. രണ്ട് തവണയായി പൂർത്തീകരണ കാലാവധി 10 മാസത്തിലധികമായി കരാറുകാരന് നീട്ടിനൽകിയിട്ടുണ്ട്. ആയത് ഒറിജിനൽ സമയത്തിന്റെ 50% പരമാവധി അനുവദിക്കേണ്ടതിന് പകരം 333% വരെ അധികമായി അനുവദിച്ചിട്ടുണ്ട്.

പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാർ റദ്ദ് ചെയ്യാത്തതിനും പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും വിശദീകരണമാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഒ.എസ് 40/17-18 ന് ഇ.ജി 6/127188/16 തീ.29-8-2018 ആയി സൂപ്രണ്ടിംഗ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറിൽ ഏർപ്പെടാൻ താമസിച്ചതിന് 1% പിഴയായ 12508 രൂപ ഈടാക്കാമെന്നും ആവശ്യമായ പൂർത്തീകരണ കാലാവധി കരാറിൽ ഉൾപ്പെടുത്താത്തതിനാലാണ് പ്രവൃത്തി നീണ്ടുപോയതെന്നുമാണ് മറുപടിയിൽ വിശദമാക്കിയിരിക്കുന്നത്. മറുപടി വസ്തുനിഷ്ഠമല്ല. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-23 ആസ്തി രജിസ്റ്റർ കാലികമാക്കൽ - അപാകതകൾ.

| | |
|---|---|
| ഫയൽ നമ്പർ | ഇ.ജി.12/5186/17 (ആസ്തി രജിസ്റ്റർ അപ്ഡേഷൻ) |
| പ്രോജക്ട് നമ്പർ | 268/18 |
| പദ്ധതി തുക | 270000/- (വികസന ഫണ്ട്, പൊതുവിഭാഗം) |
| ചെലവ് | 175500/- |

| | |
|---|---|
| ബിൽ നമ്പർ/തിയ്യതി | 254/15.1.2018 |
| നിർവ്വഹണം | കോർപ്പറേഷൻ എഞ്ചിനീയർ |
| കരാറുകാരൻ | പി. മോഹൻദാസ് |
| എഗ്രിമെന്റ് നമ്പർ/തിയ്യതി | ACE/09/17-17 തിയ്യതി 1.6.2017 |

കോർപ്പറേഷനിലെ 75 വാർഡുകളിലെയും ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 55 വാർഡുകളിലെ ആസ്തികൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുകയും രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുകയും ചെയ്തതിനാൽ പാർട്ട് ബിൽ അനുവദിക്കാവുന്നതാണെന്ന് ഫയലിൽ 30.10.2017 ന് പ്രോജക്ട് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 23.11.2017 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ പാർട്ട് ബിൽ അനുവദിക്കുന്നതിന് അംഗീകാരം നൽകിയതിനാൽ 175500/- രൂപ ചെലവഴിക്കുകയും ചെയ്തു. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഏതു വർഷത്തെ ആസ്തി രജിസ്റ്ററിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തത് എന്നത് വ്യക്തമല്ല.

2. നഗരസഭയിലെ ഉദ്യോഗസ്ഥരല്ലാത്ത ആളുകളെ വെച്ച് കോർപ്പറേഷന്റെ ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനും തുക വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ജി.ഒ.(പി)259/2010/തസ്വഭവ തിയ്യതി 8.11.2010 മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾ പ്രോജക്ട് നടത്തിപ്പിന് പാലിച്ചിട്ടില്ല. 7.3.2017 ന് പ്രസിദ്ധപ്പെടുത്തിയ ടെണ്ടർ പരസ്യത്തിൽ നിലവിലുള്ള ആസ്തി രജിസ്റ്റർ അപാകതകൾ തിരുത്തുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോയിട്ടുള്ള നിലവിലുള്ള ആസ്തികൾ കൂടി ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം നൽകാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നുമാണ് ഓഫർ ക്ഷണിച്ചത്. എന്നാൽ 2 PWD കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചത്. ഇതിൽ 270000/- രൂപ (എസ്റ്റിമേറ്റ് നിരക്കാണെന്ന് ഫയലിൽ പറയുന്നെണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.) ക്വാട്ട് ചെയ്ത ശ്രീ.പി. മോഹൻദാസ് എന്ന കരാറുകാരന്റെ ടെണ്ടറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചത്. പൊതുമരാമത്തു പ്രവൃത്തിയുടെ കരാറിലെ നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കരാറുകാരൻ ഉടമ്പടി ഒപ്പു വെച്ചത്. അതേ രീതിയിൽ തന്നെ 12.6.2017 ന് കരാറുകാരൻ പ്രവൃത്തി സ്ഥലം ഏറ്റെടുത്തതായും കാണുന്നു.

4.പദ്ധതി ലക്ഷ്യത്തിന്റെ വ്യക്തമായ വിവരണം, കൃത്യനിർവ്വഹണപട്ടിക, സേവനദാതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന ഫലം, സേവനദാതാവിന്റെ പ്രവൃത്തി വിലയിരുത്തുന്നതിന് 3അംഗങ്ങൾ അടങ്ങിയ കമ്മിറ്റിയുടെ രൂപീകരണം, പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തൽ, യോഗ്യതയും പ്രവൃത്തി പരിചയവും വിലയിരുത്തുന്നവരുടെ വിവരം എന്നിവ ഉൾപ്പെടുന്ന ടേംസ് ഓഫ് റഫറൻസ് (TOR) നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

5.ആസ്തി രജിസ്റ്റർ ഭാഗികമായി പൂർത്തിയാക്കിയ ആളുകളുടെ യോഗ്യത, പ്രവൃത്തി പരിചയം, എത്ര ആളുകൾ, എത്ര മനുഷ്യദിനങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

6.പ്രൊക്യർമെന്റ് മാർഗ്ഗരേഖയനുസരിച്ച് പ്രവൃത്തി പൂർത്തീകരണത്തിനു ശേഷമേ തുക അനുവദിക്കാൻ പാടുള്ളൂ. ഈ നിബന്ധനക്കു വിരുദ്ധമായി 55 വാർഡുകളിലെ ആസ്തികൾ രജിസ്റ്ററിൽ കാലികമാക്കുന്നതിന്റെ പ്രവൃത്തി ഭാഗികമായി കഴിഞ്ഞതിനാൽ 175500/- രൂപ പദ്ധതി തുകയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

7.എം.ബുക്ക് നമ്പർ 2604/07 പേജ് 46 ൽ ചെയ്ത ജോലികളുടെ വിവരം 25.6.2017 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിക്കാണുന്നു. എന്നാൽ അപ്ഡേഷൻ നടത്തിയ വാർഡുകളുടെ നമ്പർ, ഏതൊക്കെ ആസ്തികൾ, തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. A3 ഫോർമാറ്റിൽ ഹാർഡ് കോപ്പി നൽകിയതായി എം.ബുക്കിൽ രേഖപ്പെടുത്തിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8.ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിന് ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ യോഗ്യതകൾ വിലയിരുത്തിയ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനും അപാകത നിറഞ്ഞ അടിസ്ഥാന ആസ്തി രജിസ്റ്റർ, തുടർ വർഷങ്ങളിലെ പദ്ധതി ചെലവു പത്രിക, 55 വാർഡുകളിലെ പരിഷ്കരിച്ച ആസ്തി രജിസ്റ്റർ (എ3 ഭൗതിക കോപ്പിയും ടി പ്രവൃത്തിയുടെ സി.ഡി. കോപ്പിയും) പരിശോധനക്ക് ഹാരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 3.10.2018 ന് നൽകിയ 74ാം

നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിട്ടില്ല. ചെലവു തുക 175500/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-24 എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ് വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

സർക്കാരിന്റെ 12-04-2006 തീയതിയിലെ ജി.ഒ.(പി) 177/2006 ഫിൻ. നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ എൽ.എസ്.ജി.ഡി വിഭാഗം ഓഫീസിൽ 01-04-2017 മുതലുള്ള ഇടപാടുകളൊന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് നടത്തിയിട്ടുള്ളത്. ട്രഷറി ബിൽ മുഖേനയുള്ള ടി.എസ്.ബി. അക്കൗണ്ടിലെ ഇടപാടുകളുടെ വിവരം, ഇ-ടെണ്ടർ അക്കൗണ്ടിലെ ഇടപാടുകൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേരിലുള്ള മറ്റ് അക്കൗണ്ടുകളുടെ വിവരങ്ങൾ തുടങ്ങിയവയൊന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ഓഫീസിലെ എല്ലാ വരവുകളുടെയും ചെലവുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി കാഷ് ബുക്ക് സൂക്ഷിക്കാത്തതിനാൽ വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല. വരവ് ചെലവ് കണക്കുകളുടെ പ്രാഥമിക രേഖയായ കാഷ് ബുക്ക് സൂക്ഷിക്കാത്തത് വീഴ്ചയാണ്. നിലവിലും കാഷ് ബുക്കിൽ രേഖപ്പെടുത്താതെയാണ് ഇടപാടുകൾ നടത്തിവരുന്നത്. കാഷ് ബുക്ക് എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-25 ഞെളിയൻ പറമ്പ് വാഹന പാർക്കിംഗ് ഷെഡ് നിർമ്മാണം - പ്രവൃത്തി ബില്ലിൽ നിന്നും നിയമാനുസൃത റിക്കവറികൾ ഈടാക്കിയതിൽ കുറവ്.

| | |
|---|---|
| ഫയൽ നം | Eg12/70203/15 |
| പ്രോജക്ട് നം./പേര് | 1292/18 (ട്രഞ്ചിംഗ് ഗ്രൗണ്ടിൽ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ടിങ് എഞ്ചിനീയർ |
| സാങ്കേതികാനുമതി തുക | 3500000/- രൂപ |
| കരാറുകാരൻ | പി.സുരേന്ദ്രൻ |
| അളവു പുസ്തകം | 552/16 |

മേൽ പ്രോജക്ട് പ്രകാരം ഞെളിയൻ പറമ്പിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ മാലിന്യം കൊണ്ടുപോകാനുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി 3500000/- രൂപ വകയിരുത്തി ഷെഡ് നിർമ്മിക്കുകയുണ്ടായി. 8.9994% ടെണ്ടർ കുറവിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 2016-17 ൽ പാർട്ട് ബില്ലും 2017-18 ൽ ഫൈനൽ ബില്ലും സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ടെണ്ടർ കുറവ് കിഴിച്ച് 27,94,931/- രൂപയാണ് പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുള്ളത്. പ്രവൃത്തി ബിൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ബില്ലിൽ നിന്നും ആദായനികുതി, മൂല്യവർധിത നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പാർട്ട് ബില്ലിൽ നിന്നുമുള്ള റിക്കവറി

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2702890.71 |
| (-) ടെണ്ടർ കുറവ് (8.9994%) | 243243.95 |
| | 2459646.76 |
| (-) 10% റീടെൻഷൻ | 245964.68 |
| | 2213682.08 |
| (-) ആദായനകതി @ 1% | 22137.00 |
| (-) മൂല്യവർധിത നികുതി @ 4% | 88547.00 |
| (-) ക്ഷേമനിധി വിഹിതം @ 1% | 22137.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 2080861.00 |

<u>ഫൈനൽ ബില്ലിൽ നിന്നുമുള്ള റിക്കവറി</u>

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 3071332.01 |
| (-) ടെണ്ടർ കുറവ് (8.9994%) | 276401.45 |
| | 2794930.56 |
| (-) പാർട്ട്ബിൽ | 2213682.08 |
| | 581248.48 |
| (-) കാലാവധി ദീർഘിപ്പിച്ചതിന് പി.എ.സി.യുടെ 1% ഫൈൻ | 31261.00 |
| | 549987.00 |
| (-) ആദായനികുതി @ 1% | 5500.00 |
| (-) മൂല്യവർധിത നികുതി @ 4% | 21999.00 |
| (-) ക്ഷേമനിധി വിഹിതം @ 1% | 5500.00 |
| കരാറുകാരന് നൽകിയ തുക | 516988.00 |

ഫയൽ പരിശോധിച്ചതിൽ, പാർട്ട് ബില്ലിൽ നിന്നും 10% റീടെൻഷൻ കഴിച്ചുള്ള തുകയിൽ നിന്നുമാണ് നിയമാനുസൃത റിക്കവറി നടത്തിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ റീടെൻഷൻ ഉൾപ്പെടെയുള്ള തുകക്ക് നിയമാനുസൃത നികുതികൾ ഈടാക്കേണ്ടതാണ്. മാത്രമല്ല പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചതിന് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയായ 31261/- രൂപയും കുറച്ചുള്ള തുകക്കാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കുറവും പാർട്ട് ബിൽ തുകയും കുറച്ച് റീടെൻഷൻ തുക കൂട്ടിയതിനു ശേഷമുള്ള തുകക്കാണ് താഴെ പറയും പ്രകാരം നിയമാനുസൃത നികുതികൾ കണക്കാക്കേണ്ടത്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 3071332.01 |
| (-) ടെണ്ടർ കുറവ് (8.9994%) | 276401.45 |
| | 2794930.56 |
| (-) പാർട്ട്ബിൽ | 2213682.08 |
| | 581248.48 |
| (+) 10% റീടെൻഷൻ | 245965.00 |
| | 827213.48 |

| | |
|---|---|
| (-) ആദായനികുതി @ 1% | 8272.00 |
| (-) മൂല്യവർധിത നികുതി @ 4% | 33089.00 |
| (-) ക്ഷേമനിധി വിഹിതം @ 1% | 8272.00 |
| | 777580.48 |
| (-) കാലാവധി ദീർഘിപ്പിച്ചതിന് പി.എ.സി.യുടെ 1% ഫൈൻ | 31261.00 |
| | 746319.48 |
| റി ടെൻഷൻ ഒഴികെ കരാറുകാരന് അനുവദിക്കേണ്ട തുക (746319.48-245965) | 500354.48 |
| അനുവദിച്ച തുക | 516988.00 |
| അധികം നൽകിയത് | 16634.00 |

ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത റിക്കവറികൾ ഈടാക്കുന്നതിൽ താഴെ പറയും പ്രകാരം കുറവ് വന്നതിനാൽ കരാറുകാരന് 16,634/- രൂപ അധികമായി നൽകിയിട്ടുണ്ട്.

| | ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| ആദായനികുതി | 5500 | 8272 | 2772 |
| മൂല്യവർധിത നികുതി | 21999 | 33089 | 11090 |
| ക്ഷേമ നിധി വിഹിതം | 5500 | 8272 | 2772 |
| ആകെ | | | 16634 |

പ്രവൃത്തി ബില്ലിൽ നിന്നും നിയമാനുസൃത റിക്കവറികൾ ഈടാക്കിയതിൽ 16,634/- രൂപ കുറവ് വന്നതിനും പ്രസ്തുത തുക കരാറുകാരന് അധികമായി അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.05/07.11.2018) ലഭ്യമാക്കിയ മറുപടിയിൽ (ഇ.ജി.12-70203/17 തിയതി 03.05.18) നികുതി കണക്കാക്കുമ്പോൾ ഫൈനൽ ബില്ലിനോടൊപ്പം, പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത 10% റീടെൻഷൻ തുക കൂട്ടേണ്ടതില്ല എന്നാണ് പരാമർശിച്ചത്. എന്നാൽ പാർട്ട് ബിൽ അനുവദിച്ചപ്പോൾ റീടെൻഷൻ തുക കുറവ് ചെയ്ത തുകയ്ക്കാണ് നികുതി കണക്കാക്കിയത് എന്നതിനാൽ സൂപ്രണ്ടിങ് എഞ്ചിനീയറുടെ മറുപടി സ്വീകാര്യമല്ല. 16634 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-26 എം.കെ.റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| ഫയൽ നമ്പർ | EG4/10537/17 |
| പ്രോജക്ട് നമ്പർ | 958/18 |
| അടങ്കൽ | 1314963/- |
| കരാറുകാരൻ | ശ്രീ.ഇ.അബു |
| എഗ്രിമെന്റ് നം./തീയതി | ACE/575/16-17/25.03.17 |
| എം ബുക്ക് നമ്പർ | 238/17, 545/16 |

| | | | |
|---|---|---|---|
| ചെലവ് | 7,01,035/- | 5,22,163/- | ബിൽ നം. 120/19.07.2017 |
| | | 1,78,872/- | ബിൽ നം. 285/24.01.2018 |

കോർപ്പറേഷൻ പരിധിയിലെ സെക്ടർ 7 ലെ എം.കെ.റോഡിൽ മുഖദാർ മുതൽ ഇബ്രാഹിം പാലം വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് 12,23,198/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24/09/2017 ന് അവസാനിച്ചുവെങ്കിലും കരാറുകാരൻ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നത് 18/11/2017 ലാണ്. കരാർ കാലാവധി നീട്ടുന്നതിനുള്ള സപ്ലിമെന്റൽ എഗ്രിമെന്റ് ഒപ്പ് വെച്ചത് 10/01/2018 ന് മാത്രമാണ്. ജി.ഒ.(പി) 13/2012/പി.ഡബ്ല്യൂ.ഡി/ 01.02.2012 സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള ദീർഘീകരണത്തിന് കാലാവധി തീരുന്നതിനു മുമ്പായി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. മാത്രമല്ല പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. എന്നാൽ ഒറ്റത്തവണ മൂന്ന് മാസത്തേക്ക് (ഒറിജിനൽ സമയത്തിന്റെ 50%) കാലാവധി ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല.

2. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും പാർട്ട് ബിൽ കുറവ് ചെയ്ത ശേഷമുള്ള പ്രവൃത്തി മൂല്യത്തിൽ നിന്നും നിയമാനുസൃത റിക്കവറികൾ നടത്തുന്നതിന് പകരം ഡിപ്പാർട്ട്മെന്റൽ സപ്ലൈ ആയി നൽകിയ ടാറിന്റെ വില കൂടി കുറവ് ചെയ്ത തുകയിൽ നിന്നുമാണ് ആദായനികുതി, ക്ഷേമനിധി വിഹിതം എന്നീ റിക്കവറികൾ നടത്തിയിട്ടുള്ളത്. ആയതിനാൽ റിക്കവറി നടത്തിയ തുകയിൽ കുറവ് വന്നിട്ടുണ്ട്.

3. പ്രവൃത്തിയുടെ അളവ് പുസ്തകപ്രകാരം (238/17) പ്രവൃത്തിയിനം 3 ആയി tack coat on bituminous surface 577.50 ച.മീറ്ററും, ഇനം 8 ആയി tack coat on GSB 294.18 ച.മീറ്ററും ചെയ്തിട്ടുണ്ട്. അത്പ്രകാരം യഥാക്രമം 4, 5 ഇനങ്ങളായ chipping carpet, seal coat എന്നിവ ചെയ്യേണ്ട ഏരിയ 871.68 ച.മീറ്റർ (577.5 + 294.18) ആണെന്നിരിക്കെ 877.5 ച.മീറ്റർ പ്രസ്തുത പ്രവൃത്തിയിനങ്ങൾ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 17.5.2018 ന് നൽകിയ ഒ.എസ്. ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് നൽകിയ തുകയുടെ കൃത്യത പരിശോധിച്ച് അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 7,01,035/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-27 നടക്കാവ് മോഡൽ ടി.ടി.ഐ. എൽ.പി.സ്കൂൾ മെയിന്റനൻസ് പ്രവൃത്തി പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | |
|---|---|
| ഫയൽ നമ്പർ | EG2/29066/17 |
| പ്രോജക്ട് നമ്പർ | 868/17, 1036/18 |
| അടങ്കൽ | 800000/- രൂപ |
| കരാറുകാരൻ | ശ്രീ. കെ.മുഹമ്മദ് അഷ്റഫ് |
| എഗ്രിമെന്റ് നം. | ACE/7/2017-18/03.05.17 |
| ചെലവ് തുക | 5,84,295/- രൂപ (ബിൽ നം.44/17-18/NR/08.01.18) |

2016-17 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.868/17 ആയി മേൽ പ്രവൃത്തിക്ക് ഡി.പി.സി.അംഗീകാരം ലഭിക്കുകയുണ്ടായി. 30/03/2017 ൽ നടന്ന ടെണ്ടറിൽ 6,99,019/- രൂപ ക്വാട്ട് ചെയ്ത ശ്രീ.കെ.മുഹമ്മദ് അഷ്റഫ് എന്ന കാരാറുകാരനെ ബഹു: മേയറുടെ 31/03/2017 ലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏൽപ്പിച്ചു. അത് പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുകയും 31/03/2017 ന് തന്നെ കരാറുകാരൻ ആയത് കൈപ്പറ്റുകയും ചെയ്തതായി കാണുന്നു. എന്നാൽ മേൽ പ്രവൃത്തിക്ക് കരാറുകാരൻ ജാമ്യ നിക്ഷേപം ഹാജരാക്കി കരാറിലേർപ്പെട്ടത് 03/05/2017 നാണ്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്) നം.79/2017/ത.സ്വ.ഭ.വ/03.04.17 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി

വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.6(1) അനുസരിച്ച് ഒരു പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്താൽ മാത്രമേ അത് ഭരണസമിതി തീരുമാനപ്രകാരം സ്പിൽ ഓവർ പ്രോജക്ടായി പരിഗണിക്കേണ്ടതുള്ളൂ. നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ, പ്രവൃത്തിക്കായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അത് സ്പിൽ ഓവർ പ്രോജക്ടായി ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്. എന്നാൽ 2016-17 പദ്ധതി കാലയളവിൽ കരാർ വെക്കാത്ത മേൽ പ്രവൃത്തി 2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടായാണ് നടപ്പിലാക്കിയത്.

2. ജി.ഒ.(പി) 13/2012/പി.ഡബ്ല്യൂ.ഡി/തീയതി 01/02/2012 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി. യുടെ 1% പിഴ ഈടാക്കി (മിനിമം 1000/- രൂപയും പരമാവധി 25000/- രൂപയും) 10 ദിവസം കൂടി അനുവദിക്കാവുന്നതാണ്. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് ഉടമ്പടിവക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി. കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുക്കാൻ നെഗോഷ്യേറ്റ് ചെയ്യേണ്ടതും അത് സാധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി ഒരു മാസവും 2 ദിവസവും കഴിഞ്ഞാണ് കരാറുകാരൻ ഉടമ്പടി വച്ച് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. ഇത് ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 03.05.2018 ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.11/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വെക്കാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-28 റോഡ് റീ ടാറിഗ് പ്രവൃത്തി അപാകതകൾ.

| | |
|---|---|
| ഫയൽ നമ്പർ | EG3/674/17 |
| പ്രോജക്ട് നമ്പർ | 915/18 |
| നിർവഹണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| അടങ്കൽ | 2500000/- രൂപ |
| കരാറുകാരൻ | ശ്രീ.പി.റെജി |
| എഗ്രിമെന്റ് നം./തീയതി | ACE/588/16-17/28.03.17 |
| ചെലവ് തുക | 22,00,000/- രൂപ (ബിൽ നം.176/26.08.2017) |
| അളവു പുസ്തകം | 387/17, 402/17 |

നഗരസഭ പരിധിയിലെ സെക്ടർ 6 ൽ ഉൾപ്പെട്ട പൊട്ടിപ്പൊളിഞ്ഞ വിവിധ റോഡുകളുടെ റീടാറിംഗ് പ്രവൃത്തിയാണ് മേൽ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തി ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ വെളിയഞ്ചേരി, പ്ലക്കാട്, നേതാജി എളവനത്താഴം, മമ്മിൽ മീത്തൽ എന്നീ റോഡുകളുടെ വിവിധയിനം ടാറിംഗ് പ്രവൃത്തികൾക്കായി (ഇനം.5, 6, 7, 8, 9) 19750 കി.ഗ്രാം. ടാർ ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(സാധാ.) നം.3049/16/ത.സ്വ.ഭ.വ/ തീയതി 08/11/2016 ഉത്തരവ് പ്രകാരം പ്രവൃത്തിക്കായി കരാറുകാരൻ നേരിട്ട് ടാർ വാങ്ങുകയാണെങ്കിൽ ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണെന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തിക്കായി വാങ്ങി ഉപയോഗിച്ച ടാറിന്റെ ഒറിജിനൽ ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. 800 മീ. നീളമുള്ള വെളിയഞ്ചേരി റോഡിലെ 50 മീ. ഭാഗം കോൺക്രീറ്റ് റോഡാണ്. ഇത് പൊട്ടിപൊളിഞ്ഞ് ഉപയോഗയോഗ്യമല്ലാത്തതിനാൽ പൊളിച്ച് നീക്കി 50 മീറ്ററിൽ പുതിയ ടാർ റോഡ് നിർമ്മിക്കാനും ബാക്കിയുള്ള 750 മീറ്ററിൽ Resurfacing നടത്താനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തിയിനം 3, 4, 5, 7, 8, 9 പ്രകാരം 50 മീറ്ററിൽ പുതിയ ടാർ റോഡ് നിർമ്മിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനുബന്ധം-ബി ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിലവിലുള്ള കോൺക്രീറ്റ് റോഡ് പൊളിച്ച് നീക്കുന്ന പ്രവൃത്തി

നടത്തിയിട്ടില്ലെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു. നിലവിലുള്ള 50 മീറ്റർ കോൺക്രീറ്റ് റോഡ് പൊളിച്ചു നീക്കാതെ പുതിയ ടാർ റോഡ് നിർമ്മിച്ച സാഹചര്യം വ്യക്തമല്ല.

3. പ്രവൃത്തിയുടെ അളവ് പുസ്തകം നം.402/17 പേജ് നം.2 ൽ പ്രവൃത്തിക്കായി താഴെ പറയും പ്രകാരം ടാർ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തി ഇനം | ചെയ്ത ഏരിയ | ഉപയോഗിച്ച ടാർ | | |
|---|---|---|---|---|
| | | SS1 | RS1 | S65 |
| 5. Prime coat | 183.05 $M^2$ | 155.59 KG | --- | --- |
| 6. Tack coat (on bituminous surface) | 7166.88 $M^2$ | --- | 1612.55 KG | --- |
| 7. tack coat (on GSB surface) | 183.05 $M^2$ | --- | 50.34 KG | --- |
| 8. 20 mm thick open graded premix carpt | 7349.33 $M^2$ | --- | --- | 10730.02 KG |
| 9. Seal coat | 7349.33 $M^2$ | --- | --- | 7201.36 KG |
| Total | | 155.59 KG | 1662.89 KG | 17931.38 KG |

പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരമുള്ള 1, 2, 8, 9 ഇനം ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ എസ് 65 ഗ്രേഡ് ടാറിന്റെ അളവ് 21131.93 കി.ഗ്രാം ആണ്. എന്നാൽ എസ് 65 ഗ്രേഡിലുള്ള ആകെ 17931.38 കി.ഗ്രാം ടാർ മാത്രം ഉപയോഗിച്ചിട്ടുള്ളതായാണ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ സൂചിപ്പിച്ചു നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിനു (നം.14/17-18 തീ:11.05.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ടാറിന്റെ ഒറിജിനൽ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതും, കോൺക്രീറ്റ് റോഡ് പൊളിച്ചു നീക്കൽ പ്രവൃത്തി കൂടാതെ പുതിയ ടാർ റോഡ് നിർമ്മിച്ച സാഹചര്യം വിശദമാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 22,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-29 കമ്പ്യൂട്ടറുകളും പ്രിന്ററുകളും പ്രവർത്തനക്ഷമമാക്കിയില്ല.

| | | | |
|---|---|---|---|
| നിർവഹണം | : | കോർപ്പറേഷൻ സെക്രട്ടറി | |
| ഫയൽ നം. | : | പി1/98911/16 | |
| പദ്ധതി നമ്പർ | : | 220/18 | |
| അടങ്കൽ | : | 26,64,908/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | : | 24,16,682/- | ബിൽ നം. 39/03 തീയതി : 05.01.2018 |

"ഓഫീസ് ഉപയോഗത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രിന്ററുകളും വാങ്ങൽ" എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി 61 കമ്പ്യൂട്ടറുകളും 25 പ്രിന്ററുകളും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി കോർപ്പറേഷനിലെ വിവിധ വിഭാഗങ്ങൾക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 24,16,682/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് സംബന്ധിച്ച് ഭൗതിക പരിശോധന നടത്തിയപ്പോൾ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ

ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) ജനസേവന കേന്ദ്രത്തിലേക്ക് വിതരണം ചെയ്ത 10 കമ്പ്യൂട്ടറുകളിൽ 2 എണ്ണം ഇൻസ്റ്റാൾ ചെയ്യപ്പെടാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. 6 മോണിറ്ററുകളും സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

2) റവന്യൂ ഓഫീസർക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകളിൽ ഒരെണ്ണവും പ്രിന്ററുകളിൽ 2 എണ്ണവും ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (12/05.05.2018) ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-30 തെറ്റായ ശമ്പളനിർണ്ണയം-കൈപ്പറ്റിയ അധികതുക ഈടാക്കിയില്ല.

സാനിറ്റേഷൻ വർക്കർ ശ്രീ.കെ.നരേന്ദ്രൻ എന്നവർക്ക് 01.04.2005 മുതൽ ശമ്പള നിർണയ ചട്ടങ്ങൾക്ക് വിരുദ്ധമായി ശമ്പളം നിജപ്പെടുത്തി നൽകുകയും ആയത് പ്രകാരം ശമ്പളം അനുവദിക്കുകയും ചെയ്തത് വഴി അധിക തുക കൈപ്പറ്റിയിട്ടുണ്ട്. ഈ ഓഫീസിലെ 02.07.2018 ലെ കെ.എസ്.എ.കെ.ഒ.സി. എം10/784/2018 നമ്പർ കത്ത് മുഖേന പ്രസ്തുത വിവരം സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ അധികം കൈപ്പറ്റിയ 99,363/-രൂപ ഇതുവരെയും ഈടാക്കിയിട്ടില്ല.

അർഹമായ ശമ്പളത്തേക്കാൾ അധികം കൈപ്പറ്റിയ തുക സേവനപുസ്തകവും ശമ്പള വിതരണ രേഖകളും പരിശോധിച്ച് തിരികെ ഈടാക്കി ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് 22.09.18 ലെ72/17-18 നമ്പർ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടിരുന്നു. ആയതിന് ഹെൽത്ത് ഓഫീസർ 13.12.18 ൽ എഫ്.4/2438/15നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ശ്രീ കെ.നരേന്ദ്രൻ 01.04.2005 മുതൽ 31.12.17വരെയുള്ള കാലയളവിൽ 99363/- രൂപ അധികം കൈപ്പറ്റിയിട്ടുണ്ടെന്നും ആയത് സേവനപുസ്തകത്തിൽ ബാധ്യതയായി നിജപ്പെടുത്തിയിട്ടുണ്ടെന്നും 30.06.2019 ൽ വിരമിക്കുന്ന സമയത്ത് ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധികം കൈപ്പറ്റിയ തുക 99363/-രൂപ ഈടാക്കി നഗരസഭഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തേണ്ടതാണ്.

## 3-31 പുനർവിവാഹിതയായശേഷവും കുടുംബപെൻഷൻ കൈപ്പറ്റി.

ഫയൽ നമ്പർ : ബി11-5497/2006

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും പി.പി.ഒ. നമ്പർ 5647 പ്രകാരം റഗുലർ ഫാമിലി പെൻഷൻ വാങ്ങി വരുന്ന ശ്രീമതി.വേലമ്മ (w/o. Late വെള്ളയ്യൻ, ക്ലീനർ) എന്നവർക്ക് ഡിസംബർ 2017 വരെ പെൻഷൻ നൽകിയിട്ടുണ്ട്. ശ്രീമതി.സരസു, നടക്കാവ് 05.12.2017 ന് സെക്രട്ടറിക്ക് നൽകിയ പരാതിയിൽ ശ്രീമതി.വേലമ്മ പുനർവിവാഹം ചെയ്തിട്ടുണ്ടെന്നും ആയതിന് ശേഷവും കുടുംബപെൻഷൻ വാങ്ങി വരുന്നുണ്ടെന്നും വ്യക്തമാക്കുകയുണ്ടായി. ശ്രീ.ആർ.ഗോപകുമാർ, റവന്യൂ ഇൻസ്പെക്ടറുടെ 16.02.2018 ലെ അന്വേഷണ റിപ്പോർട്ടിൽ ശ്രീമതി.വേലമ്മ രണ്ട് വർഷം മുമ്പെ വിവാഹം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയ വിവാഹകരാർ പത്രത്തിൽ 15.10.2015 ലാണ് വേലമ്മയുടെ പുനർ വിവാഹം നടന്നിട്ടുള്ളത്. 01.11.2015 മുതൽ 01.12.2017 വരെ പെൻഷനും മറ്റ് ആനുകൂല്യങ്ങളുമായി 2,60,713/- രൂപ ശ്രീമതി.വേലമ്മ കെപ്പറ്റിയിട്ടുണ്ട്.

പുനർവിവാഹിതയല്ല എന്ന് തെളിയിക്കുന്ന 2015 ലെയും 2016 ലെയും സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 01.10.2017 ന് ഗവ.ടി.ടി.ഐ.(വനിത), നടക്കാവ്, പ്രിൻസിപ്പാൾ ശ്രീമതി.ടി.സി.റോസ് മേരി നൽകിയ 'പുനർവിവാഹിതയല്ല' എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അതിനുശേഷം പെൻഷൻ നല്കിയിട്ടുള്ളത്.

03.02.2018 ന് സെക്രട്ടറി ശ്രീമതി. വേലമ്മക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് 05.03.2018 ന് പെൻഷണർ നൽകിയ മറുപടിയിൽ, പുനർവിവാഹശേഷവും പെൻഷൻ കൈപ്പറ്റിയിട്ടുണ്ടെന്നും ആയത് അറിവില്ലായ്മ കാരണമാണെന്നും തെറ്റ് മാപ്പാക്കി തരണമെന്നും യാതൊരുവിധ നിയമനടപടികളും സ്വീകരിക്കരുതെന്നും വ്യക്തമാക്കുകയുണ്ടായി. സെക്രട്ടറിയുടെ 09.05.2018 ലെ ഓഫീസ് കുറിപ്പിൽ, കക്ഷിക്ക് തുക അടവാക്കാനാവശ്യപ്പെട്ട് കൊണ്ട് നോട്ടീസ് നൽകാനും റവന്യൂ റിക്കവറി നടപടിയും പോലീസിൽ ക്രിമിനൽ കേസ് നൽകുന്നതിനാവശ്യമായ നടപടിയും കൈകൊള്ളാൻ നിർദേശിച്ചിരുന്നെങ്കിലും യാതൊരു വിധ തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീമതി.വേലമ്മ, കൊരണിവയൽ, പുതിയങ്ങാടി എന്നവർ കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിൽ ക്ലീനറായി ജോലിചെയ്യവെ 21.07.2005 ൽ മരണപ്പെട്ട, ശ്രീ.പി.വെള്ളയച്ചന്റെ ഭാര്യയും 16.05.2009 ലെ

സി.15/87825/07 നമ്പർ ഉത്തരവ് പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം ലഭിച്ച വ്യക്തിയുമാണ്. 03.06.2009 ൽ ജോലിയിൽ പ്രവേശിച്ച ഇവർ പുതിയങ്ങാടി സർക്കിൾ (സർക്കിൾ നമ്പർ 14)എച്ച്.ഐ. യുടെ ഓഫീസിൽ ജോലി ചെയ്തു വരുന്നുണ്ട്. കോഴിക്കോട് നഗരസഭയിൽ കണ്ടിജന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരിയായ ശ്രീമതി.വേലമ്മക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനോ അനധികൃതമായി കൈപ്പറ്റിയ തുക ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. നഗരസഭാ ഫണ്ടിന് നഷ്ടം വന്ന തുക നിയമാനുസൃത പലിശ സഹിതം ശ്രീമതി.വേലമ്മയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണെന്നും 2015, 2016 വർഷങ്ങളിൽ പെൻഷണർ ഹാജരാക്കിയ പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നും ഇവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(80/17-18തി.5.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ശ്രീമതി.വേലമ്മ പുനർവിവാഹിതയായശേഷവും അനധികൃതമായി പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ വകയിൽ നഗരസഭാഫണ്ടിന് നഷ്ടം വന്ന2,60,713/-രൂപ നിയമാനുസൃത പലിശ സഹിതം ശ്രീമതി.വേലമ്മയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-32 മരിച്ചയാൾക്ക് പെൻഷൻ നൽകി

ഫയൽ നമ്പർ - ബി11(പി)-152102/17, ബി11(പി)-1172/11

പെൻഷൻ വിതരണ രേഖകളും ഫയലും പരിശോധിച്ചതിൽ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും പി.പി.ഒ. നമ്പർ 2819 പ്രകാരം റഗുലർ പെൻഷൻ വാങ്ങി വരുന്ന ശ്രീമതി.ആർ.സരോജിനി എന്നവർക്ക് സെപ്തംബർ 2016 വരെ പെൻഷൻ നൽകിയിട്ടുണ്ട്.(ബാങ്ക് അക്കൌണ്ട് നമ്പർ പി.എൻ.ബി.1423000300002892) പെൻഷണറുടെ മകനായ ശ്രീ.സുനിൽകുമാർ 03.10.2016 ന് സെക്രട്ടറിക്ക് നൽകിയ കത്തിൽ, തന്റെ അമ്മ 07.08.2014 ന് മരണപ്പെട്ടതായും അമ്മ മരിച്ച വിവരം കൃത്യസമയത്ത് ഓഫീസിൽ അറിയിക്കാത്തത് അറിവില്ലായ്മ മൂലമാണെന്നും അമ്മയുടെ അക്കൌണ്ടിലേക്ക് പെൻഷൻ അയച്ചത് വഴി നഗരസഭയിലേക്ക് തിരിച്ചടവാക്കേണ്ട തുക കണക്കാക്കി വിവരമറിയിച്ചാൽ അടവാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ ഇതിന് ശേഷം രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത തുക ഇതുവരെയും അടവാക്കിയിട്ടില്ല.

ശ്രീ.സുനിൽകുമാറിന്റെ കത്തിൽ പരാമർശിച്ച മരണപ്പെട്ട തീയതിക്ക് ശേഷം തൊട്ടടുത്ത മാസമായ സെപ്തംബർ 2014 മുതൽ സപ്തംബർ 2016 വരെ പെൻഷനും മറ്റ് ആനുകൂല്യങ്ങളുമായി 3,05,126/- രൂപ ശ്രീമതി.സരോജിനിയുടെ അക്കൌണ്ടിലേക്ക് നഗരസഭ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകളെല്ലാം ബാങ്ക് അക്കൌണ്ടിൽ നിന്നും പിൻവലിച്ചതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമാണ്. ശ്രീമതി.സരോജിനിയുടെ മരണം മരണസർട്ടിഫിക്കറ്റ് പരിശോധിച്ച് നഗരസഭ ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 9(4) പ്രകാരം പെൻഷണറുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. കെ.എസ്.ആർ.പാർട്ട് III ചട്ടം 128 പ്രകാരം എല്ലാ പെൻഷണർമാരും വർഷത്തിലൊരിക്കൽ (നവംബർ മാസം) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ തുടർന്നുള്ള പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്നും തെറ്റായി നൽകുന്ന പെൻഷൻ തുകക്ക് പെൻഷൻ വിതരണ ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി പരിശോധിക്കാതെ മരണശേഷം 25 മാസക്കാലം പെൻഷൻ നൽകിയത് നിരുത്തരവാദപരമായ നടപടിയാണ്. ലൈഫ് സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്യാതെ മരണശേഷവും പെൻഷണറുടെ അക്കൌണ്ടിലേക്ക് പെൻഷൻ നൽകുന്നതിന് ഇടയാക്കിയ ഉത്തരവാദികളായ ശ്രീ.കെ.വി.വേലായുധൻ, ശ്രീ.ഇ.എം.രവീന്ദ്രൻ (അക്കൌണ്ട് ഓഫീസർമാർ), ശ്രീ.ടി.വി.ജോൺ, ശ്രീ.വിനോദ് കുമാർ.പി.ബി. (സൂപ്രണ്ടുമാർ), ശ്രീമതി.സറഫുന്നീസ (ക്ലാർക്ക്) എന്നിവർക്കെതിരെ മെമ്മോ നൽകുന്നതിനും നഗരസഭക്ക് ലഭിക്കേണ്ടതായ തുക കൃത്യസമയത്ത് ലഭിക്കാതെ വരുന്ന അവസരത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയുടെ 29.11.2016 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08.12.2016 ലെ ബി11(പി) 152102/13 നമ്പർ കത്ത് പ്രകാരം പി.എ. ടു സെക്രട്ടറിക്ക് അക്കൌണ്ട്സ് ഓഫീസർ കുറിപ്പ് നൽകിയിരുന്നെങ്കിലും യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല. 9/2014 മുതൽ 9/2016 വരെയുള്ള കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ (സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, അക്കൌണ്ട്സ് ഓഫീസർ, അഡീഷണൽ സെക്രട്ടറി) എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ഓരോരുത്തരുടെയും മേൽവിലാസം ജോലി ചെയ്ത കാലയളവ് ഉൾപ്പെടെ ലഭ്യമാക്കേണ്ടതുമാണ്. ബന്ധപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുമുമ്പെ മരണ സർട്ടിഫിക്കറ്റ് പരിശോധിച്ച് പെൻഷണറുടെ മരണം ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ സുനിൽകുമാറിന്റെ കത്തിനെ അടിസ്ഥാനമാക്കി മാത്രമാണ് തുടർനടപടികൾ സ്വീകരിച്ചു വരുന്നത്. ഇത്

ശരിയായ നടപടിയല്ല. തുടർന്നുള്ള നിയമനടപടികളിൽ തടസ്സം നേരിടുന്നതിന് ഇത് ഇടയാക്കുന്നതാണ്.

നഗരസഭാ ഫണ്ടിന് നഷ്ടം വന്ന 3,05,126/- രൂപ നിയമാനുസൃത പലിശ സഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (81/17-18തി.5.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭാ ഫണ്ടിന് നഷ്ടം വന്ന 3,05,126/- രൂപ നിയമാനുസൃത പലിശ സഹിതം ശ്രീമതി.ആർ.സരോജിനിയുടെ അനന്തരാവകാശികളിൽനിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## **3-33** നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ കൗൺസിലറെ അയോഗ്യയാക്കിയത് അനാവശ്യ വ്യവഹാരങ്ങൾക്കിടയാക്കുന്നു.

നഗരസഭ വാർഡ് 8 ലെ കൗൺസിലറും വിദ്യാഭ്യാസ – കായിക സ്റ്റാന്റിംഗ് കമ്മിറ്റി അംഗവുമായ ശ്രീമതി. കെ.സി. ശോഭിത 27.12.16 മുതൽ 28.6.17 വരെയുള്ള കാലയളവിൽ ചേർന്ന തുടർച്ചയായുള്ള 21 കൗൺസിൽ യോഗങ്ങളിൽ (ലീവ് അനുവദിച്ച 10.1.17 ലെ യോഗം ഒഴികെ) 20 യോഗങ്ങളിലും അവർ അംഗമായിട്ടുള്ള വിദ്യാഭ്യാസ – കായിക സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ 31.10.16 മുതൽ 18.9.17 വരെയുള്ള തുടർച്ചയായുള്ള 29 യോഗങ്ങളിലും പങ്കെടുത്തിട്ടില്ല. കൗൺസിലിന്റെ 10.1.17 ലെ യോഗ മിനുട്സിൽ "യോഗത്തിൽ ശ്രീമതി. മീരദർശക്, ശ്രീമതി. പി.അനിത, ശ്രീമതി. കെ.സി. ശോഭിത എന്നിവർക്ക് ലീവ് അനുവദിച്ചതായി മേയർ അറിയിച്ചു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീടുള്ള പല കൗൺസിൽ യോഗങ്ങളിലും പല കൗൺസിലർമാർക്കും ലീവ് അനുവദിച്ചതായി മേയർ അറിയിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ശ്രീമതി. കെ.സി. ശോഭിത എന്ന കൗൺസിലർക്ക് 10.1.17 ലെ യോഗത്തിനു ശേഷം മുനിസിപ്പാലിറ്റി ലീവ് അനുവദിച്ചിട്ടില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി എ4/1067/17 പ്രകാരം (ഒ.എസ് നം. 100/2016 -17 തീയതി 26.09.17) പ്രകാരം നഗരസഭാ സെക്രട്ടറിക്ക് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നു. കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ എന്നിവ ചേർന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കൗൺസിൽ യോഗ തീയതി | കൗൺസിൽ യോഗ മിനുട്സിലെ ലീവ് സംബന്ധിച്ച് വിശദാംശം | സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തിയതി. |
|---|---|---|
| 27.12.16 | ശ്രീമതി. ചെരാൽ പ്രമീള, ശ്രീമതി. പ്രമീള ബാലഗോപാൽ, എന്നിവർക്ക് ലീവ് അനുവദിച്ചു. | 31.10.16 |
| 10.1.17 | ശ്രീമതി.മീരാദർശക്, ശ്രീമതി. പി. അനിത, ശ്രീമതി. കെ.സി. ശോഭിത എന്നിവർക്ക് ലീവ് അനുവദിച്ചു. | 8.11.16 |
| 27.1.17 3 PM<br>27.1.17 3.30 PM | ശ്രീമതി.കെ.ഹാജറ, കെ.ടി.ബീരാൻകോയ എന്നിവർക്ക് ലീവ് അനുവദിച്ചു | 17.11.16 |
| 13.2.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 1.12.16 |
| 14.2.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 15.12.16 |
| 27.2.17 | ശ്രീമതി.ഷിംന. എൻ.എം. ലീവ് അനുവദിച്ചു | 7.1.17 |

| | | |
|---|---|---|
| 7.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 19.1.17 |
| 13.3.17 | ശ്രീ.മുല്ലവീട്ടിൽ മൊയ്തീന് ലീവ് അനുവദിച്ചു. | 2.2.17 |
| 16.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 16.2.17 |
| 21.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 22.2.17 |
| 23.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 6.3.17 |
| 24.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 13.3.17 |
| 25.3.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 18.3.17 |
| 27.3.17 | ശ്രീ.പി.എം.നിയാസ്, പൊന്നത്ത് ഷൈമ, സി.പി.ശ്രീകല ലീവ് അനുവദിച്ചു. | 10.4.17 |
| 19.4.17 | ശ്രീ.പി.എം.സുരേഷ്ബാബു, സയ്യിദ് മുഹമ്മദ് ഷമീൽ ലീവ് അനുവദിച്ചു. | 12.4.17 |
| 11.5.17 | ശ്രീ.കെ.കൃഷ്ണൻ, ശ്രീ.ബിജുരാജ് ലീവ് അനുവദിച്ചു. | 8.5.17 |
| 22.5.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 22.5.17 |
| 31.5.17 | ആർക്കും ലീവ് അനുവദിച്ചിട്ടില്ല | 26.5.17 |
| 8.6.17 | കറ്റടത്ത് ഹാജറ, കെ.ടി.ബീരാൻകോയ, പി.പി.ബീരാൻകോയ എന്നിവർക്ക് ലീവ് അനുവദിച്ചു. | 29.5.17 |
| 24.6.17 | മിനുട്സ് എഴുതിയിട്ടില്ല | 5.6.17 |
| 28.6.17 | പി.എം.സുരേഷ്ബാബു, വി.ടി.സത്യൻ, കെ.എം. റഫീഖ്, പത്മനാഭൻ, ഷഹീദ, കറ്റടത്ത് ഹാജറ, ജിഷ ഗിരീഷ്, പ്രശാന്ത്കുമാർ, സയ്യിദ് മുഹമ്മദ് ഷമീൽ എന്നിവർക്ക് ലീവ് അനുവദിച്ചു | 23.6.17 |
| | | 12.7.17 |
| | | 17.7.17 |
| | | 26.7.17 |
| | | 2.8.18 |
| | | 5.8.17 |
| | | 22.8.17 |

| | |
|---|---|
| | 29.8.17 |
| | 18.9.17 |

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 91(1) (കെ) വകുപ്പ് പ്രകാരം ഒരു കൗൺസിലർ തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതൽക്കോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതൽക്കോ അല്ലെങ്കിൽ വകുപ്പ് 93(1) പ്രകാരം തന്നെ കൗൺസിലറുടെ സ്ഥാനത്ത് പുന:സ്ഥാപിച്ച തീയതി മുതൽക്കോ കണക്കാക്കിയാൽ തുടർച്ചയായി മൂന്നു മാസക്കാലം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അനുവാദം ഇല്ലാതെ കൗൺസിലിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്ന് മാസക്കാലത്തിനുള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രം കൂടിയിട്ടുള്ള പക്ഷം പ്രസ്തുത തിയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ചെയ്താൽ കൗൺസിലറായി തുടരുന്നതിന് അയോഗ്യതയായി മാറുന്നതാണ്.

മേൽ നിയമത്തിലെ 93(2) വകുപ്പ് പ്രകാരം 91 (1) (കെ) ഖണ്ഡത്തിൻ കീഴിൽ ഒരാൾ കൗൺസിലറല്ലാതായി തീരുന്നിടത്ത് സെക്രട്ടറി ആ വസ്തുത അങ്ങനെയുള്ള ആളെ ഉടൻ തന്നെ രേഖാമൂലം അറിയിക്കേണ്ടതും ആ കാര്യം കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുവെങ്കിലും ആയത് പാലിക്കാത്തതിനാൽ, വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശം സെക്രട്ടറിക്ക് നൽകിയിരുന്നു. ഇതിനെ തുടർന്ന് വിഷയം പരിശോധിച്ചതിൽ "ഓഡിറ്റ് പരാമർശം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാര്യം ശരിയാണെന്ന് സെക്ഷൻ, സൂപ്രണ്ട് എന്നിവർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 91 (k) വകുപ്പനുസരിച്ച് ബന്ധപ്പെട്ട കൗൺസിലർക്ക് അയോഗ്യത അറിയിച്ചുകൊണ്ട് അറിയിപ്പ് നൽകാൻ 13.10.17 ന് അഡീഷണൽ സെക്രട്ടറി, ബഹു.മേയർ എന്നിവർ ഉത്തരവിട്ടു. തുടർന്ന് 16.10.17 ന് D/10/B/15/83727/17 നമ്പർ ഉത്തരവു പ്രകാരം സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന അഡീഷണൽ സെക്രട്ടറി, കൗൺസിലറായ ശ്രീമതി. കെ.സി.ശോഭിതക്ക് അയോഗ്യത കൽപ്പിച്ച് അറിയിപ്പ് നൽകി. കൗൺസിലറായ ശ്രീമതി.കെ.സി.ശോഭിത 19.10.17 ന് D3/88979/17 നമ്പറായി ബഹു.മേയർക്ക് നൽകിയ അപേക്ഷയിൽ "ഞാൻ ജനുവരി മുതൽ ജൂൺ വരെ pregnancy sick കാരണവും തുടർന്ന് പ്രസവ ശേഷവും മേൽ കാലയളവിൽ നടന്ന കൗൺസിലുകളിൽ ഹാജരാകാൻ കഴിഞ്ഞിരുന്നില്ലെന്നും ശാരീരികമായും മാനസികമായും ഉള്ള ടെൻഷന്റെ ഇടയിൽ മേൽ അവധി എഴുത്തു മുഖേന അങ്ങയെയോ കൗൺസിലിനെയോ അറിയിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ആയതിനാൽ എന്നിൽ നിന്നും വന്നു പോയ വീഴ്ച കണക്കിലെടുത്ത് മേൽ കാലയളവിൽ ഉള്ള എന്റെ അവധി അംഗീകരിച്ചു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന്" അപേക്ഷിച്ചു. എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 91 (കെ) വകുപ്പ് പ്രകാരം, നഗരസഭയുടെ അനുമതിയില്ലാതെ കൗൺസിൽ, കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നതിനാൽ ഹാജരാകാൻ കഴിയാത്ത കൗൺസിലർമാർ മുൻകൂട്ടി അറിയിച്ച് അവധിയിൽ പ്രവേശിക്കേണ്ടതാണെന്നും അതിനാൽ അവധി അപേക്ഷ ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ലെന്നും അറിയിച്ചുകൊണ്ട് 30.10.17 ന് ബഹു.മേയർ മറുപടി നൽകി. തുടർന്ന് ശ്രീമതി. കെ.സി. ശോഭിത 27.10.17 ന് കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ മുമ്പാകെ OP.50/17 നമ്പറായി ഹരജി ഫയൽ ചെയ്തു പ്രകാരം കൗൺസിലറെ അയോഗ്യയാക്കി കൊണ്ടുള്ള സെക്രട്ടറിയുടെ 16.10.17 ലെ ഉത്തരവ് താൽകാലികമായി സ്റ്റേ ചെയ്തു. ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. നഗരസഭ അവധി അനുവദിക്കാതിരുന്നിട്ടും ഓണറേറിയം നൽകി.

1995 ലെ കേരള മുനിസിപ്പാലിറ്റി (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങളിലെ ചട്ടം 3 (ബി) പ്രകാരം മുനിസിപ്പാലിറ്റിയുടെ അനുമതിയോടുകൂടി അവധിയെടുക്കുന്ന ജനപ്രതിനിധികൾക്ക് അവധിയിൽ തുടരുന്ന കാലത്തേക്ക്, പരമാവധി 6 മാസം വരെ, ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഓണറേറിയത്തിനുള്ള അർഹത പരിഗണിക്കുമ്പോൾ പങ്കെടുക്കുന്ന മീറ്റിംഗുകൾ ആധാരമാക്കുന്നതിനു പകരം ജനപ്രതിനിധി മുനിസിപ്പാലിറ്റിയുടെ അനുമതിയോടു കൂടിയുള്ള ലീവിലാണോ അല്ലയോ എന്ന് പരിശോധിച്ച് അർഹത തീരുമാനിക്കേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ അവധിയിലായിരുന്ന ശ്രീമതി. കെ.സി. ശോഭിത എന്ന കൗൺസിലർക്ക് മേൽ ചട്ടത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി 41,000 രൂപ ഓണറേറിയം നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തിയതി | ആകെ തുക | ചെക്ക് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 2/17 | 51607844/ 6.3.17 | 5,41,720 | 691221 | 8,200 |

| | | | | |
|---|---|---|---|---|
| 3/17 | 51700008/4.4.17 | 5,43,580 | 902204 | 8,200 |
| 4/17 | 51700654/4.5.17 | 5,34,520 | 904787 | 8,200 |
| 5/17 | 51701293/5.6.17 | 5,44,960 | 902104 | 8,200 |
| 6/17 | 51701793/30.6.17 | 5,56,800 | 039587 | 8,200 |
| | | | ആകെ | 41,000 |

2. ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി.

മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ (10.1.17 ലെ അവധി അനുവദിച്ച യോഗത്തിനു ശേഷം) തുടർച്ചയായ 3 മാസക്കാലയളവിൽ 27.1.17, 13.2.17, 14.2.17, 27.2.17, 7.3.17, 13.3.17, 16.3.17, 21.3.17, 23.3.17, 24.3.17, 25.3.17, 27.3.17, 19.4.17 തിയതികളിലായി ആകെ 13കൗൺസിൽ യോഗങ്ങൾ ചേർന്നിട്ടുണ്ട്. അവസാനമായി ലീവ് അനുവദിച്ച (അവസാനം പങ്കെടുത്തത് 16.12.16 ലെ യോഗം) 10.1.17 ലെ യോഗത്തിനു ശേഷം തുടർച്ചയായി പങ്കെടുക്കാത്ത 3മാസക്കാലം പൂർത്തിയാകുന്ന 19.4.17 ലെ യോഗ ശേഷം ഉടൻ തന്നെ സെക്രട്ടറി വിഷയം 93 (2) വകുപ്പ് പ്രകാരം കൗൺസിലറെ അറിയിക്കേണ്ടതും തൊട്ടടുത്ത് ചേർന്ന കൗൺസിൽ യോഗമായ 11.5.17 ലെ യോഗത്തിൽ തന്നെ വിഷയം റിപ്പോർട്ട് ചെയ്യേണ്ടതുമായിരുന്നു. എന്നാൽ ഇപ്രകാരമുള്ള നിയമപരമായ ചുമതല നിർവഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി. ഇതിന്റെ തുടർച്ചയായി പിന്നീട് ചേർന്ന കൗൺസിലിന്റെ 11.5.17, 22.5.17, 31.5.17, 8.6.17, 24.6.17, 28.6.17 തിയതികളിൽ ചേർന്ന യോഗങ്ങളിലും 18.9.17തിയതി വരെ ചേർന്ന കമ്മിറ്റി യോഗങ്ങളിലും തുടർച്ചയായി കൗൺസിലർ ശ്രീമതി. കെ.സി. ശോഭിത പങ്കെടുത്തിട്ടില്ല. ഓഡിറ്റ് വകുപ്പ് വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അഡീഷണൽ സെക്രട്ടറിയുടെ 16.10.17 ലെ ഉത്തരവ് പ്രകാരം 21.10.17 നാണ് കൗൺസിലറെ വിഷയം അറിയിച്ചിട്ടുള്ളത്. കൂടാതെ 31.10.17 ലെ കൗൺസിൽ യോഗത്തിലുമാണ് വിഷയം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഇത്തരത്തിൽ മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ കൗൺസിൽ, കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാതിരുന്നിട്ടും പിന്നീട് 28.6.17 നു ശേഷം 7ഓളം കൗൺസിൽ യോഗത്തിലും കമ്മിറ്റിയോഗങ്ങളിലും ശ്രീമതി.കെ.സി.ശോഭിത പങ്കെടുത്തശേഷം 21.10.17 ന് അയോഗ്യയായി പ്രഖ്യാപിച്ച് ഉത്തരവ് നൽകിയ നടപടി 93 (2) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഈ വിഷയം സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ ശ്രീമതി. കെ.സി.ശോഭിത നൽകിയ ഹരജിയിൽ ചോദ്യം ചെയ്തിട്ടുമുണ്ട്. മേൽ പരാമർശിച്ച ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം സെക്രട്ടറി നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ 11.5.17 ലെ കൗൺസിൽ യോഗത്തിനു ശേഷം കൗൺസിൽ, കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കാനോ കൗൺസിലറായി തുടരാനോ കഴിയുമായിരുന്നില്ല. എന്നാൽ നിയമപരമായി ചെയ്യേണ്ട ചുമതല യഥാസമയം നിർവഹിക്കാതിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്.

3. യോഗ നോട്ടീസ് നൽകിയതിന്റെ മുഴുവൻ രേഖകളില്ല.

കൗൺസിലർ ശ്രീമതി.കെ.സി.ശോഭിത നൽകിയ OP.50/17 നമ്പർ കേസിൽ അയോഗ്യത നേരിട്ട വിഷയം ഉദ്ഭവിച്ച കാലയളവിൽ യോഗ നോട്ടീസുകൾ ലഭിച്ചിട്ടില്ലെന്ന വാദം ഉന്നയിച്ചിട്ടുണ്ട്. 1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4 (1) പ്രകാരം യോഗസ്ഥലവും തിയതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച നോട്ടീസ് യോഗം കൂടുന്നതിന് നിശ്ചയിച്ചിട്ടുള്ള തിയതിക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പെങ്കിലും അംഗങ്ങൾക്ക് നൽകിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 1.10.16 മുതൽ 1.10.17 വരെയുള്ള കൗൺസിൽ, കമ്മിറ്റി യോഗങ്ങളുടെ നോട്ടീസ് നൽകിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വസിഷന് (36/17-18) കൗൺസിൽ സെക്രട്ടറി മറുപടിക്കൊപ്പം ലഭ്യമാക്കിയ രേഖകളിൽ 15.11.16, 14.2.17, 27.2.17, 21.3.17, 8.6.17 തിയതികളിലെ കൗൺസിൽ യോഗത്തിന്റെ നോട്ടീസ് കൗൺസിലർമാർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. കമ്മിറ്റി യോഗത്തിന്റെ നോട്ടീസ് നൽകാറുണ്ടെങ്കിലും രേഖകൾ സൂക്ഷിക്കാറില്ലെന്നറിയിച്ചിട്ടുണ്ട്. അയോഗ്യയായ കാലയളവിൽ ഉൾപ്പെടുന്ന 14.2.17, 27.2.17, 21.3.17, 8.6.17 തിയതികളിൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ നോട്ടീസ് ശ്രീമതി. കെ.സി. ശോഭിത കൈപ്പറ്റിയതായി രേഖകൾ പ്രകാരം കാണുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (1) പ്രകാരം ആഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകൾ നൽകാൻ വീഴ്ച വരുത്തിയാൽ 12 (2) പ്രകാരം അത്തരം രേഖകൾ നിലവിലില്ല എന്നു കരുതാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ, നോട്ടീസ് കൈപ്പറ്റിയ

രേഖകളൊഴികെ ബാക്കിയുള്ള രേഖകൾ നിലവിലില്ലെന്ന് കരുതുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 91 (1) (കെ) (1) പ്രകാരം ഒരു കൗൺസിലർ ഹാജരാകാതിരിക്കുന്ന യാതൊരു യോഗവും , ആ യോഗത്തെ സംബന്ധിച്ച് അയാൾക്ക് യഥാവിധി നോട്ടീസ് നൽകിയിട്ടില്ലാത്ത പക്ഷം 91 (1) (കെ) ഖണ്ഡത്തിൻ കീഴിൽ അയാൾക്ക് എതിരായി കണക്കിലെടുക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഇവിടെ നിയമപ്രകാരം യഥാവിധി നോട്ടീസ് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

കൗൺസിലർ 91 (1) (കെ) വകുപ്പ് പ്രകാരം അയോഗ്യത ആർജ്ജിക്കുന്ന സമയത്തു തന്നെ 93 (2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറി നിയമപ്രകാരം ബാധ്യതപ്പെട്ടിരുന്നു. കൂടാതെ യോഗ നോട്ടീസ് ചട്ടപ്രകാരം നൽകുന്നതിലും വീഴ്ച വന്നിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും കൗൺസിലർക്ക് ഓണറേറിയം ഇനത്തിൽ നൽകിയ 41,000 രൂപ (2016-17 : 8200, 2017-18 : 32800) നിയമാനുസൃത പലിശ സഹിതം ഉത്തരവാദിയായ കൗൺസിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-34 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാക്സിനേഷന് അധികം തുക ചെലവഴിച്ചു.

ഫയൽ നം. F3/71308/17

നഗരസഭയിലെ ആശുപത്രികളിൽ വെച്ച് 2017 ഒക്ടോബർ 3 മുതൽ നവംബർ 2 വരെ മീസിൽസ് റൂബെല്ലാ വാക്സിനേഷൻ നടത്തുന്നതിന്റെ ഭാഗമായുള്ള അത്യാവശ്യ ചെലവുകൾക്കായി 50,000 രൂപ (വൗച്ചർ നം. 51703505/28.9.17 ചെക്ക് നം. 647040) മുൻകൂറായി ആരോഗ്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ (6/26.7.17) ശുപാർശ പ്രകാരം ഹെൽത്ത് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ തുകയിൽ 49,457 രൂപയുടെ ചെലവ് ധനകാര്യ സ്ഥിരം സമിതി (26/26.12.17) അംഗീകരിക്കുകയും ബാക്കി തുകയായ 543 രൂപ നഗരസഭയിൽ തിരിച്ചടക്കുകയും ചെയ്തു. ഹെൽത്ത് ഓഫീസർ 14.12.17 ന് നോട്ട് ഫയലിൽ (പേജ്. 16) ഡി.എച്ച്.എസിൽ നിന്നും ലഭിക്കുന്ന തുകയിൽ നിന്നും മുൻകൂറായി വാങ്ങിയ 50,000 രൂപ തനത് ഫണ്ടിലേക്ക് മുതൽകൂട്ടണമെന്ന് നിർദ്ദേശിച്ചിരുന്നു. 18/09/2017ലെ B2/10184/17 DNO (H) KKD നം. ഉത്തരവ് പ്രകാരം 2,500/- രൂപയും 28/09/2017 ലെ ഉത്തരവ് പ്രകാരമുള്ള 1,38,450/- രൂപയും 23.09.2017 ലെ ഉത്തരവ് പ്രകാരമുള്ള 9,550/- രൂപയും ഉൾപ്പെടെ 2017-18 വർഷം ആകെ 1,50,500/- രൂപ എം.ആർ.വാക്സിനേഷൻ ഫണ്ടിനത്തിൽ ലഭിച്ചിരുന്നു. ഡി.എച്ച്.എസിൽ നിന്നും ലഭിച്ച തുകയിൽ നിന്നും മുതൽ കൂട്ടണമെന്ന് നിർദ്ദേശിച്ച ഹെൽത്ത് ഓഫീസർ തന്നെ 1,50,500/- രൂപയുടെ ചെലവ് അംഗീകരിച്ച്, ജെ.പി.എച്ച്.എൻ ശ്രീമതി. വിജയലക്ഷ്മി എന്നവർക്ക് തുക മുഴുവനും നൽകുന്നതിന് ആരോഗ്യ സ്ഥിരം സമിതി മുമ്പാകെയുള്ള അജണ്ടയും ആരോഗ്യ സമിതിയുടെ ശുപാർശ കൗൺസിലിലേക്ക് പരിഗണിക്കുന്നതിനുള്ള അജണ്ടയും അംഗീകരിച്ച് ഒപ്പു വച്ചു. തുടർന്ന് 05/04/2018 ലെ 3210 നമ്പർ കൗൺസിൽ തീരുമാന പ്രകാരം എം.ആർ വാക്സിനേഷൻ പരിപാടിയുടെ ചെലവിലേക്കായി ഡി.എച്ച്.എസിൽ നിന്നും ലഭിച്ച 1,50,500/- രൂപ വാഹനവാടക ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി പരിപാടിയുടെ ചുമതലയുണ്ടായിരുന്ന ശ്രീമതി. വിജയലക്ഷ്മി എന്നവർക്ക് (ചെക്ക് നം. 192871/12.04.18) നൽകി.

സ.ഉ (സാധാ) 3439/17 ത.സ്വ.ഭ.വ 28.10.17 പ്രകാരം മീസിൽസ് റൂബെല്ലാ വാക്സിനേഷൻ പദ്ധതിക്കായി കോർപ്പറേഷന്റെ തനത്ഫണ്ടിൽ നിന്നും പരമാവധി 15,000 രൂപ നൽകുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി 49,457 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു. സർക്കാർ ഉത്തരവിനു വിരുദ്ധമായി 34,457രൂപ (49,457-15,000) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (56/2017-18) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ ബജറ്റിൽ തുക നീക്കിവെച്ചതിനാലാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറുപടി പരിഗണനാർഹമല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 34,457 രൂപ ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-35 സർക്കാർ അനുമതിയില്ലാതെ മുനിസിപ്പാലിക 2017 - ഇന്റർനാഷണൽ എക്സിബിഷൻ & കോൺഫറൻസിൽ പങ്കെടുത്തു.

ഫയൽ നം.ഡി1/33588/17

നവി മുംബൈയിൽ വെച്ച് 2017 മെയ് 18 മുതൽ 20 വരെ തീയതികളിലായി നടത്തിയ മുനിസിപ്പാലിക 2017 - ഇന്റർനാഷണൽ എക്സിബിഷൻ & കോൺഫറൻസിൽ മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എം.സി.അനിൽകുമാർ, ബാബുരാജ്, രാധാകൃഷ്ണൻ മാസ്റ്റർ എന്നിവർ പങ്കെടുക്കുന്നതിന് 11.04.2017 ൽ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 19.04.2017 ൽ ചേർന്ന കൌൺസിൽ യോഗം (സി.ആർ.54) പരിപാടിയിൽ പങ്കെടുക്കുന്നതിന് സർക്കാറിലേക്ക് അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. പിന്നീട് ബഹു.മേയർ യാത്ര ഒഴിവാക്കിയതിനെ തുടർന്ന് ബാക്കി 3 പേർക്കായി രജിസ്ട്രേഷൻ ഫീസിനത്തിൽ 41,400/- രൂപ (ചെക്ക് നം.9024270 എസ്.ബി.ടി. തീയതി 19.04.2017) വി.സുരേഷ് (അഡ്വൈസർ, ഗുഡ് ഗവർണൻസ് ഇന്ത്യ ഫൌണ്ടേഷൻ) എന്നയാൾക്ക് നൽകി. തുടർന്ന് ടി.എ. ഇനത്തിൽ 15,000/- രൂപ വീതം 3 പേർക്കായി ആകെ 45,000/- രൂപയും (ചെക്ക് നം,903396 എസ്.ബി.ടി.16.05.2017) അഡ്വാൻസ് ആയി നൽകി. കൗൺസിൽ തീരുമാന പ്രകാരം യാത്രാനുമതിക്കായി 26.04.2017 ന് സർക്കാറിലേക്ക് കത്തയച്ചെങ്കിലും യാത്രാനുമതി ലഭിക്കാത്തതിനെ തുടർന്ന് 09.03.2018 ന് വീണ്ടും സർക്കാറിലേക്ക് കത്തയച്ചു. എന്നാൽ ഇതേ പരിപാടിയിൽ പങ്കെടുത്തതിന് അംഗീകാരം നൽകിക്കൊണ്ടുള്ള ജി.ഒ.(ആർ.ടി) 3028/17 ത.സ്വ.ഭ.വ. തീയതി 13.09.2017 ലെ ഉത്തരവിൽ മറ്റ് നഗരസഭകളിലെ 21 പ്രതിനിധികളുടെ യാത്രക്ക് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും കോഴിക്കോട് നഗരസഭയിൽ നിന്നുള്ള 3 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ പേരുകൾ ഉൾപ്പെട്ടിട്ടില്ല.

12.06.2012ലെ 24935/ഇ.എം.1/2012 നം. സർക്കുലർ പ്രകാരം, ബന്ധപ്പെട്ട അധികൃതർ മുൻകൂട്ടി നൽകുന്ന അറിയിപ്പിന്റെ/ക്ഷണക്കത്തിന്റെ അടിസ്ഥാനത്തിൽ ക്ഷണം ലഭിച്ച ഉദ്യോഗസ്ഥർക്കോ/ജനപ്രതിനിധികൾക്കോ സർക്കാറിന്റെ അനുമതിയോടെ മാത്രമേ സംസ്ഥാനത്തിന് പുറത്തേക്കു യാത്ര ചെയ്യാവൂ. കൂടാതെ 3 പ്രതിനിധികളുടെ യാത്രാബത്ത ഇനത്തിൽ അഡ്വാൻസ് ആയി കൈപ്പറ്റിയ 45,000/- രൂപ യാത്ര കഴിഞ്ഞ് 18 മാസത്തോളമായിട്ടും അഡ്ജസ്റ്റ് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നഗരസഭ സെക്രട്ടറിയുടെ 07.01.2019 ലെ ഡി1/35588/17 നം. കത്ത്) മേൽ സൂചിപ്പിച്ച അപാകതകളിൻ മേൽ സർക്കാർ അംഗീകാരം ലഭ്യമാക്കാം എന്നു മാത്രമാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-36 നഗരസഭയുടെ സാമ്പത്തിക നില പരിഗണിക്കാതെ വാഹനങ്ങൾ വാടകക്കെടുക്കുന്നു.

ഫയൽ നമ്പർ: D3/5001/16

നഗരസഭയിലെ എല്ലാ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാർക്കും പ്രത്യേക വാഹനം ലഭ്യമാക്കുന്നതിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് 29.12.15ലെ സ്റ്റിയറിങ് കമ്മിറ്റി (തീരുമാനം 3) തീരുമാനം അംഗീകരിച്ച് രണ്ട് വാഹനം വാടകക്കെടുക്കുന്നതിന് കൗൺസിൽ (29.01.16/08) തീരുമാനിച്ചു. തുടർന്ന് വാഹനം ലഭ്യമാക്കുന്നതിനായി 22.06.16ന് പത്രപരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ചതിൽ പ്രതിമാസം 2000 കി.മീ ഓടുന്നതിന് 21,800/- രൂപ നിരക്കിൽ നൽകാൻ തയ്യാറായ ശ്രീ.എ.കെ.സതീഷ് എന്നയാളുടെ ക്വട്ടേഷൻ കൗൺസിൽ അംഗീകരിച്ചു. ഈ കരാർ കാലാവധി 2017 ജൂലൈ 28 ന് അവസാനിച്ചതിനാൽ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്ക് എടുക്കാമെന്ന് 12.07.17 ന് കൗൺസിൽ വിഭാഗം സൂപ്രണ്ടിന്റെ നിർദ്ദേശം അഡീഷണൽ സെക്രട്ടറി അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 13.07.17 ന് പത്രപരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ചു. പത്രപരസ്യ പ്രകാരം ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാനതീയതി 28.07.17 ആയിരുന്നു. ഇതുപ്രകാരം ആകെ 4 ക്വട്ടേഷനുകൾ ലഭിച്ചതിൽ ഒരു വാഹനത്തിന് പ്രതിമാസ വാടകയായി 35,000/- രൂപ ക്വാട്ട് ചെയ്ത ശ്രീ. എ. കെ. സതീഷ് എന്നയാളുമായി നെഗോഷ്യേറ്റ് ചെയ്ത് 26,000/- രൂപയായി നിശ്ചയിച്ച് 11.10.17 മുതൽ ഒരു വർഷത്തേക്ക് കരാർ വച്ചു. ഈ കാലാവധി പൂർത്തിയായതിനെ തുടർന്ന് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്കെടുക്കാനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു. രണ്ടു വാഹനങ്ങളുടെ വാടകയിനത്തിൽ 2016-17 വർഷം 2,99,563/- രൂപയും 2017-18 വർഷം 5,62,218/- രൂപയും 2018-19 വർഷം ഏപ്രിൽ മുതൽ നവംബർ മാസം വരെ 3,51,393/- രൂപയും ശ്രീ.എ.കെ.സതീഷ് എന്നയാൾക്ക് നൽകിയിട്ടുണ്ട്.

2017-18 വർഷം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 902485 | 18.04.17 | 43600 |
| 2 | 902353 | 10.05.17 | 43600 |
| 3 | 904761 | 21.06.17 | 43600 |
| 4 | 039544 | 11.07.17 | 43600 |

| | | | |
|---|---|---|---|
| 5 | ലഭ്യമല്ല | 23.08.17 | 43600 |
| 6 | 647154 | 09.10.17 | 87200 |
| 7 | 647445 | 15.11.17 | 49018 |
| 8 | 288231 | 14.12.17 | 52000 |
| 9 | 295184 | 06.01.18 | 52000 |
| 10 | 672704 | 15.02.18 | 52000 |
| 11 | 672953 | 09.03.18 | 52000 |
| ആകെ | | | 5,62,218 |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെകൊടുക്കുന്നു.

(1) നഗരസഭ എഞ്ചിനീയറിങ് വിഭാഗം ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 23 പാസഞ്ചർ വാഹനങ്ങൾ ഉള്ളതിൽ 3 എണ്ണം സോണൽ ഓഫീസുകളിലും 1 വാഹനം കുടുംബശ്രീ വിഭാഗത്തിനും നൽകിയതിന് ശേഷമുള്ള 19 വാഹനങ്ങൾ നഗരസഭയിലുണ്ടായിരിക്കെയാണ് 2 സ്റ്റാൻറിങ് കമ്മിറ്റി ചെയർമാന്മാർക്ക് മാത്രമായി ഉപയോഗിക്കുന്നതിന് 2 കാറുകൾ പ്രതിവർഷം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നത്. ഇത് നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായ നടപടിയാണ്. നഗരസഭയുടെ വരുമാനം കുറഞ്ഞുവരുകയും ചെലവുകൾ വർദ്ധിച്ച് വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കേണ്ടത് അനിവാര്യമാണ്.

നഗരസഭയിലെ അക്കൗണ്ട്സ് ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2015-16, 2016-17, 2017-18 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2015-16 | 60,98,13,486 | 76,04,56,537 |
| 2016-17 | 70,69,22,122 | 83,77,45,783 |
| 2017-18 | 68,48,77,919 | 98,03,84,705 |

2015-16 വർഷം മുതൽ വരവ് കുറയുകയും ചെലവ് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം കാണാവുന്നതാണ്.

(2) നഗരസഭയിലെ എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർക്കും വാഹനം ലഭ്യമാക്കണമെന്ന സ്റ്റിയറിങ് കമ്മിറ്റി തീരുമാന പ്രകാരമാണ് 2 കാറുകൾ വാടകയ്ക്ക് എടുക്കാൻ കൗൺസിൽ തീരുമാനിച്ചത്. എല്ലാ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർക്കും വാഹനം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് ഇല്ലാതെയും നഗരസഭയുടെ സാമ്പത്തികസ്ഥിതി പരിഗണിക്കാതെയും വാഹനവാടകയിനത്തിൽ ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച നടപടി ന്യായീകരിക്കാവുന്നതല്ല.

(3) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയായ സർക്കാർ ഉത്തരവ് (പി) 259/10 ത.സ്വ.ഭ.വ. 08.11.10 പ്രകാരം 1 ലക്ഷത്തിലധികം മൂല്യം വരുന്ന സേവനങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെങ്കിലും ആയത് പാലിക്കാതെ ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തത്. ടെണ്ടർ ഫോം വിൽപന നടത്താത്തതിനാൽ നഗരസഭയ്ക്ക് ഈയിനത്തിൽ സാമ്പത്തിക നഷ്ടവും സംഭവിച്ചു. ക്വട്ടേഷൻ സമർപ്പിച്ചവരുടെ പ്രതിനിധിയുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റേയും സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ പരസ്യമായി തുറക്കേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല. ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കുന്നതിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്കെടുക്കാമെന്ന കൗൺസിൽ സൂപ്രണ്ടിന്റെ 12.07.17 ലെ നിർദ്ദേശവും ആയത് അംഗീകരിച്ച അഡീഷണൽ സെക്രട്ടറിയുടെ നടപടിയും സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. 2018-19 സാമ്പത്തിക വർഷത്തേക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിനും ക്വട്ടേഷൻ സ്വീകരിച്ച് വാടകയ്ക്കെടുക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 ൽ ചെലവഴിച്ച 5,62,218 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-37 വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചില്ല.

ഫയൽ നം : ഇ.ജി9/57939/15

നഗരസഭയിലെ എഞ്ചിനീയറിഗ് വിഭാഗത്തിലെ ജീവനക്കാരിയായ ശ്രീമതി.അചല ദയാനന്ദ്, ഡി.എ. കുടിശ്ശികയുമായി ബന്ധപ്പെട്ട് 21.05.15ന് ഇ.ജി.9/57939/15 നമ്പറായി നൽകിയ അപേക്ഷയിൻമേലുള്ള നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 18.05.2016ന് വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകി. എന്നാൽ 2005 ലെ വിവരാവകാശ നിയമത്തിലെ 7(1) വകുപ്പ് പ്രകാരം അപേക്ഷ നൽകി 30 ദിവസത്തിനകം മറുപടി ലഭിക്കാത്തതിനെ തുടർന്ന് 25.07.16ന് (ഇ.ജി.10/72474) ഒന്നാം അപ്പീൽ അധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപ്പീൽ നൽകി. ഹർജിക്കാരി 18.05.16ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷ 20.05.16 നം അപ്പീൽ അധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 25.07.2016 ന് നൽകിയ അപ്പീൽ അപേക്ഷ 27.07.16നം ഇ.ജി.10 സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ.പി.എം.ഷാജി ഒപ്പിട്ട് കൈപ്പറ്റിയതായി നഗരസഭയിൽ സൂക്ഷിച്ച രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ വിവരാവകാശ നിയമ പ്രകാരം 18.05.16ന് നൽകിയ അപേക്ഷയിലും 25.07.16ന് നൽകിയ അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങളോ മറുപടിയോ ലഭ്യമാക്കാത്തതിനെ തുടർന്ന് ശ്രീമതി.അചല ദയാനന്ദ് 23.09.16ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ രണ്ടാം അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം തേടിയതിൽ നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ നൽകിയ മറുപടിയിൽ, പ്രസ്തുത ഫയൽ സെക്ഷൻ ക്ലാർക്കായ ശ്രീ.പി.എം.ഷാജി യഥാസമയം സമർപ്പിക്കാതിരുന്നത് കാരണം മറുപടി നൽകാൻ കഴിഞ്ഞില്ലെന്നും ടിയാന്റെ വിശദീകരണം ആവശ്യപ്പെട്ടതായും അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചതായും മറുപടി നൽകി. ഇതിനെ തുടർന്ന് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 05.07.18 ലെ ഉത്തരവിൽ ഇ.ജി.9/57939/15 നമ്പർ (ഡി.എ. കുടിശ്ശിക സംബന്ധിച്ച) ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തവും പൂർണ്ണവുമായ മറുപടി 15 ദിവസത്തിനകം നൽകണമെന്നും ഹർജിക്കാരി സമർപ്പിച്ച അപ്പീലിൽ മറുപടി നൽകാത്തതിന് സെക്ഷൻ ക്ലാർക്ക് എങ്ങനെയാണ് ഉത്തരവാദിയാകുന്നതെന്ന റിപ്പോർട്ട് 30 ദിവസത്തിനകം നൽകണമെന്നും ഉത്തരവിട്ടു. ഈ ഉത്തരവ് പ്രകാരം വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരിക്ക് 20.07.18 ന് നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതു സംബന്ധിച്ച് സെക്രട്ടറി അന്വേഷണം നടത്തി 30 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന കമ്മീഷന്റെ 31.05.18 ലെ (എ.പി.2086(3)/16 എസ്.ഐ.സി) നിർദ്ദേശ പ്രകാരം സൂപ്രണ്ട് അന്വേഷണം നടത്തി 04.08.18 ന് കമ്മീഷന് റിപ്പോർട്ട് നൽകി. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നേരിട്ട് അപേക്ഷ കൈകാര്യം ചെയ്യുന്നില്ല.

2005 ലെ വിവരാവകാശ നിയമം 5(3) വകുപ്പ് പ്രകാരം വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ 18.05.16 ൽ (ഇ.ജി.10/49742) ലഭിച്ച അപേക്ഷ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ സൂപ്രണ്ട് കൈപ്പറ്റി നേരിട്ട് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറാതെ ഇ.ജി.10 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.പി.എം.ഷാജിയാണ് രജിസ്റ്ററിൽ ഒപ്പിട്ട് കൈപ്പറ്റിയിട്ടുള്ളത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ഓഫീസിൽ ലഭിക്കുന്ന വിവരം അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവർ അറിയുന്നില്ല. സെക്ഷൻ ക്ലാർക്ക് ഫയൽ സമർപ്പിക്കുമ്പോൾ മാത്രമാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അറിയുന്നത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സ്വീകരിക്കുന്നതിന് സെക്ഷൻ ക്ലാർക്കിനെ ചുമതലപ്പെടുത്തിയത് വിവരാവകാശ നിയമത്തിലെ മേൽ വകുപ്പിന്റെ ലംഘനമാണ്.

2. അപ്പീൽ അപേക്ഷ കൈപ്പറ്റുന്നതിലെ അപാകത

ഹർജിക്കാരി ആവശ്യപ്പെട്ട വിവരം ലഭിക്കാത്തതിനാൽ അപ്പലേറ്റ് അതോറിറ്റിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 25.07.16ന് നൽകിയ അപ്പീലും (ഫയൽ നം.ഇ.ജി.10/72474) 27.07.16ന് ഇ.ജി.10 സെക്ഷൻ ക്ലാർക്കായ ശ്രീ.പി.എം.ഷാജിയാണ് കൈപ്പറ്റിയത്. വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷയും അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭിക്കാത്തതിനെ തുടർന്നുള്ള അപ്പീലും ബന്ധപ്പെട്ട വിവരാവകാശ നിയമപ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൈപ്പറ്റാതെ ഒരേ സെക്ഷൻ ക്ലാർക്ക് തന്നെ കൈപ്പറ്റുകയും കൈകാര്യം ചെയ്യുന്നതും ശരിയായ നടപടിയല്ല. വിവരാവകാശ നിയമപ്രകാരം ചുമതലയുള്ള അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ സൂപ്രണ്ട്, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ അസിസ്റ്റന്റ് എഞ്ചിനീയർ അപ്പീൽ അധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർ അപേക്ഷ ലഭിക്കുന്ന കാര്യം എപ്പോഴാണ് അറിയുന്നതെന്ന വസ്തുതയും വ്യക്തമല്ല.

3. വിവരാവകാശ നിയമ പ്രകാരം ചുമതലയില്ലാത്ത ഉദ്യോഗസ്ഥൻ മറുപടി നൽകുന്നു.

ശ്രീമതി അചല ദയാനന്ദിന് 22.02.18 ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്ന സ്ഥാനപ്പേരിൽ സൂപ്രണ്ടിംഗ് എൻജിനീയർ ഒപ്പിട്ടു നൽകിയ മറുപടിയിൽ (ഇ.ജി.10/14891/22.02.18) താങ്കൾ 18.05.16 ൽ സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് 22.02.18 ന് മാത്രമാണ് പബ്ലിക് ഇൻഫർമേഷൻ

ഓഫീസർക്ക് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അസിസ്റ്റൻറ് എഞ്ചിനീയർ ആണ്. നഗരസഭയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല നൽകിയിട്ടില്ല. കൂടാതെ സംസ്ഥാന വിവരാവകാശ കമ്മീഷണർക്കും വിവരാവകാശ ചുമതലയില്ലാത്ത നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഇത് നിയമവിരുദ്ധമായ നടപടിയാണ്.

4. അപേക്ഷ കൈപ്പറ്റിയിട്ടും നടപടി സ്വീകരിക്കാത്ത സെക്ഷൻ ക്ലാർക്കിനെതിരെ നടപടി സ്വീകരിച്ചില്ല

2005 ലെ വിവരാവകാശ നിയമപ്രകാരമുള്ള ആദ്യ അപേക്ഷയും അപ്പീൽ അപേക്ഷയും കൈപ്പറ്റിയിട്ടും നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് 23.02.18 ന് (ഇ.ജി.10/14891/18) സെക്ഷൻ ക്ലാർക്കായ ശ്രീ.പി.എം.ഷാജിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് മെമ്മോ നൽകിയെങ്കിലും യാതൊരു തുടർനടപടിയും സ്വീകരിച്ചില്ല. ടിയാൾ 31.03.18 ന് സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തു.

5. നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം നൽകിയില്ല

2005ലെ വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ കഴിയുന്നത്ര വേഗത്തിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും വിവരം നൽകേണ്ടതും അല്ലെങ്കിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ അപേക്ഷ നിരസിക്കേണ്ടതുമാണ്. വകുപ്പ് 19(6) പ്രകാരം ഒന്നാം അപ്പീൽ അധികാരി അപ്പീൽ കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്. ഇത് പാലിച്ചില്ല. എന്നാൽ 18.05.16ന് വിവരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ രണ്ടുവർഷം കഴിഞ്ഞ് സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെ തുടർന്നാണ് ഹർജിക്കാരിക്ക് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയത്. മേൽ അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 3-38 <u>സേവന നികുതി ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച - നഗരസഭ പിഴയടക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.</u>

ഫയൽ നം.ബി.8/22332/17

നഗരസഭയുടെ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക ഡെപ്പോസിറ്റ് ഇനത്തിൽ 2009-10 ൽ 1,23,40,696/- രൂപയും 2010-11 വർഷത്തിൽ 1,83,81,465/- രൂപയും ഉൾപ്പെടെ 3,07,22,161/- രൂപയുടെ സേവന നികുതിയായ 31,64,383/- രൂപയും പിഴയിനത്തിൽ 10,000/- രൂപയും സേവന നികുതി നിയമം സെക്ഷൻ 78 പ്രകാരമുള്ള പിഴയിനത്തിൽ 31,64,383/- രൂപയും ഉൾപ്പെടെ ആകെ 63,38,766/- രൂപ അടയ്ക്കാൻ കോഴിക്കോട് സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് ജോയിന്റ് കമ്മീഷണറുടെ 28.02.2017 ലെ 79/16-17 എസ്.ടി. നമ്പർ കത്തിലൂടെ ഉത്തരവിട്ടു. എന്നാൽ നഗരസഭയിലെ 2009-10, 2010-11 ലെ കണക്കുകൾ പ്രകാരം ഈ വർഷങ്ങളിൽ വാടക ഡെപ്പോസിറ്റ് ഇനത്തിൽ 3,07,22,161/- രൂപ നഗരസഭക്ക് ലഭിച്ചിട്ടില്ലെന്നും 2009-10 ൽ 77,62,018 രൂപയും 2010-11 ൽ 62,10,437 രൂപയും ഉൾപ്പെടെ 1,39,72,455/- രൂപക്ക് മാത്രമെ സർവ്വീസ് ടാക്സ് നൽകേണ്ടതുള്ളൂവെന്നും കൂടാതെ വാടക ഡെപ്പോസിറ്റ് തിരിച്ച് കൊടുക്കേണ്ട തുകയാണെന്നും ഈ തുകക്ക് സർവ്വീസ് പ്രൊവൈഡ് ചെയ്യുന്നില്ലെന്നും അക്കൗണ്ട്സ് ഓഫീസർ നോട്ട് ഫയൽ പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് തീരുമാനിക്കുകയും ഇതിനായി 63,38,766/- രൂപയുടെ 7.5% തുകയായ 4,75,407/- രൂപ സെൻട്രൽ എക്സൈസ് വകുപ്പിൽ കെട്ടിവെച്ച് കൊച്ചി സെൻട്രൽ എക്സൈസ് കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തു. അപ്പീലിൽ കൊച്ചി സെൻട്രൽ എക്സൈസ് കമ്മീഷണർ 20.02.2018 ലെ എ 12/എസ്.ടി./ സി.എൽ.ടി./2017 53/2016-17 എസ്.ടി. നമ്പർ ഉത്തരവ് പ്രകാരം നഗരസഭ ഉന്നയിച്ച തടസ്സവാദങ്ങൾ അസ്സസ്സിംഗ് അതോറിറ്റി വീണ്ടും കേട്ട് 2 മാസത്തിനകം തീരുമാനമെടുക്കുന്നതിന് കോഴിക്കോട് സെൻട്രൽ എക്സൈസ് കമ്മീഷണറോട് നിർദ്ദേശിച്ചു. ഇത് പരിഗണിച്ച കോഴിക്കോട് സെൻട്രൽ എക്സൈസ് കമ്മീഷണറുടെ 07.08.2018 ലെ 4/2018-19 നമ്പർ വിധിന്യായ പ്രകാരം ഡിപ്പാർട്ട്മെന്റിലേക്ക് അടക്കാനുള്ള തുക സ്ഥിരപ്പെടുത്തുകയും വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് 30 ദിവസം അനുവദിക്കുകയും ചെയ്തു. തുടർന്ന് കേസ് നടത്തിയ നഗരസഭയുടെ അഭിഭാഷകനായ ശ്രീ.അനന്ദ്കുമാറിന്റെ 13.09.2018 ലെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 25.10.2018 ന് കൊച്ചി സെൻട്രൽ എക്സൈസ് കമ്മീഷണർ മുമ്പാകെ വീണ്ടും ഫയൽ ചെയ്ത അപ്പീൽ പരിഗണനയിലാണ്.

കോഴിക്കോട് സെൻട്രൽ എക്സൈസ് കമ്മീഷണർ സേവന നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി തവണ നഗരസഭക്ക് കത്തുകൾ അയച്ചിട്ടും ഹാജരാകാത്തതിനാലാണ് സമൻസ് ലഭിച്ചതെന്നും ഇതിനെ തുടർന്ന് ഡെപ്യൂട്ടി

സെക്രട്ടറി നേരിട്ട് ഹാജരായിട്ടുണ്ടെന്നും വാടക ഡപ്പോസിറ്റ് കക്ഷികൾക്ക് തിരിച്ച കൊടുക്കാനുള്ളതാണെന്നതു സംബന്ധിച്ച് ആവശ്യമായ തെളിവുകൾ ഹാജരാക്കാൻ നഗരസഭക്ക് സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ വലിയ തുക പിഴയടക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളതെന്നും നഗരസഭയിലെ അക്കൌണ്ട്സ് ഓഫീസർ 20.03.2017 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെൻട്രൽ എക്സൈസ് കമ്മീഷണറുടെ നോട്ടീസ് ലഭിച്ചിട്ടും നഗരസഭയുടെ വാദം സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്തത് ഗുരുതര വീഴ്ചയാണ്. ഇത്തരത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

കൊച്ചി സെൻട്രൽ എക്സൈസ് കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീലിന്റെ വിധിയിൽ 31,74,383/- (3164383+10000)രൂപ പിഴയടക്കേണ്ട സാഹചര്യമുണ്ടായാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായി മാറുന്നതാണ്. നഗരസഭ സേവനനികുതിയിനത്തിൽ പിരിച്ച മുഴുവൻ തുകയും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ അടക്കുന്നതിലെ വീഴ്ചയോ സേവനനികുതിയിനത്തിൽ നഗരസഭ തുക ഒന്നും കുടിശ്ശികയില്ല എന്ന കാര്യം സെൻട്രൽ എക്സൈസ് വകുപ്പിനെ രേഖാമൂലം ബോധ്യപ്പെടുത്തി നടപടി ഒഴിവാക്കുന്നതിൽ വന്ന വീഴ്ചയോ ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (99/2017-18) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അപ്പീലിന്റെ അന്തിമ വിധിയിൽ പിഴയടക്കേണ്ട സാഹചര്യമുണ്ടായാൽ പിഴ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-39 നിർത്തലാക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റി -ജീവനക്കാരുടെ പുനർവിന്യാസവും, ആസ്തി ബാധ്യതകൾ കൈമാറലും സർക്കാർ നിർദേശം പാലിച്ചില്ല.

10.03.2017 ലെ സ.ഉ (കൈ) നം. 54/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോഴിക്കോട് ഉൾപ്പെടെയുള്ള വികസന അതോറിറ്റികളുടെ പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചിട്ടുണ്ട്. ഈ അതോറ്റിയുടെ ആസ്തി - ബാധ്യതകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള മാർഗനിർദേശങ്ങളും മറ്റ് വ്യവസ്ഥകളും സംബന്ധിച്ച് 30.03.2017 ലെ സ.ഉ (കൈ) നം. 73/2017/ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് വികസന അതോറിറ്റി നിർത്തലാക്കിയ ശേഷം ചെയ്യേണ്ട നടപടിക്രമങ്ങളിൽ ഈ ഉത്തരവിലെ ചില വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

1. ടെക്നിക്കൽ ജീവനക്കാരെ എഞ്ചിനീയറിംഗ് വിങ്ങിൽ ലയിപ്പിച്ചില്ല.

നിർത്തലാക്കപ്പെട്ട വികസന അതോറിറ്റിയിലെ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാരെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് സർവീസിൽ ലയിപ്പിക്കാനാണ് 30.03.2017 ലെ സ.ഉ (കൈ) നം. 73/2017/ത.സ്വ.ഭ.വ ഉത്തരവിലെ ക്രമ നം. 3 പ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ 31.03.2017 ന് നിലവിലുള്ള ടെക്നിക്കൽ തസ്തികകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| തസ്തിക | എണ്ണം | ജീവനക്കാരുടെ പേര് |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1. | രമേശ് കെ പി |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1. | സലീം പി പി |
| | 2. | മനോഹരൻ കെ |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഹ.ഗ്രേ) | 1. | സത്യഭാമ എം യു |
| | 2. | ജോൺ ഫ്രാൻസിസ് ജി പുളിക്കൽ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1. | ഗോകുല ദാസൻ ടി.പി |

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് സർവീസിൽ മേൽ തസ്തികകൾക്ക് തത്തുല്യമായ തസ്തികകൾ നിലവിലുണ്ടായിട്ടും മേൽ ജീവനക്കാരെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് സർവീസിൽ ലയിപ്പിക്കുന്നതിനു പകരം നഗരസഭയിൽ സി.ഡി.എ വിംഗായി പ്രത്യേകം നിലനിർത്തുകയാണ് ചെയ്തത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരം കോഴിക്കോട് നഗരസഭയിൽ തന്നെ 31.03.2017 ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1 ഒഴിവും അസിസ്റ്റന്റ് എഞ്ചിനീയറുടെ 2 ഒഴിവും നിലവിലുണ്ടായിരുന്നു. മറ്റ് ത.സ്വ.ഭ.വ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകളും പരിഗണിക്കാതെ കേഡർ സ്ട്രെംഗ്ത്തിലുമധികമായി ജീവനക്കാരെ കോഴിക്കോട്

നഗരസഭയിൽ തന്നെ നിലനിർത്തിയിരിക്കുകയാണ്.

2. <u>പ്രത്യേക പ്ലാനിംഗ് വിംഗ് രൂപീകരിച്ചിട്ടില്ല.</u>

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ 31.03.2017 ന് പ്ലാനിംഗ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന തസ്തികകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| തസ്തിക | ജീവനക്കാരുടെ പേര് | |
|---|---|---|
| ടൗൺ പ്ലാനർ | 1. | ജയൻ എ.എം (ശൂന്യ വേതനാവധി) |
| | 2. | ഹരിഗോവിന്ദ്.സി |
| ഡെപ്യൂട്ടി ടൗൺ പ്ലാനർ | 1 | രാമചന്ദ്രൻ.വി |
| ഡെപ്യൂട്ടി ടൗൺ പ്ലാനർ (ഹ.ഗ്രേ) | 1 | ശശി .എം.എൻ |
| അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർ | 1 | ഗുരുരാജ് .എസ് |

നിർത്തലാക്കപ്പെട്ട വികസന അതോറിറ്റിയിലെ പ്ലാനിംഗ് വിഭാഗത്തിലെ ജീവനക്കാരെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് സർവീസിൽ പ്ലാനിംഗ് വിഭാഗം ഇല്ലാത്തതിനാൽ പ്രത്യേക പ്ലാനിംഗ് വിഭാഗം രൂപീകരിച്ച് ലയിപ്പിക്കാനാണ് 30.03.2017 ലെ സ.ഉ (കൈ) നം. 73/2017/ത.സ്വ.ഭ.വ ഉത്തരവിലെ ക്രമ നം. 3 പ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ മേൽ ജീവനക്കാരെയും നഗരസഭയിൽ സി.ഡി.എ വിംഗായി പ്രത്യേകം നിലനിർത്തുകയാണ് ചെയ്തത്.

3. <u>മിനിസ്റ്റീരിയൽ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവീസിൽ ലയിപ്പിച്ചില്ല.</u>

മേൽ ഉത്തരവിലെ ക്രമ നം.4 പ്രകാരം നിർത്തലാക്കപ്പെട്ട വികസന അതോറിറ്റിയിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവീസിലെ തത്തുല്യമായതോ ഇല്ലെങ്കിൽ തൊട്ടു താഴെ ഉള്ള സ്കെയിലിലോ ശമ്പളം സംരക്ഷിച്ചു കൊണ്ട് ലയിപ്പിക്കാനാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ 31.03.2017 ന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിലവിലുള്ള തസ്തികകളുടെ വിശദാംശങ്ങളും മുനിസിപ്പൽ കോമൺ സർവീസിലുള്ള തത്തുല്യമായതോ ഇല്ലെങ്കിൽ തൊട്ടു താഴെ ഉള്ള സ്കെയിലിലോ ഉള്ള തസ്തിക സംബന്ധിച്ച വിശദാംശങ്ങളും താഴെ നൽകുന്നു.

| കോഴിക്കോട് വികസന അതോറിറ്റി | | | | മുനിസിപ്പൽ കോമൺ സർവീസിലുള്ള തത്തുല്യമായതോ ഇല്ലെങ്കിൽ തൊട്ടു താഴെ ഉള്ള സ്കെയിലിലോ ഉള്ള തസ്തിക |
|---|---|---|---|---|
| ക്രമ നം | തസ്തിക | നിലവിലുള്ള ജീവനക്കാർ | | |
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | സുജീത് എൻ വി | ഡെപ്യൂട്ടി സെക്രട്ടറി |
| 2 | സെക്ഷൻ ഓഫീസർ (ഹ.ഗ്രേ) | 1. | ഷാജി തോമസ് | പി.എ.ടു സെക്രട്ടറി/റവന്യൂ ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/സെക്രട്ടറി ടു കൗൺസിൽ |
| | | 2. | ഉദയകുമാർ എസ് എസ് | |
| | | 3. | അച്ചൻ കുഞ്ഞ് സി കെ | |
| | | 4. | സോമശേഖരൻ പി | |
| 3 | സെക്ഷൻ ഓഫീസർ | 1 | അശോകൻ കെ.ഡി | |
| 4 | അസിസ്റ്റന്റ് ഗ്രേഡ് 1 | 1 | രാജശ്രീ ആർ | സീനിയർ ക്ലർക്ക് (മു.കോ.സർവീസിൽ തത്തുല്യ തസ്തികയില്ല.മു.കോ.സർവീസിന് ബാധകമായ കോമൺ സർവീസിലെ തസ്തിക) |

| | | | | |
|---|---|---|---|---|
| 5 | ലോവർ ഡിവിഷൻ ക്ലർക്ക് | 1. | ഫൽഗുനൻ ആർ | ക്ലർക്ക് |
| | | 2. | ശരത് കെ പി | |
| 6 | അറ്റന്റർ | 1 | അലി എ കെ | ടെലഫോൺ അറ്റന്റർ/അറ്റന്റർ (സ്റ്റോർസ്) |
| 7 | ലാസ്റ്റ് ഗ്രേഡ് എമ്പ്ലോയീ (ഗ്രേഡ്1)(ഹ.ഗ്രേ) | 1 | സുബൈദ ടി എൻ | പാർക്ക് സൂപ്രണ്ട്/ഗാർഡൻ സൂപ്രണ്ട്/ഡാറ്റ എൻട്രി ഓപറേറ്റർ/ലിഫ്റ്റ് ഓപറേറ്റർ/കമ്പൗണ്ടർ |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 | മമ്മു ടി വി | മു.കോ.സർവീസിൽ തത്തുല്യ തസ്തികയില്ല. |

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരം കോഴിക്കോട് നഗരസഭയിൽ തന്നെ 31.03.2017 ന് സീനിയർ ക്ലർക്കിന്റെ 8 ഒഴിവുകളും ക്ലർക്കുമാരുടെ 7 ഒഴിവുകളും നിലവിലുണ്ടായിരുന്നു. മറ്റ് നഗരപാലിക സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകളും പരിഗണിക്കാതെ കേഡർ സ്ട്രെംഗ്ത്തിലുമധികമായി ജീവനക്കാരെ കോഴിക്കോട് നഗരസഭയിൽ തന്നെ നിലനിർത്തിയിരിക്കുകയാണ്.

4. <u>കണക്കിലെ പൊരുത്തക്കേടുകൾ</u>

സി.ഡി.എ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പുകളും കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരമുള്ളതുമായ തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ നൽകുന്നു.

| അക്കൗണ്ട് നം | 2016-17 ലെ സി.ഡി.എ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ളത് (കെ.എസ്.എ/കെ.ഒ.സി/എ7/268/18 തീയതി : 23.03.2018) | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരം |
|---|---|---|
| ടി.പി.എ 716020200000123 | 214925308 രൂപ | 215259332 രൂപ |
| ടി.പി.എ 716020200000210 ജി.പി.എഫ് | 3759435 രൂപ | 3724785 രൂപ |
| പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം.1423000100025808 | 42939676.83 രൂപ | 43578496 രൂപ |
| പെർമനന്റ് അക്കൗണ്ട് | 10000 രൂപ | വിവരം ലഭ്യമാക്കിയിട്ടില്ല |
| എസ്.ബി.ടി കറന്റ് അക്കൗണ്ട് 67262571615615 | 265 രൂപ | 2319.37 രൂപ |

| | | |
|---|---|---|
| എസ്.ബി.ടി കറന്റ് അക്കൗണ്ട് 002 - ഇ ടെണ്ടർ 67330996574 | 127910 രൂപ | 127267.50 രൂപ |
| എം.പി.ഫണ്ട് (പി.എൻ.ബി) 1423000105446954 | -106272.5 രൂപ | 2219634 രൂപ |
| എസ്.ബി.ടി കറന്റ് അക്കൗണ്ട് - പെൻഷൻ 67331316002 | 759 രൂപ | 670.50 രൂപ |

ഭൂമി

| | | | |
|---|---|---|---|
| 10 | ജവഹർ നഗർ ഹൗസിംഗ് കോളനി (കമേഴസ്യൽ പ്ലോട്ട്) സർവേ നം (501/7,501/3p,501/8,507/2,508/10) | 100 സെന്റ് (2014-15 ലെ റിപ്പോർട്ട് കെ.എസ്.എ/കെ.ഒ.സി/എ4/470/16 തീയതി : 07.05.2016 പ്രകാരം | ആസ്തി ബാദ്ധ്യതകൽ കൈയൊഴിയുന്നത് സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയും, സിഡി.എ. സെക്രട്ടറിയും ഒപ്പ് വെച്ചതും കോർപ്പറേഷൻ മേയർ മേലൊപ്പ് വെച്ചതുമായ സർട്ടിഫിക്കറ്റിൽ പ്രസ്തുത ഭൂമി ഉൾപ്പെട്ടിട്ടില്ല |

5. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകളുടെ നിലവിലെ വിവരം ലഭ്യമല്ല.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി 3/84380/18 നമ്പർ കത്ത് പ്രകാരം 30.04.2017 ന് അവസാനിക്കുന്ന താഴെ പറയുന്ന ഡെപ്പോസിറ്റുകൾ കാലാവധിക്കു ശേഷം എന്തു ചെയ്തുവെന്ന കാര്യം വ്യക്തമാക്കേണ്ടതാണ്.

| സ്ഥാപനം | തുക |
|---|---|
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, കല്ലായ് റോഡ് ശാഖ (റസീറ്റ് നം.100011807520144, 04.04.2015 ന് പുതുക്കിയത്) | 1,00,00,000 |
| കോഴിക്കോട് ജില്ല സഹകരണ ബാങ്ക്, കല്ലായ് റോഡ് ശാഖ (റസീറ്റ് നം.100011807520143, 04.04.2015 ന് പുതുക്കിയത്) | 1,00,00,000 |
| കോഴിക്കോട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, കല്ലായ് റോഡ് ശാഖ (റസീറ്റ് നം. 102130010034924, 04.04.2015 ന് പുതുക്കിയത്) | 1,00,00,000 |
| കോഴിക്കോട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, കല്ലായ് റോഡ് ശാഖ (റസീറ്റ് നം. 102130010034925, 04.04.2015 ന് പുതുക്കിയത്) | 1,00,00,000 |
| കോഴിക്കോട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, കല്ലായ് റോഡ് ശാഖ (റസീറ്റ് നം. 102130010034925, 04.04.2015 ന് പുതുക്കിയത്) | 1,00,00,000 |

6. തനത് ഫണ്ടിന് ബാധ്യതയാവുന്നു.

നിർത്തലാക്കപ്പെട്ട സി.ഡി.എ ജീവനക്കാരെ പല ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ ലയിപ്പിക്കുന്നതിന് പകരം കോഴിക്കോട് നഗരസഭയിൽ തന്നെ നിലനിർത്തിയതിനാൽ മേൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ, യാത്രപ്പടി എന്നീ ഇനങ്ങളിലായി നല്ലൊരു തുക നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. 2017-18 വർഷം വിവിധ ഇനങ്ങളിലായി ചെലവ് വന്ന തുകയുടെ സംക്ഷിപ്തം താഴെ നൽകുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ജീവനക്കാരുടെ വേതനം,സ്റ്റൈപ്പന്റ് തുടങ്ങിയവ | 16018089 |
| 2 | പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ | 22745419 |
| 3 | യാത്ര ബത്ത | 14968 |
| ആകെ | | 38778476 |

കൂടാതെ സി.ഡി.എ ജീവനക്കാർക്ക് ഓണം അഡ്വാൻസ്, ടെർമിനൽ സറണ്ടർ എന്നിവ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച പട്ടിക 2 ൽ ശ്രീ.കെ.കെ സുരേന്ദ്രനാഥിന് 2 തവണയായി ആകെ 1605228/- രൂപ ഡി.സി.ആർ.ജി/പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയതായി കാണുന്നു.

7. ഫറോക്ക് നഗരസഭക്ക് അർഹതപ്പെട്ട ആസ്തിയും ഏറ്റെടുത്തു.

30.03.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.73/17/ത.സ്വ.ഭ.വ. പ്രകാരം വികസന അതോറിറ്റികളുടെ ആസ്തി ബാധ്യതകൾ അതാത് തദ്ദേശ ഭരണകൂടങ്ങൾക്കാണ് കൈമാറേണ്ടത്. എന്നാൽ ഫറോക്ക് നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ഫറോക്ക് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവും കോഴിക്കോട് കോർപ്പറേഷൻ ഏറ്റെടുക്കുകയാണ് ചെയ്തത്.

8. <u>താൽക്കാലിക ജീവനക്കാരെ നിലനിർത്തി.</u>

മേൽ സൂചിപ്പിച്ച ഉത്തരവിലെ ക്രമ നം.2 പ്രകാരം കരാർ/താല്ക്കാലിക ജീവനക്കാരുടെ സേവനം ഉടൻ തന്നെ അവസാനിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 4 താൽകാലിക ജീവനക്കാരെ നഗരസഭ കൗൺസിൽ തീരുമാനിച്ച് നിലനിർത്തിയിട്ടുണ്ട്.

9. <u>അക്കൌണ്ടുകൾ സി.ഡി.എ. സെക്രട്ടറിയുടെ പേരിൽ നിലനിർത്തുന്നു.</u>

സി.ഡി.എ. നിർത്തലാക്കിയ സമയത്ത് സി.ഡി.എ. സെക്രട്ടറിയുടെ പേരിലുള്ള 8 അക്കൌണ്ടുകൾ നഗരസഭ സെക്രട്ടറി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഇവയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച സമയത്ത് ഈ അക്കൌണ്ടുകൾ സി.ഡി.എ. സെക്രട്ടറിയുടെ പേരിൽ തന്നെ നിലനിർത്തിയതായിട്ടാണ് കാണുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (ഒ.എസ്. 94 /2017-18 തീയതി: 12/12/2018) മറുപടി ലഭിച്ചിട്ടില്ല. സി.ഡി.എ നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട 30.03.2017 ലെ സ.ഉ (കൈ) നം. 73/2017/ത.സ്വ.ഭ.വ ഉത്തരവിലെ നിർദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ കൈക്കൊണ്ട് അറിയിക്കേണ്ടതാണ്.

## 3-40 <u>എസ്.എൽ.ഐ, ജി.ഐ.എസ് : വരിസംഖ്യ ഈടാക്കുന്നതിലെ അപാകതകൾ</u>

സംസ്ഥാന സർക്കാർ ജീവനക്കാർ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്) എന്നിവയിലെ അംഗത്വം, വരിസംഖ്യ ഒടുക്കൽ എന്നിവ സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങളാണ് ബാധകമായിരിക്കുന്നത്.

1. കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 22 (എ) പ്രകാരം 1979 നോ ശേഷമോ സേവനത്തിൽ പ്രവേശിക്കുന്ന 50 വയസിനു താഴെ പ്രായമുള്ള ഏതൊരാളും സേവനത്തിൽ പ്രവേശിച്ച് ഒരു വർഷത്തിനുള്ളിൽ അതാതു സമയം സർക്കാർ നിശ്ചയിച്ച നിരക്കിൽ എസ്.എൽ.ഐ പോളിസി എടുക്കേണ്ടതുണ്ട്.
2. കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 22 (ബി) പ്രകാരം 1984 സെപ്റ്റംബർ ഒന്നാം തീയതിക്കു ശേഷം സേവനത്തിൽ പ്രവേശിക്കുന്ന ഏതൊരാളും അതാതു സമയം സർക്കാർ നിശ്ചയിച്ച നിരക്കിൽ ജി.ഐ.എസിൽ അംഗത്വമെടുക്കണം.
3. 12.01.2004 ലെ സ.ഉ (അ) നം. 25/04/ധന ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് സ്കീമും 12.01.2004 ലെ സ.ഉ (അ) നം. 26/04/ധന ഉത്തരവ് പ്രകാരം ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമും നഗരസഭ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ട്.
4. 50 വയസായ ജീവനക്കാർക്ക് 2010 ലെ കേരള സ്റ്റേറ്റ് എംബ്ലോയീസ് റൂൾസിലെ (21.04.2010 ലെ സ.ഉ (അ) നം. 249/2010/ധന ഉത്തരവ് ) പ്രകാരം ജി.ഐ.എസിൽ അംഗത്വമെടുക്കാൻ പറ്റില്ല.
5. കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1 അനുബന്ധം XII എ/XII സി എന്നിവ പ്രകാരമുള്ള അവധിയിലിരിക്കുന്ന ജീവനക്കാരിൽ നിന്നൊഴികെ ബാക്കി എല്ലാ ജീവനക്കാരിൽ നിന്നും ജി.ഐ.എസ് റിക്കവറി നടത്തേണ്ടതുണ്ട്. (2010 ലെ കേരള സ്റ്റേറ്റ് എംബ്ലോയീസ് റൂൾസിലെ ചട്ടം 8 (5))
6. ജി.ഐ.എസ് വരിസംഖ്യക്കാരുടെ ഗ്രൂപ്പ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കൽ, പാസ് ബുക്കുകൾ കാലികമാക്കി പൂരിപ്പിച്ച് സൂക്ഷിക്കൽ, ഇവ രണ്ടിന്റെയും വാർഷിക പരിശോധന എന്നിവ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതലയാണ്. (2010 ലെ കേരള സ്റ്റേറ്റ് എമ്പ്ലോയീസ് റൂൾസിലെ ചട്ടം 16)
7. 2014 ലെ ശമ്പള പരിഷ്കരണാനന്തരം ജീവനക്കാരുടെ എസ്.എൽ.ഐ , ജി ഐ എസ് വരിസംഖ്യ താഴെ പറയും പ്രകാരം സർക്കാർ പുതുക്കിയിട്ടുണ്ട്.

| എസ്.എൽ.ഐ | ജി.ഐ.എസ് |
|---|---|
| 04.10.2016 ലെ സ.ഉ (അ) നം. 149/2016/ധന നമ്പർ സർക്കാർ ഉത്തരവ് (01.01.2017 മുതൽ പ്രാബല്യം) | 01.08.2016 ലെ സ.ഉ (അ) നം. 112/2016/ധന നമ്പർ സർക്കാർ ഉത്തരവ് (01.09.2016 മുതൽ പ്രാബല്യം) |

| അടിസ്ഥാന ശമ്പളം | കുറഞ്ഞ എസ്.എൽ.ഐ പ്രീമിയം | ശമ്പള സ്കെയിൽ | കുറഞ്ഞ ജി.ഐ.എസ് വരിസംഖ്യ |
|---|---|---|---|
| 17999 രൂപ വരെ | 200 | 55350-101400 ഓ മുകളിലോ | 600 |
| 18000 രൂപ മുതൽ 35699 രൂപ വരെ | 300 | 35700-75600 ഉൾപ്പെടെ 55350-101400 വരെ | 500 |
| 35700 രൂപ മുതൽ 55349 രൂപ വരെ | 500 | 17000-37500 ഉൾപ്പെടെ 35700-75600 വരെ | 400 |
| 55350 രൂപ മുതൽ മുകളിലോട്ട് | 600 | 16500-35700 ഉൾപ്പെടെ 17000-37500 വരെ | 300 |

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ റഗുലർ ജീവനക്കാരുടെ 2017-18 വർഷത്തെ ശമ്പളബിൽ പരിശോധിച്ചതിൽ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. കാര്യങ്ങൾ മുകളിൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് കൈകാര്യം ചെയ്തു വരുന്നത്. രജിസ്റ്റർ സൂക്ഷിപ്പ്, വരിസംഖ്യ ഈടാക്കുന്നതിലെ അവധാനത എന്നിവ ശ്രദ്ധയിൽപെട്ടു. ചില ജീവനക്കാരിൽ നിന്നും വരിസംഖ്യ ഈടാക്കാത്തതായും, മറ്റു പലരിൽ നിന്നും നിഷ്കർഷിച്ചതിലും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതായും പരിശോധനയിൽ കണ്ടു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 10.10.2018 ലെ സി13/84380/18 നമ്പർ കത്ത് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ 372 റഗുലർ ജീവനക്കാരുണ്ട്. എസ്.എൽ.ഐ, ജി.ഐ.എസ് റിക്കവറി രജിസ്റ്റർ പരിശോധിച്ചപ്പോൾ വളരെ കുറഞ്ഞ ജീവനക്കാരിൽ നിന്ന് മാത്രമേ റിക്കവറി നടത്തിയതായി കാണുന്നുള്ളൂ. ഉദാഹരണം താഴെ നൽകുന്നു.

| മാസം | റിക്കവറി നടത്തപ്പെട്ട ജീവനക്കാരുടെ എണ്ണം | |
|---|---|---|
| | എസ്.എൽ.ഐ | ജി.ഐ.എസ് |
| 04/17 | 141 | 191 |
| 05/17 | 145 | 194 |
| 06/17 | 140 | 189 |
| 02/18 | 155 | 192 |
| 03/18 | 157 | 193 |

വരിസംഖ്യ ഈടാക്കപ്പെട്ട പലരിൽ നിന്നും മേൽ നിഷ്കർഷിച്ച തോതിലുള്ള ഇൻഷ്വറൻസ് വരിസംഖ്യ ഈടാക്കിയിട്ടുമില്ല. 2017 ഏപ്രിൽ മാസത്തെ ശമ്പള ബിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഉദാഹരണങ്ങൾ താഴെ നൽകുന്നു.

പട്ടിക.1

| ജീവനക്കാരന്റെ പേര് | ശമ്പള സ്കെയിൽ | കുറഞ്ഞ ജി.ഐ.എസ് വരിസംഖ്യ | ഈടാക്കിയ വരിസംഖ്യ | കുറവ് |
|---|---|---|---|---|
| ഹരിദാസൻ പി, ഹെൽത്ത് സൂപ്പർവൈസർ | 35700-75600 | 500 | 0 | 500 |
| ഗണേഷ് സി കെ,ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് .1 | 30700-65400 | 400 | 0 | 400 |
| രത്നാവതി എൻ, മെഡിക്കൽ ഓഫീസർ | 39500-83000 | 500 | 0 | 500 |
| സുനിൽ കുമാർ വി, റവന്യൂ ഓഫീസർ ഗ്രേഡ്.II | 30700-65400 | 400 | 0 | 400 |
| ബിന്ദു എ, സൂപ്രണ്ട് | 30700-65400 | 400 | 0 | 400 |

പട്ടിക.2

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | കുറഞ്ഞ എസ്.എൽ.ഐ പ്രീമിയം | ഈടാക്കിയ പ്രീമിയം | കുറവ് |
|---|---|---|---|---|
| റിഷാദ് കെ, ജൂനിയർ ഹെൽത്ത് ഇൻസിപെക്ടർ ഗ്രേഡ്.1 | 31500 | 300 | 0 | 300 |
| ചന്ദ്രൻ ടി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 40500 | 500 | 380 | 120 |
| ഡോ: മിനി എൻ സി, ആയുർവേദ മെഡിക്കൽ ഓഫീസർ | 46900 | 500 | 0 | 500 |
| ജ്യോബി കെ, സീനിയർ ക്ലർക്ക് | 30700 | 300 | 0 | 300 |
| ബിന്ദു സി ഭാസ്കർ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 33900 | 300 | 0 | 300 |

ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (ഒ.എസ്.നം. 82/17-18തീയതി : 07.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-41 ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് : ചട്ടപ്രകാരം കൈകാര്യം ചെയ്യുന്നില്ല

30.04.2005 ലെ സ.ഉ (അ) നം. 124/2005/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2005 ലെ കേരള മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്) ചട്ടങ്ങൾ പ്രകാരമാണ് സംസ്ഥാനത്തെ

മുനിസിപ്പൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ഇടപാടുകൾ നടത്തേണ്ടത്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ 9 സെക്ഷനുകളിലായാണ് റഗുലർ ജീവനക്കാരുടെ പി എഫ് ഇടപാടുകൾ കൈകാര്യം ചെയ്യുന്നത്. 2017-18 വർഷത്തെ പ്രൊവിഡന്റ് ഫണ്ട് ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ മേൽ ചട്ടത്തിലെ പല വ്യവസ്ഥകളും പാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

1. രജിസ്റ്റർ അപൂർണം

ചട്ടം 7 പ്രകാരം ഓരോ വരിക്കാരന്റെയും പേരിൽ അയാളുടെ വരിസംഖ്യയും അതിൻമേലുള്ള പലിശയും ഉൾപ്പെട്ട തുകയും ഫണ്ടിൽ നിന്ന് എടുത്തിട്ടുള്ള അഡ്വാൻസുകളും പിൻവലിക്കലുകളും കാണിക്കുന്ന ഒരു കണക്ക് ഫാറം 2 ൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ സൂക്ഷിക്കുന്ന ഈ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. Subscriber's Register സൂക്ഷിക്കുന്നുമില്ല.

| | |
|---|---|
| എ. | എടുക്കുന്ന വായ്പയുടെ ഇനം |
| ബി. | വായ്പ അനുവദിച്ചതിന്റെ സാക്ഷ്യപ്പെടുത്തൽ |
| സി. | പേജ് വൈസ് ടോട്ടൽ, സെക്ഷൻ വൈസ് ടോട്ടൽ |
| ഡി. | തുടക്കത്തിലെ സാക്ഷ്യപ്പെടുത്തൽ |
| ഇ. | ഉള്ളടക്കം |
| എഫ്. | വേതനം |
| ജി. | ഓപ്പണിംഗ് ബാലൻസ്, ക്ലോസിംഗ് ബാലൻസ് |

2. താൽകാലിക വായ്പ അനുവദിക്കുന്നതിലെ ചട്ട ലംഘനങ്ങൾ

നഗരസഭയിൽ 2017-18 വർഷം അനുവദിച്ച താൽകാലിക വായ്പകളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പല ജീവനക്കാർക്കും ചട്ടം പാലിച്ചല്ല വായ്പ അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. ഉദാഹരണങ്ങളും അപാകതകളും താഴെ നൽകുന്നു.

| ക്രമ നം. | 1 | 2 | 3 | 4 |
|---|---|---|---|---|
| വരിക്കാരന്റെ പേരും തസ്തികയും | ബബിത പി, സീനിയർ ക്ലർക്ക് | മണി പി, ഓഫീസ് അറ്റന്റന്റ് | ഉണ്ണികൃഷ്ണൻ വി സി, സീനിയർ ക്ലർക്ക് | ഗീത വി, ക്ലർക്ക് |
| നമ്പർ | പി എഫ് 7 8175 | പി എഫ് 7 4512 | പി എഫ് 3 8669 | പി എഫ് 7 6909 |
| ഫയൽ നം | ബി7/148608/11 | ബി7/54827/98 | ബി7/151746/11 | ബി7/108977/03 |
| അടിസ്ഥാന ശമ്പളം | 31500 | 40332 | 25800 | 35700 |
| 3 മാസത്തെ അടിസ്ഥാന ശമ്പളം | 94500 | 120996 | 77400 | 107100 |
| ജീവനക്കാരന്റെ കണക്കിലെ നീക്കിയിരിപ്പിന്റെ | 449740/2 = 224870 | 370267/2 = 185134 | 176543/2 = 88271.5 | 177871/2 = 88935.5 |

| | | | | |
|---|---|---|---|---|
| പകുതി | | | | |
| അപേക്ഷിച്ച വായ്പ തുക | 300000/- | 150000/- | 100000/- | 85000/- |
| വായ്പയുടെ ആവശ്യം | വീട് അറ്റകുറ്റപണി | വീട് അറ്റകുറ്റപണി | വീട് അറ്റകുറ്റപണി | വീട് അറ്റകുറ്റപണി |
| അനുവദിച്ച വായ്പ | 299730/- | 150000/- | 99840/- | 84860 |
| വായ്പ അനുവദിച്ച തീയതി | 25.08.2017 | 14.09.2017 | 03.11.2017 | 28.02.2018 |
| അപേക്ഷയിൽ നിർദേശിച്ച തിരിച്ചടവ് ഗഡുവും തവണയും | 36 | 36 | 36 | 36 |
| അനുവദിച്ച തിരിച്ചടവ് ഗഡുവും തവണയും | 36*9820 | 36*8780 | 36*3300 | 36*7230 |
| പ്രത്യേക പരിഗണന നൽകാനുള്ള കാരണം | വരിക്കാരന്റെ അപേക്ഷ | - | വരിക്കാരന്റെ അപേക്ഷ | വരിക്കാരന്റെ അപേക്ഷ |

അപാകതകൾ

എ. വാർഷിക ക്രെഡിറ്റ് കാർഡിനെ അവലംബിക്കുന്നില്ല.

നഗരകാര്യ ഡയറക്ടർ വരിക്കാരന് നൽകുന്ന വാർഷിക ക്രെഡിറ്റ് കാർഡിനെയാണ് വരിക്കാരന്റെ കണക്കിലുള്ള യഥാർത്ഥ തുക അറിയുന്നതിന് സെക്രട്ടറി അവലംബമാക്കേണ്ടത് (ചട്ടം 15 (2) (1) ന്റെ കുറിപ്പ്). എന്നാൽ വായ്പ അനുവദിക്കാനുള്ള കണക്ക് കൂട്ടലുകൾ നടത്തുന്നത് ഈ സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കിയല്ല. വരിക്കാരന്റെ കണക്കിൽ വരുന്ന പലിശ തുക കണക്ക് കൂട്ടുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നുമില്ല.

ബി. അർഹമല്ലാത്ത ഇനത്തിന് വായ്പ അനുവദിക്കുന്നു.

ചട്ടം 15 (2) പ്രകാരം ചികിൽസ, മതപരവും സാമൂഹ്യപരവുമായ ആചാര നടത്തിപ്പ്, നിയമപരമായ ചെലവ് എന്നിവക്കായി മാത്രമേ താൽകാലിക വായ്പ അനുവദിക്കാവൂ. എന്നാൽ മേൽ വായ്പകളെല്ലാം വീട് റിപ്പയറിംഗിനാണ് അനുവദിച്ചിരിക്കുന്നത്.

സി. അർഹമായതിലുമധികം വായ്പ അനുവദിക്കുന്നു.

ചട്ടം 15 പ്രകാരം താൽകാലിക വായ്പക്കുള്ള തുകയുടെ പരിധി ചുവടെ പറയും പ്രകാരമാണ്.

| ആവശ്യം | അനുവദിക്കാവുന്ന പരമാവധി താൽകാലിക വായ്പയുടെ പരിധി | ചട്ടം |
|---|---|---|
| നിയമ നടപടികൾ നേരിടുന്നതിന് (ചട്ടം 15 (2) എ (iii),(iv) | 3 മാസത്തെ അടിസ്ഥാന ശമ്പളം | 2 (എ) (iv) ന്റെ കുറിപ്പ് |
| മറ്റ് കാരണങ്ങളാൽ | 3 മാസത്തെ അടിസ്ഥാന ശമ്പളം/കണക്കിലുള്ള തുകയുടെ പകുതി ഏതാണോ കുറവ് | 2 (എ) (ബി) |

| | | |
|---|---|---|
| രേഖപ്പെടുത്താവുന്ന പ്രത്യേക കാരണങ്ങളാൽ | 3 മാസത്തെ അടിസ്ഥാന ശമ്പളം/കണക്കിലുള്ള തുകയുടെ പകുതി ഏതാണോ കുറവ് എന്ന പരിധി ബാധകമല്ല | |

എന്നാൽ നഗരസഭയിൽ എല്ലാ താൽകാലിക വായ്പ അപേക്ഷകളും രേഖപ്പെടുത്താവുന്ന പ്രത്യേക കാരണം എന്ന ഗണത്തിൽ പെടുത്തി കാരണമൊന്നും രേഖപ്പെടുത്താതെ കണക്കിലുള്ള തുകയുടെ 75% തുക വായ്പയായി അനുവദിക്കുകയാണ് ചെയ്യുന്നത്.

ഡി. വായ്പ തിരിച്ചു പിടിക്കുന്നതിന് കൂടുതൽ തവണ അനുവദിക്കുന്നു.

ചട്ടം 16 പ്രകാരം യാതൊരു സംഗതിയിലും താൽകാലിക വായ്പ തിരിച്ചു പിടിക്കൽ 24 തവണയിൽ കൂടാൻ പാടില്ല എന്ന വ്യവസ്ഥ മേൽ കേസുകളിൽ പാലിച്ചിട്ടില്ല.

3. തിരിച്ചടക്കേണ്ടാത്ത വായ്പ അനുവദിക്കുന്നതിലെ ചട്ട ലംഘനങ്ങൾ

നഗരസഭയിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട് 2017-18 വർഷം അനുവദിച്ച തിരിച്ചടക്കേണ്ടാത്ത വായ്പകളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പല ജീവനക്കാർക്കും ചട്ടം പാലിച്ചല്ല വായ്പ അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. ഉദാഹരണങ്ങളും അപാകതകളും താഴെ നൽകുന്നു.

| ക്രമ നം. | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| അപേക്ഷിച്ച തീയതി | 23.06.2017 | 13.04.2016 | 02.02.2016 | 07.09.2017 | 01.04.2017 |
| വരിക്കാരന്റെ പേരും തസ്തികയും | സുരേഷ് ബാബു പി, സീനിയർ ക്ലർക്ക് | സുരേഷ് ബാബു സി.പി, ഫാർമസിസ്റ്റ് | ബിന്ദു എ, സൂപ്രണ്ട്. | ജയലക്ഷ്മി കെ, ക്ലർക്ക് | വിശ്വനാഥൻ സി ടി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.1 |
| പി എഫ് നമ്പർ | പി എഫ് 6 8046 | പി എഫ് 9 6623 | പി.എഫ്.5 6823 | പി എഫ് 6 7209 | പി എഫ് 6 6865 |
| ഫയൽ നം | ബി7/10173/09 | ബി7/63988/05 | ബി7/92408/03 | ബി 7 /58532/07 | ബി7/9438/06 |
| അപേക്ഷയിൽ രേഖപ്പെടുത്തിയ അടിസ്ഥാന ശമ്പളം * 6 | 31500*6 = 189000/- | 43330*6 = 259980 | 39271*6 = 235626 | 23400*6 = 140400 | അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയിട്ടില്ല |
| ജീവനക്കാരന്റെ കണക്കിലെ നീക്കിയിരിപ്പിന്റെ പകുതി (നഗരസഭ നിർണയിച്ചത് പ്രകാരം) | 232632/2 = 116316 | 149262/2 = 74631 | 12815½ = 64076 | 128522/2 = 64261 | 267451/2 =133725.5 |
| അപേക്ഷിച്ചതും നഗരസഭ ശുപാർശ ചെയ്തതുമായ വായ്പ തുക | 2,50,000/- | 2,00,000/- | 3,00,000/- | 2,00,000/- | 2,50,000/- |

| | | | | | |
|---|---|---|---|---|---|
| വായ്പയുടെ ആവശ്യം | വീടിനോടടുത്ത സ്ഥലം വാങ്ങാൻ | വീടും സ്ഥലവും വിലക്ക് വാങ്ങാൻ | വീട് റിപ്പയർ | വീട് നിർമാണം | വീടിന്റെ പുനർനിർമാണം |
| അനുവദിച്ച വായ്പ | 1,70,000/- | 1,80,000/- | 1,49,000/- | 1,40,600/- | 2,50,000/- |
| വായ്പ അനുവദിച്ച ഡയറക്ടറുടെ ഉത്തരവ് നമ്പറും തീയതിയും | 07.08.2017 ലെ പിഎഫ്.6/ 16081/17 | പി എഫ് 9/12685/16 തീയതി 01.08.2016 | പി.എഫ് 5/6433/16 തീയതി 04.05.2017 | പി എഫ് 6/32201/17 തീയതി 12.02.2018 | പി.എഫ്.6/19165/17 തീയതി 12.02.18 |
| വായ്പ ഇക ചെലവഴിച്ചതിന്റെ വിവരം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| ഇക പിൻവലിച്ച വിവരം ഡയറക്ടറെ അറിയിച്ചതിന്റെ വിവരം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| പ്രത്യേക പരിഗണന നൽകാനുള്ള കാരണം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| വായ്പയനുവദിച്ച ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥ | അപേക്ഷകന് 7/2014 ന ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായി | അപേക്ഷകന് 10/2015 ന ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായി | അപേക്ഷകന് ആഗസ്റ്റ് 15 ന ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായി | അപേക്ഷകന് 2016 ഫെബ്രുവരിക്ക് ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായി | അപേക്ഷകന് 2014 ന ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായി |
| മുമ്പ് വായ്പനുവദിച്ച ഉത്തരവും തീയതിയും | ബി7/10173/09 തീയതി 26.05.15 | ബി7/63988/05 തീയതി 11.10.2015 | ബി7/92408/03 തീയതി 31.07.2015 | ബി7/58532/07 തീയതി 25.02.2017 | ബി7/9438/06 തീയതി 15.01.2014 |

അപാകതകൾ

എ. <u>അർഹതയില്ലാത്ത ആവശ്യത്തിന് വായ്പയനുവദിച്ചു</u>

ചട്ടം 18 പ്രകാരം വീടിനോടടുത്ത സ്ഥലം വാങ്ങാൻ പി.എഫ് വായ്പ അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ക്രമ നം. 1 പ്രകാരമുള്ള സംഗതിയിൽ ഈ ആവശ്യത്തിനായാണ് വായ്പക്ക് അപേക്ഷിച്ചത്.

ബി. <u>പരിധിക്കപ്പുറത്തുള്ള ഇക അനുവദിക്കുവാൻ ശുപാർശ ചെയ്യുന്നു.</u>

ചട്ടം 19 (1) പ്രകാരം എല്ലാ സാധാരണ കേസിലും വരിക്കാരന്റെ കണക്കിലുള്ള തുകയുടെ പകുതിയോ അല്ലെങ്കിൽ വരിക്കാരന്റെ 6 മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ തുകയോ ഇതിൽ ഏതാണോ കുറവ് അതായി വായ്പ പരിമിതപ്പെടുത്തേണ്ടതാണ്. പ്രത്യേക സാഹചര്യത്തിൽ വരിക്കാരന്റെ കണക്കിലുള്ള തുകയുടെ 3/4 ഭാഗം വരെ വായ്പയായി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ എല്ലാ കേസിലും മേൽ പരിധിക്കപ്പുറമുള്ള തുകയാണ് നഗരസഭ സെക്രട്ടറി വായ്പ അനുവദിക്കാനായി ശുപാർശ ചെയ്യുന്നതും വായ്പ അനുവദിക്കപ്പെട്ടതും.

സി. തുക വിനിയോഗിച്ച വിവരം അറിയിക്കുന്നില്ല

ചട്ടം 19 (3) പ്രകാരം ഫണ്ട് പിൻവലിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള വരിക്കാരൻ ഡയറക്ടർ നിർദേശിച്ച ന്യായമായ സമയത്തിനുള്ളിൽ, നിശ്ചിത സമയത്തിനുള്ളിൽ തുക ചെലവഴിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മുഖാന്തിരം ഡയറക്ടറെ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽ സംഗതികളിൽ 1 മാസമാണ് ഡയറക്ടർ അനുവദിച്ച സമയപരിധി. എന്നാൽ നാളിതു വരെ വിനിയോഗ വിവരം അറിയിച്ചതായി രേഖകളിൽ കാണുന്നില്ല.

ഡി. വൗച്ചർ ഡയറക്ടർക്ക് അയച്ചു നൽകുന്നില്ല.

വായ്പ അനുവദിക്കുന്ന ഉത്തരവിൽ വരിക്കാരന് തുക പിൻവലിച്ചു നൽകുന്ന വൗച്ചറിന്റെ വിവരം ഡയറക്ടർക്ക് അയക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

ഇ. വായ്പയനുവദിച്ച ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥ പാലിക്കുന്നില്ല.

വായ്പയനുവദിക്കുന്ന ഉത്തരവിൽ അപേക്ഷകനു് നിശ്ചിത തീയതിക്കു ശേഷം ടിയാന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയൊന്നും നൽകിയിട്ടില്ലെന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വായ്പ അനുവദിക്കേണ്ടത്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് വായ്പ അനുവദിച്ചിരിക്കുന്നത്.

എഫ്. ചട്ടത്തിന്റെ പേര് തെറ്റായി രേഖപ്പെടുത്തുന്നു.

30.04.2005 ലെ സ.ഉ (അ) നം. 124/2005/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ചട്ടത്തിന് 2005 ലെ കേരള മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്) ചട്ടങ്ങൾ എന്നാണ് പേര്. എന്നാൽ വായ്പ അനുവദിക്കുന്ന ഉത്തരവിൽ 2005ലെ കേരള മുനിസിപ്പൽ പെൻഷണബ്ൾ എംപ്ലോയീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് റൂൾ എന്നാണ് രേഖപ്പെടുത്തുന്നത്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഒ.എസിന് (ഒ.എസ്.നം. 83/17-18 തീയതി : 05.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-42 റഗുലർ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 (2), 8,10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ 2007-08 മുതൽ 2016-17 കാലയളവിലെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക , അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിരുന്നു. (റിപ്പോർട്ട് നം. കെ.എസ്.എ.കെ.ഒ.സി/എ4/1075/17 തീയതി : 03.11.2017 ഖണ്ഡിക നം. 3-51). മേൽ വിഷയവുമായി ബന്ധപ്പെട്ട് 2017-18 ലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ മുൻ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ആവർത്തിച്ചതായിട്ടാണ് കാണുന്നത്. വിശദവിവരം താഴെക്കൊടുക്കുന്നു.

1. പെൻഷൻ ചെലവുകൾ

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭ സെക്രട്ടറിയുടെ പേരിൽ സബ്ട്രഷറിയിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ടി.പി.എ.98 എന്ന നമ്പറിൽ അക്കൗണ്ടുണ്ട്. മേൽ ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും, ചട്ടം 9(3) പ്രകാരം വിരമിച്ച ജീവനക്കാരനുള്ള പെൻഷൻ ആനുകൂല്യങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കേണ്ടതുമുണ്ട്. എന്നാൽ നഗരസഭയിൽ നിന്നും 2017-18വർഷം ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടില്ല എന്നും നഗരകാര്യ ഡയറക്ടറുടെ അധീനതയിലുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭയ്ക്ക് ലഭിക്കുന്നുമില്ല എന്നുമാണ് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് അറിയിച്ചത്. നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ടി.പി.എ.98 ലേക്ക് തുക മാറ്റിയാണ് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്.

പെൻഷൻ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും 2017-18 വർഷം പെൻഷൻ ഇനത്തിൽ തുക

ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| മാസം | ബാങ്ക് മുഖേന | | | | | | | | മണിയോർഡർ മുഖേന | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | റഗുലർ പെൻഷൻ (പുതുക്കിയത്) | | ഫാമിലിപെൻഷൻ (പുതുക്കിയത്) | | റഗുലർ പെൻഷൻ (പുതുക്കാത്തത്) | | ഫാമിലി പെൻഷൻ (പുതുക്കാത്തത്) | | പെൻഷൻകാരുടെ ചെലവിൽ മണിയോർഡർ ആയി അയക്കുന്നത് | | നഗരസഭ ചെലവിൽ മണിയോർഡർ ആയി അയക്കുന്നത് | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 04.17 | 355 | 6762553 | 125 | 1496184 | 11 | 181966 | 20 | 221840 | 4 | 59979 | 53 | 580652 |
| 05.17 | 357 | 6780223 | 127 | 1519465 | 11 | 187506 | 21 | 240164 | 4 | 59979 | 53 | 580652 |
| 06.17 | 361 | 6980434 | 130 | 1590311 | 11 | 191581 | 23 | 267833 | 4 | 61027 | 53 | 599536 |
| 07.17 | 361 | 6972106 | 133 | 1621685 | 12 | 219206 | 23 | 267833 | 4 | 61027 | 54 | 609994 |
| 08.17 | 361 | 6936259 | 133 | 1602390 | 12 | 219206 | 23 | 267833 | ലഭ്യമല്ല | 61027 | ലഭ്യമല്ല | 609994 |
| 09.17 | 363 | 6919108 | 134 | 1601922 | 12 | 217890 | 23 | 361741 | 4 | 61027 | 53 | 609994 |
| 10.17 | 363 | 6875549 | 134 | 1601922 | 12 | 217890 | 23 | 361741 | ലഭ്യമല്ല | | | |
| 11.17 | 365 | 6921783 | 135 | 1612380 | 12 | 217890 | 23 | 268443 | ലഭ്യമല്ല | | | |
| 12.17 | 358 | 6873943 | 133 | 1613166 | 12 | 197327 | 23 | 272667 | 4 | 61027 | 51 | 569330 |
| 01.18 | 356 | 6861389 | 136 | 1652668 | 12 | 201240 | 23 | 272667 | 4 | 61027 | 50 | 558872 |
| 02.18 | 355 | 6839391 | 135 | 1629601 | 12 | 201240 | 23 | 272667 | 4 | 61027 | 50 | 558872 |
| 03.18 | 357 | 6835270 | 138 | 1641045 | 12 | 200868 | 23 | 272667 | 4 | 61027 | 50 | 558872 |
| ആകെ | | 82580006 | | 19205806 | | 2453810 | | 3348096 | | 547147 | | 5226774 |

2. റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെചട്ടം 7(2), ചട്ടം 8 എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കാത്തത് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കോഴിക്കോട് നഗരസഭയുടെ പെൻഷൻ അലോട്ട്മെന്റ്, പെൻഷൻ കോൺട്രിബ്യൂഷൻ, സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക എന്നിവ സംബന്ധിച്ച 2017-18 ലെ വിശദ വിവരം 2 പട്ടികകളിലായി ചുവടെ നൽകുന്നു.

<u>പട്ടിക 1</u>

| മാസം | പെൻഷനറുടെ എണ്ണം | | പ്രതിമാസ പെൻഷൻ ചെലവ് | | പെൻഷൻ കോണ്ട്രിബ്യൂഷൻ | | പെൻഷൻ കമ്മ്യൂട്ടേഷൻ & ഡി.സി.ആർ.ജി | |
|---|---|---|---|---|---|---|---|---|
| | റഗുലർ | ഫാമിലി | തനത് ഫണ്ടിൽ നിന്നും നൽകിയത് | പൊതു ആവശ്യ ഗ്രാന്റിൽ നിന്നും ചെലവഴിച്ചത് | ഒടുക്കിയത് | ഒടുക്കേണ്ടത് | തനത് ഫണ്ടിൽ നിന്നും നൽകിയത് | പൊതു ആവശ്യ ഗ്രാന്റിൽ നിന്നും ചെലവഴിച്ചത് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 04.17 | 368 | 205 | 0 | 9303174 | 0 | 2138757 | 0 | 1714333 |
| 05.17 | 370 | 200 | 0 | 9367989 | 0 | 2133765 | 0 | 2401636 |
| 06.17 | 371 | 197 | 0 | 9690722 | 0 | 1969510 | 0 | 1983567 |
| 07.17 | 370 | 198 | 0 | 9751851 | 0 | 2085178 | 0 | 1618380 |
| 08.17 | 373 | 199 | 0 | 9696709 | 0 | 2089210 | 0 | 0 |
| 09.17 | 369 | 206 | 0 | 9008069 | 0 | 2093099 | 0 | 0 |
| 10.17 | 369 | 204 | 0 | 9057102 | 0 | 1967232 | 0 | 4912372 |
| 11.17 | 368 | 209 | 0 | 9020486 | 0 | 2073344 | 0 | 2503065 |
| 12.17 | 368 | 211 | 0 | 9520486 | 0 | 2034123 | 0 | 2837753 |
| 01.18 | 367 | 212 | 0 | 9587460 | 0 | 2056405 | 0 | 0 |
| 02.18 | 374 | 210 | 0 | 9562798 | | 2037731 | 0 | 4818639 |
| 03.18 | 374 | 210 | 0 | 9569749 | | 0 | 0 | 188157 |
| ആകെ | | | | 113136595 | | 22678354 | | 22977902 |

പട്ടിക 2

| മാസം | സി.വി.പി | | കമ്മ്യൂട്ടേഷൻ തിരിച്ചടവ് | | സി.പി.എഫ് ൽ നിന്നും ലഭിച്ചത് | അനുവദിക്കാനുള്ളത് |
|---|---|---|---|---|---|---|
| | ഒടുക്കിയത് | ഒടുക്കേണ്ടത് | ഒടുക്കിയത് | ഒടുക്കേണ്ടത് | | |
| 04.17 | 0 | 0 | 0 | 434872 | 0 | 7164417 |
| 05.17 | 0 | 265261 | 0 | 455122 | 0 | 69689963 |
| 06.17 | 0 | 2771134 | 0 | 465258 | 0 | 4950078 |
| 07.17 | 0 | 1543251 | 0 | 464621 | 0 | 6123422 |
| 08.17 | 0 | 0 | 0 | 464404 | 0 | 7607499 |

| | | | | | | |
|---|---|---|---|---|---|---|
| 09.17 | 0 | 0 | 0 | 460461 | 0 | 6914970 |
| 10.17 | 0 | 31411 | 0 | 448915 | 0 | 7058459 |
| 11.17 | 0 | 1872270 | 0 | 458507 | 0 | 5074872 |
| 12.17 | 0 | 1129071 | 0 | 529551 | 0 | 6356692 |
| 01.18 | 0 | 474539 | 0 | 529126 | 0 | 7056516 |
| 02.18 | 0 | 0 | 0 | 528278 | 0 | 0 |
| 03.18 | 0 | 0 | 0 | 528278 | 47651422 | 0 |
| ആകെ | | 8086937 | 0 | 5767393 | 47651422 | 127996888 |

1. ക്രമ നം.1 പ്രകാരമുള്ള ഖണ്ഡികയിലെ പട്ടികയും മേൽ പട്ടികയും തമ്മിൽ സമാന ഇനങ്ങളിൽ വ്യത്യാസം കാണുന്നുണ്ട്.

2. 02/18 ലും 03/18 ലും സി.പി.എഫ്. ൽ നിന്നും അനുവദിക്കാനുള്ള തുക , 03/18 ൽ സി.പി.എഫ്. ലേക്ക് ഒടുക്കേണ്ട തുക എന്നിവ എത്രയാണെന്ന് രേഖകളിൽ നിന്നും ലഭ്യമല്ല.

നഗരസഭയുടെ കണക്കുകൾ പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 2017-18 വർഷം 22678354/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്.

3. റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി തനത് ഫണ്ട് ചെലവഴിക്കുന്നു.

നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന റഗുലർ പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാത്തതിനാൽ നിലവിൽ നഗരസഭ തനത് ഫണ്ടിൽ (ട്രഷറിഎസ്.ടി.എസ്.ബി.അക്കൌണ്ട് നം.4, 615 ) നിന്നും തുക വകമാറ്റിയാണ് പെൻഷൻ നൽകുന്നത്. 2017-18 വർഷത്തിൽ റഗുലർ പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 13,61,14,497/-രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും വകമാറ്റിയിട്ടുണ്ട്. 2017-18 വർഷത്തിൽ പെൻഷൻ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 4,76,51,422/- രൂപയുള്ള (2016-17 അവസാനം വരെ ലഭിക്കാനുള്ളതിന്റെ 30 ശതമാനം) അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

4. ചട്ട പ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് – കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം റഗുലർ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കാനുള്ള നടപടി ക്രമങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇത് പ്രകാരം പാലിക്കാത്ത ചട്ടങ്ങളുടെ സംക്ഷിപ്തം ചുവടെ നൽകുന്നു.

| | | |
|---|---|---|
| ചട്ടം 9 ഉപചട്ടം (3) | : | 2-ാം ഉപചട്ടം പ്രകാരം പെൻഷൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പാസാക്കി കഴിഞ്ഞാൽ പെൻഷനർക്ക് അനുവദിച്ച ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, പെൻഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ ഒരു വർഷം പ്രതിമാസ പെൻഷൻ നൽകുന്നതിനാവശ്യമായ തുക എന്നീ ഇനങ്ങളിലായി വേണ്ടി വരുന്ന മൊത്തം തുക ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചു കൊടുക്കേണ്ടതാണ്.<br><br>ഈ നടപടിക്രമം നഗരസഭയിൽ പാലിക്കുന്നില്ല. |

| | | |
|---|---|---|
| ചട്ടം9 ഉപചട്ടം (4) | : | ഒരു മുനിസിപ്പാലിറ്റിയിലേക്ക് അലോട്ട് ചെയ്തിട്ടുള്ള പെൻഷൻകാർക്ക് തുടർന്ന് പെൻഷൻ നൽകുന്നതിന് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതും എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുമ്പ് ആവശ്യമായ തുക അനുവദിക്കുവാൻ സെക്രട്ടറി പെൻഷൻകാരുടെ പട്ടിക സഹിതം ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതും ഡയറക്ടർ മാർച്ച് 31 നകം തുക അനുവദിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും സെക്രട്ടറിക്ക് നൽകേണ്ടതുമാണ്.<br>2017-18 ൽ ആകെ പെൻഷൻകാരുടെ 10 ശതമാനം പോലും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് നഗരസഭയിൽ സമർപ്പിച്ചിട്ടില്ല. സെക്രട്ടറി പെൻഷൻകാരുടെ പട്ടിക സഹിതം ഡയറക്ടർക്ക് അപേക്ഷിക്കുകയോ ഡയറക്ടർ മാർച്ച് 31 നകം തുക അനുവദിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും സെക്രട്ടറിക്ക് നൽകുകയോ ചെയ്തിട്ടില്ല. |
| ചട്ടം 10 | : | പെൻഷൻ ആനുകൂല്യങ്ങൾ നൽകാനായി സെക്രട്ടറി ആരംഭിക്കുന്ന അക്കൗണ്ടിലാണ് ചട്ടം 9 (3)(4) പ്രകാരം ഡയറക്ടർ അനുവദിക്കുന്ന തുക നിക്ഷേപിക്കേണ്ടത്.<br>2017-18 ൽ ഡയറക്ടർ അനുവദിച്ച 47651422 രൂപ തനത് ഫണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. |
| ചട്ടം11 ഉപചട്ടം (2) | : | പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിക്കുന്ന കേസുകളിൽ പെൻഷനർ പെൻഷൻ കമ്മ്യൂട്ടേഷൻ വാങ്ങിയ തീയതിയും പ്രതിമാസ പെൻഷനിൽ കുറവ് വരുത്തുന്ന മൊത്തം തുകയുടെ വിവരവും ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പെൻഷനിൽ കുറവ് വരുത്തിയ തുക അടുത്ത വർഷത്തേക്കുള്ള അലോട്ട്മെന്റ് ആവശ്യപ്പെടുമ്പോൾ തട്ടിക്കിഴിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഇക്കാര്യങ്ങളൊന്നും പരിപാലിക്കുന്നില്ല. |
| ചട്ടം11 ഉപചട്ടം (4) | : | പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫാറങ്ങളും ഉപയോഗിക്കേണ്ടതാണ്.<br>നഗരസഭയിൽ കേരള ട്രഷറി കോഡിൽ പ്രതിപാദിക്കുന്ന ചട്ട പ്രകാരമുള്ള രജിസ്റ്ററുകളൊന്നും (ഫോറം 80, 83 എ പോലെയുള്ളവ) പരിപാലിക്കുന്നില്ല. |

5. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച്

പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന ചട്ടങ്ങൾ/വ്യവസ്ഥകൾ നിലവിലുണ്ട്.

എ. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 9 ഉപചട്ടം 4 പ്രകാരം ഒരു മുനിസിപ്പാലിറ്റിയിലേക്ക് അലോട്ട് ചെയ്തിട്ടുള്ള പെൻഷൻകാർക്ക് തുടർന്ന് പെൻഷൻ നൽകുന്നതിന് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതും എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുമ്പ് ആവശ്യമായ തുക അനുവദിക്കാൻ സെക്രട്ടറി പെൻഷൻകാരുടെ പട്ടിക സഹിതം ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതുമാണ്.

ബി. ചട്ടം 11 (3) പ്രകാരം കേരള ട്രഷറി ചട്ടങ്ങളിലും കേരള ഫിനാൻഷ്യൽ കോഡിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്ന കാര്യത്തിൽ സെക്രട്ടറി പാലിക്കേണ്ടതാണ്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ഒരു ട്രഷറി ഓഫീസർക്ക് നൽകിയിട്ടുള്ള ചുമതലകൾക്ക് സമാനമായിരിക്കും ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ചുമതല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സി. കേരള ട്രഷറി കോഡ് ചട്ടം 275(ബി) പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് 3 ചട്ടം 126 പ്രകാരം നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഇളവ് നൽകപ്പെട്ട വിഭാഗങ്ങൾക്കാണ് ലൈഫ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരിക്കുന്നത്.

ചട്ടം 278 ന്റെ കുറിപ്പ് പ്രകാരം വാർഷികാടിസ്ഥാനത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടുന്ന സംഗതികളിൽ ഡിസംബറിലെ പെൻഷൻ ബില്ലിനോടൊപ്പമോ ജനുവരി മാസമോ പ്രത്യേക സ്റ്റേറ്റ്മെന്റായി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രഷറി ഓഫീസർ ലൈഫ് സർട്ടിഫിക്കറ്റുകളുടെ തീയതി കുറിച്ച് വെക്കുകയും സർട്ടിഫിക്കറ്റുകൾ തീയതി ക്രമത്തിൽ അടുക്കി പ്രത്യേക ഫയലായി സൂക്ഷിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഡി. ലൈഫ് സർട്ടിഫിക്കറ്റിന്റെ ബലത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന സംഗതിയിൽ ചട്ടം 288(എ) പ്രകാരം പെൻഷൻ വിതരണ ഓഫീസർ പെൻഷൻ പെയ്മെന്റ് ഓർഡറിന്റെ 2 പതിപ്പിലും നിർദ്ദിഷ്ട കോളത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് തീയതി രേഖപ്പെടുത്തണം. ഓരോ മാസത്തെയും പെൻഷൻ പെയ്മെന്റിനു നേരെ L.C. എന്നും രേഖപ്പെടുത്തണം.

ഇ. മുനിസിപ്പൽ ചട്ടങ്ങൾ പ്രകാരം പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് നിർബന്ധമാക്കിയിരിക്കെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കി പെൻഷൻ വാങ്ങുന്നവരുടെ സംഗതിയിൽ ബാധകമായ കേരള ട്രഷറി കോഡിലെ മേൽ ഖണ്ഡികയിലെ വ്യവസ്ഥകൾ നഗരസഭക്ക് ബാധകമാണ്.

നഗരസഭയിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശരാശരി 533 ന് മുകളിൽ റഗുലർ പെൻഷൻകാർ ബാങ്ക് വഴിയും 57 ഓളം പേർ മണി ഓർഡർ വഴിയും 2017-18 ൽ പെൻഷൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വിതരണത്തിന് പൊതുവായി അവലംബിക്കുന്ന മാനദണ്ഡം (മസ്റ്ററിംഗ്/ലൈഫ് സർട്ടിഫിക്കറ്റ്) വ്യക്തമല്ല. ഹാജരാക്കിയ രജിസ്റ്റർ/ലൈഫ് സർട്ടിഫിക്കറ്റ്/ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

1. എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുമ്പ് ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ച് ഡയറക്ടർക്ക് കണക്ക് അയക്കുന്നില്ല.

2. പെൻഷൻ ബില്ലിനോടൊപ്പം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നില്ല.

3. ലഭിച്ച ലൈഫ് സർട്ടിഫിക്കറ്റുകൾ തീയതി ക്രമത്തിൽ പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടില്ല.

4. ഓരോ മാസത്തെയും പെൻഷൻ പെയ്മെന്റിന് നേരെ, ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ച സംഗതികളിൽ L.C. എന്ന് രേഖപ്പെടുത്തുന്നില്ല.

5. ഹാജരാക്കിയ രജിസ്റ്ററിൽ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഒ.എസിന് (ഒ.എസ് നം. 106/17-18 തീയതി 29.12.2018) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-43 <u>സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദിവസവേതനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ചു.</u>

2008 ലെ കേരള മാരേജ് രജിസ്ട്രേഷൻ (കോമൺ) ചട്ടങ്ങൾ നിലവിൽ വന്നതിനെതുടർന്ന്, മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മൂന്ന് വർഷ സമയം ദീർഘിപ്പിച്ചു നൽകിയതു മൂലം ധാരാളം അപേക്ഷ ലഭിക്കുന്നതിനാലും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനു മുമ്പ് രജിസ്റ്റർ ചെയ്തത് ഓൺലൈനിലേക്ക് മാറ്റേണ്ടതിനാലും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 16.9.2009 ലെ ബഹു. മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് കൗൺസിലിന്റെ 9.12.09 ലെ 45ാം നമ്പർ തീരുമാനപ്രകാരം ഒരു എൻട്രിക്ക് 4 രൂപ നിരക്കിൽ പ്രതിഫലം നൽകി 2010 മാർച്ച് 31 വരെ മാത്രമായി ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം നിജപ്പെടുത്തുന്നതിന് തീരുമാനിച്ചു. തുടർന്നു വരുന്ന രജിസ്ട്രേഷനുകൾ ബന്ധപ്പെട്ട ജെ.എച്ച്.ഐ മാർ തന്നെ ഡാറ്റാ എൻട്രി ചെയ്യുന്നതിന് നിർദ്ദേശിച്ചുകൊണ്ട് സെക്രട്ടറി 11.1.10 ന് F9/69237/09 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്നാണ് ശ്രീമതി. ബിന്ദു. പി എന്നവരെ നഗരസഭയിൽ മാരേജ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിക്കുന്നത്.

വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകൾ ധാരാളം കെട്ടിക്കിടക്കുന്നതിനാൽ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ കാലാവധി 31.5.10 വരെ ദീർഘിപ്പിക്കുന്നതിന് 29.4.10 ന് ബഹു.മേയർ അനുവാദം നൽകി. പിന്നീട് വേതനം കുറവായതിനാൽ ധനകാര്യ സ്ഥിരം സമിതി (3.8.10/ തീരുമാനം 11) ഒരു ഡാറ്റ എൻട്രിക്ക് 8 രൂപയായും പിന്നീട് കൗൺസിൽ (28.2.14/ CR.39) 12രൂപയായും വർദ്ധിപ്പിച്ചു. തുടർന്ന് നിരക്ക് വളരെ കുറവായതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യാൻ അനുവദിക്കണമന്നാവശ്യപ്പെട്ട് ശ്രീമതി. ബിന്ദു 21.7.15 ന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കാമോ എന്നതു സംബന്ധിച്ച് സ്പഷ്ടീകരണത്തിനായി കോർപ്പറേഷൻ ഓഡിറ്റ് വിഭാഗത്തിലേക്ക്

കത്തയച്ചു. ഈ കത്തിന് KSA/KOC/A8/184/16 തി.19.2.16 പ്രകാരം നൽകിയ മറുപടിയിൽ "2008 ലെ കേരള മാരേജ് രജിസ്ട്രേഷൻ (കോമൺ) ചട്ടങ്ങൾ വന്നതിനെ തുടർച്ചയായുണ്ടായ രജിസ്ട്രേഷൻ അപേക്ഷകളുടെ ഡാറ്റാ എൻട്രിക്കാണ് ശ്രീമതി.ബിന്ദുവിനെ നിയമിച്ചതെന്നും അതുകൊണ്ടുതന്നെ അവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകാൻ വ്യവസ്ഥയില്ലെന്നും സർക്കാർ അതതുകാലം നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാനും ദിവസവേതനാടിസ്ഥാനത്തിലോ മറ്റേതെങ്കിലും രീതിയിലോ അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അവരെ നീക്കം ചെയ്യാൻ നടപടിയെടുക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. എന്നാൽ ദിവസവേതനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി. ബിന്ദു 5.6.16, 9.8.16 (F7/77683/16) തിയതികളിൽ ബഹു.മേയർക്ക് അപേക്ഷ നൽകി. തുടർന്ന് 29.7.16 ലെ കൗൺസിൽ യോഗം ( തീരുമാനം 57) "ജനസേവന കേന്ദ്രത്തിൽ കോമൺ മാരേജുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീമതി. ബിന്ദു. പി എന്നവരെ നിലവിലുള്ള സാഹചര്യം പരിഗണിച്ച് തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നതിന്" തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 01.08.16 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ പുതിയ മാരേജ് രജിസ്ട്രേഷന്റെ ഡാറ്റാ എൻട്രി ചെയ്യുന്ന ജോലി ചെയ്തു വരികയാണ്. പിന്നീട് ആരോഗ്യ കാര്യ സ്ഥിരം സമിതിയുടെ 20.1.18 ലെ 8-ാം നമ്പർ ശുപാർശ അംഗീകരിച്ച് ദിവസ വേതന നിരക്കിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിക്കുന്നതിന് കൗൺസിൽ ( 28.2.18/15) തീരുമാനിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം ദിവസ വേതനമായി നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | മാസം | നിരക്ക് | ദിവസം | തുക | ചെക്ക് നം/തിയതി |
|---|---|---|---|---|---|
| 1 | മാർച്ച് 2017 | 675 | 26 | 17,550 | 9024999/12.4.17 |
| 2 | ഏപ്രിൽ 2017 | 675 | 22 | 14,850 | 901982/9.5.17 |
| 3 | മെയ് 2017 | 710 | 25 | 17,750 | 902081/8.6.17 |
| 4 | ജൂൺ 2017 | 710 | 23 | 16,330 | 039540/11.7.17 |
| 5 | ജൂലായ് 2017 | 710 | 25 | 17,750 | 039882/8.8.17 |
| 6 | ആഗസ്റ്റ് 2017 | 710 | 24 | 17,040 | ചെക്ക് നമ്പർ ലഭ്യമല്ല |
| 7 | സെപ്റ്റംബർ 2017 | 710 | 18 | 12,780 | 647165/10.10.17 |
| 8 | ഒക്ടോബർ 2017 | 710 | 23 | 16,330 | 647390/10.11.17 |
| 9 | നവംബർ 2017 | 710 | 25 | 17,750 | 288270/15.12.17 |
| 10 | ഡിസംബർ 2017 | 710 | 23 | 16,330 | 672732/16.2.18 |
| 11 | ജനുവരി 2018 | 710 | 24 | 17,040 | 984760/18.04.18 |
| 12 | ഫെബ്രുവരി 2018 | 710 | 22 | 15,620 | 984760/18.4.18 |
| 13 | മാർച്ച് 2018 | 710 | 24 | 17,040 | “ |
| | ആകെ | | | 2,14,160 | |

നിയമം നിലവിൽ വന്ന ശേഷമുള്ള പഴയ കാല വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി ഒരു എൻട്രിക്ക് 4 രൂപ നിരക്കിൽ 31.3.10 വരെ നിയമിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ആ ജോലി കഴിഞ്ഞിട്ടും 8വർഷമായി തുടരാൻ അനുവദിക്കുന്നു. ഇത് സംബന്ധിച്ച നഗരസഭയുടെ അപേക്ഷയിൻമേൽ, സർക്കാർ ഉത്തരവിനു വിരുദ്ധമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെങ്കിൽ നീക്കം ചെയ്യാൻ നടപടിയെടുക്കേണ്ടതാണെന്ന് കാണിച്ച് കോർപ്പറേഷൻ ഓഡിറ്റ് വിഭാഗം 19.2.16 ന് നിർദ്ദേശം നൽകിയിട്ടും 29.7.16 ന് ശ്രീമതി. ബിന്ദു. പി എന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി, നഗരസഭയിൽ നിലവിലില്ലാത്ത തസ്തികയിൽ 8 വർഷത്തോളം ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകാൻ തീരുമാനിച്ച് 2017-18 സാമ്പത്തിക വർഷം 2,14,160രൂപയും 2018-19 വർഷം ഏപ്രിൽ മാസം മുതൽ ജൂലായ് മാസം വരെയുള്ള ദിവസവേതനമായി 68,535 രൂപയും നൽകിയതിന് വിശദീകരണവും ഈ നിയമനത്തിന് 28.2.18 ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാറിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (57/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തിൽ ചെലവഴിച്ച 2,14,160രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-44 എൻ.പി.എസ്. കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

07.01.2013 ലെ സ.ഉ. (പി) നം.20/2013/ധന. സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് III ബാധകമാവുന്ന തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ 01.04.2013 മുതൽ നാഷണൽ പെൻഷൻ സിസ്റ്റം ബാധകമാക്കിയിട്ടുണ്ട്. 2013 ലെ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്പ്മെന്റ് അതോറിറ്റി ആക്ട് (2013 ലെ 23-ാം കേന്ദ്ര നിയമം) ന്റെ അടിസ്ഥാനത്തിലാണ് നാഷണൽ പെൻഷൻ സിസ്റ്റം പ്രവർത്തിക്കുന്നത്. മേൽ നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ എൻ.പി.എസ്. നടപടിക്രമങ്ങൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ നൽകുന്നു.

### 1. പ്രാൺ നമ്പർ ലഭിക്കാത്തവരിൽ നിന്നും കിഴിവ് നടത്തുന്നു

2013 ലെ കേന്ദ്ര പി.എഫ്.ആർ.ഡി.എ. നിയമത്തിലെ വകുപ്പ് 20-2-(എ) പ്രകാരം എൻ.പി.എസ്. വരിക്കാരന് പെൻഷൻ അക്കൌണ്ട് നമ്പർ ഉണ്ടായിരിക്കണം. ട്രഷറി വഴി ശമ്പളം വാങ്ങുന്ന സംഗതിയിൽ രണ്ടാമത്തെ മാസത്തെ ശമ്പളം വാങ്ങണമെങ്കിൽ എൻ.പി.എസ്.പ്രാൺ കാർഡിന് അപേക്ഷിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ബില്ലിനോടൊപ്പം സമർപ്പിക്കണമെന്ന് ട്രഷറി വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജീവനക്കാരിൽ നിന്നും സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ പ്രാൺ നമ്പർ കിട്ടുന്നത് വരെയുള്ള കാലയളവിലെ കുടിശ്ശിക പ്രാൺ കിട്ടിയത് മുതൽ വാങ്ങിക്കുന്ന ശമ്പളത്തിൽ നിന്നും കിഴിവ് വരുത്തുകയാണ് ചെയ്യുന്നത്. എന്നാൽ നഗരസഭയിൽ പ്രാൺ നമ്പർ ലഭിക്കാത്തവരിൽ നിന്നും എൻ.പി.എസ്. വരിസംഖ്യ ശമ്പളക്കിഴിവ് നടത്തി തനത് ഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| മാസം | പ്രാൺ നമ്പർ ലഭിക്കാത്തവർ | പിരിച്ച തുക |
|---|---|---|
| 04/17 | 8 | 17214 |
| 05/17 | 8 | 17214 |
| 06/17 | 8 | 17214 |
| 07/17 | 8 | 17214 |
| 08/17 | 1 | 2166 |
| 09/17 | 1 | 2166 |
| 10/17 | 1 | 2166 |
| 11/17 | 13 | 26942 |
| 12/17 | 13 | 27360 |
| 01/18 | 13 | 17360 |
| 02/18 | 18 | 42669 |
| 03/18 | 22 | 48540 |
| ആകെ | | 2,38,225 |

### 2. അയയ്ക്കുന്ന തുകക്ക് രശീതി ലഭ്യമാക്കുന്നില്ല

പ്രാൺ നമ്പർ ലഭിച്ച ജീവനക്കാരിൽ നിന്നും മാസം തോറും ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുക എസ്.ബി.ഐ. നന്തൻകോട് ശാഖയിലെ 67308468893 നമ്പർ സേവിംഗ് ബാങ്ക് അക്കൌണ്ടിലാണ് (നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള) നിക്ഷേപിക്കുന്നത്. 2017-18 വർഷം നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു. എന്നാൽ ഈ തുകകൾ ഡയറക്ടർ കൈപ്പറ്റിയതിനോ പി.എഫ്.ആർ.ഡി.എ. അക്കൌണ്ടിൽ നിക്ഷേപിച്ചതിനോ നഗരസഭക്ക് രേഖകൾ ലഭിക്കുന്നില്ല.

| മാസം | ജീവനക്കാർ | തുക | ചെക്ക് നം. & തീയതി |
|---|---|---|---|
| 04/17 | 55-3=52 | 236552 | 901994/09.05.17 |
| 05/17 | 55-4=51 | 232202 | 902780/014.06.17 |
| 06/17 | 55-14=41 | 185832 | 039690/25.07.17 |

| | | | |
|---|---|---|---|
| 07/17 | 55-3=52 | 231700 | 039879/08.08.17 |
| 08/17 | 60-3=57 | 258906 | 646915/18.09.17 |
| 09/17 | 60-4=56 | 257722 | 642706/17.10.17 |
| 10/17 | 58-3=55 | 254058 | 647353/06.11.17 |
| 11/17 | 56-6=50 | 233340 | 288191/11.12.17 |
| 12/17 | 56-2=54 | 249958 | 295962/18.01.18 |
| 01/18 | 55-1=54 | 250290 | 295449/06.02.18 |
| 02/18 | 55-3=52 | 241322 | 672994/12.03.18 |
| 03/18 | 55-3=52 | 244312 | 9848885/11.04.18 |

*(ഡയറക്ടർക്ക് അയച്ച പട്ടികയിൽ റിക്കവറി തുക പൂജ്യം ആയി കാണിച്ചവരുടെ എണ്ണമാണ് കുറച്ച് കാണിച്ചത്)*

ജീവനക്കാരിൽ നിന്നും പിരിക്കുന്ന തുക റിട്ടേണുകളൊന്നും ലഭിക്കാത്ത തരത്തിൽ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒ.എസിന് (നം.103/2017-18തീയതി:28.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-45 വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമിയേറ്റെടുക്കൽ – പ്രോജക്ട് നിർവ്വഹണം – അപാകതകൾ

| | | | |
|---|---|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | | കോർപ്പറേഷൻ എഞ്ചിനീയർ | |
| ഫയൽ നമ്പർ | : | ടി.പി14/132910/12 | |
| പ്രോജക്ട് നമ്പർ | : | 1825/18 | |
| പ്രോജക്ടിന്റെ പേര് | : | നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഭൂമിയേറ്റെടുത്ത വകയിൽ നൽകേണ്ട അധിക നഷ്ട പരിഹാര തുക കണ്ടെത്തുന്നതിനുള്ള പ്രോജക്ട് | |
| വകയിരുത്തിയ തുക | : | 46206193 | പൊതു വിഭാഗം വികസന ഫണ്ട് |
| | : | 53348486 | ധന:കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | : | 28076693 | ബിൽ നമ്പർ : 352/28-2-18 |
| | : | 18129500 | ബിൽ നമ്പർ : 396/24-3-18 |
| | : | 53348486 | ബിൽ നമ്പർ : 397/24-3-18 |
| ആകെ ചെലവ് തുക | | 99554679 | |

മേൽ പ്രോജക്ട് മുഖേന 99554679 രൂപ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭൂമിയേറ്റെടുത്ത വകയിൽ വിവിധ ലാന്റ് അക്വിസിഷൻ കേസുകളിൽ നഷ്ട പരിഹാര തുകയായി നൽകുന്നതിനു വേണ്ടി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ കോഴിക്കോടിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ തുക പിൻവലിച്ച് കോഴിക്കോട് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് നൽകിയെങ്കിലും പ്രസ്തുത തുക ഏതൊക്കെ കേസുകളിൽ ആർക്കൊക്കെ നൽകുന്നതിനു വേണ്ടി വിനിയോഗിച്ചു എന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം, തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഏതൊക്കെ ലാന്റ് അക്വിസിഷൻ കേസുകളിൽ എത്രയൊക്കെ തുകകൾ നൽകാനുണ്ട്, അതിൽ എത്ര തുക നൽകി, നൽകാൻ ബാക്കിയെത്ര എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ നഗരസഭ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

3. യഥാസമയം നഷ്ട പരിഹാര തുക അടയ്ക്കാത്തതിനാൽ പലിശയിനത്തിൽ വൻ തുക കോർപ്പറേഷന് നഷ്ടമാകുന്നു.

കോർപ്പറേഷന്റെ പരിധിയിലുള്ള വിവിധ സ്ഥലങ്ങൾ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുമ്പോൾ സ്വകാര്യ വ്യക്തികളുടെ സ്ഥലം അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോടതി വിധിക്കുന്ന നഷ്ടപരിഹാര തുക യഥാസമയം അടക്കാത്തതിനാൽ പലിശയിനത്തിൽ കോർപ്പറേഷന് വൻതുക നഷ്ടമാകുന്നുണ്ട്. ഉദാഹരണമായി ബിൽ നമ്പർ 352/28-2-2018 മുഖാന്തിരം പിൻവലിച്ച 28076693 രൂപ വിവിധ ലാന്റ് അക്വിസിഷൻ കേസുകളിലെ അവാർഡ് തുകയായി 16-3-2018 ലെ ടി.പി.2/132910/12 കത്ത് മുഖേന സ്പെഷ്യൽ തഹസിൽദാർ (എൽ.എ)കോഴിക്കോടിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇപ്രകാരം തുക അയച്ചുകൊടുത്തതിൽ പല കേസുകളിലെയും വിധി പ്രകാരം അടക്കേണ്ട തുകയും എൽ.എ തഹസിൽദാർക്ക് അയച്ചുകൊടുത്ത തുകയും തമ്മിൽ വൻ വ്യത്യാസം കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| എൽ .എ.ആർ നമ്പർ | എൽ.എ തഹസിൽദാരുടെ കത്ത് നമ്പർ/തീയതി | സെറ്റിൽമെന്റിനായി ആവശ്യപ്പെട്ട തുക | സെക്രട്ടറി 16-3-2018 ൽ അയച്ചുകൊടുത്ത തുക. | അധികമായി നൽകിയ തുക |
|---|---|---|---|---|
| 144/17 സിവിൽ സ്റ്റേഷൻ കോട്ടൂളി റോഡ് വികസനം | ബി3-എൽ.എ.ആർ-144/14. തീയ്യതി9-1-2017 | 1744513 | 1780000 | 35487 |
| 92/14 നെയ്ത്തുകുളങ്ങര റോഡ് വികസനം | ബി2-എൽ.എ.ആർ 92/14 തീയ്യതി 3-1-2017 | 1250558 | 1277000 | 26442 |
| 210/2014 നെയ്ത്തുകുളങ്ങര റോഡ് വികസനം | ബി2-എൽ.എ.ആർ 192/14 തീയ്യതി 11-1-2017 | 1231762 | 1257000 | 25238 |
| ആകെ | | | | 87167 |

ഇപ്രകാരം 3 കേസുകളിൽ തന്നെ 87167 രൂപ യഥാസമയം വിധിപ്രകാരം നഷ്ട പരിഹാരം കക്ഷികൾക്ക് നൽകാത്തതിനാൽ നഗരസഭയ്ക്ക് അധികമായി അടയ്ക്കേണ്ടി വന്നിട്ടുണ്ട്. യഥാസമയം അറിയിച്ചിട്ടും നഷ്ടപരിഹാര തുക അടവാക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കേണ്ട തുകയാണ് ഇപ്രകാരം പലിശയിനത്തിൽ നഷ്ടമാകുന്നത്. വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കേണ്ടി വരുമ്പോൾ അതിന് വേണ്ട സാമ്പത്തിക സ്ഥിതിയും സ്രോതസ്സും പരിശോധിച്ച് ഫണ്ട് വകയിരുത്തി യഥാസമയം നഷ്ടപരിഹാരം നൽകാത്തതിനാൽ വികസന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 108/16.01.2019 നം. ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 99554679 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപകതകൾക്ക് ഉചിതമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-46 ഇ.എം.എസ്. സ്റ്റേഡിയം പാർക്കിംഗ് പ്ലാസ – കൃത്യമായ പഠനത്തിന്റെ അഭാവം -പദ്ധതി നടത്തിപ്പിൽ കാലതാമസവും സാമ്പത്തിക നഷ്ടവും.

ഫയൽ നമ്പർ : ഇ.ജി.12/24501/13

കോഴിക്കോട് നഗരത്തിൽ സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യം ഒരുക്കുന്നതിന് ഇ.എം.എസ്. സ്റ്റേഡിയത്തോട് ചേർന്ന് ഒരു പാർക്കിംഗ് പ്ലാസ നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കാൻ 01.07.2008 ലെ കൗൺസിൽ തീരുമാനം 2 പ്രകാരം ആർക്കിടെക്ടായ ശ്രീ.ആർ.കെ.രമേഷിനെ നഗരസഭ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ആർക്കിടെക്ട് തയ്യാറാക്കിയ സ്ട്രക്ച്ചറൽ പ്ലാൻ 29.10.2011 ലെ ഡി1/10177/2010/DDS നമ്പർ പ്രകാരം സി.ടി.പി. അംഗീകരിച്ചിട്ടുണ്ട്. അതിന് ശേഷം 22.12.2013 ന് പാർക്കിംഗ് പ്ലാസയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ കാൽക്കുലേഷൻ, അബ്സ്ട്രാക്ട്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവയും തയ്യാറാക്കി ആർക്കിടെക്ട് നഗരസഭയിൽ സമർപ്പിച്ചതായി ഫയൽ പ്രകാരം കാണുന്നു. എന്നാൽ ഇവ നടത്തുന്നതിന് ആർക്കിടെക്റ്റിനെ നഗരസഭ ഏൽപ്പിച്ചു കൊടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ആർക്കിടെക്ട് സമർപ്പിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ പ്രോജക്ട് കോസ്റ്റ് 31,11,00,000/- രൂപയാണ്. പ്രസ്തുത എസ്റ്റിമേറ്റോ പ്ലാനോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ്, ഫയർ നിരാക്ഷേപ പത്രം എന്നിവയും ആർക്കിടെക്ട് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കെ 22.12.2013 ന് ആർക്കിടെക്ട് സമർപ്പിച്ച രേഖകൾ 28.01.2014 ലെ 75-ാം നമ്പർ തീരുമാനം പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

3. സമിതി തീരുമാനശേഷം 7 വർഷം കഴിഞ്ഞാണ് 30.10.2015 ന് ആർക്കിടെക്റ്റും കോർപ്പറേഷൻ സെക്രട്ടറിയും തമ്മിൽ ഉടമ്പടി ഒപ്പ് വെക്കുന്നത്. ഉടമ്പടി പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 2.33% കൺസൾട്ടന്റ് ഫീസായി ആർക്കിടെക്റ്റിന് നൽകാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17.02.2018 ലെ 3-ാംനമ്പർ തീരുമാനം പ്രകാരം 15 ലക്ഷം രൂപ 18% ജി.എസ്.ടി. ഉൾപ്പെടെ ശ്രീ.ആർ.കെ.രമേഷിന് അനുവദിക്കാൻ കൌൺസിലിനോട് ശുപാർശ ചെയ്യുകയും ആയത് 15.03.2018 ലെ 1-ാംനമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 28.03.2018 ലെ 673158-ാം നമ്പർ ചെക്ക് പ്രകാരം 17,70,000/- രൂപ തനത് ഫണ്ടിൽ നിന്നും ആർക്കിടെക്റ്റിന് അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ്, ഫെയർ ഡ്രോയിംഗ്, സ്ഥിരക്ഷമതാ സർട്ടിഫിക്കറ്റ്, ഫയർ നിരാക്ഷേപപത്രം, പ്രോജക്ട് റിപ്പോർട്ട് മുതലായവ തയ്യാറാക്കാതെയാണ് കൺസൾട്ടൻസി ഫീസ് അനുവദിച്ചിട്ടുള്ളത്. ഉടമ്പടിയിലെ പല വ്യവസ്ഥകളും പൂർത്തിയാക്കാത്തത് സംബന്ധിച്ച് യഥാസമയം ആർക്കിടെക്റ്റിനെ അറിയിക്കാൻ നഗരസഭ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉടമ്പടി വെച്ച് 6 മാസത്തിനകം വിശദമായ പ്ലാനും എസ്റ്റിമേറ്റും ആർക്കിടെക്ട് തയ്യാറാക്കേണ്ടതാണെങ്കിലും പ്രസ്തുത നടപടികളൊന്നും ചെയ്തിട്ടില്ല.

4. പാർക്കിംഗ് പ്ലാസയുടെ നിർമ്മാണം സംബന്ധിച്ച് ഭരണ സമിതി തീരുമാനം കൈക്കൊണ്ട് 10 വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. ഭരണസമിതിയുടെ 19.09.2018 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി കാണുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 13.03.2019 ലെ (സാധാ) നം. 611/2011 ഉത്തരവ് പ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ സമീപത്തും മിഠായി തെരുവിന് സമീപം കിഡ്സൺ കോർണറിലും മൾട്ടി ലെവൽ കാർ പാർക്കിംഗ് പ്ലാസ കം കൊമേഴ്സ്യൽ കോംപ്ലക്സ് ബി.ഒ.ടി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ട്രാൻസാക്ഷണൽ അഡ്വൈസറി സർവ്വീസ് നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് എന്ന സ്ഥാപനത്തെ കോഴിക്കോട് കോർപ്പറേഷൻ കൺസൾട്ടൻസി ഫീസ് വഹിക്കാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചുമതലപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

5. ആർക്കിടെക്ട് ശ്രീ.ആർ.കെ.രമേഷും നഗരസഭയും തമ്മിൽ ഒപ്പു വെച്ച കരാർ പ്രകാരം 72,48,630/- രൂപ കൺസൾട്ടൻസി ഫീസായി നൽകാൻ നഗരസഭ ബാധ്യസ്ഥമാണ്. മേൽ പറഞ്ഞ ബാധ്യത ഒഴിവാക്കുന്നതിന് ടിയാനുമായി ഉണ്ടാക്കിയ കരാർ റദ്ദ് ചെയ്യുകയോ തുടർ നിയമ നടപടികളിൽ നിന്നും ഉടമ്പടി വ്യവസ്ഥ പ്രകാരമുള്ള സംരക്ഷണം ഉറപ്പു വരുത്തുന്നതിനോ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.

പാർക്കിംഗ് പ്ലാസയുമായി ബന്ധപ്പെട്ട പദ്ധതികൾ ദീർഘവീക്ഷണത്തോടു കൂടി വിശദമായ പഠനം നടത്താതെ ധൃതിപ്പെട്ട് ഒരു ആർക്കിടെക്റ്റിന് ഏൽപ്പിച്ച് കൊടുക്കാൻ ഭരണ സമിതി എടുത്ത തീരുമാനമാണ് പദ്ധതി 10 വർഷത്തിലധികമായി നടപ്പാകാതെ നീണ്ടു പോകുന്നതിനും നിയമപരമായ കടമകളൊന്നും നിർവഹിക്കാതെ ആർക്കിടെക്റ്റിന് കൺസൾട്ടിംഗ് ഫീസായി 17.70 ലക്ഷം രൂപ പാഴാക്കുന്നതിനും പിന്നീട് ബി.ഒ.ടി. അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കേണ്ടി വന്നതിനും ഇടയായത്. സ്ഥാപനമോ കൺസൾട്ടന്റോ സമയബന്ധിതമായി തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ തന്നെ നിയമപരമായി അനുവദിച്ചു നൽകാൻ പാടില്ലാത്ത തുക അനുവദിച്ചത് ക്രമപ്രകാരമുള്ള നടപടി അല്ലാത്തതിനാൽ ചെലവ് തുക 17,70,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-47 തൊഴിലില്ലായ്മ വേതന വിതരണം - അപാകതകൾ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വിവിധ മേഖല കാര്യാലയത്തിലെയും മുഖ്യ കാര്യാലയത്തിലെയും തൊഴിലില്ലായ്മ വേതന രജിസ്റ്റർ, അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന അപാകതകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ചെറുവണ്ണൂർ-നല്ലളം മേഖലാ കാര്യാലയം

(1) തൊഴിലില്ലായ്മ വേതന രജിസ്റ്റർ പേജ് 31 ൽ ശ്രീമതി.സുനില.എ.പി., റോൾ നം.151 എന്നയാൾക്ക് 11/2014 മുതൽ 06/2015 വരെ 8 മാസത്തേക്ക് വേതനമായി 960/- രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അക്വിറ്റൻസ് റോൾ പേജ് 1, ക്രമ നം.10 പ്രകാരം ടിയാൾക്ക് 11/2014 മുതൽ 03/2015 വരെയുള്ള കാലയളവിലേക്ക് 600/- രൂപ വിതരണം ചെയ്തതായി കാണുന്നു.

(2) അക്വിറ്റൻസ് റോൾ പേജ് 1 - ക്രമ നം.8 ശ്രീമതി.ഹസീന.കെ., പേജ് 2 – ക്രമ.നം.24 ശ്രീമതി ഫൌസിയ.കെ., എന്നിവർക്ക് ഒരേ റോൾ നമ്പറായ 219 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൊഴിലില്ലായ്മാ വേതന രജിസ്റ്റർ പേജ് 99 ൽ റോൾ നം.219 ആയി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രീമതി.ഹസീന.കെ. എന്നാണ്. ആയതിനാൽ ശ്രീമതി.ഫൌസിയ.കെ. യ്ക്ക് വിതരണം ചെയ്ത 600/- രൂപയ്ക്ക് സാധൂകരണത്തിനായി ടിയാളുടെ ശരിയായ റോൾ നമ്പർ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) അക്വിറ്റൻസ് റോൾ പേജ് 1 പ്രകാരം 24.08.2017 ന് തൊഴിലില്ലായ്മ വേതന വിതരണത്തിനായി 65,400/- രൂപ മെയിൻ ഓഫീസിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 104 ഗുണഭോക്താക്കൾക്കായി ആകെ 61,800/- രൂപ അക്വിറ്റൻസ് റോൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 3,600/- (മൂവായിരത്തി അറുന്നൂറ് രൂപ മാത്രം) തിരികെ ഒടുക്കു വരുത്തിയതിന്റെ വിശദാംശം പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

2. പ്രായപരിധി കഴിഞ്ഞവർക്ക് തൊഴിൽ രഹിത വേതനം അനുവദിച്ചു

ജി.ഒ.(പി) 23/98/തൊഴിൽ, തീയതി 28.05.1998 നമ്പർ ഉത്തരവിലെ നിബന്ധനകൾ അനുസരിച്ച് 18 നും 35 നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ ഗുണഭോക്താക്കൾക്കാണ് വേതനം അനുവദിക്കേണ്ടത്. എന്നാൽ കോർപ്പറേഷനിൽ നിന്നും 2017-18 വർഷം വേതനം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ 35 വയസ്സ് കഴിഞ്ഞവരാണ്.

| വിതരണം ചെയ്ത കാര്യാലയം | റോൾ നമ്പർ | പേര് | ജനന തീയതി | അർഹതപ്പെട്ട കാലം | നൽകിയത് | അധികം നൽകിയത് | കൈപ്പറ്റ് തീയതി |
|---|---|---|---|---|---|---|---|
| നഗരസഭ മുഖ്യ കാര്യാലയം | 1324 | റോഷ്ന.പി.കെ | 01.04.74 | 03/09 വരെ | 01/09 മുതൽ 05/09 വരെ | 2 x 120 = 240 | 26.08.17 |
| മേഖലാ കാര്യാലയം, ബേപ്പൂർ | 696 | സരിജ.എം.യു. | 31.05.80 | 04/15 വരെ | 12/14 മുതൽ 07/15 വരെ | 3 x 120 = 360 | 23.07.18 |
| | 828 | സജിത.കെ.പി | 18.04.82 | 03/17 വരെ | 12/16 മുതൽ 07/17 വരെ | 4 x 120 = 480 | 24.07.18 |
| മേഖലാ കാര്യാലയം, എലത്തൂർ | 1432 | സരിത.വി.പി | 16.04.81 | 03/16 വരെ | 03/16 മുതൽ 07/16 വരെ | 4 x 120 = 480 | 25.08.17 |
| | 989 | റെജില.എം.ടി | 23.05.81 | 04/16 വരെ | 01/16 മുതൽ 05/16 വരെ | 1 x 120 = 120 | 25.08.17 |
| | 969 | ഷിനി.പി.കെ | 11.05.79 | 04/14 വരെ | 05/14 | 1 x 120 = 120 | 26.08.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 1168 | പൂർണ്ണിമ | 10.05.81 | 04/16 വരെ | 05/16 | 1 x 120 = 120 | 26.08.17 |
| | 1170 | പ്രീത.വി.കെ | 27.07.80 | 06/15 വരെ | 04/15 മുതൽ 07/15 വരെ | 1 x 120 = 120 | 26.08.17 |
| ആകെ | | | | | | 2,160 | |

3. മറ്റ് അപാകതകൾ

1. നഗരസഭ മുഖ്യ കാര്യാലയത്തിലെ തൊഴിൽ രഹിത വേതന വിതരണ രജിസ്റ്റർ 2 ൽ പല ഗുണഭോക്താക്കളുടേയും അർഹത കാലാവധി രേഖപ്പെടുത്താതിരിക്കുകയോ തെറ്റായി രേഖപ്പെടുത്തിയതായോ കാണുന്നു.

2. എലത്തൂർ മേഖലാ ഓഫീസിലെ അക്വിറ്റൻസ് റോൾ പേജ് 12, ക്രമ നമ്പർ 34 പ്രകാരം 24/08/2017 ന് റോൾ നം.1417 ശ്രീമതി.ജസീലാ.പി.പി. എന്നയാൾക്ക് 07/2016 മുതൽ 11/2016 വരെയുള്ള കാലയളിവിലേക്ക് 600/- രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ പേജ് 17, ക്രമ നമ്പർ 228 പ്രകാരം 26.08.17 ന് റോൾ നമ്പർ 1417 ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീമതി.ദീപ.എം. എന്നയാൾക്ക് 04/2014 മുതൽ 08/2014 വരയുള്ള കാലയളവിലേക്ക് 600/- രൂപ വേതനം നൽകിയിട്ടുണ്ട്. രണ്ട് വ്യക്തികൾക്ക് ഒരേ റോൾ നമ്പർ നൽകിയിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദീകരിക്കേണ്ടതാണ്. അപാകതകൾ സൂചിപ്പിച്ച നൽകിയ ഒ.എസിന് തൊഴിൽ രഹിത വേതനം ഇനത്തിൽ 2,160/- രൂപ അധികമായി അനുവദിച്ചത് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്ന് ഡി11/ഡി9/86936/11 നമ്പർ കത്ത് പ്രകാരം കൗൺസിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-48 കണ്ടിജന്റ് പെൻഷൻ - ചട്ടം പാലിക്കാതെ വിതരണം ചെയ്തു

കണ്ടിജന്റ് പെൻഷൻ രേഖകൾ പരിശോധിച്ചതിൽ, കോഴിക്കോട് കോർപ്പറേഷനിൽ 2017-18 കാലയളവിൽ 492 കണ്ടിജന്റ് പെൻഷൻകാരും 416 കണ്ടിജന്റ് കുടുംബ പെൻഷനേഴ്സും പെൻഷൻ കൈപ്പറ്റുന്നുണ്ട്. എന്നാൽ ഇവരിൽ ചില പെൻഷനേഴ്സ് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന മസ്റ്ററിംഗ് രജിസ്റ്ററിൽ ഒപ്പു വെക്കുകയോ ചെയ്യാതെയാണ് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് കാണുന്നു. കെ.എസ്.ആർ. പാർട്ട് III റൂൾ 128 (എ) പ്രകാരം പെൻഷൻ വിതരണോദ്യോഗസ്ഥൻ മുമ്പാകെ വർഷത്തിലൊരിക്കൽ പെൻഷനർ ജീവിച്ചിരിപ്പുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയും ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന മസ്റ്ററിംഗ് രജിസ്റ്ററിൽ ഒപ്പുവെക്കാതെയുമാണ് പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന പെൻഷനർമാരുടെ പി.പി.ഒ.നമ്പർ, പേര് വിവരം എന്നിവ ചുവടെ ചേർക്കുന്നു.

1. പെൻഷനേഴ്സ്

| ക്രമ.നം. | പി.പി.ഒ. നമ്പർ | പെൻഷനറുടെ പേര് |
|---|---|---|
| 1 | 409 | ശ്രീ.കെ.റാട്ടി |
| 2 | 432 | ശ്രീ.വി.പി.സഹദേവൻ |
| 3 | 647 | ശ്രീ.പി.ഗോപാലൻ |
| 4 | 680 | ശ്രീ.ജി.മായൻ |
| 5 | 856 | ശ്രീ.എൽ.ജോർജ് |
| 6 | 865 | ശ്രീ.ആർ.അറുമുഖൻ |
| 7 | 867 | ശ്രീ.ടി.ശങ്കരൻ |
| 8 | 946 | ശ്രീ.പി.ടി.അയ്യപ്പൻ |
| 9 | 975 | ശ്രീമതി.എൻ.നാഗമ്മ |
| 10 | 998 | ശ്രീ.കെ.ബാലൻ |

| | | |
|---|---|---|
| 11 | 1008 | ശ്രീ.എം.വേണുഗോപാലൻ |
| 12 | 1011 | ശ്രീ.കെ.ജയരാമൻ |
| 13 | 1091 | ശ്രീമതി.എ.മാളു |
| 14 | 1100 | ശ്രീമതി.കെ.പറങ്ങോടി |
| 15 | 1124 | ശ്രീ.എ.ശങ്കരൻ |
| 16 | 1181 | ശ്രീമതി.എസ്.മീനാക്ഷി |
| 17 | 1184 | ശ്രീ.കെ.ബാലരാമൻ |
| 18 | 1215 | ശ്രീ.എൻ.കര്യാത്തൻ |
| 19 | 1229 | ശ്രീ.കെ.ടി.രാജൻ |
| 20 | 1230 | ശ്രീ.പി.ബാലൻ |
| 21 | 1316 | ശ്രീ.പി.ശിവശങ്കരൻ |
| 22 | 1389 | ശ്രീ.പി.പി.ബാലകൃഷ്ണൻ |
| 23 | 1393 | ശ്രീ.പി.കെ.രാമചന്ദ്രൻ |
| 24 | 1448 | ശ്രീ.എ.ചന്ദ്രൻ |
| 25 | 1475 | ശ്രീമതി.പാപ്പമ്മ |
| 26 | 1486 | ശ്രീമതി.മുക്കമ്മ |
| 27 | 1533 | ശ്രീ.കെ.പി.ശശിധരൻ |
| 28 | 1563 | ശ്രീ.കെ.എസ്.ഹരിദാസൻ |
| 29 | 1588 | ശ്രീമതി.അറുമുഖാത്തായി |
| 30 | 1612 | ശ്രീമതി.പി.ലീല |
| 31 | 1619 | ശ്രീ.രാമൻ കുട്ടി.കെ.എം |
| 32 | 1639 | ശ്രീ.ടി.സരോജിനി |
| 33 | 1699 | ശ്രീമതി.കമല.കെ |
| 34 | 1707 | ശ്രീമതി.ജയശ്രീ.വി |
| 35 | 1719 | ശ്രീമതി.മീനാക്ഷി.സി.പി. |
| 36 | 1739 | ശ്രീ.സുബ്രഹ്മണ്യൻ കാണ്ടൻ |
| 37 | 1740 | ശ്രീ.രാജൻ.കെ |
| 38 | 1741 | ശ്രീ.വിജയൻ.കെ.ടി |
| 39 | 1744 | ശ്രീ.രഘൂത്തമൻ ശ്രീധരൻ |
| 40 | 1746 | ശ്രീ.രാജൻ.പി |
| 41 | 1748 | ശ്രീ.ചെറിയ പാണ്ടി |
| 42 | 1750 | ശ്രീമതി.ഗൌരി സുരേഷ് |
| 43 | 1752 | ശ്രീ.ശ്രീധരൻ.പി |
| 44 | 1756 | ശ്രീ.ബാലകൃഷ്ണൻ.പി |
| 45 | 1757 | ശ്രീ.ശിവാനന്ദൻ.സി |
| 46 | 1758 | ശ്രീമതി.ചന്ദ്രമതി.വി.പി |
| 47 | 1759 | ശ്രീ.സുരേഷ്ബാബു.കെ.കെ |
| 48 | 1760 | ശ്രീ.എറിക് പെരേര |

| | | |
|---|---|---|
| 49 | 1761 | ശ്രീമതി.കെ.പി.ശശി എന്ന ശശീന്ദ്രൻ |
| 50 | 1762 | ശ്രീ.രാജൻ.കെ |
| 51 | 1763 | ശ്രീമതി.വിനോദിനി.പി |
| 52 | 1764 | ശ്രീ.പ്രേമൻ.സി |
| 53 | 1765 | ശ്രീ.സോമസുന്ദരൻ |
| 54 | 1766 | ശ്രീ.സുബ്രഹ്മണ്യൻ |
| 55 | 1767 | ശ്രീ.നസറുദ്ദീൻ.ടി |
| 56 | 1769 | ശ്രീ.അബ്ദുള്ള.സി |
| 57 | 1770 | ശ്രീ.രവീന്ദ്രൻ.പി |

2. ഫാമിലി പെൻഷനേഴ്സ്

| ക്രമ.നം. | പി.പി.ഒ. നമ്പർ | പെൻഷനറുടെ പേര് |
|---|---|---|
| 1 | 218 | ശ്രീ.കെ.റാട്ടി |
| 2 | 431 | ശ്രീ.ആർ.അറുമുഖൻ |
| 3 | 497 | ശ്രീമതി.പി.സി.വള്ളി |
| 4 | 498 | ശ്രീമതി.കെ.സരോജിനി |
| 5 | 510 | ശ്രീമതി.ദേവയാനി |
| 6 | 698 | ശ്രീമതി.കമലാക്ഷി |
| 7 | 715 | ശ്രീ.ടി.കെ.നാരായണി |
| 8 | 768 | ശ്രീമതി.മാളു |
| 9 | 799 | ശ്രീമതി.എം.ചന്ദ്രിക |
| 10 | 839 | ശ്രീമതി.പി.കെ.ദേവി |
| 11 | 920 | ശ്രീമതി.എം.വി.അംബിക |
| 12 | 943 | ശ്രീമതി.കാർത്തിയാനി |
| 13 | 960 | ശ്രീമതി.മായാദേവി |
| 14 | 995 | ശ്രീമതി.വീരമ്മ |
| 15 | 1015 | ശ്രീമതി.പി.പത്മിനി |
| 16 | 1032 | ശ്രീമതി.പി.മാരിയമ്മ |
| 17 | 1039 | ശ്രീമതി.മീനാക്ഷി |
| 18 | 1049 | ശ്രീമതി.ടി.കൌസല്യ |
| 19 | 1053 | ശ്രീമതി.മാധവി |
| 20 | 1074 | ശ്രീമതി.പി.സത്യ |
| 21 | 1084 | ശ്രീമതി.വി.ബേബി |
| 22 | 1090 | ശ്രീമതി.ഇ.കെ.ലീല |
| 23 | 1115 | ശ്രീമതി.മുത്തുലക്ഷ്മി |
| 24 | 1144 | ശ്രീമതി.രാധ |
| 25 | 1158 | ശ്രീമതി.കെ.ലീല |
| 26 | 1174 | ശ്രീമതി.ശോഭന |
| 27 | 1200 | ശ്രീമതി.ഉഷാബാസിൽ |

| | | |
|---|---|---|
| 28 | 1203 | ശ്രീമതി.കെ.പറങ്ങോടി |
| 29 | 1208 | ശ്രീമതി.ആഗനസ് മെൻഡോസ |
| 30 | 1216 | ശ്രീമതി.എൻ.എൽ.ഹൻസ |
| 31 | 1223 | ശ്രീമതി.ഗീത |
| 32 | 1269 | ശ്രീ.ഗോപാലൻ |
| 33 | 1284 | ശ്രീമതി.പി.മിനി |
| 34 | 1288 | ശ്രീമതി.ശ്രീമതി |
| 35 | 1338 | ശ്രീമതി.സി.വസന്ത |
| 36 | 1365 | ശ്രീമതി.കെ.പി.പ്രകാശിനി |
| 37 | 1366 | ശ്രീമതി.സരസു |
| 38 | 1380 | ശ്രീമതി.പി.രേണുക |
| 39 | 1458 | ശ്രീമതി.പി.സാജിത |
| 40 | 1464 | ശ്രീമതി.തങ്കം |
| 41 | 1487 | ശ്രീമതി.ലീല.ടി.കെ |
| 42 | 1488 | ശ്രീമതി.ദേവയാനി.എം |
| 43 | 1498 | ശ്രീമതി.കുമാരി.ടി.പി |
| 44 | 1404 | ശ്രീമതി.വിനോദിനി |
| 45 | 1513 | ശ്രീമതി.വിലാസിനി |
| 46 | 1515 | ശ്രീമതി.അനിലകുമാരി |
| 47 | 1528 | ശ്രീമതി.മുത്തുക്കറപ്പി |
| 48 | 1530 | ശ്രീമതി.വിമല |
| 49 | 1532 | ശ്രീമതി.ഹൈമാവതി |
| 50 | 1558 | ശ്രീമതി.ലത |
| 51 | 1559 | ശ്രീമതി.പ്രേമ |
| 52 | 1565 | ശ്രീമതി.കണ്ടത്തി |
| 53 | 1571 | ശ്രീമതി.വിനീത.പി.എസ്. |
| 54 | 1573 | ശ്രീമതി.അറുമുഖത്തി |
| 55 | 1601 | ശ്രീമതി.ഗീത.എം.കെ |
| 56 | 1602 | ശ്രീമതി.വിലാസിനി |
| 57 | 1621 | ശ്രീമതി.എസ്.ലക്ഷ്മി |
| 58 | 1674 | ശ്രീമതി.പെരവക്കുട്ടി |
| 59 | 1684 | ശ്രീമതി.രജിത |
| 60 | 1686 | ശ്രീമതി.സരസ.ടി |
| 61 | 1698 | ശ്രീമതി.പ്രമീള ബാം |
| 62 | 1323 | ശ്രീമതി.ശാരദ |

ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്നത് യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് എന്ന് ഉറപ്പുവരുത്താൻ കഴിയില്ല. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 9(4) പ്രകാരം പെൻഷണറുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. കെ.എസ്.ആർ പാർട്ട് III ചട്ടം 128 പ്രകാരം എല്ലാ പെൻഷണർമാരും

വർഷത്തിലൊരിക്കൽ (നവംബർ മാസം) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ തുടർന്നുള്ള പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്നും തെറ്റായി നൽകുന്ന പെൻഷൻ തുകയ്ക്ക് പെൻഷൻ വിതരണ ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി പരിശോധിക്കാതെ പെൻഷൻ അനുവദിക്കുന്നത് നിരുത്തരവാദപരമായ നടപടിയാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-49 മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

കോഴിക്കോട് നഗരസഭയിലെ 2017-18 കാലയളവിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ ഓണം മുൻകൂർ, വിവാഹധന സഹായം, ഓടകളിലെ മാലിന്യം നീക്കൽ, യാത്രാബത്ത, അപകടകരമായ മരങ്ങൾ മുറിച്ച മാറ്റൽ തുടങ്ങിയ ഇനങ്ങളിൽ നൽകിയ മുൻകൂർ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. മുൻകൂർ രജിസ്റ്ററിൽ തൻ വർഷം കൈപ്പറ്റിയ തുക, ഈടാക്കിയ തുക, ഈടാക്കാൻ അവശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | മുൻകൂർ കൈപ്പറ്റിയ ആളും, തീയതിയും | തുക | ആവശ്യം | തുക തിരിച്ചടവാക്കിയത് |
|---|---|---|---|---|---|
| 1 | D1/33588/17 18.04.17 | ശ്രീ.കെ.വി.ബാബു ചെയർപേഴ്സൺ 18.04.17 | 41400 | ടി.എ. അഡ്വാൻസ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 2 | D1/33588 | ശ്രീ.കെ.വി.ബാബുരാജൻ | 15000 | ടി.എ.അഡ്വാൻസ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| | | ശ്രീ.എം.രാധാകൃഷ്ണമാരാർ | 15000 | ടി.എ.അഡ്വാൻസ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| | | ശ്രീ.എം.സി.അനിൽ കുമാർ 16.05.17 | 15000 | ടി.എ.അഡ്വാൻസ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 3 | F 13/121310/15 | ശ്രീ.മുരളീധരൻ.കെ.സി 28.04.17 | 3000 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 4 | F 13/121310/15 28.04.17 | ശ്രീ.മുരളീധരൻ.കെ.സി 04.05.17 | 4500 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 5 | F 6/35361/17 07.05.17 | ശ്രീ.അബ്ദുൾ കാദർ,ഹെൽത്ത് ഇൻസ്പെക്ടർ,11.05.17 | 80000 | കുട്ടികളുടെ ക്യാമ്പ് നടത്തിപ്പിന് വേണ്ടി | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 6 | C 9/21910/11 11.07.17 | സെക്രട്ടറിയുടെ പി.എ.11.07.17 | 5000 | പോസ്റ്റൽ സ്റ്റാമ്പ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 7 | F13/48624/17 28.07.17 | ശ്രീ.രഞ്ജിത്ത് കുമാർ ,ഹെൽത്ത് ഇൻസ്പെക്ടർ,സർക്കിൾ-2 | 2000 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 8 | BZGZ/9980/16 21.08.17 | ശ്രീ.പി.സോമശേഖരൻ, റവന്യൂ ഓഫീസർ, 21.08.17 | 5000 | ഇംപ്രസ്റ്റ് ക്യാഷ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 9 | F13/51677/17 23.09.17 | ശ്രീ.ജീവരാജ്.ഇ.കെ, ഹെൽത്ത് | 4200 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | ഇൻസ്പെക്ടർ,ഫസ്റ്റ് സർക്കിൾ,23.09.18 | | | |
| 10 | F14/619051/17 23.09.17 | ശ്രീ.ടി.പി.ചന്ദ്രൻ,ഹെൽത്ത് ഇൻസ്പെക്ടർ,6- സർക്കിൾ, 23.09.18 | 8500 | സെപ്റ്റിക് ടാങ്ക് നന്നാകുന്നതിന് വേണ്ടി | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 11 | P13/60724/17 23.09.17 | ശ്രീ.ജീവരാജ്.ഇ.കെ, ഹെൽത്ത് ഇൻസ്പെക്ടർ, 23.09.17 | 18500 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 12 | C 9/21910/11 25.09.17 | സെക്രട്ടറിയുടെ പി.എ., 25.09.17 | 1118 | പോസ്റ്റൽ സ്റ്റാമ്പ് | അഡ്ജസ്റ്റ് ചെയതതിന് ശേഷമുള്ള തുക |
| 13 | EG12/75332/17 20.10.17 | ശ്രീമതി.ജിത.പി, അസിസ്റ്റന്റ് എഞ്ചിനീയർ, 20.10.17 | 20000 | കുടുംബശ്രീ ടോയ്‌ലറ്റ് റിപ്പയറിംഗ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 14 | EG12/86144/17 | ശ്രീമതി.ജിത.പി, അസിസ്റ്റന്റ് എഞ്ചിനീയർ, 20.10.17 | 25000 | കുടുംബശ്രീ പാർക്ക് ഉൽഘാടനത്തോടനുബന്ധിച്ച് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 15 | E2-6/2797/11 24.10.17 | റവന്യൂ ഓഫീസർ, എലത്തൂർ സോണൽ ഓഫീസ്, 24.10.17 | 1907 | പോസ്റ്റൽ സ്റ്റാമ്പ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 16 | EG13/24919/17 24.10.17 | ശ്രീമതി.ജിത.പി, അസിസ്റ്റന്റ് എഞ്ചിനീയർ | 4840 | ഇംപ്രസ്റ്റ് ക്യാഷ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 17 | EG6/96441/17 10.11.17 | ശ്രീമതി.ബിബിന, അസിസ്റ്റന്റ് എഞ്ചിനീയർ, 10.11.17 | 4000 | ഡ്രെയിനേജ് ഉൽഘാടനം | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 18 | B2/G9/4561/16 23.11.17 | ശ്രീ.സോജൻ, ഹെൽത്ത് ഇൻസ്പെക്ടർ, 23.11.17 | 57000 | സിൽറ്റ് റിമൂവൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 19 | F6/62714/17 18.12.17 | ശ്രീ.സി.രാജേഷ്, ക്ലാർക്ക്, ഹെൽത്ത് സെക്ഷൻ, 18.12.17 | 13000 | ഹരിത കേരള മിഷൻ ട്രെയിനിംഗ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 20 | F13/75533/17 19.12.17 | ശ്രീ.രമേശൻ, ഹെൽത്ത് ഇൻസ്പെക്ടർ, 18.12.17 | 7000 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 21 | F13/60724/17 | ശ്രീ.സി.കെ.വൽസൻ, ഹെൽത്ത് ഇൻസ്പെക്ടർ, 18.12.17 | 18500 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 22 | G2/876/12 28.12.17 | ബേപ്പൂർ സോണൽ ഓഫീസ് | 5000 | പോസ്റ്റൽ സ്റ്റാമ്പ് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 23 | C1/951/18 23.01.18 | ശ്രീമതി.ലക്ഷ്മി.പി | 5000 | റിപ്പബ്ലിക് ദിനാഘോഷം 2018 | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 24 | F14/15106/18 17.02.18 | ശ്രീ.ദിലീപ് കമാർ, ഹെൽത്ത് ഇൻസ്പെക്ടർ | 60000 | സ്വച്ച് ഭാരത് മിഷൻ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 25 | F14/15106/18 24.02.18 | ശ്രീ.ദിലീപ് കമാർ, ഹെൽത്ത് ഇൻസ്പെക്ടർ | 100000 | സ്വച്ച് ഭാരത് മിഷൻ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 26 | F4/71634/17 | ശ്രീ.വിനോദൻ, സാനിറ്റേഷൻ വർക്കർ, 30.01.18 | 100000 | മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്<br>ബാലൻസ് 38529/- | 61471/- രൂപ അർഹതയുള്ളതായി ഫയൽ വെരിഫിക്കേഷനിൽ ബോധ്യപ്പെട്ടു |
| 27 | K4/20345/18 | ശ്രീ.റംസി ഇസ്മയിൽ, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ, 16.03.18 | 15000 | കുടുംബശ്രീ പ്രോജക്ട് | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 28 | E23/3850/17 | ശ്രീ.ടി.കെ.പ്രകാശൻ, ഹെൽത്ത് ഇൻസ്പെക്ടർ, 22.03.17 | 4000 | അപകടകരമായ മരം മുറിച്ച് മാറ്റൽ | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 29 | ഹെൽത്ത് സർക്കിൾ (17) 01.03.18 | ശ്രീമതി.സൌദ, സാനിറ്റേഷൻ വർക്കർ, 01.03.18 | 30000 | വിവാഹധന സഹായം | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 30 | D1/95617/16 22.07.17 | കോഴിക്കോട് കോർപ്പറേഷനിലെ കൌൺസിലർമാർ പഠനത്തിനായി ഡൽഹി, ചാണ്ടിഗഡ്, സിംല തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടൂർ പോകുന്നതിന് വേണ്ടി കൈപ്പറ്റിയ തുക<br>കൌൺസിലർമാർ കൈപ്പറ്റിയത് | 675000 | യാത്രാ ബത്ത | വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |

ധനകാര്യ വകുപ്പിന്റെ 4.10.11 ലെ ജി.ഒ.(പി)നം.419/2011ഉത്തരവ് പ്രകാരം, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(e) പ്രകാരമുള്ള യാത്രാബത്ത മുൻകൂറുകളുടെയും ആർട്ടിക്കിൾ 99 പ്രകാരമുള്ള വർക്ക് അഡ്വാൻസുകളുടെയും മറ്റ് താൽക്കാലിക അഡ്വാൻസുകളുടെയും ഫൈനൽ ബിൽ, ഇവ ലഭ്യമാക്കി മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതും ഇതിൽ ചിലവ് വഹിക്കാത്ത തുകക്ക് ആയത് കൈപ്പറ്റിയ ദിവസം മുതൽ 18 % പലിശ നിരക്കിൽ തിരികെ ഈടാക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. മേൽ സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ

സമർപ്പിക്കാത്തവരിൽ നിന്ന് മുഴുവൻ തുകയും ഒരൊറ്റ തവണയായി തിരിച്ച് പിടിക്കേണ്ടതും ആയതിന് മേൽ വിവരിച്ച നിരക്കിലുള്ള പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 30,56,03,160/- രൂപ (മുപ്പത് കോടി അൻപത്തിയാറ് ലക്ഷത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്) മുൻകൂർ ഇനത്തിൽ പിരിഞ്ഞുകിട്ടാൻ/അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്. നാളിതുവരെ അഡ്ജസ്റ്റ് ചെയ്യുകയോ തിരിച്ചുപിടിക്കുകയോ ചെയ്യാത്ത മുൻകൂർ തുകകളിൻമേൽ സ്വീകരിച്ച നടപടികളുടെയും; മേൽ തുകകളുടെ വർഷം, ഇനം, തുക കൈപ്പറ്റിയ ഉദ്യാഗസ്ഥൻ എന്നിവ ഉൾപ്പടെയുള്ള വിശദാംശങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് 11.04.2019 ന് കെ.എസ്.എ/കെ.ഒ.സി/എ4/373/2019 നമ്പറായി ഈ ഓഫീസിൽ നിന്നും കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുകകൾ പലിശ ഉൾപ്പടെ ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-50 വാഹനങ്ങൾ യഥാസമയം റിപ്പയർ ചെയ്യാത്തതിനാൽ മാലിന്യനീക്കത്തിന് വാഹനം വാടകക്കെടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.

ഫയൽ നം. : F6/ 52841/16

നഗരസഭയിലെ 18 ഹെൽത്ത് സർക്കിൾ പരിധിയിൽ മാലിന്യശേഖരണത്തിനായി ആകെ 29 ലോറിയും 16 ട്രാക്ടറും 16 ഓട്ടോയും 8 ആപേ ട്രക്കുകളും ഉണ്ടെങ്കിലും ഉപയോഗത്തിന് 10 ലോറികളും 8 ട്രാക്ടറുകളും 4 ഓട്ടോയും 3 ആപേ ട്രക്കുകളും മാത്രമെ ഉള്ളൂ എന്നും ബാക്കിയെല്ലാം ഫിറ്റ്നസ് പുതുക്കുന്നതിനും റിപ്പയർ പ്രവൃത്തികൾക്കുമായി വർക്ക്ഷോപ്പിലാണെന്നും ആയതിനാൽ 4 ടിപ്പർ ലോറികൾ വാടകക്കെടുക്കണമെന്നും ട്രാൻസ്പോർട്ട് വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ 27.05.2016ന് റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകക്കെടുക്കാനുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (13.6.16/8, 3.7.16 /2) തീരുമാനം 16.12.16 ലെ കൗൺസിൽ (CR 21) അംഗീകരിച്ച് 4 ലോറികൾ വാടകക്കെടുക്കാൻ തീരുമാനിച്ചു. തുടർന്ന് വാഹനങ്ങൾ വാടകക്കെടുക്കുന്നതിന് 21.10.16 ന് പത്രപ്പരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 പേർ പങ്കെടുക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. സിനോ ജോസഫ് എന്നയാളുമായി 09.11.2016 ന് കരാർ വെക്കുകയും ചെയ്തു. 150 അടിയുടെ 2 ലോറികളുടെയും 100 അടിയുടെ 2 ലോറികളുടെയും വാടകയായി 2016-17 വർഷത്തിൽ 7,47,200 രൂപയും 2017-18 വർഷത്തിൽ 47,33,400 രൂപയും 2018-19 വർഷത്തിൽ 10,62,400 രൂപയും കരാറുകാരന് നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | മാസം | ചെക്ക് നമ്പർ | തിയതി | തുക |
|---|---|---|---|---|
| 1 | 11/2016<br>12/2016 | 091397 | 18.2.17 | 7,47,200 |
| 2016-17 ആകെ | | | | 7,47,200 |
| 1 | 1/2017<br>2/2017 | 902414 | 28.4.17 | 8,44,800 |
| 2 | 3/2017 | 902030 | 1.7.17 | 3,55,200 |
| 3 | 4/2017<br>5/2017<br>6/2017 | 646792 | 2.917 | 9,65,600 |
| 4 | 7/2017<br>8/2017 | 647660 | 7.12.17 | 9,15,200 |
| 5 | 9/2017 | 672888 | 2.3.18 | 9,10,400 |

| | | | | |
|---|---|---|---|---|
| | 10/2017<br>11/2017 | | | |
| 2017-18 ആകെ | | | | 47,33,400 |
| 1 | 12/2017<br>1/2018<br>2/2018<br>3/2018 | 947824 | 15.9.18 | 10,62,400 |
| 2018-19 ആകെ | | | | 10,62,400 |

2017 നവംബർ 9 ന് കരാർ കാലാവധി കഴിഞ്ഞതിനെ തുടർന്ന് നഗരസഭയുടെ ശുചീകരണ വാഹനങ്ങൾ നിലവിൽ പര്യാപ്തമല്ലാത്തതിനാൽ കരാർ നീട്ടി നൽകണമെന്ന് ട്രാൻസ്പോർട്ട് വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ 23.9.17 ന് റിപ്പോർട്ട് നൽകി. ഈ റിപ്പോർട്ടിൽ 18 സർക്കിളുകളിലേക്ക് ആകെ 22 ഓളം വാഹനങ്ങൾ ചുരുങ്ങിയത് മാലിന്യ നീക്കത്തിന് ആവശ്യമാണെന്നും ഇപ്പോൾ നഗരസഭയുടെ 4 ലോറി, 3 ഓട്ടോ, 4 ട്രാക്ടർ എന്നിങ്ങനെ ആകെ 11 വാഹനങ്ങളാണ് ശുചീകരണത്തിന് ഉപയോഗിക്കാൻ സാധിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തു. തുടർന്ന് 31.10.17 ലെ കൗൺസിലിന്റെ 80ാം നമ്പർ തീരുമാനപ്രകാരം നിലവിലെ കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്താതെ 31.3.18 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചു.

ട്രാൻസ്പോർട്ട് വിഭാഗം ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം ആകെ 69വാഹനങ്ങൾ മാലിന്യനീക്കത്തിനായുണ്ടെങ്കിലും 25എണ്ണം മാത്രമെ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ എന്നും ബാക്കി വാഹനങ്ങൾ റിപ്പയർ, ഫിറ്റ്നസ് എന്നിവക്കായി വർക്ക്ഷോപ്പിലാണ് എന്നുമാണ്. വാഹനങ്ങൾ കേടുവരുന്ന സമയത്തുതന്നെ റിപ്പയർ പ്രവൃത്തിയും ഫിറ്റ്നസ്സിനാവശ്യമായ പ്രവൃത്തികളും നടത്തി മാലിന്യ നീക്കത്തിന് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടാകുന്നു.

ട്രാൻസ്പോർട്ട് വിഭാഗം ഹെൽത്ത് ഇൻസ്പെക്ടറുടെ 12.2.18 ലെ റിപ്പോർട്ട് പ്രകാരം നഗരസഭയുടെ മാലിന്യ നീക്കത്തിന് ഉപയോഗിക്കേണ്ട 10ലോറികളുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ വിശദാംശം താഴെ കൊടുക്കുന്നു.

1. KL 11 AK 5 രജിസ്ട്രേഷൻ നമ്പറിലുള്ള സക്കർ ലോറി സക്കിംഗ് മോട്ടോർ കേടായതിനെ തുടർന്ന് റിപ്പയർ ചെയ്യാത്തതിനാൽ ഉപയോഗിക്കാതെ കിടക്കുന്നു. മറ്റ് കേടുപാടുകളൊന്നും ഇല്ലാതിരിക്കെ മോട്ടോർ റിപ്പയർ ചെയ്താൽ മാത്രം ഉപയോഗിക്കാൻ കഴിയുന്ന വാഹനം ഉപയോഗിക്കുന്നില്ല.

2. KL 11 AH 3491, KL 11 AH 3479 എന്നീ ഡ്യൂവൽ കണ്ടെയിനർ ലോറി ഫിറ്റ്നസ് പുതുക്കുന്നതിനായുള്ള എല്ലാ പെയിന്റിംഗ് പ്രവൃത്തിയും കഴിഞ്ഞിട്ട് 4 - 5 മാസങ്ങളായെന്നും പുതിയ ടയറുകൾ വാങ്ങാത്തതിനാൽ ഫിറ്റ്നസ് എടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും ടയറുകൾ വാങ്ങുന്ന നടപടികൾ അനന്തമായി നീളുകയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ ടയറുകൾ വാങ്ങുന്ന നടപടികൾ സ്വീകരിക്കാത്തതിനാൽ ഒന്നര വർഷത്തിലധികമായി ടയറുകൾ ഇല്ലാത്തതിനാൽ 2 ലോറികളും മാലിന്യനീക്കത്തിന് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

3. KL 11 AN 1524, KL 11 AH 1532, KL 11 AK 8554 എന്നീ വലിയ ലോറികൾ ഹൈഡ്രോളിക് സിസ്റ്റം കേടായതിനാൽ ഉപയോഗിക്കുന്നില്ല. ഇത് റിപ്പയർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

4. KL 11 X 8526 നമ്പർ ഐഷർ ലോറി റിപ്പയറിനായി വെള്ളിമാട്കുന്ന് വർക്ക്ഷോപ്പിൽ 2 വർഷത്തോളം കിടന്നെങ്കിലും റിപ്പയർ ചെയ്തില്ല. റിപ്പയർ ചെയ്യാത്തതിനാൽ ലോറി നഗരസഭ പിടിച്ചെടുത്ത് ട്രാൻസ്പോർട്ട് യാർഡിൽ കിടക്കുന്നു. ഹൈഡ്രോളിക് സിസ്റ്റം കേടായതിനാലാണ് 3 വർഷത്തോളമായിട്ട് ഉപയോഗിക്കാൻ കഴിയാത്തത്. മാത്രമല്ല ഫിറ്റ്നസ് പുതുക്കേണ്ട സമയം കഴിഞ്ഞതിനാൽ 40,000 രൂപയോളം പിഴയടക്കേണ്ട സാഹചര്യവുമുണ്ടാകുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഫോറം ജി സമർപ്പിച്ചതായി രേഖയില്ല. നികുതി ഇളവ്

ലഭിക്കാത്തതും അധിക ചെലവിന് ഇടവരുത്തുന്നു.

മേൽ പരാമർശിച്ച സാഹചര്യങ്ങളിൽ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട കേടായ വാഹനങ്ങൾ സമയബന്ധിതമായി റിപ്പയർ ചെയ്യുന്നതിനും ടയറുകൾ വാങ്ങി വാഹനം ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ വരുത്തുന്ന വീഴ്ചയും കൃത്യവിലോപവും കാരണമാണ് മാലിന്യ നീക്കത്തിനായി 4 ടിപ്പർ ലോറികൾ വാടകക്കെടുക്കേണ്ട സാഹചര്യം ഉണ്ടായത്. നഗരസഭയിലെ മാലിന്യ നീക്കത്തിന് ആവശ്യമായ വാഹനങ്ങൾ നഗരസഭയിൽ തന്നെ ഉണ്ടായിരിക്കെ, കേടായവ റിപ്പയർ ചെയ്യാതെയും ടയർ വാങ്ങാതെയും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും വാടകക്കെടുക്കുകയും ചെയ്യുന്നു. ഇത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കൊണ്ടുണ്ടായതും യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ചെലവ് ഒഴിവാക്കാവുന്നതുമായിരുന്നു. യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷം ചെലവഴിച്ച 47,33,400/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-51 <u>നഗരസഭയിലെ മാലിന്യം കൈകാര്യം ചെയ്യൽ - അവലോകനം.</u>

നഗരസഭയിൽ 75 വാർഡുകളിലായി ആകെ 91,714 വീടുകളും 24,200 വാണിജ്യ സ്ഥാപനങ്ങളും ഉണ്ട്. നഗരസഭയിലെ ജനസംഖ്യ 6,13,255 ആണ്. നഗരസഭയിലെ മാലിന്യ ശേഖരണവും കൈകാര്യം ചെയ്യലും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 326 പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായതും അനിവാര്യവുമായ ചുമതലയാണ്. കൂടാതെ 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016 (സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016), പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016 (പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾ 2016), ഇ – മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016 (ഇ – വെയ്സ്റ്റ് മാനേജ്മെന്റ് റൂൾ 2016), ബയോ - മെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016 (ബയോ - മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റ് ഹാന്റ്ലിംഗ് റൂൾസ് 2016), കെട്ടിട നിർമാണങ്ങൾ - പൊളിക്കൽ മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016 (കൺസ്ട്രക്ഷൻ & ഡിമോളിഷൻ വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016) എന്നീ ചട്ടങ്ങൾ പ്രകാരമാണ് നഗരസഭകളിലെ മാലിന്യം കൈകാര്യം ചെയ്യപ്പെടേണ്ടത്. കൂടാതെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567(33) പ്രകാരം ബൈലോ ഉണ്ടാക്കാനുള്ള മുനിസിപ്പൽ കൗൺസിലിന്റെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ 24.10.16 ലെ കൗൺസിൽ അംഗീകരിച്ച ബൈലോ സർക്കാറിന്റെ അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശ സ്വയം ഭരണ വകുപ്പിലേക്കയച്ചിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കുന്നതിനായി തിരിച്ചയച്ചിട്ടുണ്ട്. രണ്ട് വർഷം കഴിഞ്ഞിട്ടും അപാകത പരിഹരിച്ച് അംഗീകാരത്തിന് അയച്ചിട്ടില്ല. ഈ നിയമാവലിയിൽ മാലിന്യം പൊതു നിരത്തുകളിൽ നിക്ഷേപിക്കുന്നത് തടഞ്ഞു കൊണ്ടും മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും കൈമാറുകയും ശേഖരിക്കുകയും ചെയ്യണമെന്നത് നിർബന്ധമാക്കിക്കൊണ്ടും ദ്രവ- ഖര- ഇ-മാലിന്യങ്ങളുടെ സംസ്കരണം നിർബന്ധമാക്കിയും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനെ മാനദണ്ഡമാക്കിയാണ് പരിശോധന നടത്തിയിട്ടുള്ളത്.

നഗരസഭയിൽ പ്രതിദിനം 90 ടൺ ജൈവമാലിന്യവും പ്രതിവർഷം 1130 ടൺ പ്ലാസ്റ്റിക് മാലിന്യവും ഉണ്ടാക്കപ്പെടുന്നതിൽ 800 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കപ്പെടുകയും അതിൽ 450 ടൺ പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണം നടത്തപ്പെടുകയും ചെയ്യുന്നു. ബാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കപ്പെടുകയോ സംസ്കരിക്കപ്പെടുകയോ ചെയ്യുന്നില്ല.

നഗരസഭയിലെ നിലവിലെ മാലിന്യ സംസ്കരണ സംവിധാനം സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.

1. ഞെളിയൻ പറമ്പ് ഖര മാലിന്യ പ്ലാന്റ്

നഗരസഭയിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ ചെറുവണ്ണൂർ വില്ലേജിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 16 ഏക്കർ സ്ഥലത്ത് 2002 ൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് മുമ്പ് പ്ലാന്റിനോട് ചേർന്നുള്ള സ്ഥലത്ത് മാലിന്യങ്ങൾ ലാന്റ്ഫിൽ ചെയ്യുന്ന രീതിയായിരുന്നു നടന്നു വന്നത്. 2002മുതൽ നഗരസഭയിലെ ജൈവമാലിന്യം പ്ലാന്റിൽ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നതിനായി ഡൽഹി ആസ്ഥാനമായുള്ള IF&FL എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. കരാർ പ്രകാരം നഗരസഭയിലെ ജൈവമാലിന്യങ്ങൾ നഗരസഭയുടെ തൊഴിലാളികളെയും വാഹനങ്ങളും ഉപയോഗിച്ച് ഞെളിയൻപറമ്പ് പ്ലാന്റിൽ എത്തിച്ച് നൽകി സ്ഥാപനത്തിന്റെ തൊഴിലാളികളെ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റുന്നു. ഇതിന് പ്രതിഫലമായി നഗരസഭക്ക് 2008 വർഷം മുതൽ പ്രതിമാസം 40,000 രൂപയും 2013 മുതൽ 10% വർദ്ധനവ് വരുത്തി 44,000 രൂപയും പിന്നീട് 2015 മുതൽ 10% വർദ്ധിപ്പിച്ച് 48,400 രൂപയും സ്ഥാപനം നൽകുന്നു. എന്നാൽ കുറെ മാസങ്ങളായി വാടക നഗരസഭയിൽ അടക്കുന്നില്ല.

ജൈവമാലിന്യങ്ങൾ സംസ്കരണശാലയിൽ സംസ്കരണം നടത്തുമ്പോൾ ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യം റിജക്ട്സ് എന്ന പേരിൽ പ്ലാന്റിന് പുറത്ത് സൂക്ഷിക്കുകയും പിന്നീട് ഇത് സംസ്കരണത്തിനായി നീക്കംചെയ്യുന്നതിന് "നിറവ് വേങ്ങേരി"എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. ഇങ്ങനെ സംസ്കരണശാലയിലെ റിജക്ട്സ് നീക്കം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ (പ്രോജക്ട്. 1683/17, 579/18) ആകെ 2,83,99,149/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ഞെളിയൻപറമ്പ് പ്ലാന്റിൽ നടത്തിയ പരിശോധനയിൽ സുമാർ 2500 ടൺ വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റിനു പുറത്ത് റിജക്ട്സ് എന്ന പേരിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇത് ഗുരുതരമായ പാരിസ്ഥിതിക – ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുന്നു.

2. പ്ലാസ്റ്റിക് റീസൈക്ലിംങ്ങ് യൂണിറ്റ്

നഗരസഭയിലെ പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനായി നഗരസഭയുടെ ഉടമസ്ഥതയിൽ വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് 2012 ൽ പ്ലാസ്റ്റിക് റീസൈക്ലിംങ്ങ് യൂനിറ്റ് സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാപരിധിയിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് - അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശുചിത്വമിഷന്റെ അംഗീകൃത ഏജൻസിയായ നിറവ് വേങ്ങേരി എന്ന സ്ഥാപനത്തിന് പ്രതിമാസം 30,000/- രൂപ വാടകയായി നഗരസഭയിൽ അടക്കണമെന്ന വ്യവസ്ഥയിൽ കരാർ നൽകിയിട്ടുണ്ട്. നഗരസഭയിലെ അജൈവമാലിന്യങ്ങൾ നഗരസഭ നേരിട്ടോ മറ്റ് രീതിയിലോ പ്ലാന്റിൽ എത്തിക്കേണ്ടതാണ്. സ്ഥാപനവുമായുള്ള കരാർ പ്രകാരം നഗരസഭയിലെ എല്ലാ അജൈവമാലിന്യങ്ങളും പാഴ്വസ്തുക്കളും പ്ലാന്റിൽ സംസ്കരിക്കേണ്ടതാണ്. കൂടാതെ പ്ലാന്റിന്റെ കോമ്പൗണ്ടിൽ നിലവിലുള്ള മാലിന്യങ്ങൾ നിറവ് വേങ്ങേരി സ്വന്തം നിലയിൽ മാറ്റേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ 25 സെന്റിലധികം വരുന്ന പ്ലാന്റിന്റെ കോമ്പൗണ്ടിൽ സുമാർ 5 മീറ്റർ ഉയരത്തിൽ 2500 ടണ്ണോളം വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. നഗരസഭയുടെ ഹൃദയഭാഗത്ത് കടലിനോട് ചേർന്നുള്ള റോഡിന് സമീപം വർഷങ്ങളോളമായി ഇത്രയധികം മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് പരിസ്ഥിതിക്കും പൊതുജനങ്ങളുടെ ആരോഗ്യത്തിനും ഭീഷണിയാണ്. പ്ലാന്റ് നടത്തിപ്പിനായി 01.06.17, 16.09.17 എന്നീ തീയതികളിലെ കരാർ നിബന്ധന പ്രകാരം പ്ലാന്റിനു ചുറ്റും നിലവിലുള്ള മുഴുവൻ റിജക്ട്സും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന റിജക്ട്സും കരാറുകാരൻ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. എന്നാൽ കരാർ വെച്ച് 2വർഷം കഴിഞ്ഞിട്ടും നീക്കം ചെയ്തിട്ടില്ല. ഈ മാലിന്യങ്ങൾ നഗരസഭ പദ്ധതിയിലുൾപ്പെടുത്തി ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് ലോറിയിൽ കയറ്റി കർണ്ണാടകയിലേക്ക് കൊണ്ടുപോകാനായി നിറവ് വേങ്ങരിക്കു തന്നെ വേറെ കരാർ നൽകിയിട്ടുണ്ട്. ഇതിനായി 2018-19ൽ ഇതുവരെ 15ലക്ഷത്തോളം രൂപ ഇതിനായി ചെലവഴിച്ചു. കൂടാതെ കരാറിൽ വ്യവസ്ഥ ചെയ്യാതെ പ്ലാന്റ് നടത്തിപ്പുകാരായ നിറവ് വേങ്ങേരി മാലിന്യം പ്ലാന്റിൽ നേരിട്ടെത്തിക്കുന്നവരിൽ നിന്നും ഒരു ചാക്കിന് 50/- രൂപ വീതം യൂസർഫീ ഈടാക്കുന്നുണ്ട്.

നിറവ് വേങ്ങേരി പ്രതിമാസ വാടകയായി അടക്കേണ്ട 30,000/- രൂപ ഇതുവരെ നഗരസഭയിൽ അടച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ച 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 326 പ്രകാരമുള്ള മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിന് ഹെൽത്ത് ഓഫീസറെ ഉത്തരവു വഴി സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിലെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ മുഴുവൻ നഗരസഭ പാലിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1. മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 (സി) പ്രകാരം നഗരസഭ പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യ നിർമാർജ്ജന ആവശ്യത്തിലേക്കായി പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി മാലിന്യ നിർമാർജ്ജന ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക നിധി രൂപീകരിക്കേണ്ടതാണ്. മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴ സംഖ്യ, സർക്കാർ അനുവദിക്കുന്നതോ മറ്റ് ഏജൻസികളോ നൽകുന്ന തുകകൾ മുതലായവ ഈ നിധിയിൽ വരവു വെക്കേണ്ടതാണ്. എന്നാൽ 1994 ലെ മേൽ നിയമത്തിൽ വ്യവസ്ഥ ചെയ്ത് 34 വർഷം കഴിഞ്ഞിട്ടും നഗരസഭ മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടില്ല. മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിക്കുന്നതിന് 13.6.17 ലെ ആരോഗ്യകാര്യ കമ്മിറ്റിയും 27.7.17 ലെ കൗൺസിലും (സി.ആർ. 64) തീരുമാനമെടുത്തെങ്കിലും നാളിതുവരെ മാലിന്യ നിർമാർജ്ജന ഫണ്ടിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇതിനായി ഹെൽത്ത് ഓഫീസർ പല തവണ അക്കൗണ്ട്സ് ഓഫീസർക്ക് കുറിപ്പ് നൽകിയെങ്കിലും കൗൺസിൽ തീരുമാനം നടപ്പിലാക്കാതെ അലംഭാവം കാണിക്കുന്നു.

2.പ്ലാസ്റ്റിക് സഞ്ചികൾ നിയമവിരുദ്ധമായി കൈകാര്യം ചെയ്യുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 (ബി) (1) (എ) പ്രകാരം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള

വിവിധ തരം സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപന പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ യാതൊരു സ്ഥാപനമോ ആളോ വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ വില നിശ്ചയിക്കുന്നതുൾപ്പെടെയുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല.

3.അജൈവ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 എ (1) സി (എ) പ്രകാരം തരം തിരിച്ച അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അത്തരം മാലിന്യങ്ങൾക്ക് കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലുമുള്ള ഫീസ് മുനിസിപ്പാലിറ്റിയിൽ അടക്കേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റിയിലെ ഇത്തരം സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയോ ഫീസ് പിരിക്കുകയോ ചെയ്തിട്ടില്ല.

4.മാലിന്യം ഉറന്ന വാഹനത്തിൽ നീക്കം ചെയ്യുന്ന

കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 339 പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് യാതൊരാളും അതിൽ ഉള്ള വസ്തുക്കൾ വെളിയിൽ പോകുന്നതോ ദുർഗന്ധമോ തടയുന്നതിന് മതിയായ മൂടി ഇല്ലാതെ ഏതെങ്കിലും വണ്ടിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും ഏതെങ്കിലും മാലിന്യം ഏതെങ്കിലും പൊതു സ്ഥലത്ത് വെക്കുകയോ നിക്ഷേപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയ്ക്ക് മാലിന്യ ശേഖരണത്തിന് സ്വന്തമായി 69 വാഹനങ്ങൾ ഉള്ളതിൽ നിലവിൽ മാലിന്യനീക്കത്തിനായി 22 വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. പഴയ 13 വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും 34 വാഹനങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാവുന്നതാണെങ്കിലും ചെയ്തിട്ടില്ലെന്നും ഫയലിൽ നിന്നും വ്യക്തമാകുന്നു. നഗരസഭയുടെ 22 വാഹനങ്ങളിൽ 6എണ്ണം മാത്രമെ മൂടിയുള്ളതായിട്ടുള്ളൂ. ബാക്കിയുള്ളവക്ക് മൂടിയില്ലാത്തതിനാൽ ഉറന്ന വാഹനത്തിലാണ് മാലിന്യം ശേഖരിച്ച് സംസ്കരണശാലയിലേക്ക് കൊണ്ടുപോകുന്നത്. ഇത് മേൽ നിയമത്തിന്റെ ലംഘനമാണ്. നഗരസഭ 2016-17 വർഷം 15,92,000/- രൂപയും 2017-18 വർഷം 31,39,200/- രൂപയും മാലിന്യ ശേഖരണത്തിന് വാടക വാഹനം ഉപയോഗിച്ച വകയിൽ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും വാഹനങ്ങൾ നഗരസഭയിൽ ഉണ്ടായിട്ടും കേടുവന്നത് യഥാസമയം റിപ്പയർ ചെയ്ത് ഉപയോഗിക്കാതെ വാഹന വാടകയിനത്തിൽ ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നു.

പരിസര ശുചിത്വം നിലനിർത്താനും ജനജീവിതത്തിന് തടസ്സമില്ലാതിരിക്കാനും വേണ്ടി മാലിന്യം നീക്കം ചെയ്യാനുപയോഗിക്കുന്ന ഭൂരിപക്ഷം വാഹനങ്ങളും ശരിയായ വിധം മൂടിയില്ലാത്ത വാഹനങ്ങളാണ്. ശരിയായ വിധത്തിൽ മൂടിയുള്ള വാഹനം മാത്രമെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനായി ഉപയോഗിക്കാവൂ എന്ന് സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുണ്ട്. ഖരമാലിന്യങ്ങൾ നീക്കംചെയ്യുമ്പോൾ അവ പൊതുജനങ്ങൾക്ക് ദൃശ്യമാകരുതെന്ന് മേൽ ചട്ടം നിഷ്കർഷിക്കുന്നു. എന്നാൽ ഇത് കൃത്യമായി പാലിക്കുന്നില്ല.

ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടം 2016

1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ 08.04.2016 ന് പ്രാബല്യത്തിൽ വന്ന ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങൾ നഗരസഭ പാലിക്കുന്നതിലെ വീഴ്ചകൾ താഴെ കൊടുക്കുന്നു.

1. ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്ലാൻ രൂപീകരിക്കുന്നതിൽ കാലതാമസം

2016 ലെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ ചട്ടം 15 (a) പ്രകാരം ഒരു സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കേണ്ടതാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 05.02.2015 ലെ ഉത്തരവിൽ ഒരു ദേശീയ ആക്ഷൻ പ്ലാൻ മാലിന്യ സംസ്കരണത്തിനായി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ആക്ഷൻ പ്ലാൻ അടിയന്തിരമായി സമർപ്പിക്കണമെന്ന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 05.10.2017 ന് നിർദ്ദേശിച്ചു. നഗരസഭ നടപടി സ്വീകരിക്കാത്തതിനാൽ 03.01.2018 ന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക് കത്തയച്ചു. മേൽ കത്തിൽ, 5 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭയായതിനാൽ കോഴിക്കോട് നഗരസഭയിൽ 30.8.18 നകം ആക്ഷൻ പ്ലാൻ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് പ്രകാരം ആക്ഷൻ പ്ലാൻ സമർപ്പിക്കാത്തതിനാൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് വീണ്ടും 17.08.2018 ന് നഗരകാര്യ ഡയറക്ടർക്ക് കത്തയച്ചു. തുടർന്ന് 12.11.2018 നാണ് ആക്ഷൻ

പ്ലാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് നഗരസഭ അയച്ചു കൊടുത്തത്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും നിർദ്ദേശം കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തി.

2.മാലിന്യം ഉറവിടത്തിൽ തരം തിരിക്കുന്നില്ല

2016 ലെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ ചട്ടം 15 (b), 2016 ലെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾ 5 (2) (a) എന്നിവ പ്രകാരം ഉറവിടത്തിൽ തന്നെ മാലിന്യം ജൈവ- അജൈവങ്ങളായി തരം തിരിക്കേണ്ടതാണ്. ചട്ടം 15 (ക്യൂ) പ്രകാരം വേർതിരിച്ച ജൈവമാലിന്യം മാത്രമേ പ്ലാന്റിലേക്ക് സംസ്കരണത്തിനായി കൊണ്ടു പോകാൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു. കാര്യക്ഷമമായ മാലിന്യ പരിപാലനത്തിന് ശാസ്ത്രീയമായി ഖരമാലിന്യങ്ങൾ വേർതിരിക്കേണ്ടതുണ്ട്. എന്നാൽ ഉറവിടങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിക്കുമ്പോൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ജൈവ – ജൈവേതര മാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്നു തന്നെ കൃത്യമായി വേർതിരിക്കാത്തതാണ് പ്രതിസന്ധിക്ക് കാരണം. കൂടാതെ സംസ്കരണത്തിന് ശേഷമുണ്ടാകുന്ന ഉപയോഗശൂന്യമായ വസ്തുക്കളുടെ അളവിലും ഇത് വൻ വർദ്ധനക്ക് കാരണമാകുന്നു. ഖരമാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിച്ച ശേഷം വേർതിരിക്കുന്ന അവസ്ഥയാണുള്ളത്. ആയവ നീക്കുന്നതിന് നഗരസഭയുടെ മനുഷ്യാധ്വാനവും പണവും അനാവശ്യമായി പാഴാവുന്നു. ഉറവിടങ്ങളിൽ നിന്നു തന്നെ മാലിന്യങ്ങളെ കൃത്യമായി വേർതിരിച്ച് ശേഖരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്.

നഗരസഭയിൽ ആകെയുള്ള 75 വാർഡുകളിൽ 55 വാർഡുകളിൽ നിന്നു മാത്രമെ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നുള്ളൂവെന്ന് നഗരസഭ അറിയിച്ചു. ബാക്കി 20 വാർഡുകളിൽ വേർതിരിക്കുന്നില്ല. നഗരസഭയിൽ മാലിന്യ ശേഖരണത്തിനായി കുടുംബശ്രീ അംഗങ്ങൾ, സാനിറ്റേഷൻ വർക്കർമാർ എന്നിവർ ഉൾപ്പെടെ 935 ഓളം ജോലിക്കാർ ഉണ്ട്. 2005 മുതൽ കുടുംബശ്രീ ഗ്രൂപ്പുകൾ നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും പൊതുമാർക്കറ്റുകളിൽ നിന്നും ജൈവ – അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് ജൈവമാലിന്യം വാഹനത്തിൽ ഞെളിയൻ പറമ്പ് പ്ലാന്റിൽ എത്തിക്കുന്നുവെന്നും അജൈവമാലിന്യം നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ സംസ്കരിക്കുന്നുവെന്നാണ് നഗരസഭ അറിയിച്ചിട്ടുള്ളത്. പ്രതിദിനം ഞെളിയൻ പറമ്പ് പ്ലാന്റിലെത്തുന്ന മാലിന്യത്തിൽ 40 ശതമാനത്തിലധികവും പ്ലാസ്റ്റിക് മാലിന്യമാണെന്ന് പ്ലാന്റ് നടത്തിപ്പിന്റെ ചുമതലയുള്ള സ്ഥാപനത്തിന്റെ മാനേജർ അറിയിച്ചു. ഇക്കാര്യം കൃത്യമായി ചെയ്താൽ ഞെളിയൻപറമ്പ് പ്ലാന്റിൽ റിജക്ടുകൾ നീക്കാൻ കോടിക്കണക്കിനു രൂപയുടെയും നഗരസഭാ പരിധിയിൽ നിന്നും ശേഖരിച്ച അജൈവമാലിന്യം നീക്കാൻ ചെലവഴിക്കുന്ന ലക്ഷക്കണക്കിനു രൂപയുടെയും ചെലവ് ഒഴിവാക്കാവുന്നതാണ്. ഉറവിടത്തിൽ തരംതിരിവ് നടക്കാത്തതിനാലാണ് വെസ്റ്റ്ഹിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്ലാന്റിലേക്ക് കൊണ്ടുപോയി അവരുടെ ചെലവിൽ സംസ്കരിക്കേണ്ട അജൈവമാലിന്യം ഞെളിയൻപറമ്പിലേക്ക് കൊണ്ടു പോകുകയും അജൈവമാലിന്യം റിജക്ട്സ് എന്ന പേരിൽ നീക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ട സാഹചര്യവും ഉണ്ടാകുന്നു. ചട്ടത്തിൽ വ്യവസ്ഥ ചെയ്തു പോലെ ഉറവിടത്തിൽ തന്നെ ജൈവ-അജൈവ മാലിന്യം കുറ്റമറ്റ രീതിയിൽ വേർതിരിക്കാതെ നഗരസഭാ തൊഴിലാളികളും കുടുംബശ്രീ പ്രവർത്തകരും മാലിന്യം ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നത് മാലിന്യം വേർതിരിക്കുന്നതിലെ ഗുരുതര ചട്ട ലംഘനമായി കാണുന്നു. ഉറവിടത്തിൽ തന്നെ കൃത്യമായി ജൈവ-അജൈവ മാലിന്യം എന്നിങ്ങനെ വേർതിരിച്ച് ജൈവ മാലിന്യം ഞെളിയൻ പറമ്പിലേക്കും, അജൈവം വെസ്റ്റ്ഹിൽ പ്ലാന്റിലും എത്തിച്ചാൽ റിജക്ട്സ് കയറ്റി അയക്കുന്നതിനുള്ള കോടിക്കണക്കിന് രൂപയുടെ ചെലവും പരിസ്ഥിതി മലിനീകരണവും ഒഴിവാക്കാവുന്നതാണ്. ഞെളിയൻ പറമ്പ് പ്ലാന്റിൽ നടത്തിയ പരിശോധനയിൽ സുമാർ 2500 ടൺ വരുന്ന റിജക്ട്സ് പ്ലാന്റിന് പുറത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഖരമാലിന്യങ്ങളെ തരം തിരിച്ചാണ് ശേഖരിക്കേണ്ടത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടക്കാത്തതിനാൽ സംസ്കരണ പരിപാടികൾ പാളിപ്പോകുന്നതിന് പുറമെ ഒട്ടേറെ പൊതു പണവും മനുഷ്യാധ്വാനവും വൃഥാവിലാവുകയും ചെയ്തു കൊണ്ടിരിക്കുന്നു.

3. ബൈലോ അംഗീകരിക്കുന്നതിൽ കാലതാമസം

2016 ലെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ ചട്ടം 15 (ഇ) പ്രകാരം ചട്ടം നിലവിൽ വന്ന് വിജ്ഞാപനം മുതൽ ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കണമെന്നും സമയബന്ധിതമായി ബൈലോ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ നഗരസഭയിൽ കരട് ബൈലോ 24.10.2016 ലെ 125-ാം തീരുമാന പ്രകാരം അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിന് നഗരകാര്യ ഡയറക്ടർ മുഖേന അയച്ചെങ്കിലും അപാകതകളെ തുടർന്ന് തിരിച്ചയച്ചു. എന്നാൽ അപാകതകൾ പരിഹരിച്ച് അംഗീകാരത്തിന് നഗരകാര്യ ഡയറക്ടർക്ക് ഇതുവരെയും അയച്ചിട്ടില്ല. മേൽ ചട്ട പ്രകാരം 08.04.2017 നകം ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി സമയബന്ധിതമായി നടപ്പിലാക്കേണ്ടതായിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

4. യൂസർ ഫീ നിശ്ചയിച്ചിട്ടില്ല

2016 ലെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ ചട്ടം 15 (എഫ്), 2016 ലെ പ്ലാസ്റ്റിക് വേയ്സ്റ്റ് മാനേജ്മെന്റ് റൂൾ 8 (3) പ്രകാരം നഗരസഭ സമയാസമയങ്ങളിൽ യൂസർ ഫീ നിശ്ചയിച്ച് മാലിന്യ ദാതാക്കളിൽ നിന്നും നഗരസഭയോ അംഗീകൃത ഏജൻസിയോ ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള യൂസർ ഫീ നിശ്ചയിക്കാതെയും കരാറിലോ ടെണ്ടർ നിബന്ധനകളിലോ പരാമർശിക്കാതെയും നിറവ് വേങ്ങരി ഏറ്റെടുത്ത് നടത്തുന്ന പ്ലാന്റിൽ വ്യക്തികൾ/ഏജൻസികൾ നേരിട്ട് എത്തിക്കുന്ന ഒരു ചാക്ക് മാലിന്യത്തിന് 50/- രൂപ വീതം ഈടാക്കുന്നു. ഇത് മേൽ ചട്ടത്തിന് വിരുദ്ധമായ നടപടിയാണ്.

5.ഓതറൈസേഷന് അപേക്ഷിക്കുന്നതിൽ കാലതാമസം

2016 ലെ ഖരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ ചട്ടം 15 (X) ഒരു ദിവസത്തെ മാലിന്യം 5 ടണ്ണിൽ കൂടുതൽ ഉണ്ടെങ്കിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് ഫോം II ൽ ഓതറൈസേഷനുള്ള അപേക്ഷ കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 15 (Z) പ്രകാരം ഓതറൈസേഷൻ പുതുക്കുന്നതിന് കുറഞ്ഞത് കാലാവധി കഴിയുന്നതിന് 60 ദിവസം മുമ്പ് അപേക്ഷ നൽകേണ്ടതാണ്. എന്നാൽ ഓതറൈസേഷന് അപേക്ഷിക്കുന്നതിലും പുതുക്കുന്നതിലും കാലതാമസം വന്നു. കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് 13.06.2018 നം 02.08.18 നം PCB/HO/EE41/SWMR 306/16 ലെ കത്തിൽ മേൽ വകുപ്പ് പ്രകാരം ഓതറൈസേഷൻ അപേക്ഷിക്കണമെന്നും അല്ലെങ്കിൽ ശിക്ഷാർഹമായ കുറ്റമാണെന്നും കാണിച്ച് സെക്രട്ടറിക്ക് കത്തയച്ചു. എന്നാൽ 11.09.2018 ന് മാത്രമാണ് സെക്രട്ടറി ഓതറൈസേഷനു വേണ്ടി കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന് അപേക്ഷ അയച്ചത്.

2016 ലെ പ്ലാസ്റ്റിക് മാലിന്യം (മാനേജ്മെന്റ്) ചട്ടം

കേന്ദ്ര വനം പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ 2016 മാർച്ച് 18 ന് വിജ്ഞാപനം വഴി പ്രാബല്യത്തിൽ വന്ന മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

(a) പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ടത് ചട്ടലംഘനം

